# സ്വർഗ്ഗരാജ്ഞി



# MARY
## & THE POWER OF GOD'S LOVE

by Louis Kaczmarek

A Malayalam Translation
by Chevalier L. M. Thomas

Josy - S - puthu...
JOSHI. S. PUTHUSSERY LL.M.
ADVOCATE.

# MARY
# &
# The Power of God's Love

**by Louis Kaczmarek**

Louis Kaczmarek

ACHARYA PALACKAL JEEVASS KENDRAM
LIBRARY
68628

Malayalam Translation
**by Chevalier L. M. Thomas**

DHARMARAM COLLEGE
LIBRARY
BANGALORE-29

Copyright Reserved
by
Publishers :

*THE CATHOLIC INFORMATION SERVICE*
Cochin 682 001., South India

**Year of Publication:**
**The Month of Holy Rosary,**
**October 1989**



## THE AUTHOR

Louis Kaczmarek has done it again. In this sequel to his best selling THE WONDER SHE PERFORMS, Louis makes a powerful statement of Mary's importance in our lives, while at the same time revealing her role in *his* life—the life of one of the foremost apostles of Our Lady in the world today.

Written in a simple and engaging style, MARY AND THE POWER OF GOD'S LOVE shows why Mary has been so highly praised in every age. It is simply because she loves us enough to overcome every obstacle in quest to bring us into the even greater love of her Divine Son.

Louis Kaczmarek has been the escort of the International Pilgrim Virgin for the past fifteen years. He spends over 250 days a year on the road teaching about God's love.

JANATHA BOOK STALL
Lourde Centre
Sub Jail Road
Alwaye-1.

## THE TRANSLATOR

L. M. Thomas, now 81, is a humble devotee of Mary, Our Blessed Mother. Major part of his life was spent in spreading devotion to the Mother of God. For over a decade he was an active worker of the Legion of Mary in northern parts of Kerala when the Kerala Communists came to power through the ballot box.

He is the author of several books in English and Malayalam. In recognition of the services to the Church His Holiness Pope John XXIII confered on him in 1962 the Papal honour PRO ECCLESIA ET PONTIFICE, and in 1974 Supreme Pontiff Paul VI Knighted him with Order of Pope saint sylvester.

# സ്വർഗ്ഗരാജ്ഞി

## ആമുഖം

"അവരം ചെയ്യുന്ന അത്ഭുതങ്ങരം" ("The Wonders She Performs") എന്ന തൻെറ അതിവിശിഷ്ട ഗ്രന്ഥം ലൂയിസ് കാസ്മെറെക്ക് നമുക്ക് സമ്മാനിച്ചിട്ട് ചുരുക്കം ചില കൊല്ലങ്ങളേ ആയിട്ടുള്ളൂ. മൂന്നുകൊല്ലങ്ങരംക്കുള്ളിൽ അതിൻെറ 60,000 പ്രതികരം വിററു. ലൂയിസ് ഇപ്പോരം നമുക്ക് ചെറുതെങ്കിലും മറെറാരു മഹദ് ഗ്രന്ഥം കാഴ്ചവെച്ചിരിക്കുന്നു. "മേരിയും ദൈവസ്നേഹത്തിൻെറ ശക്തിയും" ("Mary and the Power of God's Love") എന്നാണ് അതിൻെറ പേര്. ദിവ്യജനനിയെപ്പററി ലൂയിസ് എഴുതിയ ആദ്യഗ്രന്ഥത്തിന് ഞാനെഴുതിയ ആമുഖത്തെപ്പോലെ തന്നെ, ഈ ഗ്രന്ഥത്തിനും ഒരാമുഖമെഴുതുന്നതിനുള്ള ബഹുമതി വീണ്ടും എനിക്കു ലഭിച്ചിരിക്കുന്നു.

420–ലാണ് സെൻറ് ജെറോം അന്തരിച്ചത്. അദ്ദേഹമാണ് ബൈബിളിൻെറ ലത്തീൻ വിവർത്തനം തയ്യാറാക്കിയതു്. "വിശുദ്ധ ലിഖിതത്തെപ്പററിയുള്ള നമ്മുടെ അജ്ഞത നമുക്കു ക്രിസ്തുവിനെപ്പററിയുള്ള അജ്ഞത തന്നെയാണ്" എന്നു അദ്ദേഹം പലപ്പോഴും പറഞ്ഞിരുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നു. മാത്രമല്ല, "മേരിയെപ്പററിയുള്ള നമ്മുടെ അജ്ഞത തിരുസ്സഭയെപ്പററി നമുക്കുതന്നെയുള്ള അജ്ഞതയുമാണ്" എന്ന കാര്യത്തിൽ ഞാൻ പൂർണ്ണബോധവാനുമാണ്.

ക്രിസ്തുവിൻെറ സ്ഥാനത്ത് മരിയഭക്തർ മേരിയെ പ്രതിഷ്ഠിച്ചിരിക്കുകയാണെന്ന തെററായ ഒരാരോപണം ഉന്നയിക്കപ്പെടാറുണ്ട്. മേരിയോടുള്ള നമ്മുടെ ഭക്തിക്ക് ഒരു സമതുലിനീകരണമുണ്ടാകണം. അതിന് ഒരു ത്രിതപാത്മക പ്രകൃതി ഉണ്ടായേതീരൂ. ആദ്യമായി, അതു് ക്രിസ്തുവിൽ കേന്ദ്രീകൃതമാകണം. രണ്ടാമതായി, അതു് മേരിയെ ഉപാസനാമൂർത്തിയാക്കിയുള്ളതാവണം. മൂന്നാമതായി, ആ ഭക്തി പ്രാർത്ഥനയുടെ ചൈതന്യത്തിലേക്ക് നമ്മെ ആനയിക്കണം. മേരിയോടുള്ള അചഞ്ചലവും സുദൃഢവുമായ നമ്മുടെ ഭക്തി യേശുക്രിസ്തുവിൻെറ മനുഷ്യാവതാര പരമസത്യവു

മായി ബന്ധപ്പെട്ടിരിക്കുന്നു. സുപ്രധാനമായ ആ ബന്ധം പരിശുദ്ധ ത്രീത്വമായ പരമപിതാവിലേക്ക് നമ്മെ നയിക്കുന്നു. നമ്മുടെ ഏക മദ്ധ്യസ്ഥനായ യേശുക്രിസ്തുവിൻെറ മാനുഷികത്വം മേരിയിൽകൂടിയാണ് നമുക്ക് ലഭിച്ചത്. "ദൈവം ഒന്നേയുള്ളു. ദൈവവും മനുഷ്യരും തമ്മിലുള്ള മദ്ധ്യസ്ഥൻ ഒന്നേയുള്ളു. മനുഷ്യനായ യേശുക്രിസ്തു മാനവകുലത്തിനാകമാനം ത്രാണനാർത്ഥം ബലിവസ്തുവായിത്തീരുകയാണ് ഉണ്ടായത്." (1. തിമോത്തി 2–5.)

"മരിയൻ വർഷ"ത്തിനുശേഷം ഈ പുസ്തകം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. പോപ്പ് ജോൺ പോൾ രണ്ടാമൻെറ "രക്ഷകൻെറ അമ്മ" (Mother of the Redeemer) എന്ന വിശ്വലേഖനത്തിൽ ഭാവനചെയ്യപ്പെട്ട രീതിയിൽ ഈ ചെറുഗ്രന്ഥം പ്രയോജനപ്പെടാൻ നമുക്ക് പ്രാർത്ഥിക്കാം.

കത്തോലിക്കാ തിരുസ്സഭ രണ്ടാം വത്തിക്കൻ സുന്നഹദോസ് സമ്മേളിക്കുന്നതിനുമുമ്പുതന്നെ മേരിയെ തിരുസ്സഭയുടെ പ്രത്യാശയും പ്രതീക്ഷയുമായി അവരോഹിച്ചു കഴിഞ്ഞിരുന്നു. സഭാ പിതാക്കന്മാർ അവരുടെ ചർച്ചകളിൽ മേരിക്ക് നിർവ്വഹിക്കാനുള്ള പങ്കിനേയും, സഭയിൽ അവൾക്കുള്ള സ്ഥാനത്തേയും പ്രഖ്യാപിച്ചിരുന്നു. തിരുസ്സഭയുടെ പ്രകൃതിയെ ശരിയായി മനസ്സിലാക്കാത്തവർ ഇന്ന് ധാരാളമുണ്ട്. മരിയൻ ഭക്തിയുടെ പുനരുദ്ധാരണത്തിനും, മനുഷ്യഗോത്രത്തിൻെറ പരിത്രാണന വിഷയത്തിൽ അവൾക്കുള്ള അഭൗമികമായ സ്ഥാനം മനസ്സിലാക്കുന്നവർക്കും മാത്രമേ മരിയഭക്തിയിൽ തിരുസ്സഭ കാണിക്കുന്ന അതീവ ശ്രദ്ധ ഗ്രഹിക്കുവാൻ കഴികയുള്ളു.

തിരുസ്സഭാ ചരിത്രത്തിലെ രണ്ടാമത്തെ മരിയൻ വർഷം പ്രഖ്യാപിക്കുന്ന ചാക്രിക ലേഖനത്തിൽ പോപ്പ് ജോൺ പോൾ രണ്ടാമൻ ഈ വസ്തുത എടുത്തുപറയുന്നുണ്ട്. മേരിയെ മാതൃകയാക്കി ക്രിസ്തുമതത്തിൻെറ മൂവ്വായിരമാണ്ടിലേക്കുള്ള കാൽവെപ്പ് ക്രിസ്തുവിൻെറ ഭൗതികശരീരത്തിലെ അംഗങ്ങളായ നാം തുടർച്ചയായ ഒരു തയ്യാറെടുപ്പിന് സന്നദ്ധരാകണമെന്ന് ആഹ്വാനം ചെയ്യുന്നു.

അദ്ദേഹം എഴുതുന്നു:

"രണ്ടാമത്തെ വത്തിക്കൻ കൗൺസിൽ മേരിയെ ക്രിസ്തുവിൻെറ അതിഗഹനമായ നിഗൂഢാത്മക തത്വസംഹിതയെ പ്രദാനം ചെയ്തുകൊണ്ട് തിരുസ്സഭയുടെ പരമസത്യങ്ങളെ സുഗ്രഹമാക്കുന്നതിനുള്ള പാത തുറന്നു തരികയാണ് ചെയ്തിരിക്കുന്നത്. ക്രിസ്തു

വിൻെറ അമ്മയായ മേരി ഒരു പ്രത്യേകരീതിയിൽ തിരുസ്സഭയു മായി ഏകീകൃതമാണ്. തിരുസ്സഭയാകട്ടെ തൻെറ ശരീരമായി കത്താവുതന്നെ സ്ഥാപിച്ചിട്ടുള്ളതുമാണ്. ക്രിസ്തുവിൻെറ ശരീര ത്തെ സംബന്ധിച്ച ഈ സത്യം, പോളിൻ കത്തുകളുടെ പ്രബോധന മനുസരിച്ച്, ദൈവസുതൻ പരിശുദ്ധാത്മാവിൻെറ ശക്തിയാൽ കന്യകാമാതാവിൽനിന്നു് സംജാതനായെന്ന സത്യത്തിനു് അനു യോജ്യവുമാണ്. മനുഷ്യാവതാരത്തിൻെറ യാഥാത്ഥ്യം തിരുസ്സഭ യുടെ നിഗൂഢാത്മക പ്രകൃതിയുടെ ഒരു തുടച്ചയാണ്. മനുഷ്യാവ താരമെടുത്ത വചസ്സിനെപ്പററി ചിന്തിക്കാതെ മേരിയെപ്പററി ചിന്തിക്കുക സാദ്ധ്യമല്ല.''

"Mother of the Redeemer" ("രക്ഷകൻെറ അമ്മ") എന്ന തൻെറ തിരുവെഴുത്തിൽ, മേരി ഇഹത്തിൽ പ്രദശിപ്പിച്ച വിശ്വാസചൈതന്യത്തെ അദ്ദേഹം ഓരോ പെയ്ജിലും ആവ ത്തിച്ചു പറയുന്നുണ്ട്. അതേസമയംതന്നെ അവിടുന്നു് പറയുന്നു:

"തീത്ഥാടനത്തിൻെറ ഈ വിശ്വാസം ദൈവസുതൻെറ അമ്മക്കു് മാത്രമായുള്ള ഒന്നല്ല. വിശ്വാസത്തിൻേറയും മുഖാഭിമുഖ മായുള്ള ദശ്നത്തിൻേറയും പരിധികഠം അവഠം കടന്നുകഴിഞ്ഞി രിക്കുന്നു. അതേ സമയം തന്നെ, വിശ്വാസനൗകയിൽ യാത്ര ചെ യ്യുന്നവർക്കു് മേരി കടലിലെ താരം എന്ന പദവിയിൽ നിന്നു് മാറിനില്ക്കുന്നുമില്ല. ഭൗമിക ജീവിതത്തിൽനിന്നു് മാതൃവദനത്തി ലേക്ക് കണ്ണുകഠം ഉയത്തുന്നവരെ അവഠം ഉപേക്ഷിക്കാറില്ല. ഒരമ്മ യുടെ സ്നേഹവും പരിലാളനകളും തൻെറ മക്കഠംക്കു നല്കാൻ അവഠം എന്നും സന്നദ്ധയാണ്."

അതു കൊണ്ടാണ്, "മേരിയെപ്പററിയുള്ള അജ്ഞത തിരു സ്സഭയെപ്പററിയുള്ള അജ്ഞതയാണെന്നു്" ഞാൻ പറഞ്ഞതു്.

നമ്മുടെ കാലത്തേക്കു് ദൈവം കടന്നുവന്നതു് ഒരു സ്ത്രീയിൽ കൂടിയാണ്. മിശിഹായുടെ മാതാവായിത്തീരാമെന്നും, ഒരു രക്ഷക നെ ലോകത്തിനു് നല്കാമെന്നും അവഠം സ്വമേധയാ സമ്മതിച്ചു. പരിശുദ്ധാത്മാവിൻെറ പ്രചോദനത്തിനു് വിധേയനായ സുവി ശേഷകൻ എഴുതുന്നതു് യേശുക്രിസ്തുവിനെ ശാരീരികമായി ഗർഭം ധരിച്ചതിലും, പ്രസവിച്ചതിലുമല്ല മേരിയുടെ മാഹാത്മ്യം സ്ഥിതി ചെയ്യുന്നതെന്നും, നേരെമറിച്ച്, അവളുടെ വിശ്വാസത്തിലും പരിശുദ്ധാത്മാവിൻെറ സ്നേഹത്തോടുള്ള പരിപൂർണ്ണമായ പ്രതി

കരണത്തിലുമാണ് ആശ്രേഷ്ഠത ഉൾക്കൊള്ളുന്നതെന്നുമാണ്. കർത്താവിന്റെ വാക്കിനെ സ്വീകരിക്കയും അതിൽ ദൃഢമായി വിശ്വസിക്കയും ചെയ്യുതിലാണ് മേരി അനുഗൃഹീതയായിത്തീർന്നതെന്നാണ് വിശുദ്ധ ലിഖിതങ്ങൾ നമ്മെ പഠിപ്പിക്കുന്നതു്.

ദൈവ മാതാവിനോടുള്ള ഭക്തിയുടെ മഹനീയ ദാനം ലഭിച്ചവരായ നമുക്ക് എലിസബത്തിനോടൊത്തു് ചേർന്ന്ചോദിക്കാം: "കർത്താവിന്റെ അമ്മ എന്റെ അടുത്തുവരാനുള്ള യോഗ്യത എനിക്കുണ്ടോ? (ലൂക്കാ 1:43) മേരിയോടു് അത്യഗാധമായ ഒരു ഭക്തി നമുക്കുണ്ടാകുക എന്നതു് ദൈവത്തിന്റെ ഒരു പ്രത്യേക ദാനമാണ്. മേരി നമ്മെ പരിശുദ്ധാത്മാവിൽകൂടി ഈശോയിലേക്ക് നയിക്കുന്നു,

സെൻറ് തോമസ് അക്വിനാസ് പറയുന്നതു് ഈശോ മനുഷ്യനായിത്തീർന്ന ദൈവകുമാരനാകയാൽ വിശ്വാസത്തിന്റെ ആവശ്യം അവിടുത്തേക്കില്ലായിരുന്നു എന്നാണ്. അതുകൊണ്ടു് നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവിനുള്ള പരിപൂർണ്ണ മാതൃക യേശുക്രിസ്തുവല്ല. പുതിയ ഉടമ്പടിയിൽ വിശ്വാസത്തിന്റെ പരിപൂർണ്ണ മാതൃകയായി ബൈബിൾ നല്കുന്നതു് വിശ്വാസത്തിന്റെ സ്ത്രീയേയാണ്. പഴയ നിയമത്തിൽ അബ്രാഹമായിരുന്നു വിശ്വാസത്തിന്റെ പുരുഷൻ. പുതിയ നിയമത്തിൽ വിശ്വാസത്തിന്റെ സ്ത്രീ ദൈവത്തിന്റെ അമ്മയായിത്തീരുന്നു. ആ അമ്മതന്നെയാണ് പ്രസാദവരത്തിൽ നമ്മുടെ ആത്മീയ അമ്മയായിത്തീരുന്നതും.

ലൂയിസ് കാസ്മെറെക്ക് ഈ പുസ്തകത്തിൽ ദൈവ സ്നേഹത്തെ നമ്മിൽ ഉദ്ദീപ്തമാക്കാൻ മേരി നിർവ്വഹിക്കുന്ന പങ്കിനെയാണ് വിവരിക്കുന്നതു്. വിശുദ്ധ ലിഖിതത്തിന്റെ ആദ്യപക്ഷങ്ങളിൽ അവൾ പ്രത്യക്ഷപ്പെടുന്നു. (ഉല്പത്തി 3:15) നരകുലക്രാണനത്തിന്റെ ചരിത്ര പക്ഷങ്ങളിൽ അവൾ വീണ്ടും കാണപ്പെടുന്നു. പഴയതും പുതിയതുമായ വിശുദ്ധ ഗ്രന്ഥങ്ങളിൽ അത്ര സ്പഷ്ടമായി അവൾ കാണപ്പെടുന്നില്ല. എന്നാൽ ബൈബിളിന്റെ അവസാന ഗ്രന്ഥത്തിൽ, വെളിപാട് 12-ൽ, അവൾ സ്ഫടിക സങ്കാശമായി പ്രത്യക്ഷയാകുന്നു. അവിടെ നാം മേരിയെ ഈശോയുടെ അമ്മയായും തിരുസഭയുടെ പ്രതീകമായും കാണുന്നു. മതബോധവും ആദ്ധ്യാത്മിക ചിന്തകളും നഷ്ടപ്പെട്ടിരിക്കുന്ന ഒരു ലോകത്തിൽ ദൈവസ്നേഹത്തെപ്പററിനമ്മെ പഠിപ്പിക്കാൻ സ്നേഹമൂർത്തിയായ ഒരു സ്ത്രീ നമുക്ക് ഇന്നു് അത്യാവശ്യമാണ്. ആ സ്ത്രീയാണ് സ്വർഗ്ഗരാജ്ഞിയായ മേരി.

ഈ പുസ്തകം വായിക്കാനിടവരുന്നവർ പരിശുദ്ധ ത്രീത്വത്തിലും നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിലുംമാലാഖമാരിലും വിശുദ്ധരിലും സ്നേഹസമ്പന്നരാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. പ്രാർത്ഥനാനിരതരായ നാം മേരീ ഭക്തരായി ജീവിക്കാനും മരിക്കാനും ഇടവരികയും ചെയ്യട്ടെ.

**Fr. ROBERT J. FOX,**
Director, Fatima Family Apostolate

# പ്രസ്താവന

"നന്മനിറഞ്ഞവളേ നിനക്കു സ്വസ്തി" എന്നാണ് ഗബ്രിയൽ ദൈവദൂതൻ മേരിയെ അഭിവാദ്യം ചെയ്തതു്. ദൈവം മനുഷ്യനു് നല്കിയ മഹോന്നതമായ ഒരു സന്ദേശമായിരുന്നു അതു്. ആ സന്ദേശത്തിൽക്കൂടി വിനീതരിൽ അതിവിനീതയായ കന്യകാ മേരി ദൈവമാതാവായി തെരഞ്ഞെടുക്കപ്പെട്ടു. അതിലുപരിയായ ഒരു സ്ഥാനം മറെറാരു കന്യകക്കും ലോകാരംഭംമുതൽ ഇന്നേവരെ ലഭിച്ചിട്ടില്ല; ഇനി ലഭിക്കയുമില്ല. സ്വർഗ്ഗത്തിലെ അതിവിശിഷ്ടമായ തൻെറ അനർഘസമ്പത്തിനെ ഒരു കന്യകയെ ഏല്പിക്കയാണു് നിത്യ പിതാവ് ചെയ്തതു്. അതോടെ നമ്മുടെ ആത്മീയ രക്ഷയുടെ സ്വർഗ്ഗീയകവാടം തുറക്കപ്പെടുകയും ചെയ്തു,

ഈ പ്രവൃത്തിയുടെ മാഹാത്മ്യമോ അതിനു് മാനവചരിത്രവുമായുള്ള ബന്ധമോ നിർണ്ണയിക്കുക അത്ര എളുപ്പമല്ല. ഗബ്രിയൽ ദൈവദൂതൻ മേരിയെ തൻെറ സ്വർഗ്ഗീയ സന്ദേശം അറിയിച്ചപ്പോൾ അവളുടെ മറുപടി എന്തായിരിക്കുമെന്നതിനെപ്പററി സ്വർഗ്ഗമാകെ ഉൽക്കണ്ഠയിലായിരുന്നു. ദൈവദൂതൻെറ സന്ദേശത്തെ മേരിക്ക് പ്രത്യക്ഷരം നിരാകരിക്കാമായിരുന്നു. അതിനുള്ള സ്വാതന്ത്ര്യം അവൾക്കുണ്ടായിരുന്നു. എന്നാൽ അതിനുപകരം "നീ പറയുന്നതു് എന്നിൽ നിറവേറട്ടെ!" എന്ന സമ്മതമാണു് അവൾ നല്കിയതു്! ആ മറുപടിയിൽ സർവ്വ ഭവിഷ്യത്തുകളും ആ നിമിഷത്തിൽ ഒരു വെള്ളിത്തിരയിലെന്നപോലെ അവൾ തൻെറ കൺമുമ്പിൽ കണ്ടു കഴിഞ്ഞു. നേരെമറിച്ച്, മേരിയുടെ മറുപടി നിഷേധാത്മകമായിരുന്നെന്നു വിചാരിക്കുക. ബൈബിളിലെ പുതിയ നിയമമുണ്ടാകുമായിരുന്നോ? കുദാശകൾ ഉണ്ടാകുമായിരുന്നോ? തിരുസ്സഭ ഉണ്ടാകുമായിരുന്നോ? ക്രിസ്തുമതമുണ്ടാകുമായിരുന്നോ? പൗരോഹിത്യമുണ്ടാകുമായിരുന്നോ? ദിവ്യബലി ഉണ്ടാകുമായിരുന്നോ? പരിശുദ്ധ കുർബ്ബാന ഉണ്ടാകുമായിരുന്നോ? യേശുക്രിസ്തു ഉണ്ടാകുമായിരുന്നോ? മനുഷ്യാത്മാവിൻെറ ത്രാണനം നടക്കുമായിരുന്നോ? ഇക്കാരണങ്ങളാണു് "ഹവ്വായിൽക്കൂടി മരണം; മേരിയിൽക്കൂടി പുനർജ്ജനനം" എന്നു് ആദിമക്രൈസ്തവർ ആനന്ദ ഭരിതരായി പറഞ്ഞിരുന്നതു്. അക്കാലംമുതല്ക്കേ ദൈവമാതാവിനോടുള്ള ഭക്തി സാക്ഷാൽ കത്തോലിക്കാമതത്തിൻെറ ഒരു വെന്നിക്കൊടിയായി ലാലസിക്കാൻ തുടങ്ങി.

മേരി ദൈവദൂതനു നല്കിയ മനസ്സമ്മതം ക്രിസ്തു ഒരു സാർവ്വ ത്രികമായ ആവശ്യമാണെന്ന ആദ്യത്തെ വിശിഷ്ട പ്രഖ്യാപനമാണ്. സ്നേഹത്തിൻെറ അപ്പസ്തോലനും സുവിശേഷ കർത്താവുമായ സെൻറ് ജോൺ ലോക ചരിത്രത്തിലെ അതിബൃഹത്തായ സംഭവത്തെ ഏററവും സുലളിതമായ രണ്ടു വാക്കുകളിലാണ് ക്രോഡീകരിച്ചതു്: ‘‘വചനം മാംസമായി...’’ (ജോൺ:1–14) മേരി ദൈവത്തിൻെറ പരിശുദ്ധമായ മനുഷ്യത്വത്തെ വാർത്തെടുക്കുന്ന ഒരു പാത്രമായി.

തനിക്കൊരു മനുഷ്യശരീരം നല്കുന്നതിനു് ദൈവത്തിനു് മേരിയെ ആവശ്യമായി. ത്യാഗത്തിൻേറതായ ഒരു ആത്മീയ ചൈതന്യം വളർത്തിയെടുക്കുന്നതിനു് മനുഷ്യകീടങ്ങളായ നമുക്ക് പാപപങ്കിലമേല്ക്കാത്ത ദൈവമാതാവിനെ ആവശ്യമാണ്. അല്ലെങ്കിൽ പറുദീസായിൽ വെച്ച് നമ്മുടെ ആദിമാതാപിതാക്കന്മാക്ക് സംഭവിച്ചതുപോലെ നാമും ദൈവത്തെ ധിക്കരിക്കുമായിരുന്നു.

ഒലിവർ ഡബ്ളിയു ഹോംസ് പറഞ്ഞതുപോലെ ‘‘മേരി പകുതി ഭൂമിയും പകുതി സ്വർഗ്ഗവുമാണ്.’’ അതുകൊണ്ടായില്ല. നഷ്ടപ്പെട്ടുപോയ ഒരു കണ്ണിയാണവരം. ലോകം ഇന്നു് ഉന്മാദച്ചൂടിൽ കിടന്നു്വെന്തുരുകുകയാണ്. മാനവലോകമാകെ അസ്വസ്ഥതകളിലും അസംതൃപ്തിയിലും പരസ്പര വൈരാഗ്യത്തിലും പരനിന്ദനത്തിലും വിദ്വേഷത്തിലും ലൗകിക സുഖഭോഗാദികളിലും സ്ത്രീപുരുഷമാംസ ദാഹങ്ങളിലുംകിടന്നു് മദോന്മത്തരായി, ദൈവത്തേയും ദൈവശിക്ഷയേയും മറന്നു്, ജീവിക്കുകയാണ്. ദാമ്പത്യബന്ധങ്ങളും കുടുംബജീവിതവും തകന്നു തരിപ്പണമായിരിക്കുന്നു. സ്ത്രീപുരുഷന്മാക്ക് ലൈംഗികാനന്ദം മാത്രം വേണം. എന്നാൽ ആബന്ധത്തിൽ നിന്നു് സംജാതരാകുന്ന ദൈവസൃഷ്ടികളെ–പിഞ്ചോമനക്കുഞ്ഞുങ്ങളെ വേണ്ടാ. സ്ത്രീയുടെ ഉദരത്തിൽ ദൈവം ബീജാവാപം ചെയ്യുന്ന ശിശുക്കളെ വളർച്ചയെത്തുന്നതിനു മുമ്പുതന്നെ ഗർഭഛിദ്രം മൂലം നശിപ്പിക്കാൻ മനുഷ്യനു് ഒരു സങ്കോചവുമില്ല. ദൈവത്തെമറന്നുള്ള ഈ ഭീകര പ്രവൃത്തികളുടെ പ്രതികരണമല്ലേ, ദൈവശിക്ഷയല്ലേ, ലോകത്തിൻെറ വിവിധ കോണുകളിൽ നാം ദിനേനപ്രഭാത പത്രങ്ങളിൽവായിക്കുന്ന ഭൂചലനം, വിമാനാപകടങ്ങരം, ചുഴലിക്കാററ്, വെള്ളപ്പൊക്കം ആദിയായ അനേകമനേകം പ്രകൃതിക്ഷോഭങ്ങരം! ‘‘ദൈവമേ!’’ എന്നൊണ് വിളിച്ച് അന്ത്യ

18628



ശ്വാസം വിടുവാൻപോലും മനുഷ്യന് അവസരം ലഭിക്കാത്ത വിനാഴികകരം; സന്ദർഭങ്ങരം!

ഇങ്ങിനെ മനുഷ്യ ജീവിതം അനിശ്ചിതത്വത്തിൻെറ തുലാസ്സിൽ തൂങ്ങുന്നസന്ദർഭത്തിലാണ് നൂററാണ്ടുകരംക്ക്മുമ്പ് ''എനിക്കു സമ്മതമാണ്''' എന്ന് നിർഭയം മറുപടിനല്കിയ ഒരു കന്യക കടന്നുവരുന്നതു്! മാനവരാശി മുഴുവനും അവളുടെ മക്കളാണ്. അവരുടെ ആത്മരക്ഷയാണ് തൻെറ ജീവിത ദൗത്യം. പരിശുദ്ധാത്മാവിൻെറ മണവാട്ടിയായ അവരംക്കു മാത്രമേ ലോകത്തെ അതിൻെറ വിപത്തുകളിൽനിന്നും വിനാശങ്ങളിൽനിന്നും വിമുക്തമാക്കാൻ കഴിയൂ. ദൈവത്തിൻെറ പ്രേയസ്സിക്ക് അത്ര ബൃഹത്തായ ശക്തിയാണ് അവിടന്ന് നല്കിയിട്ടുള്ളതു്.

കുഞ്ഞുകാലത്ത് തൻെറ അമ്മയെ നഷ്ടപ്പെടുന്ന ഒരു ശിശുവിൻെറ ശാരീരികമായ വളച്ച്ക്ക് ഒരു അസാധാരണത്വം പ്രകൃതിയിൽ തന്നെ നിക്ഷിപ്തമാണ്. ഇതു് പ്രകൃത്യാതീതമായ തലത്തിലും സത്യമാണ്.

ഫാദർ റെയ്മണ്ട് O. C. S. O. പറയുന്നു: ''മേരിയില്ലെങ്കിൽ നമ്മുടെ മതം മനഃശാസ്ത്രപരമായി അപൂർണ്ണമായിരിക്കും. നമ്മിലുള്ള ശിശുവിന് ഒരമ്മവേണം. നമ്മിലുള്ള പുരുഷനു് ഒരു സ്ത്രീവേണം. നമ്മിലുള്ള യോദ്ധാവ് മേരിയിലാണ് നമ്മുടെ അമ്മയേയും, പ്രേയസ്സിയേയും, രാജ്ഞിയേയും സ്നേഹഭാജനത്തേയും, കണ്ടെത്തുന്നതു്.''

കുറെ കൊല്ലങ്ങരംക്കുമുമ്പ് ഇന്നത്തെ തലമുറയെപ്പററി സംസാരിക്കുമ്പോരം ഫാദർ ഡോൻകോയർ പറകയുണ്ടായി: ''ശരിയായ തത്വസംഹിതകളിൽ പരിപോഷിപ്പിക്കപ്പെടുകയാണെങ്കിൽ ഇന്നത്തെ തലമുറക്ക് ദിവ്യകാരുണ്യത്തിൽനിന്ന് വളരെ പഠിക്കാനുണ്ട്. പക്ഷേ, അതിനു് നാം കന്യകാമാതാവിനെ ആദ്യമായി കണ്ടെത്തണം''.

ഇരുപതാംനൂററാണ്ട് ചരിത്രപക്ഷങ്ങളിൽ തിരോധാനം ചെയ്യാൻ പോകയാണ്. നമ്മുടെ ചുററും നടമാടിക്കൊണ്ടിരിക്കുന്ന അസ്വാസ്ഥ്യങ്ങളിൽനിന്നും യുദ്ധത്തിൻെറ കരിനിഴലുകളിൽനിന്നും നാം സുരക്ഷിതരാകണമെങ്കിൽ മനുഷ്യരാശിക്ക് മേരിയുടെ സംരക്ഷണം അപരിത്യാജ്യമാണ്. അവളുടെ മാതൃത്വത്തിനും വാത്സല്യത്തിനും മാത്രമേ മാനവരാശിയെ രക്ഷിക്കാൻ കഴിയൂ.

ലോകമാകെ ആദരിക്കപ്പെടുന്ന ഡോക്ടർ ബ്രൗൺസൽ പറയുന്നു: "മേരിയെ യഥാൎത്ഥത്തിൽ സ്നേഹിക്കയും ശരിയായ മരിയഭക്തി പ്രദൎശിപ്പിക്കയും ചെയ്യുന്നവരെ തരംതിരിച്ചറിയാൻ പ്രയാസമില്ല. അങ്ങിനെയുള്ളവർ വിചാരത്തിലും പ്രവൃത്തിയിലും ചാരിത്ര്യശുദ്ധി പാലിക്കുന്നവരായിരിക്കും. മരിയ ഭക്തർ ഒരു പ്രത്യേകതയുള്ളവരായിരിക്കും. അവരെ കാണുമ്പോഴും അവരുടെ സംസാരം കേൾക്കുമ്പോഴും അവർ മരിയഭക്തിയിൽ കഴിഞ്ഞു കൂടിയവരായിരുന്നുഎന്നു് നിഷ്പ്രയാസം മനസ്സിലാക്കാൻ കഴിയും. മാതൃത്വത്തിനും സ്ത്രീത്വത്തിനും മരിയഭക്തിയിൽനിന്നു് ലബ്ധമായിട്ടുള്ള മഹനീയ നേട്ടങ്ങളെ സംബന്ധിച്ച് ഞാൻ പറഞ്ഞിട്ടുള്ളതാണു്. മരിയഭക്തിയുടെ ഈ സ്വാധീന ശക്തി സൎവ്വദേശക്കാൎക്കും ഇന്നും ആവശ്യമാണു്. ക്രിസ്തുമതം പുതിയ "ഹീതനിസ"ത്തിലേക്ക് വഴതിപ്പോയിരിക്കയാണു്. ക്രിസ്തീയമെന്നു് പറയുന്ന രാജ്യങ്ങൾപോലും, കത്തോലിക്കാരാജ്യംപോലും, അവയുടെ ശരിയായ മാൎഗ്ഗങ്ങളിൽനിന്നു് വ്യതിചലിച്ചുകഴിഞ്ഞിരിക്കുന്നു".

മത വിശ്വാസം ദുർബലമായിത്തീൎന്നിരിക്കുന്നു. പരസ്നേഹം നാമമാത്രമായിക്കഴിഞ്ഞു. മരിയഭക്തി അന്ധവിശ്വാസമായോ ബിംബാരാധനയായോ പരിഗണിക്കപ്പെട്ടുപോരുന്നു. തിരുസ്സഭയും, രാഷ്ട്രവും ദൈവവും, മനുഷ്യനും, സ്ത്രീയുമെല്ലാം മനുഷ്യൻ നിന്ദിക്കേണ്ടകാൎയ്യങ്ങൾ മാത്രമായി അവശേഷിച്ചിരിക്കുന്നു. സമൂഹമാകട്ടെ വമ്പിച്ചപുരോഗതി പ്രാപിച്ചിരിക്കയാണെന്നു് വീമ്പിളക്കുന്നുണ്ടെങ്കിലും, മൃഗീയതയിലേക്ക് ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കയാണു്. തിരുസ്സഭയുടെയോ, ക്രിസ്തുവിൻെറ വികാരിയുടെ പൈതൃകാധികാരത്തിൻെറയോ ആവശ്യം രാഷ്ട്രങ്ങൾക്ക് ഇന്നത്തേക്കാൾ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. പ്രാൎത്ഥനയുടെ ആവശ്യവും ഇതിനുമുമ്പ് ഒരിക്കലും അത്യാവശ്യമായിവന്നിട്ടില്ല. അനാരോഗ്യരുടെ ആരോഗ്യമേ! പാപികളുടെ സങ്കേതമേ! ദുരിതമനുഭവിക്കുന്നവരുടെ ആശ്വാസമേ! ക്രിസ്ത്യാനികളുടെ സഹായമേ! എന്നിങ്ങനെ വിവിധനാമങ്ങളിൽ നാം അഭിസംബോധനചെയ്യുന്ന ആ മേരിയുടെ ദിവ്യസഹായവും മനുഷ്യരാശിക്ക് ഇതിനുമുമ്പൊരിക്കലും ഇത്രയും ആവശ്യമായിതീൎന്നിട്ടില്ല. ഒരിക്കൽ ക്രിസ്തീയമായിരുന്ന, കുരിശിനെ ആരാധിച്ചിരുന്ന, ലോകത്തിലെ ജനവിഭാഗങ്ങളിൽ ഒരു വലിയ ഭാഗം നമുക്ക് ഇന്നു് നഷ്ടപ്പെട്ടിരിക്കയാണു്. അവരുടെ മാനസാന്തരം ഇന്നു് ഒരു പ്രധാന പ്രശ്നമാണു്.

ദിവ്യജനനിയോടുള്ള നമ്മുടെ ഭക്"തിയുടെ വദ്ധന ദൈവം നമ്മെ വിസ്മരിച്ചിട്ടില്ലെന്നും, വിശ്വാസവും സ്നേഹവും ലോകത്തിൽ ഇന്നുമുണ്ടെന്നും, ക്രിസ്"തീയ സമൂഹത്തിൽ പുനരുദ്ധാരണശേഷി ഇന്നും അവശേഷിച്ചിട്ടുണ്ടെന്നുമുള്ളതിൻെറ തെളിവായി ഞാൻ വിചാരിക്കുന്നു. മേരിയുടെ മക്കാം എന്നു സസന്തോഷം സ്വയം സംബോധനചെയ്യുന്നവർ നമ്മുടെ മദ്ധ്യത്തിൽ ഇന്നും ധാരാളമുണ്ടെന്നു സത്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു. ശുഷ്"ക്കവും തണുത്ത്"മരവിച്ചതുമായ നമ്മുടെ ഹൃദയങ്ങളിൽ മേരി തൻെറ നന്മകളുടെ സ്മരണ ഇന്നും സജീവമാക്കി നിത്തുന്നതിൽ ഞാൻ ദൈവത്തിനുനന്ദി പറയുന്നു. ലോകം മേരിയെ സ്നേഹിക്കയും ആദരിക്കയും ചെയ്താൽ അതിൻെറ ഗുണം സിദ്ധിക്കുന്നതു" സമൂഹത്തിനു" പ്രത്യേകമായും, ലോകത്തിനു" പൊതുവേയുമാണു". ദുഷ്ടതയും, വഞ്ചനയും, കൊലപാതകങ്ങളും, അസന്മാർഗ്ഗിക പ്രവൃത്തികളും നിറഞ്ഞ, മദ്യപാനവും മാദകകൃത്യങ്ങളും അടിക്കടി വദ്ധിച്ചുവരുന്ന, ഇരുപതാം നൂററാണ്ടിൻെറ അവസാനയാമങ്ങളിൽ ലോകം രക്ഷപ്പെടണമെങ്കിൽ, ഒരു മാഗ്ഗമേയുള്ളു. സ്ത്രീകളിൽ ധന്യയായ അവളുടെ പാദപത്"മങ്ങളിൽ അഭയംതേടുക. ആത്"മരക്ഷ സുനിശ്ചയമാണു".

# കനകശതാബ്ധി

1945 ഒക്ടോബർ 12–ന് പോപ്പ് പീയൂസ് 12-ാമൻ ചെയ്ത ഒരു റേഡിയോ സന്ദേശത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: “സ്വർഗ്ഗത്തിന്റെ താക്കോലുകൾ പീററിന്റെ കൈവശമാണ്. ദൈവത്തിന്റെ ഹൃദയത്തിലേക്കുള്ളതു് മേരിയുടെ പക്കലുമാണ്. പീററർ ബന്ധിക്കയും അഴിക്കയും ചെയ്യുമ്പോൾ, മേരി സ്നേഹത്തിന്റെ ചങ്ങലകൾകൊണ്ട് ബന്ധിക്കയും ക്ഷമാപണത്തിന്റെ ദാനംകൊണ്ട് അഴിക്കയും ചെയ്യുന്നു. പീററർ പാപവിമോചനദാനത്തിന്റെ പരിരക്ഷകനും ദായകനുമായിരിക്കുമ്പോൾ, മേരി ദൈവദാനങ്ങളുടെ ഉദാരമതിയായ വിതരണകേന്ദ്രമായി വർത്തിക്കുന്നു”.

സംഗീതം ആസ്വദിക്കാത്ത വല്ലവരുമുണ്ടോ? “സംഗീതം സാർവ്വത്രികമായ ഭാഷയാണ്.”, “മാലാഖമാരുടെ സംഭാഷണമാണ്,” “സ്വർഗ്ഗഭാഷയാണ്”” എന്നെല്ലാം പറയപ്പെടുന്നു.

സെൻറ് ഫ്രാൻസിസ് ഓഫ് അസീസിയുടേയും അദ്ദേഹത്തിന്റെ ഗായകസംഘങ്ങളുടേയും, ക്രൂശ്‌യുദ്ധത്തിലേർപ്പെട്ടവരുടേയും, ഗാനാലാപങ്ങൾകൊണ്ട് പതിമൂന്നാംനൂററാണ്ടിലെ ലോകം മുഖരിതമായിരുന്നു. ചിരിയും കളിയും, നൃത്തങ്ങളും, സദ്യകളും, പരസ്പരാരോഗ്യത്തിനായുള്ള ലഹരി പാനീയോപയോഗങ്ങളും അക്കാലത്ത് സർവ്വസാധാരണമായിരുന്നു. ആനന്ദോന്മാദത്തിൽ ലയിച്ചിരുന്ന ഒരു കാലഘട്ടം. എന്നാൽ ഇവയുടെയെല്ലാം പ്രചോദനം ജനങ്ങൾക്കുണ്ടായതു് മതാത്മകകാര്യങ്ങളിൽ അവക്കുണ്ടായിരുന്ന തീക്ഷ്ണതയായിരുന്നു. ഗാനങ്ങളധികവും പ്രേമലഹരിയിൽ ലയിച്ചിരുന്നു. പുതിയ രംഗങ്ങളിലേക്കു് തള്ളിക്കയറാനുള്ള ആവേശം യൂറോപ്യന്മാരുടെ ഹൃദയകവാടങ്ങളെ തള്ളിത്തുറന്നു. കത്തുകളിലും ഗ്രന്ഥങ്ങളിലുമെല്ലാം തത്വചിന്തകൾ സ്ഥലംപിടിച്ചു. അന്ധകാരം നിറഞ്ഞ യുഗങ്ങൾ തിരോധാനം ചെയ്തു. യൂറോപ്പ് ഉണർന്നുകഴിഞ്ഞു. സർവകലാശാലകൾ ആദ്യം ഇററലിയിലും, അനന്തരം പാരീസിലും സ്ഥാപിതമായി. യൂറോപ്പിലാകമാനം നവോത്ഥാനത്തിന്റെ കുളിർ കാററ് വീശി ഗോത്തിക്ക് ആകൃതിയിലുള്ള ദേവാലയങ്ങൾ നീലകാശത്തിലേക്ക് അടിക്കടി ഉയരാൻ തുടങ്ങി. നഗരങ്ങളിലെ വെൺമയേറിയ മണിമന്ദിരങ്ങൾ ഒരു

പുതിയ വസന്തകാലപിറവിയെ പ്രഖ്യാപനം ചെയ്തു. ജനാവലി മുഴവൻ ആനന്ദതുന്ദിലരും ആഹ്ലാദഭരിതരുമായി രാജ്യമാകെ ശാന്തിയും സമാധാനവും നടമാടി. കാരണമോ? രാജ്യത്തിലെ ഉന്നതന്മാരും സാധാരണക്കാരും മേരിയെ ഒരുപോലെ സ്നേഹിച്ചു; വണങ്ങി. ആ കനകശതാബ്ദിയിൽ മേരി അവരുടെ രാജ്ഞിയായി. ഇങ്ങിനെയൊരത്ഭുത സംഭവം ഇതിനു് മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല.

ദിവ്യത്വമൊഴികെ മറെറല്ലാ പരിപൂർണ്ണതകളും മേരിയിലുണ്ടായിരുന്നു. അവറം ഔന്നത്യപദവിയിൽ പ്രതിഷ്ഠിക്കപ്പെട്ടു. ജനകോടികറംക്കു് അവളോടുണ്ടായിരുന്ന ഭക്തി പരമകോടിയിലെത്തി.

“ഇതാ നിങ്ങളുടെ അമ്മ” എന്നു് ക്രിസ്തു പറഞ്ഞ വാക്കുകറം അന്വത്ഥമായി. ജനങ്ങറം അതിൻെറ ഫലങ്ങറം അനുഭവിച്ചു തുടങ്ങി. എല്ലാ തലമുറകളും എന്നെ അനുഗൃഹീതയെന്നു വിളിക്കും” എന്ന മേരി പ്രഖ്യാപനം എത്ര യാഥാത്ഥ്യമായെന്നു് ഇരുപതു നൂററാണ്ടുകളാണു് സാക്ഷ്യം വഹിക്കുന്നതു്. മേരിയോടുള്ള സ്നേഹവും ഭക്തിയും മനുഷ്യരെ ദൈവത്തിലേക്കാനയിച്ചു. നമ്മെ ക്രിസ്തുവിലേക്കു് നയിക്കുന്നതു് മേരിയാണെന്നതിനു് ഒരു സംശയവും വേണ്ടാ. അടുത്തകാലത്തുണ്ടായ ജപമാല ഭക്തിപോലും ജപമാലയിലെ മണികറം ഒരു ഭാഗം നമ്മെ മാതാവിലേക്കും ഇതരഭാഗം കുരിശിലേക്കും നയിക്കുന്നു. “ജപമാലയുടെ കഥ” (The Story of the Rosary) എന്ന തൻെറ ഗ്രന്ഥത്തിൽ ജെ. ജി. ഷോ (J. G. Shaw) പറയുന്നു. “ക്രൈസ്തവലോകത്തിൻെറ ഏതു മുക്കിലും മൂലയിലും, എല്ലാതരക്കാരായ ജനങ്ങളുടെ ഇടയിലും, ആനന്ദപ്രദമായ, ഏകകാലികമായ, ഒരു ബോദ്ധ്യോദയം ഉണ്ടായിരുന്നു. അതു് മറെറാന്നുമല്ല, ദൈവം മാനവകുലത്തിലെ ഒരു സ്ത്രീയേമാത്രം മറെറല്ലാവരേക്കാറം ഒരു അത്യുന്നത പദവിയിലേക്കു് ഉയത്തുകയുണ്ടായി എന്ന വസ്തുതയാണു്. വൈദികരും ജനങ്ങളും ഒത്തുചേന്നു മനുഷ്യരാശിയിലെ ഈ അനർഘരത്നത്തെ ഭാവി തലമുറകറംക്കു വേണ്ടി ശിലകളിലും കലകളിലും സാഹിത്യ ഗ്രന്ഥങ്ങളിലും കാവ്യസൃഷ്ടികളിലും അനശ്വരമാക്കി. അവറം സാത്താനെ അടിമപ്പെടുത്തുകയും, മാനവൻെറ നിത്യരക്ഷ ഉറപ്പുവരുത്തുകയും ചെയ്തു, ആ വനിതയുടെ ആകാരഭംഗിയും ആദ്ധ്യാത്മിക ചൈതന്യവും, ലോകമുള്ള കാലത്തോളം മനുഷ്യരാശിയുടെ നവീകരണത്തിനും ആത്മീ

യോദ്ധാരണത്തിനും സുശക്തമായ ഘടകങ്ങളായി വർത്തിക്കുകതന്നെ ചെയ്യും. സൂര്യനെക്കൊണ്ട് വസ്ത്രധാരണം ചെയ്യിക്കയും താരങ്ങളെക്കൊണ്ട് കിരീടമണിയിക്കയും ചെയ്ത ഒരു വനിതയായിട്ടാണ് മാലോകർ അവളെ ദർശിക്കുക. സൃഷ്ടിക്കപ്പെട്ട സൗന്ദര്യധാമങ്ങളിൽ മേരിയാണ് ഉന്നതപീഠത്തിൽ നില്ക്കുന്നത്. കാരണം, തന്റെ തിരുക്കുമാരന്റെ അമ്മയായി ദൈവം തെരഞ്ഞെടുത്ത ഏകകന്യക ആ നാരീമണിയാണ്."

"The Woman Shall Conquer" എന്ന തന്റെ ഗ്രന്ഥത്തിൽ Don Sharkey എന്ന ഗ്രന്ഥകാരൻ ഇങ്ങിനെ എഴുതുന്നു: "അക്കാലത്തെ ജനങ്ങൾ ചെയ്തിരുന്നതെന്തും മാതാവിനെ സ്മരിച്ചുകൊണ്ടായിരുന്നു. ആ അമ്മയുടെ സഹായം ആദ്യം അഭ്യർത്ഥിക്കാതെ നിസ്സാരകാര്യങ്ങൾ പോലും ആരും ചെയ്തിരുന്നില്ല."

ഈ നൂററാണ്ടിൽ ജനങ്ങളിൽ പരസ്പരം ഒരു ഊഷ്മളതയും ദീനാനുകമ്പയും പ്രകടമായിരുന്നു. വൈക്കോലിൻ പുറത്തുശയിച്ച് ശൈത്യം കൊണ്ട് വിറയൽ പൂണ്ടിരുന്ന ഉണ്ണീശോ ബലിയാടായി പരിഗണിക്കപ്പെട്ട കാലഘട്ടം കടന്നുപോയി. ഇന്ന് ആ പൊന്നുണ്ണി തന്റെ മാതാവിന്റെ സ്നേഹനിർഭരമായ മൃദുലമാറിടത്തിൽ കിടന്നു അമ്മിഞ്ഞിപ്പാൽ നുകരുന്ന കാഴ്ചയാണ് നാം കാണുന്നത്.

മേരി പെട്ടെന്ന് സൗന്ദര്യത്തിന്റെ മൂർത്തീകരണമായി; കളങ്കരഹിതയായി; സൗരവശോഭയോടുകൂടിയവളായി; വരപ്രസാദങ്ങളുടെ കേന്ദ്രമായി. കവിതയും, ശില്പസൃഷ്ടികളും, ചിത്രരചനയും, പ്രതിമാ നിർമ്മാണവും, സംഗീതവും മേരിയുടെ അപദാനങ്ങൾ പ്രകീർത്തിക്കുവാനുള്ള ഉപാധികളായി.

ജനങ്ങൾ ഉദാരശീലരായി. കയ്യഴിച്ച് അവർ ദീനദീനരെ സഹായിച്ചു. അവർ ആസ്പത്രികളും ദേവാലയങ്ങളും നിർമ്മിച്ചു. ജനങ്ങൾ സദാചാരനിരതരും നിയമങ്ങൾ അക്ഷരംപ്രതി അനുഷ്ഠിക്കുന്നവരുമായി. ദൈവ മഹത്വത്തിനുവേണ്ടി അവർ അഹോരാത്രം പ്രവർത്തിച്ചു. ജീവിത വിശുദ്ധിയിൽ അവർ ദിനേന പുരോഗതി നേടി. ലൗകികസുഖങ്ങളിലും ആനന്ദങ്ങളിലും അവർ അനാസക്തരായി. വൈദികർ മാതൃകാപരമായ പുണ്യജീവിതം നയിച്ചു. രാജാക്കന്മാർ നീതിനിഷ്ഠയുള്ളവരായി. ജനങ്ങൾ സമാധാനത്തിൽ ജീവിച്ചു. നീതിയും ന്യായവും എവിടേയും ലാലസിച്ചു.

ദിവ്യജനനിയോടുള്ള ഭക്തി കലാപരമായ കെട്ടിടനിര്‍മ്മാണ ങ്ങാംക്ക് ഒരു നവയുഗം കുറിച്ചു. ദിവ്യജനനി ദൈവകുമാരനെ ലോകത്തിനു് നല്കിയിരുന്നില്ലെങ്കിൽ ദിവ്യകാരുണ്യംപോലും മാന വകുലത്തിനു് നഷ്ടപ്പെട്ടമായിരുന്നു. അതുകൊണ്ടു്, ഓരോ ദേവാല യവും ദിവ്യജനനിയുടെ ഒരു പ്രതിച്ഛായയാണു്. തന്മൂലം, ഒരു ദേവാലയം കൂദാശ ചെയ്യപ്പെട്ടമ്പോഠം, അതിലെ പ്രാര്‍ത്ഥനകഠം ദേവാലയത്തിനുവേണ്ടിയുള്ളതോ അതോ മാതാവിനുവേണ്ടിയുള്ള തോ എന്ന കാര്യത്തിൽ അഭിപ്രായഭിന്നതയുണ്ടായെന്നുവരാം.

മേരിയേയും തിരുസ്സഭയിൽ അവഠംക്ക നിര്‍വ്വഹിക്കാനുള്ള പങ്കിനേയുംപററി പുതിയൊരാശയം സംജാതമായി. സെൻറ് ബെർനാർഡിൻെറ ശിഷ്യനായ ആബട്ട് ഐസക്ക് ഓഫ് "സ്റ്റെല്ലാ", (ഫ്രാൻസിലെ പോയിടൌ ആശ്രമത്തിലെ ഒരംഗ മായിരുന്നു ഇദ്ദേഹം) പറഞ്ഞിരിക്കുന്നതിപ്രകാരമാണു്:

"തിരുസ്സഭയുടെ സാര്‍വ്വത്രികതയെപ്പററി വിശുദ്ധ ലിഖിത ങ്ങളിൽ പറഞ്ഞിട്ടുള്ളതു് കന്യകയും മാതാവുമായ മേരിയെ സംബന്ധിച്ചും സത്യമാണു്...... രണ്ടു വിശേഷണങ്ങളും ഇരുവക്കും അനുയോജ്യമാണു്. രണ്ടുപേരും മാതാക്കളാണു്. രണ്ടുപേരും കന്യക കളുമാണു്. രണ്ടുപേരും പിതാവായ ദൈവത്തിനു് ഒരു ജനതയെ നല്കുന്ന പ്രക്രിയയിലാണു്. മേരി ശരീരത്തിനു്ശിരസ്സു് നല്കുന്നു. ഈ ശിരസ്സിനു് തിരുസ്സഭ ഒരു ശരീരം നല്കുന്നു. ഇരുവരും ക്രിസ്തു വിൻെറ അമ്മതന്നെയാണു്, ഒരാളെ തനിച്ചായി ആരും പ്രസവി ക്കുന്നില്ല." (Dictionary of Mary, Henri Holstein)

അവളായിരുന്നു ആദ്യത്തെ ശിഷ്യ; ആദ്യത്തെ ക്രിസ്ത്യൻ. അവഠം "ജീവിക്കുന്ന ഒരു വേദപാഠ്യ" പുസ്തകമാണു്. "നന്മനിറ ഞ്ഞവളേ!" എന്നു് അവളെ നാം സംബോധനചെയ്യുമ്പോഠം "എൻെറ ആത്മാവ് കര്‍ത്താവിനെ മഹത്വപ്പെടുത്തുന്നു" എന്നതാണു് അവളുടെ മറുപടി.

ഈ കനകയുഗത്തിൽ പല പുതിയ സന്യാസസഭകളും സ്ഥാപിതമായി. ഫ്രാൻസിസ്ക്കൻ, ഡോമിനിക്കൻ, സെർവൈ ററസ് ആദിയായ സന്യാസ സഭകളെല്ലാം മരിയഭക്തി പ്രചരി പ്പിച്ചു. ഫ്രാൻസിസ്ക്കൻ സന്യാസികഠം ഏഴുകിരീട ജപമാല യും, ഡോമിനിക്കൻ സന്യാസികഠം പഞ്ചധ്യാനരഹസ്യങ്ങളുടെ

ജപമാലയും, സെർവൈററ്സ് സന്യാസികരം പഞ്ചവ്യാകുല ജപമാല ഭക്തിയും ജനമദ്ധ്യത്തിൽനടപ്പാക്കി. കർമ്മലമാതാവിൻെറ തവിട്ടുനിറത്തിലുള്ള തിരുവുത്തരീയം മാഗ്ഗേണയാണ് കർമ്മലീത്താ സന്യാസികരം മാതൃഭക്തി പ്രചരിപ്പിച്ചതു്. ആശ്രമ സമൂഹ സന്യാസികരം "അവിടുത്തേ തിരുച്ചിത്തം എന്നിൽ നിറവേറട്ടെ!" എന്ന പ്രത്യുത്തരത്തേയും, "ഇവയെല്ലാം അവളുടെ ഹൃദയാന്തരാളത്തിൽ എന്നും ധ്യാന വിഷയമായിരുന്നു" എന്ന വസ്തുതയേയുമാണ് അവരുടെ ധ്യാന വിഷയത്തിൻെറ അടിസ്ഥാന ശിലകളായി തെരഞ്ഞെടുത്തിരുന്നതു്.

വില്യം ലെക്കി (William Lecky) ഒരു ആംഗല പ്രോട്ടസ്റ്റണ്ട് ചരിത്രകാരനായിരുന്നു. "History of Rationalism" എന്ന തൻെറ ഗ്രന്ഥത്തിൽ പതിമൂന്നാം ശതാബ്ദത്തിലെ യൂറോപ്പിനു് മേരി പ്രദാനം ചെയ്ത ഉന്നതമായ ആദർശത്തെപ്പററി ഇപ്രകാരമാണ് പ്രസ്താവിച്ചിരിക്കുന്നതു്:

ലോകം ആദർശങ്ങരം കൊണ്ടാണ് ഭരിക്കപ്പെടുന്നതു്. മദ്ധ്യ ശതകങ്ങളിലെ കന്യകാമാതാവിനെപ്പററിയുള്ള ആദർശങ്ങളും ആശയങ്ങളും മറെറാരുകാലത്തും ആത്മഗുണീകരണത്തിനെന്നല്ല ലോകഗുണീകരണത്തിനുതന്നെയും ഇത്രയും സുശക്തമായ ഒരു സ്വാധീനശക്തി ചെലുത്തിയിട്ടില്ല. ലോകചരിത്രത്തിൽ ആദ്യമായി ഒരു സ്ത്രീ അവളുടെ യഥാത്ഥസ്ഥാനത്തും പദവിയിലും പ്രതിഷ്ഠിക്കപ്പെട്ടു. മാത്രമല്ല, മാനുഷിക ദൗർബല്യത്തിൻെറയും അന്തർതാപത്തിൻെറയും പാവനാത്മകതത്വവും മനുഷ്യഹൃദയങ്ങളിൽ നുഴഞ്ഞിറങ്ങി. സ്ത്രീ പുരുഷൻെറ അടിമയോ കളിപ്പാട്ടമോ അല്ല. അവരം പുരുഷൻെറ മാംസദാഹശമനത്തിനുള്ള ഒരു സുഖഭോഗ വസ്തുവല്ല. ദൈവകുമാരനെ ലോകത്തിനു് കാഴ്ചവെച്ച ദിവ്യമാതാവായ കന്യകയെപ്പോലെ സ്ത്രീയും പരിശുദ്ധാത്മാവിൻെറ സ്നേഹത്തിനും പരിലാളനകരംക്കും അർഹയാണ്. കന്യകാമാതാവാണ് സ്ത്രീയെ ആ സ്ഥാനത്തേക്കുയർത്തിയതു്. പുരുഷൻേറയും അവൻെറ സുഖഭോഗാസക്തികളുടേയും മദ്യത്തിൻെറയും മയക്കമരുന്നുകളുടേയും ശരീര സൗന്ദര്യ പ്രദർശനത്തിൻെറ പേരിൽ ശരീരം ഭാഗികമായോ പൂർണ്ണമായോ പരദൃഷ്ടികരംക്കായി പ്രദർശിപ്പിക്കുന്ന അന്തസ്സാര വിഹീനമായ വസ്ത്രധാരണ രീതികളുടെയും ബലിയാടുകളാകുന്ന സ്ത്രീകരം അവരുടെ മഹത്വമേറിയ സ്ഥാനത്ത്നിന്നു് എത്രയോ അധഃപതിച്ചുപോയിരിക്കുന്നു! ഈ അത്യാധുനികാവസ്ഥ പതിമൂന്നാം നൂററാണ്ടിലെ യൂറോപ്പിനുണ്ടായിരുന്നില്ല".

സ്ത്രീയുടെ ധാമ്മികമൂല്യവും ആകാരസൗഷ്ഠവവും ആദ്യമായി ഈ നൂററാണ്ടിൽ അംഗീകരിക്കപ്പെട്ടു. അവളുടെ സ്വഭാവ ശുദ്ധി തന്നെ സംവദ്ധകമായി. അവളുടെ സ്വഭാവവും ജീവിതാനുഷ്ഠാനങ്ങളും സംശുദ്ധങ്ങളായി. അതിനുമുമ്പ് ഒരിക്കലും അവളുടെ സ്വഭാവ നൈർമ്മല്യം ഇത്രയും ഉയന്നിരുന്നില്ല. അവളുടെ മൃദുല വികാരങ്ങൾക്ക് അത്ഭുതാവഹമായ ഒരു ഉത്തേജനമുണ്ടായി. ഈ മാററത്തിൻേറയും പരിവത്തനങ്ങളുടേയും കാരണം അവർ സ്വജീവിതത്തിൽപകത്തിയ സജീവമാതൃക കന്യകാമാതാവിൻേറതായിരുന്നു എന്നതത്രെ. കഴിഞ്ഞ തലമുറകളിലെ ജനങ്ങൾക്ക് അജ്ഞാതമായിരുന്ന ഒരു സ്വർഗ്ഗീയാനുഭൂതിയാണ് പല രാജ്യങ്ങളിലേയും അനേക ലക്ഷം മരിയഭക്തക്ക് പല കാലങ്ങളിലും ദശകളിലും അനുഭവവേദ്യമായതു്. അനേകലക്ഷം കന്യകകൾ അവക്ക് സവ്വസ്വമായിരുന്ന തങ്ങളുടെ കന്യകാത്വം മാതാവിനുവേണ്ടി, മാതൃപാദങ്ങളിൽ, അപ്പണംചെയ്തു. ലൗകികമായ സവ്വസുഖങ്ങളും പരിത്യജിച്ചുകൊണ്ടു് അവർ കന്യകാലയങ്ങളിലും സന്യാസ മന്ദിരങ്ങളിലും അഭയംതേടി. യൂറോപ്യൻ നാഗരികതയുടെ അതിവിശിഷ്ടമായ നേട്ടങ്ങളും അനഘസമ്പാദ്യങ്ങളുമെല്ലാം ഈ ദശയുടെ കനകഫലങ്ങളായിരുന്നു.

തന്നോടു കാണിക്കുന്ന ഈ ഭക്ത്യാദരവുകളെ എത്ര സന്തുഷ്ടയായിട്ടായിരിക്കും ദിവ്യജനനി വീക്ഷിക്കുക! ജപമാലയേയും തവിട്ടുനിറത്തിലുള്ള ഉത്തരീയത്തേയും ലോകത്തിനു് സംഭാവന നല്കിയ ഈ നൂററാണ്ടിനെപ്പററി ദിവ്യജനനി അഭിമാനപുളകം കൊള്ളുകതന്നെ ചെയ്തിരിക്കണം.

ഇംഗ്ലണ്ടിനെപ്പോലെ മറെറാരു രാജ്യത്തേയും ദിവ്യജനനി അത്ര സമൃദ്ധമായി അനുഗ്രഹിച്ചിട്ടില്ല. ദിവ്യജനനിയുടെ "സ്ത്രീധനം" (dowry) എന്നാണു് ആ രാജ്യത്തെ വിശേഷിപ്പിച്ചിരുന്നതു്. 13–ാം നൂററാണ്ടിൽ ദിവ്യജനനിയും ഇംഗ്ലണ്ടും തമ്മിൽ ഒരു പ്രത്യേക സ്നേഹബന്ധം നിലനിന്നിരുന്നു. ഇംഗ്ലണ്ടിലെ കവികളും ഗായകരും മേരിയുടെ അപദാനങ്ങളെയാണു് പാടിപ്പുകഴ്ത്തി നടന്നിരുന്നതു്. അവരുടെ തദ്ഭാഷയങ്ങളിലെ ജന്മവാസനകൾ ഇതിനുവേണ്ടി മാത്രം സംസൃഷ്ടമായിരുന്നു എന്നു് തോന്നിപ്പോകുമായിരുന്നു.

"Our Lady and Our Civilixation" എന്ന തൻേറ ഗ്രന്ഥത്തിൽ ഡാനിയൽ സാർജെൻറ് (Daniel Sargent) ഇങ്ങിനെ

എഴുതി: "ദേവമാതാവിനെപ്പററി കവിതകഠം എഴുതിയില്ലെങ്കിൽ 1400വരെ ആംഗലകവികഠം ആരുംതന്നെ കവികളായി പരിഗണിക്കപ്പെട്ടിരുന്നില്ല. മദ്ധ്യദശകങ്ങളിലെ കലാകാരന്മാരെപ്പോലെ, തൻെറ അത്യുത്തമകൃതി സമപ്പിക്കുന്നതുവരെ അവർ പൂണ്ണത പ്രാപിച്ച കലാശില്പികളായി എണ്ണപ്പെട്ടിരുന്നില്ല. എന്നാൽ ആ കലാശില്പമാകട്ടെ ദൈവമാതാവിനെ വാഴ്ത്തിക്കൊണ്ടുള്ളതായിരിക്കണമെന്നുള്ളതും നിർബന്ധമായിരുന്നു. മാതാവിനെ പ്രകീത്തിച്ചയാളുടെ പദപ്രയോഗങ്ങഠംക്കും ശൈലികഠംക്കുമെല്ലാം പ്രത്യേക പ്രാമാണ്യമാണു് കല്പിക്കപ്പെട്ടിരുന്നതു്. ഉദാഹരണമായി, ജിയോഫ്രെ ചോസ്സർ (Geoffrey Chaucer) പാടിയ കവിതകളിൽ, അദ്ദേഹത്തിനു് മാതാവിനോടു ഭക്തിഉണ്ടായിരുന്നാലും ഇല്ലെങ്കിലും, ദിവ്യജനനിയെ പ്രകീത്തിക്കാതെ നിവൃത്തിയുണ്ടായിരുന്നില്ല".

ഇംഗ്ലീഷ് ജനതയുടെ വസ്ത്രധാരണ രീതിയിൽപോലും മാററംവന്നു. പിറവിത്തിരുന്നാളിൽ കാലിത്തൊഴുത്തിലെ അംഗങ്ങഠം അണിഞ്ഞിരുന്ന വസ്ത്രങ്ങഠം ജനങ്ങളും അനുകരിക്കാൻ തുടങ്ങി. അവർ മേരിയുടെ ഭക്ത ജനങ്ങളായിരുന്നു. ഒരു പാദുകാകൃതിയിലുള്ള പുഷ്പത്തെ "ദിവ്യജനനിയുടെ ചെരിപ്പെ"ന്നു് അവർ നാമകരണം ചെയ്തു. "ക്ഷീരവീഥി" (**Milky Way**) എന്നു നാം വിളിക്കുന്ന താരാ സമൂഹത്തെ അവർ "വാഠംസിഗാം മാഗ്ഗ്"മെന്നു വിളിച്ചു. കാരണം, അതു് വാഠംസിംഗാമി"ലെ ദിവ്യജനനിയുടെ ദേവാലയത്തിലേക്കാണു് ജനങ്ങളെ നയിച്ചിരുന്നതു്.

അവർ ദിവ്യജനനിയുടെ ബഹുമാനാർത്ഥം കവിതകഠം എഴുതി. കാൻറർബറി ആച്ച് ബിഷപ്പ് സ്റ്റീഫൻ ലാങ്ങ്ടൻ ദാവീദിൻെറ സങ്കീത്തനങ്ങളെ അനുകരിച്ച് "ദിവ്യജനനിയെപ്പററി സങ്കീത്തന രൂപത്തിൽ കുറെ ഗാനങ്ങഠം രചിച്ചു. ആ ഗീതകളിൽ നിന്നുള്ള ഒരു ഉദ്ധരണിയാണു് താഴെ കൊടുത്തിട്ടുള്ളതു്:

"ഭക്തി രഹിതരായവരുമായി
സഹവസിക്കാത്തവൻ അനുഗ്രഹീതനാകുന്നു.
കന്യകകളിൽ കന്യകേ!
പുരുഷബീജമില്ലാതെ
ഗർഭം ധരിച്ച നീ
അനുഗ്രഹീതരിൽ അനുഗ്രഹീതയാകുന്നു,
കത്താവിൻെറ നിയമത്തിൽ

ഞങ്ങളെ ധ്യാന നിരതരാക്കാനും
അവിടുത്തേ സാമ്രാജ്യത്തിൽ ഞങ്ങൾക്ക്
ആനന്ദം പകരാനും അവിടുന്ന് വന്നരുളിയാലും!"

ഇപ്രകാരമുള്ള ഗീതകങ്ങൾ അക്കാലത്ത് വളരെ പ്രചാരത്തിലുണ്ടായിരുന്നു. അവയിൽ വളരെ പ്രസിദ്ധമായതു് രചിച്ചതു് കാൻടർബറിയിലെ മറെറാരു ആർച്ച് ബിഷപ്പായിരുന്ന സെൻറ് എഡ്മണ്ടായിരുന്നു. സെൻറ് ബൊനവഞ്ചർ രചിച്ച സങ്കീർത്തനങ്ങളിൽ ആദ്യത്തെ അമ്പതു പാദങ്ങൾ "ആവേ" എന്ന സംബോധനകൊണ്ടും, രണ്ടാമത്തെ അമ്പതുപാദങ്ങൾ "സാൽവേ!" എന്ന പ്രാർത്ഥനകൊണ്ടും, മൂന്നാമത്തെ അമ്പതു് സങ്കീർത്തനങ്ങൾ "ഗൌഡേ" (Gaude) എന്ന രൂപകംകൊണ്ടുമാണ് പൂർത്തികരിക്കപ്പെട്ടിട്ടുള്ളതു്. ഒരു പക്ഷേ, ഇന്നത്തെ ജപമാലയുടെ സന്തോഷം, സന്താപം, മഹത്വം എന്നീ മൂന്നു ധ്യാന വിഷയങ്ങളുടെ വിഭജനത്തിൻെറ ആരംഭം അതായിരുന്നിരിക്കണം.

റോമാ സാമ്രാജ്യത്തിലെ പ്രോവിൻസുകളിൽ ദിവ്യജനനിയുടെ സൗന്ദര്യത്താൽ കൂടുതൽ ആകൃഷ്ടയായതു് ബ്രിട്ടനായിരുന്നു. അവളുടെ ജനനം ആദ്യപാപ പങ്കിലമല്ലാതിരുന്നെന്ന് പ്രഖ്യാപിക്കാനുള്ള തിടുക്കവും അവർക്കു തന്നെയായിരുന്നു.

ഡൺസ്സ്കോട്ടസിൻെറ ഗുരുവായിരുന്ന വില്യം വയർ മാതാവിനെപ്പററിയുള്ള ഒരു പ്രസംഗം തുടങ്ങിയതു് ഇപ്രകാരമായിരുന്നു: "ദിവ്യജനനിയെപ്പററി ഞാൻ സംസാരിക്കുമ്പോൾ എനിക്കു തെററ് പററുകയാണെങ്കിൽ, അതു് അവളെപ്പററി കൂടുതൽ പറയുന്നതു മൂലമായിരിക്കും",

ജപമാലഭക്തി കാട്ടുതീപോലെയാണ് ജനമദ്ധ്യത്തിൽ പ്രചരിച്ചതു്. "നമ്മുടെ ദിവ്യജനനി" എന്ന പ്രയോഗം സർവ്വസാധാരണമായി. ദേവാലയങ്ങളിലെല്ലാം മാതാവിനു് പ്രതിഷ്ഠിക്കപ്പെട്ട പ്രത്യേക കപ്പേളകളും ബലിപീഠങ്ങളുമുണ്ടായി. പെൺകുഞ്ഞുങ്ങൾക്ക് മേരി എന്ന പേരിടാനായിരുന്നു മാതാപിതാക്കൾക്ക് ആഗ്രഹം. രാജ്യമാകെ റോഡുകൾക്ക് സമീപം മേരിയുടെ നാമത്തിലുള്ള അനേകം കപ്പേളകൾ ഉയർന്നുവന്നു.

വേദപാരംഗതന്മാരുടെ ഗുരു എന്നറിയപ്പെട്ടിരുന്ന ഹെയിൽസിലെ അലക്സാണ്ടർ ദിവ്യജനനിയോടുള്ള ഭക്തിയുടെ പാരമ്യം

മൂലം അവളുടെ നാമത്തിൽ ആരെങ്കിലും എന്തെങ്കിലും ആവശ്യ പ്പെട്ടാൽ താൻ അതു ചെയ്തുകൊടുക്കുമെന്നു് പറഞ്ഞിരുന്നു. ഇദ്ദേഹ ത്തിൽനിന്നാണു് അദ്ദേഹത്തിൻെറ സുപ്രസിദ്ധ ശിഷ്യന്മാരായ സെൻറ് ബൊനവഞ്ചറും സെൻറ് തോമസ് അക്വിനാസും അവ രുടെ വിജ്ഞാനം നേടിയതു്.

ദിവ്യജനനി ഇംഗ്ലണ്ടിനെ ഇനിയും അനുഗ്രഹിച്ചു. ഐലസ് ഫോർഡിൽ സെൻറ് സൈമൺസ്റ്റോക്കിനു് കാണപ്പെട്ടുകൊണ്ടു് കർമ്മലമാതാവിൻെറ തവിട്ടുനിറമുള്ള തിരുവുത്തരീയം സമ്മാനിച്ചു. എഡ്വേർഡ് രാജാവു് തൻെറ ഓക്സ്ഫോർഡിലെ രാജ കൊട്ടാരം കർമ്മലീത്താക്കാരുടെ അവർലേഡീസ് സമൂഹത്തിനു് ഇഷ്ടദാനം ചെയ്തു. ദിവ്യജനനിക്കായി അർപ്പിക്കപ്പെട്ടിരുന്ന തീർത്ഥാ ടന കേന്ദ്രങ്ങൾക്കു് വൻതോതിൽ സംഭാവനകൾ നല്കുന്നതിൽ പ്രഭുക്കന്മാർ ഒരു മാത്സര്യത്തിൽതന്നെ ഏർപ്പെട്ടു. ആംഗല സ്വാ തന്ത്ര്യങ്ങളുടെ തീട്ടൂരമായിരുന്ന "മാഗ്നാ കാർട്ടാ" (Magna Carta) ആധുനിക ജനാധിപത്യത്തിൻെറ അസ്തിവാരമെന്നു് അറി യപ്പെടുന്നു. അതിലൊപ്പുവെച്ചതു് 1215 ജൂൺ 19-നു് റണ്ണിമെഡെ എന്ന സ്ഥലത്തുവെച്ചു് ജോൺ രാജാവായിരുന്നു. ആംഗല സഭയ്ക്കു് സ്വാതന്ത്ര്യം നല്കുകയായിരുന്നു അതിൻെറ ഉദ്ദേശം. "മാഗ്നാ കാർട്ടാ" ബഹുമാനിക്കാൻ ബാദ്ധ്യസ്ഥമായിരുന്ന അവകാശങ്ങൾ വ്യക്തികൾക്കു് ഇന്നു് ലഭ്യമായി. ഓരോ വ്യക്തിയും ദൈവത്തി ൻെറ നശിപ്പിക്കപ്പെടാൻ പാടില്ലാത്ത ഒരു സൃഷ്ടിയാണെന്നുള്ള മൗലികതത്വം ഔദ്യോഗികമായി അംഗീകൃതമായി.

നീതിനിഷ്ഠയും ആത്മാഭിമാനവും കൂടിക്കലർന്ന മഹാനായ ആംഗല വൈദികൻ ഫാദർ ഫെയ്ബർ ഈ കാലസന്ധിയെ പ്പററി ഇപ്രകാരമെഴുതി:

"ദിവ്യജനനിയോടുള്ള ഭക്തിയിൽ ഇംഗ്ലണ്ടിലെ രാജാക്ക ന്മാർ അദ്വിതീയരായിരുന്നു. അവർ നാടാകെ ഗോത്തിക്കു് കലാ രൂപത്തിലുള്ള ദേവാലയങ്ങളും കത്തീഡ്രലുകളും നിർമ്മിച്ചു. അവ യെല്ലാം ഇന്നും നിർമ്മാണ ശില്പകലയുടെ അത്ഭുത സൃഷ്ടികളായി നിലകൊള്ളുന്നു. എഡ്വേർഡ് രാജാവു് ദിവ്യജനനിയുടെ ബഹു മാനാർത്ഥം എല്ലാ ശനിയാഴ്ചയും ഉപവാസമനുഷ്ഠിച്ചുപോന്നു. ദിവ സേന അദ്ദേഹം അവളുടെ സഹായം തേടി. മഹാനായ ആൽഫ്രെഡ് രാജാവ് (Alfred the Great) തന്നെ പൂർണ്ണമായും ദിവ്യജനനി യുടെ സംരക്ഷണയിലർപ്പിച്ചു. റിച്ചാർഡ് ദി ലയേൺ ഹാർട്ടഡ്

(Richard the Lionhearted) കരിശുയുദ്ധങ്ങൾക്ക (Crusades) പുറപ്പെടുന്നതിനുമുമ്പ് "അവർ ലേഡി ഓഫ് ഗുഡ്ഹാവൻ" എന്ന പേരിൽ ഒരു ദേവാലയം നിമ്മിച്ചു. യുദ്ധത്തിൽ അദ്ദേഹം മാരകമായി മുറിവേററു. മരണാസന്നനായപ്പോൾ തൻെറ ഔസ്യത്തുപത്രത്തിൽ, മരണ ശേഷം തൻെറ ഹൃദയം ദിവ്യജനനിയുടെ ദേവാലയത്തിൽ സൂക്ഷിച്ചുകൊള്ളണമെന്നും നിർദ്ദേശിച്ചിരുന്നു".

ചരിത്രകാരന്മാർ ഈ ദശയെ "Merry old England" എന്ന് വിശേഷിപ്പിച്ചു. മേരിയിൽ നിന്നാണ് ഈ ആശയമുദിച്ചത്. "മേരിയെ എപ്പോഴും ഹൃദയത്തിൽ സൂക്ഷിക്കുക. അവൾ നിങ്ങളെ സന്തുഷ്ടയാക്കും." (Keep Mary in your heart and your heart will always be merry.)

ഗ്രീസ്സിൽ മിസ്ട്രാ നഗരം ബുദ്ധിപരമായ പ്രവത്തനങ്ങളുടേയും വ്യാപാരങ്ങളുടേയും ഒരു സുപ്രധാന കേന്ദ്രമായിരുന്നു. പണ്ഡിതാഗ്രേസരന്മാരുടെ ആസ്ഥാനവുമായിരുന്നു. അവർ പരസ്പരം ആവേശവും പ്രചോദനവും കണ്ടെത്തി. 13–ാം നൂററാണ്ടിലെ ആറു ദേവാലയങ്ങളിലെ ഭിത്തികൾ അതിമനോഹരങ്ങളായ വണ്ണചിത്രങ്ങൾകൊണ്ട് സമാലംകൃതമായി. ആ ചിത്രങ്ങളെല്ലാം തന്നെ മാതാവിനെ സംബന്ധിച്ച പന്ത്രണ്ട ആരാധനാ ക്രമങ്ങളിലെ വിഷയങ്ങളെ ആസ്പദമാക്കിയുള്ളവയായിരുന്നു. മാതാവിൻെറ ജനനം, ദേവാലയത്തിലേക്കുള്ള ദിവ്യജനനിയുടെ പ്രവേശനം, മംഗലവാർത്ത മാലാഖ ദിവ്യജനനിയെ അറിയിക്കുന്നത്, ദിവ്യജനനിയുടെ മരണം, എന്നീ വിഷയങ്ങളായിരുന്നു അവയിലെ പ്രധാന രചനകൾ.

ദൈവമാതാവെന്ന സ്ഥാനപ്പേരുകഴിഞ്ഞാൽ അമലോത്ഭവകന്യക എന്ന ബഹുമതി ദിവ്യജനനിക്ക് നല്കിയത് സ്ക്കോട്ടലണ്ടാണ്.

ഈജിപ്തിൽ, കയ്റോക്കപുറത്ത്, അവർ ലേഡി ഓഫ് ഡമീററാ (Our Lady of Damietta) എന്ന പേരിൽ ഒരു പ്രാത്ഥനാലയമുണ്ട്. ജനങ്ങൾക്ക് ദിവ്യജനനിയിലുണ്ടായിരുന്ന വിശ്വാസം ക്ഷയിച്ചുകൊണ്ടിരുന്നത് തടയാനും, അവളുടെനേരെ ഭക്തിരഹിതരായ ജനങ്ങൾ നടത്തിയിരുന്ന നിന്ദനങ്ങൾക്ക പരിഹാരമാകാനും വേണ്ടി 1220–ൽ പെലാജിയസ് നിർമ്മിച്ചതാണ് ഈ കപ്പേള. ഈ ദേവാലയത്തിൽ ദിവ്യജനനി ഇന്നും അത്ഭുതങ്ങൾ

പ്രവർത്തിച്ചവരുന്നു. കുരിശുയുദ്ധങ്ങൾക്കിടയിൽ ഫ്രാൻസിലെ രാജാവായിരുന്ന സെൻറ് ലൂയിസ് ഒമ്പതാമൻ ഈ ദേവാലയം സന്ദർശിക്കുക പതിവായിരുന്നു.

''പാഷണ്ഡമതസ്ഥരുടെ ചുററിക''യായിരുന്ന പാദുവായിലെ വിശുദ്ധ അന്തോനി അദ്ദേഹം നേരിട്ട ഓരോ പാഷണ്ഡനേയും ''മേരി'' എന്ന നാമധേയം ഉച്ചരിച്ച് കീഴ്പ്പെടുത്തിയിരുന്നു. മേരി നമുക്കുവേണ്ടി നടത്തുന്ന ഒരോ പ്രാർത്ഥനയും ദൈവം നിരാകരിക്കയില്ലന്ന് അദ്ദേഹം പറയുന്നു. ''തൻെറ തിരുകുമാരനിൽ നിന്ന് ദൈവ മാതാവ് ആവശ്യപ്പെടുന്നതു് നല്കാതിരിക്കാൻ അവിടുത്തേക്ക് സാദ്ധ്യമായിരുന്നില്ല'' എന്നാണ് അദ്ദേഹം പറയുന്നതു്. ഹൃദയശുദ്ധിക്കും, മനസ്സമാധാനത്തിനും, ആത്മപവിത്രീകരണത്തിനും മൂന്നു ''നന്മനിറഞ്ഞമറിയമേ!'' എന്ന നമസ്ക്കാരം ചൊല്ലുന്ന പതിവ് വിശുദ്ധ അന്തോനിയാണ് നടപ്പിൽ വരുത്തിയതു്.

പോർത്തുഗലിലെ രാജ്ഞി സെൻറ് എലിസബത്ത് തൻെറ കൊട്ടാരമാകെ ദിവ്യജനനിയുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിരുന്നു. മേരിയോടുള്ള അവളുടെ ഭക്തി നിസ്സീമമായിരുന്നു.

പാശ്ചാത്യപ്രപഷ്യയിൽ മാതാവ് ഉണ്ണിയോടുകൂടി വാഴ്ത്തപ്പെട്ട ജോൺ ലോബിഡോക്കിന് പല പ്രാവശ്യം കാണപ്പെട്ടിരുന്നു. പരിത്രാണനത്തിൻെറ നിഗൂഢാത്മക രഹസ്യങ്ങളെപ്പററി അവർ സംസാരിക്കാറുമുണ്ടായിരുന്നു.

മേരിയുടെ നാമത്തിൽ ഒരു കപ്പ് ജലം നല്കിക്കൊണ്ടു് പല രോഗികളേയും സിസിലിയിലെ സെൻറ് സൈമൺ ദി കാർമെലൈററ് സുഖപ്പെടുത്തിയിരുന്നു.

''സർവ്വ റഷ്യക്കാരുടേയും ചക്രവർത്തിനി'' എന്ന സ്ഥാനപ്പേരാണ് റഷ്യ ദിവ്യജനനിക്ക് നല്കിയതു്.

ഫ്രാൻസ് ഈ നൂററാണ്ടിൽ എൺപതു കത്തീഡ്രലുകളും അഞ്ഞൂറു ദേവാലയങ്ങളുമാണ് രാജ്യത്തിലുടനീളം നിർമ്മിച്ചതു്. 1251-ൽ ലൂയിസ് 9–ാമൻ രാജാവു് ''പരിശുദ്ധ മറിയമേ! നിനക്കു സ്വസ്തി!'' എന്ന പ്രാർത്ഥനയിൽ ''നിൻെറ ഉദരത്തിൽ'' എന്ന വാക്കിൻെറ പിന്നാലെ ''ഈശോ'' എന്ന പദംകൂടി കൂട്ടിച്ചേർക്കയും, ഈശോയുടെ നാമം ഉച്ചരിക്കുന്ന സന്ദർഭങ്ങളിലെല്ലാം കാൽമുട്ടുകൾ മടക്കയും ചെയ്തിരുന്നു. മാതാവിൻെറ ബഹുമാനാർത്ഥം ത്രികാല

ജപങ്ങരം ചൊല്ലുന്നതിന്ന് മദ്ധ്യാഹ്നത്തിലും ദേവാലയങ്ങളിലെ മണികരം അടിക്കണമെന്നു് അദ്ദേഹം നിർദ്ദേശിച്ചു. 50 പ്രാവശ്യം ''നന്മനിറഞ്ഞ മറിയമേ! നിനക്ക് സ്വസ്തി'' എന്ന ജപം ചൊല്ലുന്ന ഓരോ പ്രാവശ്യവും ഈശോയുടെ നാമത്തിലെത്തുമ്പോരം അദ്ദേഹം മുട്ടുകാലുകരം മടക്കിയിരുന്നു. പുണ്യഭൂമിയിലേക്ക് സെൻറ് ലൂയിസ് പല കുരിശുയുദ്ധങ്ങളും നയിച്ചു. തിരിച്ചുവന്നപ്പോരം ക്രിസ്തുവിനെ ക്രൂശിച്ചപ്പോരം ധരിപ്പിച്ചിരുന്ന മുരംക്കിരീടം ഫ്രാൻസിലേക്ക് കൊണ്ടുവരികയും, പാരീസിൽ മനോഹരമായ ഒരു ദേവാലയം നിമ്മിച്ച് ആ മുരംക്കിരീടം അതിലെ ഒരു പ്രധാന ബലിപീഠത്തിൽ പ്രതിഷ്ഠിക്കയും ചെയ്തു. പുണ്യഭൂമിയിൽനിന്നു് ആദ്യത്തെ ആറു കമ്മലീത്താ സന്യാസികളേയും അദ്ദേഹം കൊണ്ടുവന്നു.

മാതൃത്വത്തിൻെറ അനുഗ്രഹത്തിനുവേണ്ടി ദിവസേന ജപമാല ചൊല്ലുവാൻ സെൻറ് ഡോമിനിക്ക് ഫ്രാൻസിലെ രാജ്ഞിയായിരുന്ന ബ്ലാഞ്ചെ ഓഫ് കാസ്ററില്ലെയെ ഉപദേശിച്ചിരുന്നു. ഈ ഉപദേശം പ്രത്യക്ഷരം നിറവേററിയതുകൊണ്ടു് 1213-ൽ രാജ്ഞി ഗർഭം ധരിക്കയും ഒരു ശിശുവിനെ പ്രസവിക്കയും ചെയ്തു. പക്ഷേ, ആ കുഞ്ഞു ശൈശവത്തിൽ തന്നെ മരിച്ചുപോയി.

പക്ഷേ, രാജ്ഞി നിരാശയായില്ല. അവരം ദിവ്യനാഥയിലുള്ള ശരണംവിട്ടില്ല. പ്രാത്ഥനകരം പതിന്മടങ്ങു വദ്ധിപ്പിച്ചു. അനേകം ജപമാലകരം തൻെറ സാമ്രാജ്യത്തിലെ വൻനഗരങ്ങളിലെല്ലാം വിതരണം ചെയ്യുകയും ജപമാല ഭക്തി തീഷ്ണതയോടെ പ്രചരിപ്പിക്കയും ചെയ്തു. തൻെറ ഒരു പ്രത്യേക ഉദ്ദേശ്യത്തിനു വേണ്ടി ജനസഹസ്രങ്ങരം തൻെറ പ്രാത്ഥനയിൽ പങ്കുചേരണമെന്നും അവരം അവരോട് അഭ്യത്ഥിച്ചു. ദിവ്യജനനി അവരുടെ പ്രാർത്ഥനകരം ശ്രവിക്കുക തന്നെ ചെയ്തു. 1215-ൽ ഒരു ശിശു ജാതനായി. ആ ശിശുവായിരുന്നു വളർന്നു് ക്രൈസ്തവരാജാക്കന്മാക്കെല്ലാം ഒരു ഉത്തമ മാതൃകാനൃപനായിത്തീന്ന വിശുദ്ധ ലൂയിസ്.

മാതാവിൻെറ ജപമാല കേവലം കുറെമണികരം കൂട്ടിച്ചേത്ത ഒരു നിസ്സാരവസ്തുവാണെന്നു് ആരും ധരിക്കണ്ട. ആ ഓരോ മണിയും ഗ്ലാസ്കൊണ്ടോ; ചിരട്ടകൊണ്ടോ, മറേറതെങ്കിലും സൗകയ്യപ്രദമായ വസ്തുകൊണ്ടോ ഉണ്ടാക്കിയതായിരുന്നുകൊള്ളട്ടെ, ആററംബോംബിനേക്കാരം സ്ഫോടന ശക്തിയുള്ള ഘടകമാണ് അതിൽ ഒരോന്നിലും ഉരംക്കൊള്ളുന്നതു്: പ്രാർത്ഥനയുടെ അതിശക്ത

മായ അന്തസ്സത്തയാണ് അതിൻെറ ഉള്ളടക്കം. ഭൂമിയെമാത്രമല്ല, സ്വർഗ്ഗത്തെപ്പോലും, പിടിച്ചടക്കാനുള്ള അഭൌമിക ശക്തി വിശേഷം അതിനുണ്ട്. കാരണം, അതു് ദൈവത്തിൻെറ അമ്മയുടെ മഹനീയമായ ഒരായുധമാണ്. ആ ആയുധത്തേയാണ് നാം നമ്മുടെ നിത്യരക്ഷക്കുള്ള ആയുധമാക്കുന്നതു്. ഒരു "നന്മനിറഞ്ഞമറിയമേ!" എന്ന നമസ്കാരം നാം ചൊല്ലുമ്പോൾ, "ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ!" എന്നു നാം നമ്മുടെ സ്വർഗ്ഗീയ രാജ്ഞിയോടു അപേക്ഷിക്കുന്നു; യാചിക്കുന്നു. ഒരു ജപമാല ചൊല്ലിക്കഴിയുമ്പോൾ ഈ യാചന അൻപത്തിമൂന്നു പ്രാവശ്യം നാം ആവർത്തിക്കുന്നു. ദിവസം ഒരു ജപമാല വീതം മുടങ്ങാതെ ചൊല്ലുന്ന ഒരാൾ അയാളുടെ ജീവിതകാലത്തിൽ എത്രയോ ആയിരം പ്രാവശ്യം ഈ യാചന ആവർത്തിച്ചുകാണും! ഒടുവിൽ നാം മരണശയ്യയിൽ കിടന്നു് മരണവുമായി മല്ലിടുമ്പോൾ സ്വർഗ്ഗത്തിലിരിക്കുന്ന നമ്മുടെ ദൈവമാതാവ് നമ്മെ കൈ വെടിയുമെന്നു് ഊഹിക്കാൻ പോലും കഴിയുന്ന ഒരു കാര്യമല്ല. സ്വർഗ്ഗനാഥ നമ്മുടെ അമ്മയാണ്. ആ അമ്മ തൻെറ ഭക്തരെ ഒരിക്കലും കൈവെടിയുകയില്ല; നിശ്ചയം.

ജപമാലയുടെ അപ്പസ്തോലനായ വാഴ്ത്തപ്പെട്ട ആലൻ ദ ലാറോച്ച്, ഓ. പി. തൻെറ "Importance and Beauty of the Holy Rosary" എന്ന ഗ്രന്ഥത്തിൽ ദിവ്യജനനി 1214-ൽ ടൗലൗസിന് സമീപമുള്ള ഒരു കാട്ടിൽ വെച്ച് മൂന്നുരാപകൽ പ്രാർത്ഥിക്കയും പ്രായശ്ചിത്തകൃത്യങ്ങൾ ചെയ്കയും ചെയ്ത സെൻറ് ഡോമിനിക്കിനു് ജപമാല നല്കിയതെങ്ങിനെയെന്നു് വിവരിക്കുന്നുണ്ട്. ലോക നവീകരണത്തിനു് പരിശുദ്ധ ത്രീത്വം ഉപയോഗിക്കാൻ ഉദ്ദേശിച്ച ആയുധമിതായിരുന്നു എന്നു് അദ്ദേഹത്തെ അറിയിച്ചു. ദിവ്യജനനിയാൽ സാന്ത്വനമാക്കപ്പെടുകയും, പാപികളുടെ മാനസാന്തരത്തിനു വേണ്ടി അതീവമയാഗ്രഹിക്കയും ചെയ്തിരുന്ന അദ്ദേഹം സ്വർഗ്ഗത്തിൽ നിന്നുള്ള ഈ ആയുധമുപയോഗിച്ച് ആൽബി ജെൻസിയൻ (Albigensian) പാഷണ്ഡ മതത്തെ ഉന്മൂലനം ചെയ്തു. സെൻറ് ഡോമിനിക്ക് തൻെറ അവശേഷിച്ച ജീവിതകാലം മുഴുവനും ജപമാലയെപ്പററി പ്രസംഗിച്ച് കഴിച്ചുകൂട്ടി.

ഒരിക്കൽ അദ്ദേഹം പാരീസിലെ നോട്ട്റിഡെയിം ദേവാലയത്തിൽ സെൻറ് ജോൺ എവാൻഗലിസ്റ്റിൻെറ തിരുന്നാൾ ദിവസം ജനങ്ങളോടു പ്രസംഗിച്ചു. അവിടെ കൂടിയിരുന്നവരിൽ ദൈവ

ശാസ്ത്രത്തിൽ അതിപ്രാവീണ്യം നേടിയിരുന്ന പല പണ്ഡിതാഗ്രേസരുമുണ്ടായിരുന്നു. ലോക ദൃഷ്ടിയിൽ പാണ്ഡിത്യ മേന്മയേറിയ ഒരു പ്രസംഗമല്ല താൻ ചെയ്യാൻ പോകുന്നതെന്നും നേരെ മറിച്ച് ജപമാലയെപ്പററി ചില കാര്യങ്ങൾ മാത്രം പറയാനാണ് താനുദ്ദേശിക്കുന്നതെന്നുമുള്ള മുഖവുരയോടുകൂടി അദ്ദേഹം പ്രഭാഷണം ആരംഭിച്ചു. പ്രസംഗത്തിൻെറ ആരംഭം ഇങ്ങിനെയായിരുന്നു:

“പ്രഗത്ഭരായ എൻെറ പിതാക്കന്മാരേ! സർവ്വകലാശാലയിലെ ഡോക്ടർമാരേ! നിങ്ങളുടെ പാണ്ഡിത്യത്തിനും അഭിരുചികൾക്കും അനുസൃതമായ പ്രഭാഷണങ്ങൾ ശ്രവിച്ചാണ് നിങ്ങൾ ഇതേവരെ പോന്നിട്ടുള്ളത്. മനുഷ്യവിജ്ഞാനത്തിൻെറ ഭാഷയിൽ പണ്ഡിതോചിതമായി നിങ്ങളോടു സംസാരിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. നേരെ മറിച്ച്, ദൈവത്തിൻെറ ചൈതന്യത്തേയും മഹത്വത്തേയും പററി ലളിതമായ ഒരു പ്രഭാഷണം നടത്തുവാൻ മാത്രമേ ഞാൻ തയ്യാറുള്ളൂ”.

ഈ ആമുഖത്തിനുശേഷം സെൻറ് ഡോമിനിക്ക് ജപമാലയെപ്പററി സംസാരിച്ചു. പാപത്തെ നിർമ്മാർജ്ജനം ചെയ്യുന്നതിനും, പാപികളെയും പാഷണ്ഡമതക്കാരേയും തുടച്ചുമാററുന്നതിനും, ജപമാലയെ ഒരായുധമാക്കാൻ അദ്ദേഹം അവരെ ആഹ്വാനം ചെയ്തു.

ടൗലൗസിലെ ദേവാലയം 1212–ലാണ് നിർമ്മിക്കപ്പെട്ടത്. അവിടെ ഒരു ജലധാരക്കു സമീപമായി ദിവ്യജനനിയുടെ ഒരു പ്രതിമ വെച്ചിട്ടുണ്ട്. ആ ജലം പല രോഗശമനങ്ങളും നടത്തിവന്നിരുന്നു. രോഗശമനങ്ങൾ വർദ്ധിച്ചപ്പോൾ തീർത്ഥാടകരുടെ സംഖ്യയും വർദ്ധിച്ചു. അതോടുകൂടി കള്ളന്മാരുടേയും കൊള്ളക്കാരുടേയും ഒരു താവളമായി ആ സ്ഥലം മാറി. ആ സാമൂഹ്യ വിരുദ്ധരുടെ ശല്യങ്ങളിൽ നിന്ന് തീർത്ഥാടകരെ രക്ഷിക്കാൻ ആംഗേഴ്സിലെ മൂന്നു വ്യാപാരികൾ ആ സ്ഥലത്ത് ഒരു ദേവാലയം നിർമ്മിച്ചു. ആ ദേവാലയവും ആ പ്രതിമയും ഇന്നും അവിടെ സ്ഥിതി ചെയ്യുന്നുണ്ട്.

ലീഗിലെ (Liege) സെൻറ് ജൂലിയാനയും, വാഴ്ത്തപ്പെട്ട ഇവ്ലീനും ആണ് പരിശുദ്ധ കുർബ്ബാനയുടെ തിരുന്നാൾ ആദ്യമായി അവിടെ നടത്തിയത്.

1209–ൽ സെൻറ് ജൂലിയാനക്ക് പല പ്രാവശ്യം ദിവ്യ

ദശ്നങ്ങളുണ്ടായി. പൂണ്ണചന്ദ്രനായിരുന്നു ദശ്ന വിഷയം. ചന്ദ്രൻ പൂണ്ണശോഭയോടുകൂടിയതായിരുന്നെങ്കിലും അതിൻെറ ഒരരുകിൽ കളങ്കമുണ്ടായിരുന്നു. ചന്ദ്രൻ തിരുസ്സഭയെയാണ് പ്രതിനിധാനം ചെയ്തിരുന്നതെന്നും, അതിൻെറ അരികിൽ കാണപ്പെട്ട കളങ്കം പരിശുദ്ധ കുർബ്ബാനയുടെ തിരുന്നാരം സ്ഥാപിക്കാതിരുന്നതുകൊണ്ടാണെന്നും അവരംക്ക് ദർശനങ്ങളിൽ നിന്നു് മനസ്സിലാക്കാൻ കഴിഞ്ഞു.

1254-ൽ സെൻറ് ലൂയിസ് 9-ാമൻ എബൊണി മരം കൊണ്ടുണ്ടാക്കിയ മാതാവിൻെറ ഒരു പ്രതിമ ലിപിയ്യ കത്തീദ്രലിനു സമ്മാനിച്ചു. അന്നുമുതൽ ഇന്നേവരെ അതൊരു തീർത്ഥാടന കേന്ദ്രമാണ്.

റൂയനിലെ മെട്രൊപൊലിററൻ ഡീനായിരുന്ന റിച്ചാർഡ് ഓഫ് സെൻറ് ലൗറൻറു 1239-നും 1245-നു മിടക്ക് പ്രഖ്യാതമായ "Mariale Super Missus Est" എന്ന പ്രബന്ധമെഴുതി. മരിയൻ സിദ്ധാന്തങ്ങളുടേയും മരിയൻ ഭക്തിയുടേയും അതിവിശിഷ്ടമായ പ്രബന്ധമായിരുന്നു അതു്. അതിനുലഭിച്ച അസാധാരണമായ പ്രചാരം മൂലം സെൻറ് ആൽബർട്ട് ദി ഗ്രെയ്ററാണ് അതിൻെറ കർത്താവെന്നു് തെററായ ഒരു ധാരണയുണ്ടായിരുന്നു.

1224-ൽ അയർലണ്ടിലെത്തിയ ഡോമിനിക്കൻ സന്യാസികരം തങ്ങളുടെ ആദ്ധ്യാത്മിക ഗുരുവിൽ നിന്നു് സമ്പാദിച്ച മരിയൻ ഭക്തി ജനമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിൽ അത്യുത്സാഹികളായിരുന്നു. 1229-ൽ തന്നെ അവർ മാതാവിൻെറ ചിത്രമോ പ്രതിമയോ വഹിച്ചുകൊണ്ടു് ആശ്രമങ്ങരംതോറും ഘോഷയാത്രയായി പോകാറുണ്ടായിരുന്നു. അവർ മാതാവിൻെറ മഹത്വങ്ങളേയും ഭക്തിയേയും പററി പ്രസംഗിക്കാറുണ്ടായിരുന്നതുകൊണ്ടു് "ജപമാലയുടെ വൈദികർ" എന്നാണറിയപ്പെട്ടിരുന്നതു്.

13-ാം നൂററാണ്ടിൻെറ രണ്ടാം പകുതിയിൽ യൂഗാൽ (Youghal) നഗരത്തിൻെറ എതിർഭാഗത്തുള്ള മണൽപ്പുറത്ത് ഒരു മരത്തടിവന്നടിഞ്ഞു. ആ മരത്തിൻെറ പ്രത്യേകതകണ്ടു് മത്സ്യം പിടിത്തക്കാരായ തൊഴിലാളികരം അതു് അവിടെ നിന്നു് എടുത്തുകൊണ്ടു പോകാൻ ശ്രമിച്ചു. പക്ഷേ, എത്രതന്നെ ഭഗീരഥ പ്രയത്നം നടത്തിയിട്ടും ആ മരത്തടി അനങ്ങിയില്ല. ജനങ്ങരം പത്തു കുതിരകളെ കൊണ്ടുവന്നു് അതു് അവിടെ നിന്നു് നീക്കം ചെയ്യാൻ പണി

പ്പെട്ടു. പക്ഷേ, ആ ശ്രമങ്ങളെല്ലാം വിഫലങ്ങളായതേയുള്ളു. തുടന്നുണ്ടായ ഏററിറക്കത്തിൽ മേൽപറഞ്ഞ തടിമരം 1268–ൽ സ്ഥാപിതമായ ഡോമിനിക്കൻ മഠത്തിൻെറ സമീപമെത്തി. രണ്ടു സന്യാസികൾ നിഷ്പ്രയാസം അതെടുത്ത് തങ്ങളുടെ ഭവനത്തിൽ കൊണ്ടുപോയി സൂക്ഷിച്ചു. അന്നു രാത്രി പ്രിയോറച്ചനു് ഒരു സ്വപ്നമുണ്ടായി. ആ തടിമരത്തിൽ മാതാവിൻെറ ഒരു പ്രതിമ ഒളിഞ്ഞിരിപ്പുണ്ടെന്നായിരുന്നു സ്വപ്നം. അദ്ദേഹം തടിമരം പിളന്നു നോക്കിയപ്പോൾ മാതാവിൻെറ പ്രതിമ അതിലുണ്ടെന്നു കണ്ടതായിട്ടാണു് അക്കാലത്തെ ജനങ്ങൾ പറഞ്ഞിരുന്നതു്. വേറൊരു കഥ പറയുന്നതു് ആ തടിമരം ദേവാലയ സമീപം മുററത്തു് കിടന്നിരുന്നുവത്രെ. മഴ പെയ്തപ്പോൾ അതിൻെറ ദ്വാരങ്ങളിൽ വെള്ളം നിറഞ്ഞു. ഒരു ദിവസം അതിലെ കടന്നുപോയ അന്ധനായ ഒരു മനുഷ്യൻ കുറെ വെള്ളം അതിൽ നിന്നെടുത്തു് കണ്ണുകളിലൊഴിച്ചു. തൽക്ഷണം അയാളുടെ അന്ധതമാറിയത്രെ. വിവരമറിഞ്ഞ ദേവാലയാധികൃതർ വളരെ ശ്രദ്ധാപൂച്ചം ആ മരത്തടി പിളന്നുനോക്കി. അതിനകത്തു് അവർ മാതാവിൻെറ ഒരു പ്രതിമ കണ്ടെത്തി. അവർ അതിനെ ദേവാലയത്തിൽ വെച്ചു് വണങ്ങാൻ തുടങ്ങി. ദിനേന തീത്ഥാടകരുടെ സംഖ്യ കൂടിക്കൂടിവന്നു.

ദൈവ മാതാവിനോടുള്ള പ്രാത്ഥനകൾ പല അത്ഭുതങ്ങളും അവിടെ പ്രവത്തിക്കാൻ തുടങ്ങി. അതു കൊണ്ടു് വിശുദ്ധ കുരിശിൻെറ നാമത്തിലുണ്ടായിരുന്ന ആ ദേവാലയം പരിശുദ്ധ സിംഹാസനത്തിൻെറ അനുവാദത്തോടുകൂടി അനുഗ്രഹങ്ങളുടെ ദിവ്യരക്ഷകയുടെ ദേവാലയമെന്നാക്കി മാററി. കുറെക്കഴിഞ്ഞപ്പോൾ ദേവാലയം ഡൊമിനിക്കൻ വൈദികരുടെ ഭരണത്തിൻ കീഴിലായി. മൂന്നിഞ്ചു മാത്രം ഉയരമുണ്ടായിരുന്ന മാതാവിൻെറ ആനക്കൊമ്പു കൊണ്ടുള്ള ചെറുപ്രതിമ 1617–ൽ അലംകൃതമായ ഒരു രൂപക്കൂട്ടിലേക്കു് മാററിവെക്കയും, അതു് ഫ്രിയാർ സന്യാസികളുടെ സംരക്ഷണയിൽ സൂക്ഷിക്കപ്പെടുകയും ചെയ്തു. ഡോമിനിക്കൻ സന്യാസികളുടെ ദേവാലയത്തിൽ, എല്ലാ ശനിയാഴ്ച രാത്രികളിലും, മഴയായാലും മഞ്ഞായാലും, മരിയഭക്തർ സമ്മേളിച്ചു് പ്രാർത്ഥനകൾ നടത്തിപ്പോരുന്നു.

വിശുദ്ധരിൽ അതികായനായ അസ്സീസ്സിയിലെ സെൻറ് ഫ്രാൻസിസിനെ ലോകത്തിനു് കാഴ്ചവെച്ചതു് ഇററലിയാണു്. മാതാവും തൻെറ വത്സല തിരുക്കുമാരനും ജീവിച്ചിരുന്ന ദിനങ്ങ

ളിൽ അവർ അനുഭവിച്ച ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഓർത്ത് ആ വിശുദ്ധൻ കരയാറുണ്ടായിരുന്നു. അദ്ദേഹം സാൻഡാമിയാനോയിൽ നിന്ന് വിശുദ്ധ ക്ലയറിന് ഒരു കത്തിൽ ഇപ്രകാരമെഴുതി:

"നിങ്ങളുടെ അതിവിനീത സഹോദരനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻേറയും അവിടുത്തേ മാതാവിൻേറയും ജീവിതത്തേയും ദാരിദ്ര്യത്തേയും അവസാന നിമിഷം വരെ ഞാൻ അനുഷ്ഠിക്കുന്നതാണ്. സ്നേഹത്തിൻേറയും ദാരിദ്ര്യത്തിൻേറയും ഈ ചൈതന്യത്തിൽ നിങ്ങളും ജീവിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു."

ക്രിസ്തുവിൽ തൻെറ സഹോദരികളേയും സഹോദരന്മാരേയും ആത്മീയാനന്ദത്തിൽ കൂടുതൽ പ്രബുദ്ധരാക്കുന്നതിന് വിശുദ്ധ ഫ്രാൻസിസ് തൻെറ സന്യാസ സഭകളെ ദൈവത്തിൻെറയും ദരിദ്രരുടേയും അമ്മയായ കന്യകാ മേരിക്ക് സമർപ്പിച്ചു. മാത്രമല്ല, പോർട്ടി അങ്കുലയിലെ ദേവാലയത്തെ മാലാഖമാരുടെ മാതാവിൻെറ ദേവാലയമെന്ന് നാമകരണവും ചെയ്തു. ദേവാലയത്തിന് ആവശ്യമായിരുന്ന പുനരുദ്ധാരണ ജോലികളും അദ്ദേഹം പൂർത്തിയാക്കി. തൻെറ പ്രേഷിത വേലയുടെ ആരംഭത്തിൽ അദ്ദേഹം ദിവ്യമാതാവിനെ തൻെറ പ്രസ്ഥാനത്തിൻെറ പരിരക്ഷകയായി തെരഞ്ഞെടുത്തു. തൻെറ സമൂഹത്തെ മുഴുവൻ അമ്മയുടെ ചുമതലയിൽ ഏല്പിച്ചുകൊണ്ട് തൻെറ ജീവിതാന്ത്യംവരെ അവിടെത്തന്നെ കഴിച്ചുകൂട്ടി.

സിലോനോയിലെ തോമസ് സെൻറ് ഫ്രാൻസിസിനെപ്പററി പറയുന്നു:

"സ്വജീവിതം ഈശോയുടെ അമ്മക്ക് അർപ്പിതമായ ഫ്രാൻസീസിൻെറ ജീവിതകാലം മുഴുവനും ആ അമ്മയെപ്പററിയുള്ള കീർത്തനങ്ങൾ പാടിയും, അവളുടെ മാഹാത്മ്യങ്ങൾ വാഴ്ത്തിയും, അവളോടു പ്രാർത്ഥിച്ചുമാണ് കഴിച്ചു കൂട്ടിയത്".

മണിക്കൂറുകൾ തോറുമുള്ള പ്രാർത്ഥനകളിൽ ധ്യാനങ്ങളിലും പ്രാർത്ഥനകളിലും അദ്ദേഹം ദൈവമാതാവിനെ വാഴ്ത്തിയിരുന്നു. അദ്ദേഹത്തിൻെറ ഒരു പ്രാർത്ഥന ഇപ്രകാരമായിരുന്നു:

"പരിശുദ്ധ കന്യകാ മേരി! സ്ത്രീകളിൽ അവിടുത്തേപ്പോ

ലെ പവിത്രയായ മറെറാരു മഹതിയും ഭൂജാതയായിട്ടില്ല. സ്വർഗ്ഗസ്ഥനായ പിതാവിൻെറ പുത്രിയും കൈത്തോഴിയുമാണ് നീ! ഈശോയുടെ അമ്മേ! പരിശുദ്ധാത്മാവിൻെറ മണവാട്ടി! പ്രധാന മാലാഖയായ സെൻറ് മൈക്കിളിനോടും സ്വർഗ്ഗവാസികളെല്ലാവരോടുംകൂടി നിൻെറ തിരുക്കുമാരനോട് ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കേണമേ!"

ദിവ്യജനനിയോടുള്ള മറെറാരു പ്രാർത്ഥനയിൽ അദ്ദേഹം ഇങ്ങിനെ അപേക്ഷിച്ചു:

"ഏററവും പരിശുദ്ധയായ കന്യകാ മാതാവേ! മേരീ! ദൈവത്തിൻെറ അമ്മേ! നീ എന്നും കന്യക തന്നെയാണല്ലൊ. നിന്നെ തൽസ്ഥാനത്തേക്ക് തെരഞ്ഞെടുത്തത് സ്വർഗ്ഗസ്ഥനായ പിതാവുതന്നെയാണല്ലൊ."

"പരിശുദ്ധാത്മാവ് നിന്നെ സർവ്വ നന്മകളുടേയും ഉറവിടമാക്കി".

"തൻെറ തിരുക്കുമാരൻെറ വാസത്തിനു് അവിടുന്ന് നിന്നെ സക്രാരിയാക്കി".

"വിശ്വാസികളുടെ ഹൃദയങ്ങളെ നീ പ്രബുദ്ധമാക്കി".

"അവിശ്വാസികളെ നീ സത്യ ദൈവത്തിലേക്കാനയിച്ചു".

പോപ്പ് ലീയോ 13–ാമൻ 1879–ൽ പ്രസിദ്ധീകരിച്ച "Aeterni Patris" എന്ന വിശ്വലേഖനത്തിൽ സെൻറ് തോമസ് അക്വിനാസിനെ കത്തോലിക്കാ സഭയിലെ ഏററവും വലിയ വേദപാരംഗതനായി പ്രഖ്യാപിച്ചു. "വിശുദ്ധന്മാരിൽ അതി വിശുദ്ധനു"മെന്നാണ് പോപ്പ് ലീയോ അദ്ദേഹത്തെ വിശേഷിപ്പിച്ചതു്.

1265മുതൽ1273–വരെ "Summa Theologica"യുടെ നിർമ്മാണത്തിലാണ് തോമസ് അക്വിനാസ് വിനിയോഗിച്ചതു്. കത്തോലിക്കാ മത സിദ്ധാന്തങ്ങൾ പ്രതിപാദിക്കപ്പെടുന്ന ഇത്രയും വിശിഷ്ടമായ മറെറാരു ഗ്രന്ഥമില്ലെന്നാണ് തത്വ ശാസ്ത്രജ്ഞന്മാരുടെ അഭിമതം.

അദ്ദേഹം മാതാവിൻെറ വലിയൊരു ഭക്തനായിരുന്നു.

Soby. S. Prakas



കേവലം ഒരു ശിശുവായിരുന്ന കാലത്ത് ഒരു തുണ്ടു കടലാസ്സിൽ "നന്മനിറഞ്ഞ മറിയമേ നിനക്ക് സ്വസ്തി" എന്നെഴുതി അതു് ചുരുട്ടിക്കൂട്ടി വായിലിട്ടു ചവച്ചിറക്കി. "നന്മനിറഞ്ഞ മറിയമേ!" എന്നതുതന്നെയായിരുന്നു ആദ്യമായി ഉച്ചരിച്ചവാക്കുകളും.

ശിശു ബാല്യത്തിലേക്കും ബാലൻ കൗമാരത്തിലേക്കും വളന്നു. മാതാവിനോടുള്ള ഭക്തിയും വദ്ധിച്ചുകൊണ്ടേയിരുന്നു. ജപമാലയിൽകൂടി ആദ്ധ്യാത്മികമായ വിജ്ഞാനം അദ്ദേഹം നേടിക്കൊണ്ടിരുന്നു. പരിശുദ്ധ മറിയമേ എന്ന പ്രാർത്ഥനയെ മാത്രം ആസ്പദമാക്കി റോമായിൽ നാല്പതു ദിവസങ്ങരം തുടച്ച്യയായി അദ്ദേഹം ഒരു പ്രസംഗ പരമ്പര നടത്തി. ഒരു പ്രസംഗത്തിൽ അദ്ദേഹം പരിഷ്ക്കരിക്കാനോ പുരോഗമിപ്പിക്കാനോ അസാദ്ധ്യമായ മൂന്നു കാര്യ്യങ്ങരം പ്രത്യേകം എടുത്തു പറഞ്ഞു. ആ മൂന്നു കാര്യ്യങ്ങരം ഇവയായിരുന്നു: സ്വർഗ്ഗം; ക്രിസ്തുവിൻെറ മാനുഷികത്വം; ദിവ്യജനനി. ഒരു പ്രസംഗം കഴിഞ്ഞപ്പോരം വൃദ്ധനായ ഒരു മനുഷ്യൻ അദ്ദേഹത്തെ സമീപിച്ച് ഇങ്ങിനെ ചോദിച്ചു: "ദിവ്യജനനിയെ പരിഷ്ക്കരിക്കാൻ സാധിക്കയില്ല എന്നല്ലേ നിങ്ങരം പറഞ്ഞതു്?" "അതേ". "നിങ്ങളുടെ ആ പ്രസ്താവന ഒന്നു വിശദീകരിക്കാമോ?" ഞാൻ ഒരു മറുചോദ്യം അദ്ദേഹത്തിൻെറ മുമ്പിൽ വെച്ചു. "യാതൊരു വളവുമില്ലാത്ത ഒരു നേർവരയെ കൂടുതൽ നേരെയാക്കാൻ കഴിയുമോ? വൃത്താകൃതിയിലുള്ള ഒരു ചക്രത്തെ കൂടുതൽ വൃത്താകൃതിയിലേക്കു് രൂപാന്തരപ്പെടുത്താൻ സാധിക്കുമോ? മേരി പരിപൂർണ്ണതയുടെ പൂത്തീകരണമാണു്. അവളുടെ പുണ്യ പരിപൂണ്ണതയെ എങ്ങിനെ കൂടുതൽ പരിപൂണ്ണമാക്കാൻ കഴിയും? എൻെറ വ്യാഖ്യാനത്തിനു് അദ്ദേഹം എന്നോടു നന്ദിപറഞ്ഞു".

സൻെറ് ക്ലയർ സൻെറ് ഫ്രാൻസിസിൻെറ ആദ്യത്തെ അനുഗാമിയും "പുവർ ക്ലയേഴ്സ്" (Poor Clares) സന്യാസിനി സഭയുടെ സ്ഥാപകയുമായിരുന്നു. മേരിയുടെ "ചവിട്ടുപടി" എന്നാണു് അവരം വിളിക്കപ്പെട്ടിരുന്നതു്. അവളുടെ ജീവിതം മുഴുവനും ദിവ്യജനനിയുടെ ജീവിത മാതൃകയിലുള്ളതായിരുന്നു.

ജക്കപോനി ദാ ടോഡി മരിയൻ പ്രബോധനങ്ങളെപ്പററി ഒരു പ്രബന്ധമെഴുതി. "കുരിശിൻെറ വഴി"യുടെപതിന്നാലു സ്ഥലങ്ങളിലുംപാടുന്ന "സ്റ്റാബററ് മേററർ" (Stabat Mater) രചിച്ചതും ഗാന രൂപത്തിലാക്കിയതും അവളായിരുന്നു.

ഓഫിഡായിലെ വാഴ്ത്തപ്പെട്ട കോൺറഡ് ഉണ്ണീശോയെ കൈകളിൽ വഹിച്ചുകൊണ്ടുള്ള മാതൃ രൂപത്തോട് അതീവ ഭക്തിയുള്ളവനായിരുന്നു. അദ്ദേഹം ജനങ്ങളെ അഭിവാദ്യം ചെയ്തിരുന്നതു് ഇപ്രകാരമായിരുന്നു: "തൻെറ തിരുക്കുമാരനോടുകൂടിയ കന്യകാമാതാവ് നിങ്ങളെ അനുഗ്രഹിക്കട്ടെ!"

കൊർടോനായിലെ സൻററ് മാർഗ്രററ് ഒമ്പതു കൊല്ലങ്ങൾ പാപ ജീവിതം നയിച്ചവളായിരുന്നു. ചാരിത്ര ശുദ്ധിക്കെതിരായ തൻെറ ജീവിതം ദിവ്യജനനിയുടെ വിമല ജീവിതവുമായി താരതമ്യപ്പെടുത്തിയപ്പോൾ അവൾ മനസ്തപിച്ചു. ഒരു പുണ്യജീവിതത്തിലേക്ക് അവൾ തിരിച്ചുവന്നു. ഒടുവിൽ അവൾ ഒരു പുണ്യവതിയായായി.

ഫ്ളോറൻസിൽ സ്വന്തമായ വ്യാപാരങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്ന ഏഴു യുവാക്കൾ 1233-ൽ മരിയ ഭക്തരായിത്തീർന്നു. നഗരത്തിനു് പുറത്തു് അവർ ജീവിച്ചു. ദാരിദ്ര്യത്തേയും പാപ പരിഹാരാനുഷ്ഠാനങ്ങളേയും അവർ ആലിംഗനം ചെയ്തു. ഈ യുവാക്കളായിരുന്നു "സെർവൈററ് ഓർഡറി" (Serivte Order)ൻെറ സ്ഥാപകർ. 1888-ൽ പോപ്പ് ലിയോ 13-ാമൻ ഇവരെ വിശുദ്ധരെന്നു് പ്രഖ്യാപിച്ചു. 1) ബോൺ ഫിലിയസ്, 2) ബോണജണ്ടു്, 3) അമിഡിയസ്, 4) മെനററസ്, 5) സോസ്റെററനി, 6) ഹഫ്, 7) അലക്സസ് എന്നിവരായിരുന്നു ആ വിശുദ്ധന്മാർ. ദിവ്യജനനിയാണു് അവരെ ഏഴു പേരേയും സന്യാസ ജീവിതത്തിലേക്ക് വിളിച്ചതു്. അവർ ഏഴു പേരോടും ഒരുമിച്ചാണു് നാം പ്രാർക്കുന്നതു്.

സെൻററ് ജൂലിയാന, O. S. M. 1257-ൽ സെർവൈററ് സിസ്റ്റേഴ്സിൻെറ സന്യാസ സഭ സ്ഥാപിച്ചു. വ്യാകുല മാതാവിനോടുള്ള ഭക്തിയാണു് അവർ പ്രചരിപ്പിക്കുന്നതു്.

സെൻററ് ഫിലിപ്പ് ബെനിസി 1223 ഓഗസ്റ്റ് 15-നു് ഫ്ളോറൻസിലാണു് ജനിച്ചതു്. അദ്ദേഹം യൂറോപ്പിൽ പല അത്ഭുതങ്ങളും പ്രവർത്തിച്ചു. സെർവൈററ് ഓർഡറിൻെറ സുപ്പീരിയർ ജെനറലായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ മരണശേഷം സെൻററ് ഫിലിപ്പിൻെറ ബഹുമാനാർത്ഥം വെഞ്ചിരിക്കപ്പെട്ട ജലം കുടിച്ച പല രോഗികളും അത്ഭുതകരമായി സുഖപ്പെട്ടു.

അർബ്ബുദ രോഗികളുടെ മദ്ധ്യസ്ഥനാണ് സെൻറ് പെറിഗ്രിൻ. ഇററലിയിലെ ഫോർളി എന്ന സ്ഥലത്ത് 1265–ലായിരുന്നു ജനനം. ചെറുപ്പകാലത്ത് ഒരു കുസൃതിക്കുട്ടനായിരുന്നു. എന്നാൽ സെൻറ് ഫിലിപ്പിൻെറ സ്വാധീന ശക്തി അദ്ദേഹത്തെ ഒരു "സെർവൈററ്" സന്യാസ സമൂഹത്തിലെ ഒരു അൽമായ സഹോദരനാക്കി.

സെൻറ് ഫ്രാൻസിസാണ് സെൻറ് ബൊനവഞ്ചറിനു് പേരു നല്കിയതു്, ശൈവത്തിൽ സുമുഖനായിരുന്ന ആ കുഞ്ഞിനെ കണ്ടപ്പോഠം അദ്ദേഹം "ബൊനവഞ്ചുറ" (Bonaventura) എന്നു് അത്ഭുതം പ്രകടിപ്പിച്ചു. മനോഹരൻ എന്നാണ് അതിൻെറ അർത്ഥം. സെൻറ് ബൊനവഞ്ചർ ദിവ്യജനനിയെ "എൻെറ ഹൃദയമേ! എൻെറ ആത്മാവേ!" എന്നാണ് വിളിച്ചിരുന്നതു്. അദ്ദേഹം ഇങ്ങിനെ പറഞ്ഞു: "ദൈവത്തിൻെറ സൃഷ്ടിപരമായ ശക്തിയെ പരിമിതപ്പെടുത്തിയതു് അവളാണ്. ഇതിനേക്കാഠം വലിയൊരു ഭൂമിയേയും പ്രപഞ്ചത്തേയും സൃഷ്ടിക്കാൻ ദൈവത്തിനു് കഴിയുമായിരുന്നു. എന്നാൽ ദൈവത്തിൻെറ അമ്മയെക്കാഠം അതിശ്രേഷ്ഠമായ ഒരാളെ സൃഷ്ടിക്കുന്നതിനു് അവിടുത്തേക്ക് കഴിയുമായിരുന്നില്ല."

സെൻറ് ബൊനവഞ്ചർ ആണ് "ഹൈപ്പർഡുലിയാ" (Hyperdulia) എന്ന പദം സൃഷ്ടിച്ചതു്. മരണമുള്ള ജീവികളിൽ അത്യുന്നത എന്നാണ് അതിൻെറ അർത്ഥം. ഡൂലിയാ വിശുദ്ധരേയും മാലാഖമാരേയും ബഹുമാനിക്കാൻ ഉപയോഗിക്കുന്നവാക്കാണ്. "ലാററ്റിയ" (Latria) ദൈവാരാധനക്കു മാത്രമായും.

"മേരിയുടെ സ്തുതികഠം പ്രകീർത്തിക്കുന്നവർക്ക് പറുദീസാ സുനിശ്ചയമാണ്," എന്നാണ് സെൻറ് ബൊനവഞ്ചർ നമുക്കു നല്കുന്ന ഉറപ്പ്.

ഈനായിലെ വാഴ്ത്തപ്പെട്ട പീററർ ഒരു തലവാരി നിർമ്മാണകനായിരുന്നു. തലവാരി വാങ്ങാൻ തൻെറ ഷാപ്പിൽ ചെല്ലുന്നവരോടെല്ലാം ദിവ്യജനനിയുടെ മഹിമകളെപ്പററി പ്രഭാഷണങ്ങഠം നടത്തുകയായിരുന്നു അദ്ദേഹത്തിൻെറ പ്രധാന ജോലി.

ലൗകിക സുഖങ്ങഠംക്കും മോഹങ്ങഠംക്കും വേണ്ടി മാത്രം ജീവിച്ചിരുന്ന ഒരു പാപിനിയായിരുന്ന ഫോളിഗ്നൊയിലെ വാഴ്ത്തപ്പെട്ട ആഞ്ചെലാ. തൻെറ പാപ ജീവിതത്തിൽനിന്നു് മോ

ചിപ്പിക്കണേ എന്നു് ദൈവത്തോടും ദിവ്യജനനിയോടും അവരം പ്രാൎത്ഥിച്ചു. വ്യാകുല മാതാവിനോടായിരുന്നു അവളുടെ പ്രത്യേക ഭക്തി.

മേയ് മാസ ഭക്തിയുടെ ആരംഭം ഇററലിയിൽ 1280–ൽ ആയിരുന്നു. വളരെ പ്രചാരമുള്ള ഗാനങ്ങളായ "O Salutaris," "Tantum Ergo," രചിച്ചതു് ഈ നൂററാണ്ടിൽ സെൻറ് തോമസായിരുന്നു.

ഫ്രാൻസിസ്ക്കൻ സന്യാസികളാണു് ദിവ്യജനനിയുടെ ഏഴു സന്തോഷ ധ്യാന രഹസ്യങ്ങളായ മംഗലവാൎത്തയുടെ അറിയിപ്പു്, എലിസബത്തിൻെറ അടുക്കലേക്കുള്ള സന്ദൎശനം, ഈശോയുടെ ജനനം, മൂന്നു രാജാക്കന്മാരുടെ വണക്കം, ദേവാലയത്തിൽ വെച്ചുള്ള കണ്ടുമുട്ടൽ, ഉയിൎപ്പു്, സ്വൎഗ്ഗാരോഹണം, ഇവയുടെ സൂത്രധാരകന്മാർ.

ദിവ്യജനനിയോടുള്ള ലിററനിയും ഇക്കാലത്തുതന്നെയാണു് ആരംഭിച്ചതു്. ലൊറേട്ടൊയിലെ ലിററനി എന്നാണു് ഇതറിയപ്പെടുന്നതു്. 49 ബഹുമതി സ്ഥാനങ്ങരം ആമുഖമായി പറഞ്ഞു കൊണ്ടാണു് "ഞങ്ങരംക്കു വേണ്ടി അപേക്ഷിക്കണേ!" എന്നു നാം അമ്മയോടു് യാചിക്കുന്നതു്.

പരിശുദ്ധ കുൎബ്ബാനയുടെ തിരുന്നാളിനുള്ള ദിവ്യപൂജ 1264–ലാണു് സ്ഥാപിതമായതു്. അക്കൊല്ലം തന്നെയാണു് ആദ്യത്തെ ക്രിസ്തുമസ് ക്രിബ്ബുമുണ്ടായതു്. സെൻറ് ബൊനവഞ്ചർ ത്രികാല ജപം നടപ്പാക്കിയതും ഇക്കൊല്ലം തന്നെയാണു്.

1294–ൽ ലൊറേറേറാ ഭവനം അത്ഭുതകരമായി ലൊറേറേറായിലെക്കു് നീക്കം ചെയ്യപ്പെട്ടു. നസറേത്ത് നഗരത്തിലെ ഈ ഭവനത്തിൽ വെച്ചാണു് കന്യകാ മാതാവു് ഈശോയെ ഗൎഭം ധരിച്ചതു്. അമലോത്ഭവത്തിൻെറയും തിരുവവതാരത്തിൻേറയും ഭവനമായിരുന്നു അതു്. ലോക ചരിത്രത്തിൽ മറെറാരു ഭവനത്തിനും ഇതു പോലുള്ള ഒരു മഹത്വം ലഭ്യമല്ല. മേരി ഗൎഭം ധരിച്ചതും ദൈവം അവതാരമെടുത്തതും ഈ വീട്ടിൽ വെച്ചായിരുന്നു.

"The Mother God" ("ദൈവത്തിൻെറ അമ്മ") എന്ന തൻെറ പുസ്തകത്തിൽ ഫാദർ ലിയോനാൎഡ്ഫീനി പറയുന്നു: "1291–ൽ കുരിശു യുദ്ധത്തിൻെറ അവസാനം യഹൂദരും തുൎക്കികളും

നസറേത്തിലെ ഈ വിശുദ്ധ ഭവനം നശിപ്പിച്ചുകളയുവാനുള്ള ലക്ഷ്യത്തോടെ ഈ പട്ടണം ആക്രമിച്ചപ്പോറം, ഈ ഭവനം അതിൻെറ അടിത്തറയോടു കൂടി ആകാശത്തിലേക്ക് ഉയരുകയും അനേകശതം മൈലുകറംക്ക് അകലെ സ്ഥിതിചെയ്യുന്ന ഡാൽമാഷിയാ (Dalmatia) രാജ്യത്തിൽ ചെന്നു് നിലയുറപ്പിക്കുയും ചെയ്തു''.

മൂന്നു കൊല്ലങ്ങറംക്കു ശേഷം ആ ഭവനം തൽസ്ഥാനത്തു നിന്നു് വീണ്ടും അന്തരീക്ഷത്തിലേക്ക് ഉയരുകയും, മാലാഖമാരാൽ വഹിക്കപ്പെട്ട ആ ഭവനം ഇററലിയുടെ വടക്കു കിഴക്കൻ തീരപ്രദേമായ ലൊറേറേറായിൽ സ്ഥാപിതമാകയും ചെയ്തു.

ആ ഭവനത്തിൽ പ്രവേശിക്കുമ്പോറം അതിൻെറ ഭിത്തിയിൽ ഇങ്ങിനെ ലേഖനം ചെയ്തിരിക്കുന്നതു് കാണാം.

''ക്രൈസ്തവനായ തീർത്ഥാടക, നിങ്ങളുടെ കൺമുമ്പിൽ നിങ്ങറം ദശിക്കുന്നതു് ലൊറേറേറായിലെ വിശുദ്ധ ഭവനമാണു്. ഈ ഭവനത്തിൽ നടന്ന അത്ഭുതസിദ്ധികറം മൂലം പ്രഖ്യാതമായിത്തീന്നിട്ടുള്ള വിശുദ്ധമായ ഒരു സ്ഥലമാണിതു്. ഈ വീട്ടിലാണു് ദൈവത്തിൻെറ അമ്മയായ കന്യകാ മേരി ഭൂജാതയായതു്. ഇവിടെ വെച്ചാണു് ദൈവദൂതൻ അവളെ ആദ്യമായി അഭിവാദ്യം ചെയ്തതു്. ഇവിടെ വെച്ചാണു് ദൈവവചനം മാംസ രൂപമെടുത്തതു്''.

13–ാം നൂററാണ്ടിൽ സെൻെറ് ഡോമിനിക്ക് ചെയ്ത ഒരു പ്രസ്താവന ലോക ശ്രദ്ധ ആകഷിച്ച ഒന്നാണു്. അദ്ദേഹം പറഞ്ഞു: ''ഒരു ദിവസം ജപമാലയും തവിട്ടുനിറത്തിലുള്ള ഉത്തരീയവും കൊണ്ടു അവറം ലോകത്തെ രക്ഷിക്കും''. ഈ പ്രസ്താവന അക്ഷരാത്ഥത്തിൽ നിറവേറേണ്ടിയിരിക്കുന്നു. കൂദാശകറംവഴി ദിവ്യജനനി നമ്മെ ഈശോയിലേക്കും, ദൈവത്തിലേക്കും, നമ്മുടെ അയൽക്കാരനിലേക്കും, അടുപ്പിക്കുമെന്നാണു് അതിൻെറ അന്തരാർത്ഥം, ഏതാണ്ടു് എഴന്നൂറു കൊല്ലങ്ങറംക്കുശേഷം ജപമാലയും തിരുവുത്തരീയവും ധരിച്ചുകൊണ്ടു് നാം ദിവ്യജനനിയെ ദശിക്കുന്നതു് ഫാത്തിമായിലാണു്: 1917 ഒക്ടോബർ 13–നു്.

കുരിശു യുദ്ധങ്ങളിലെ പ്രബോധകനായ അബ്രിസ്സേലിലെ റോബർട്ടു് യുദ്ധത്തിലേർപ്പെട്ടിരുന്ന സ്ത്രീ പുരുഷന്മാരുടെ ശുഷ്ക്കാന്തി മന്ദീഭവിക്കുന്നതായി കണ്ടപ്പോറം കന്യകാ മാതാവിനോടുള്ള ഭക്തി ഉദ്ദീപിപ്പിച്ചുകൊണ്ടു് അവരെ കമ്മനിരതരാക്കി.

സെൻറ് മേരി ഓഫ് ജെറുസലേം ആസ്പത്രിയും ആംബുലൻസ് ഏർപ്പാടുകളും സമാരംഭിച്ചതും അക്കാലത്താണ്.

പോളണ്ടിൽ മങ്കോാം ആക്രമണമുണ്ടായപ്പോാം "സെൻറ് മേരിയുടെ മാടമ്പികാം" എന്ന സംഘടന 1241–ൽ രൂപീകൃതമായി.

കുരിശു യുദ്ധം കഴിഞ്ഞു് തിരിച്ചെത്തിയപ്പോാം റിബ്യൂവിള്ലിക്കടുത്തുള്ള ഒരു തീർത്ഥാടന കേന്ദ്രത്തിൽ വെച്ച് അവിടത്തെ നേതാക്കാം വിജയം കൊണ്ടാടി.

1215–ൽ ലാററ്വിയാ തങ്ങളുടെ രാജ്യത്തെ ദിവ്യജനനിക്ക് സമപ്പിച്ചു. മാതാവിൻെറ നാമധേയത്തിൽ പല ദേവാലയങ്ങളും നാടാകെ നീലാകാശത്തിലേക്ക് ഉയന്നു. ഏററവും പ്രസിദ്ധ ദേവാലയം ആൽഗോനായിലായിരുന്നു. ഹങ്കറിയിലെ ബുഡാപെസ്ററിന്ന് ആറു മൈൽ അകലെ "മരിയാ റിമേററ" എന്നൊരു ആരാധനാ കേന്ദ്രമുണ്ട്. 13–ാം നൂററാണ്ടിൽ മരിയഭക്തിയുടെ വലിയൊരു കേന്ദ്രമായിരുന്നു അതു്. നോർവെയിൽ ബെർജെൻ എന്ന സ്ഥലത്തും മാതാവിൻെറ വണക്കത്തിനായി ഒരു ദേവാലയം സ്ഥാപിച്ചിരുന്നു. യൂഗോസ്ലേവിയായിൽ 1272–ൽ പോളിസ്റ്റ് സന്യാസി ഇസ്ക്ക്വിറിൻ മരിയഭക്തിയുടെ സ്ഥാപകനായിരുന്നു. സ്വിററ്സർലണ്ടിൽ ലക്കാർനൊ എന്ന സ്ഥലത്ത് ഫ്രാൻസിസ്ക്കൻ സന്യാസികാം മരിയഭക്തി പ്രചരിപ്പിക്കാൻ ഒരു ആശ്രമം സ്ഥാപിച്ചു. "അവർ ലേഡി ഓഫ് ദി റോക്ക്" എന്നാണ് അവർ അതിനെ നാമകരണം ചെയ്തതു്. മേരിയുടെ ബഹുമാനാത്ഥം സ്വിററ്സർലണ്ടിൽ ഈ നൂററാണ്ടിൽ 105 ദേവാലയങ്ങളാണ് നിമ്മിക്കപ്പെട്ടതു്.

വാാംസിഗാം മാനർ എസ്റേററുകളുടെ ചാജ്ജ് വഹിച്ചിരുന്ന ലേഡി റിച്ചെൽഡിസ് ഫേവർച്ചെസ് 1261–ലാണ് ആ ജോലി ഏറെറടുത്തതു്. ചെറുപ്പത്തിൽ തന്നെ വൈധവ്യം നേരിട്ടു. ഒരമ്മയായിരുന്ന അവളുടെ ആഗ്രഹം "എൻെറ അമ്മേ, നിൻെറ തിരുക്കുമാരനെ എങ്ങിനെ കൂടുതൽ നന്നായി സേവിക്കാൻ കഴിയുമെന്നു് എന്നെ പഠിപ്പിക്കുക" എന്നതായിരുന്നു.

ദിവ്യജനനി അവാംക്ക് പ്രത്യക്ഷപ്പെട്ടു കൊണ്ടു് ചോദിച്ചു: "നസറേത്തിലെ തിരുഭവനത്തിൻെറ മാതൃകയിൽ മറെറാന്നു നിനക്കുണ്ടാക്കാമോ? അതു് ദൈവദൂതൻ മംഗളവാർത്ത അറിയിച്ചതി

ൻെറ ഒരു നിത്യ സ്മാരകവും ഒരു പ്രാത്ഥനാലയവുമായിരിക്കും''. ആ ഭവനം പൂത്തിയായപ്പോഠം അവളുടെ കുടുംബാംഗങ്ങഠം ആ പുതിയ ഭവനത്തിലേക്കു താമസം മാററി.

അഡോൽഫ് ജെർമ്മനിയിലെ ഷൗഅംബേർഗ് എന്ന സ്ഥലത്തെ ഒരു പൗരനായിരുന്നു. ദിവ്യജനനിയോട് അതീവ ഭക്തിയുള്ള ഒരാളായിരുന്ന അദ്ദേഹത്തിൻെറ മരണ സമയത്ത് മാതാവ് അയാഠക്ക് കാണപ്പെട്ടുകൊണ്ട് സ്വൎഗ്ഗത്തിൽ അദ്ദേഹത്തിനുള്ള നിത്യ സമ്മാനം സജ്ജമായിക്കഴിഞ്ഞിരിക്കുന്നു എന്നറിയിച്ചു.

സെൻറ് തോമസ് അക്വിനാസിൻെറ ഗുരുവായിരുന്നു സെൻറ് ആൽബർട്ട് മാഗ്നസ്. ദിവ്യജനനിയുടെ മാദ്ധ്യസ്ഥ ശക്തിയെപ്പററിയായിരുന്നു അദ്ദേഹം പ്രസംഗിച്ചിരുന്നത്. ''മാതാവിനോട് ചോദിക്കയാണ് വേണ്ടതു്. ചോദിക്കുന്നതു് അവഠം നല്ലാതിരിക്കയില്ല'' എന്നാണ് അദ്ദേഹം പറഞ്ഞിരുന്നതു്. ''ദൈവം കഴിഞ്ഞാൽ ദൈവത്തിൻെറ അമ്മയ്ക്കാണ് സ്ഥാനം. അവഠം തിരുസ്സഭയുടെ അമ്മയാണ്. ക്രിസ്തുവിൻെറ നിധി സൂക്ഷിപ്പുകാരിയും''.

പ്രഖ്യാതരായ രണ്ടു ബെനഡിക്ടൈൻ വിശുദ്ധരെ കൊണ്ടു ജെമ്മനി തിരുസ്സഭയെ സമ്പുഷ്ടമാക്കി. സെൻറ് ജെർത്രൂഡും മിച്ച്ടിൽഡിയുമായിരുന്നു അവർ. ദൈവമാതാവിനെ പ്രകീത്തിച്ചു കൊണ്ടു് മററുള്ളവർ രചിച്ചിട്ടുള്ളതിനേക്കാഠം മെച്ചപ്പെട്ട ഒരു പ്രാത്ഥന ഉണ്ടാക്കണമെന്നതായിരുന്നു മിച്ച്ടിൽഡിയുടെ ആഗ്രഹം. ദിവ്യജനനി അവഠംക്കു പ്രത്യക്ഷപ്പെട്ടു കൊണ്ടു് പറഞ്ഞു: ''നിൻെറ ഈ ശ്രമത്തിൽ നിന്നു് നീ പിന്തിരിയുക. കാരണം, നന്മനിറഞ്ഞ മറിയമേ! എന്ന പ്രാത്ഥനയേക്കാഠം മഹത്വമേറിയ ഒരു പ്രാത്ഥന രചിക്കുവാൻ ആക്കും കഴിയുകയില്ല''.

ദിവ്യജനനിയുടെ തിരുന്നാഠം ദിനങ്ങളെല്ലാം സെൻറ് ജെർത്രൂഡ് ആഘോഷിക്കുക പതിവായിരുന്നു. ആ ദിവസങ്ങളിൽ അവഠം പ്രാത്ഥിക്കാറുള്ളതെല്ലാം മാതാവ് അവഠംക്ക് നല്കിയിരുന്നു.

മേരിയില്ലാതുള്ള പോളണ്ടിൻെറ ചരിത്രമെന്താണ്? പോളിഷ് മെത്രാന്മാർക്ക് 1955 ഡിസംബർ 8–ന് പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ "Gloriosam Reginam" എന്ന തിരുവെഴുത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു:

“പോളണ്ടിലെ ജനങ്ങരം ദീഘ്കാലമായി അതുല്യമായ രീതിയിൽ മഹത്വമേറിയ രാജ്ഞിയെ വണങ്ങിപ്പോരുന്നു...തൻെറ ഭക്തജനങ്ങളുടെ ആ ഭക്ത്യാദരവുകരംക്ക് പ്രതിഫലമായി നിരവധി അനുഗ്രഹങ്ങരം അവരം പോളണ്ടിൻെറ മേൽ വഷിച്ചുകൊണ്ടിരിക്കയാണു്”.

പതിമൂന്നാം നൂററാണ്ടിൽ പോളണ്ടു് പ്രദശിപ്പിച്ച മരിയ ഭക്തിയുടെ മൂദ്ധന്യം ലോക പ്രസിദ്ധമാണു്. പാശ്ചാത്യ യുക്രെയ്നിൽനിന്നു് കറുത്ത മാതാവ് (“Black Madanna”) എന്ന പേരിലറിയപ്പെടുന്ന ചിത്രം പ്രിൻസ് ലഡിസ്ലോസ് ഒപ്പോൽസിക്ക് ചെക്കോസ്ലോവാക്യയിലേക്ക് കൊണ്ടുവരികയും 1382 ഓഗസ്റ്റ് 26–ന് അതു അവിടെ പ്രതിഷ്ഠിക്കയും ചെയ്തു. സെൻറ് ലൂക്കാണു് ഈ ചിത്രം വരച്ചതെന്നാണു് പാരമ്പയ്യ വിശ്വാസം. സെൻറ് വ്ലാഡിമിറിൻെറ ഭായ്യ അന്ന രാജകുമാരിയാണു് ഈ ചിത്രം കോൺസ്റ്റാണ്ടിനോപ്പോളിൽ നിന്നു് ഇവിടേക്ക് കൊണ്ടുവന്നതു്.

1978–ൽ ഞാൻ പോളണ്ടിൽ സഞ്ചരിച്ചപ്പോരം മാതാവിൻെറ വിഖ്യാത ചിത്രം പോളണ്ടിലേക്കുതന്നെ തിരിച്ചു വരണമെന്നു് ജനങ്ങരം ആഗ്രഹിച്ചതെന്തു കൊണ്ടാണെന്നു് ആരായുകയുണ്ടായി. ദൈവമാതാവിനോടുള്ള അതീവ ഭക്തി മാത്രമാണു് അതിനു കാരണമെന്നു് അവർ മറുപടി നല്കി.

പോളണ്ടിലെ ജനങ്ങരംക്ക് മേരി എന്ന പേരിനോട് അത്യധികം പ്രതിപത്തിയുണ്ടായിരുന്നു. പെൺകുട്ടികരംക്കെല്ലാം ഈ പേരു മാത്രമേ അവർ ഇടാറുണ്ടായിരുന്നുള്ളു.

സ്പെയിനിലെ രാജാവ് സെൻറ് ഫേർഡിനണ്ടു് മൂന്നാമൻ “ക്രിസ്ത്യാനികളുടെ സഹായമേ!” എന്ന സ്ഥാനപ്പേർ ദിവ്യജനനിക്കുനല്കി. അദ്ദേഹം തൻെറ സൈന്യങ്ങളുടെ പതാകയിൽ മാതാവിൻെറ പ്രതിമയുടെ ചിത്രമാണു് ആലേഖനം ചെയ്തിരുന്നതു്. യുദ്ധത്തിൽ അദ്ദേഹം കീഴടക്കിയ മുസ്ലിം പള്ളിയെ മാതാവിനപ്പിക്കപ്പെട്ട ഒരു മനോഹര ദേവാലയമായി രൂപാന്തരപ്പെടുത്തി.

അൽഫോൻസൊ 10–ാമൻ രാജാവ് 1284–ൽ മേയ് മാസ ഭക്തിഗാനങ്ങരം മാതാവിൻെറ സ്തുതിക്കായി രചിക്കയുണ്ടായി.

സെൻറ് പീററർ നൊലാസ്ക്കൊ യൗവ്വന കാലത്ത് തൻെറ സ്വത്തെല്ലാം വിററ് തുർക്കികരം അടിമകളാക്കിയിരുന്ന

ക്രൈസ്തവരെ വിമോചിപ്പിക്കാൻ വിനിയോഗിച്ചു. ദരിദ്രരായ അടിമകളെ സ്വതന്ത്രരാക്കാൻ അദ്ദേഹം തന്നെത്തന്നെ വില്ക്കാനും സന്നദ്ധനായിരുന്നു.

ഈ ആശയത്തെപ്പററി അദ്ദേഹം ഒരു രാത്രി സ്വയം പരിഗണിച്ചു കൊണ്ടിരിക്കുമ്പോൾ ദിവ്യജനനി അദ്ദേഹത്തിന്ന് പ്രത്യക്ഷയായി. അവളുടെ മുഖം പ്രസന്നവും പ്രശാന്തവുമായിരുന്നു. തുർക്കികൾ അടിമകളാക്കിത്തീർത്ത ക്രൈസ്തവരെ സ്വതന്ത്രരാക്കുന്നതിന്ന് മാത്രമായുള്ള ഒരു പ്രത്യേക സന്യാസ സഭ സ്ഥാപിതമായാൽ അതിൽ താനും തൻെറ തിരുക്കുമാരനും സന്തുഷ്ടരാകുമെന്ന് ദിവ്യജനനി അദ്ദേഹത്തോടു പറഞ്ഞു. "കരുണയുടെ മാതാവ്" എന്ന് ആ സമൂഹത്തെ വിളിക്കണമെന്നും അവൾ നിർദ്ദേശിച്ചു.

സെൻറ് പീററർ തൻെറ കുമ്പസ്സാരക്കാരനെ സമീപിച്ചു. സെൻറ് റെയ്മോണ്ട് ഓഫ് പീനാ ഫോർട്ടായിരുന്നു കുമ്പസ്സാരക്കാരൻ. അതേ രാത്രിതന്നെ ദിവ്യജനനി അദ്ദേഹത്തിനും കാണപ്പെട്ടിരുന്നു. ഇവർ രണ്ടു പേരുംകൂടി ഈ വിഷയം ചർച്ച് ചെയ്തു കൊണ്ടിരിക്കുമ്പോൾ ആറഗണിലെ ജെയിംസ് രാജാവ് അവിടെ എത്തി. അന്നു രാത്രിതന്നെ ദിവ്യജനനി അദ്ദേഹത്തിനും പ്രത്യക്ഷപ്പെടുകയും തൻെറ ബഹുമാനാർത്ഥം ഒരു സന്യാസ സഭ സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

1218 ഓഗസ്റ്റ് 10–ന് ഈ മൂവ്വരുംകൂടി മാതാവിൻെറ നാമധേയത്തിൽ ഒരു പുതിയ സന്യാസ സഭ സ്ഥാപിച്ചു.

ഹങ്കറിയിലെ രാജകുടുംബം തിരുസ്സഭക്ക് രണ്ടു മഹാത്മാക്കളെ സമ്മാനിച്ചു: വാഴ്ത്തപ്പെട്ട കുനിഗുണ്ടയും സെൻറ് എലിസബത്തുമായിരുന്നു അവർ. ഒരു ശിശുവായിരിക്കുമ്പോൾ തന്നെ "സ്വർഗ്ഗരാജ്ഞി! ദൈവദൂതന്മാരുടെ രാജാവിൻെറ അമ്മേ!" എന്ന് ആ പിഞ്ചുകുഞ്ഞു പറയാറുണ്ടായിരുന്നു. ദിവ്യബലിയിൽ സംബന്ധിക്കാൻ അവളെ ദേവാലയത്തിലേക്ക് കൊണ്ടു പോകുമ്പോൾ സദാസമയവും അവളുടെ കുഞ്ഞു കണ്ണുകൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തിയിരിക്കും. ഈശോയുടേയും മേരിയുടെയും പേരുകൾ ഉച്ചരിച്ചു കേൾക്കുമ്പോൾ അവൾ ഭക്തിപൂർവ്വം നലകുനിക്കും.

ഫ്രാൻസിസ്ക്കൻ മൂന്നാം സഭയുടെ രക്ഷാധികാരിയായ സെൻറ് എലിസബത്ത് കുനിഗുണ്ടായുടെ അമ്മായി ആയിരുന്നു. ദിവ്യജനനിയുടെ നന്മകളെ അനുകരിക്കുന്നതിലായിരുന്നു അവളുടെ ശ്രദ്ധ.

"Mary's Meaning For The Individual" എന്ന തന്റെ ഗ്രന്ഥത്തിൽ ഫ്രെഡറിക്ക് എ. ഹാർക്കിൻസ്, എസ്. ജെ. ഇങ്ങിനെ എഴുതുന്നു:

"മനുഷ്യരുടേയും സമൂഹത്തിന്റെയും സാംസ്ക്കാരികമായ വർദ്ധന ആർജ്ജിക്കാൻ വേണ്ടി കഴിഞ്ഞുപോയ യുഗങ്ങളിൽ പരിശുദ്ധ കന്യകാ മേരി ചെലുത്തിയിട്ടുള്ള സ്വാധീന ശക്തി ഒരു ചരിത്ര രേഖയാണ്. ക്രിസ്ത്യ നാഗരികത്വത്തിന്റെ പ്രവർത്തന ശൈലിയേയാണ് അതു് തെളിയിക്കുന്നതു്. വിശ്വാസവും സ്വതന്ത്രമായ ഭക്തിയും മേരിയിലേക്കുള്ള കവാടങ്ങൾ തുറന്നു വെച്ചു. അവൾ തന്റെ ഭക്തരിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചു".

മനുഷ്യാത്മാക്കളിൽ അവൾ വിശുദ്ധി പകർന്നു. മനുഷ്യ സ്വഭാവത്തെ അവൾ സംസ്ക്കരിച്ചു; മനുഷ്യ ഹൃദയങ്ങളെ അവൾ സരളവും തരളിതവുമാക്കി; മനുഷ്യ ബന്ധങ്ങളെ അവൾ ദൃഢീകരിച്ചു; യോദ്ധാക്കളെ അവൾ ധീരോദാത്തരാക്കി; ക്രൈസ്തവ കലകളെ പുനരുദ്ധരിക്കയും സമ്പുഷ്ടമാക്കയും ചെയ്തു. ഈ ദശയിൽ മേരി മനുഷ്യനിലും മനുഷ്യരിലും സമൂഹത്തിലും രാജ്യങ്ങളിലും വരുത്തിയ പുരോഗതിയുടെ അഭിവൃദ്ധിയിൽ അത്ഭുതപ്പെട്ട അവിശ്വാസിയായ ഹെൻറി ആഡംസ് പറയുകയാണ് "പാശ്ചാത്യ ലോകം ഇതേവരെ കണ്ടിട്ടില്ലാത്ത ഒരു മഹദ് ശക്തിയായിരുന്നു മേരി!"

# മേരിയുടെ പ്രാധാന്യം

"തൻെറ തിരുക്കുമാരൻെറ സമക്ഷം ലോകമഖിലത്തിൻേറയും ഏററവും സുശക്തയായ മദ്ധ്യസ്ഥയും അഭിഭാഷകയുമാണ് മേരി". (St. Pius X: Ad Diem Illum, Feb. 2, 1904)

വത്തിക്കാൻ 2–ൻെറ അതിപ്രധാനമായ കർമ്മപരിപാടികളിൽ ഒന്ന് മേരിയെ തിരുസ്സഭയുടെ ശരിയായ പശ്ചാത്തലത്തിലും ഹൃദയത്തിലും സ്ഥാപിക്കുക എന്നതായിരുന്നു. അപ്രകാരം ചെയ്യവേ കൗൺസിൽ പിതാക്കന്മാർ മാതാവിനോട് ജനങ്ങൾക്കുള്ള ഭക്തിയെ ശക്തിപ്പെടുത്താനാണ് ശ്രമിച്ചത്. ഈ ഭക്തിയുടെ ലക്ഷ്യം ഈശോയുടെ ശിഷ്യ എന്നനിലയിൽ മാതാവിനെ ജനങ്ങൾ അനുകരിക്കുക; അവിടുത്തേ സ്നേഹത്തിൽ ജനങ്ങൾ ജീവിക്കുക; അവിടുത്തേ ജനങ്ങളെ സേവിക്കുക; അവിടുത്തേ പീഢനങ്ങളിൽ പങ്കാളികളാക്കുക; സെൻറ് പോൾ പറയുന്നതു പോലെ "ക്രിസ്തുവിൻെറ ശരീരത്തിലെ ഒഴിവുകളെ നികത്തുക"—എന്നിവയായിരുന്നു.

പ്രാർത്ഥിക്കാനും, പശ്ചാത്തപിക്കാനും, പരിഹാര പ്രവൃത്തികൾ അനുഷ്ഠിക്കാനും ഫാത്തിമായിൽ മാതാവുചെയ്ത അഭ്യർത്ഥനകളെ നാം ശ്രദ്ധിക്കേണ്ടതാണെന്നാണ് കൗൺസിൽ പിതാക്കന്മാരുടെ അഭിമതം. അതിൻെറ ഫലമായി അവർ റഷ്യയെ മാനസാന്തരപ്പെടുത്തുമെന്നും, സമാധാനത്തിൻെറ ഒരു യുഗം ലോകത്തിൽ ഉദയം ചെയ്യുമെന്നും അവർ പ്രത്യാശിക്കുന്നു.

എന്നാൽ പിന്നെ ഇത്രയും കൊല്ലങ്ങൾ കഴിഞ്ഞിട്ടും റഷ്യ മാനസാന്തരപ്പെടാത്തത് എന്തുകൊണ്ടാണ്? ഭൂതലത്തിൽ എന്തുകൊണ്ട് സമാധാനമുണ്ടാകുന്നില്ല? ഫാത്തിമാ സന്ദേശം എന്തുകൊണ്ട് സാക്ഷാൽക്കരിക്കപ്പെടുന്നില്ല? നിർഭാഗ്യവശാൽ കൗൺസിൽ നിർദ്ദേശങ്ങളെ ചിലർ തെററിദ്ധരിച്ചിരിക്കുന്നു. പലരും മരിയഭക്തിയെ നിരാകരിച്ചു കഴിഞ്ഞു. ദൈവമാതാവിനോടുള്ള ഭക്തിയെ തരംതാഴ്ത്തുന്നവരുമുണ്ട്. ഫാത്തിമാ നാഥയോടുള്ള ഭക്തിക്ക് ക്ഷതം തട്ടിയതിൽ അത്ഭുതപ്പെടാനില്ല. ലോക ജനതയിൽ 2 ശത

മാനം പോലും ഫാത്തിമായെയോ, ദിവ്യജനനി നമുക്കുനല്കുന്ന സമാധാന സന്ദേശത്തെയോപററി അറിയാത്തവരാണ്.

ദിവ്യജനനി തിരുസ്സഭയിൽ വഹിക്കുന്ന പങ്കിനെ ലഘൂകരിക്കുന്നതു് ഇന്നു് സർവ്വസാധാരണമാണ്.

ബിഷപ്പ് ഫൾട്ടൻ ജെ. ഫീൻ പറയുന്നു: "ആരെങ്കിലും മേരിയെ പ്രശംസിക്കുന്നതായി ഇന്നു് നിങ്ങൾ കേൾക്കുന്നുണ്ടെങ്കിൽ അതു് മിക്കവാറും ഒരു പ്രോട്ടസ്റ്റണ്ടുകാരനായിരിക്കും. അവളെ തരംതാഴ്ത്തി സംസാരിക്കുന്നുണ്ടെങ്കിൽ അയാൾ ഒരു കത്തോലിക്കനുമായിരിക്കും".

മേരിക്ക് അധികാരമോ, ശക്തിയോ, പൂജ്യതയോ, പ്രാധാന്യമോ ഇപ്പോൾ ഇല്ലെന്നു പറയുന്നവരുണ്ടു്. നമ്മുടെ ശ്രദ്ധപോലും അവൾ അർഹിക്കുന്നില്ലെന്നാണ് അവരുടെ അഭിപ്രായം. അജവേഷമണിഞ്ഞ് നടക്കുന്ന ചെന്നായ്ക്കളാണ് അവർ. ദൈവദൂതന്മാർക്കും വിശുദ്ധന്മാർക്കും നല്കപ്പെട്ടതിനേക്കാൾ കൂടുതൽ വരപ്രസാദം അമലോത്ഭവത്തിൻെറ നിമിഷങ്ങളിൽ ദൈവം മേരിക്ക് നല്കിയിട്ടുണ്ടു്.

ദിവ്യജനനിക്ക് എത്രമാത്രം പ്രാധാന്യവും സ്വാധീനശക്തിയും ഉണ്ടെന്നു് മനസ്സിലാക്കണമെങ്കിൽ സർവ്വാധികാരങ്ങളുടേയും സർവ്വശക്തികളുടേയും കേന്ദ്രമായ ദൈവത്തിലേക്കുതന്നെ ചെല്ലുക. വേദപുസ്തകത്തിലെ ആദ്യഭാഗം, ഉല്പത്തി 3:15–ൽ അവളുടെ ശക്തിയെപ്പററി ദൈവം സാത്താനോടു പറയുന്നതു കേട്ടാലും. ഈ സന്ദർഭത്തിൽ ഒന്നു് പറഞ്ഞുകൊള്ളട്ടെ. അവളുടെ ശക്തിയെപ്പററി ദൈവം തന്നെ സാത്താനോടു ചെയ്ത ആദ്യ പ്രഭാഷണമാണതു്:

"നിനക്കും സ്ത്രീക്കും തമ്മിലും, നിൻെറ സന്തതിക്കും
അവളുടെ സന്തതിക്കും തമ്മിലും, ഞാൻ ശത്രുത
ഉളവാക്കും. അവൾ നിൻെറ തല ഞെരിക്കും. നീ
അവളുടെ കുതികാലിനു വേണ്ടി പതിയിരിക്ക
യും ചെയ്യും." (ഉല്പത്തി 3:15)

ദൈവം കഴിഞ്ഞാൽ ഇപ്രകാരമുള്ള ഒരു ശക്തിയെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടോ?

എത്രയധികം അധികാരം ഈ സ്ത്രീ കൈകാര്യം ചെയ്യുന്നുണ്ടെന്നറിയണമെങ്കിൽ ഒരു സത്യം നിങ്ങൾ ധരിച്ചുകൊള്ളുക: ദൈവം അവളെ തൻെറ അമ്മയാകുവാൻവേണ്ടി സൃഷ്ടിച്ചു. അവളുടെ ഉദരത്തിൽ പ്രപഞ്ചമഖിലത്തേയും കവിഞ്ഞുനില്ക്കുന്ന ദൈവത്തെ വഹിക്കുന്നതിനു് അവളെ സജ്ജമാക്കി. ഇതു പോലുള്ള ഒരധികാരത്തെപ്പററി നിങ്ങൾ ശ്രവിച്ചിട്ടുണ്ടോ?

എത്രമാത്രം ഭക്ത്യാദരവുകളാണു് അവൾ അർഹിക്കുന്നതെന്നറിയുവാൻ വേദഗ്രന്ഥം തുറന്നു് ലൂക്ക് 48–ാം വാക്യം വായിക്കുക: "ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ അനുഗൃഹീതയെന്നു് വിളിക്കും; കാരണം വൻശക്തനായവൻ വലിയ കാര്യങ്ങൾ എനിക്കായി ചെയ്തിരിക്കുന്നു". ദൈവത്തെ കഴിഞ്ഞാൽ ഇത്ര മഹത്തായ ഒരു പ്രഖ്യാപനം മററാരെങ്കിലും ചെയ്തിട്ടുണ്ടോ?

ക്രിസ്തു ദൈവമായതുകൊണ്ടു് ഇങ്ങിനെ പറയാൻ കഴിഞ്ഞു: "നിങ്ങൾ എന്നിൽ നിന്നു പഠിക്കുക. കാരണം, ഞാൻ വിനീതനും ഹൃദയശാലീനതയുള്ളവനുമാണു്". ഇതു് തൻെറ ദിവ്യത്വത്തിൻെറ ഒരു തെളിവായിരുന്നു. കാരണം, മററുള്ളവരുടെ പരിഹാസത്തിനു് പാത്രീഭൂതനാകാതെ ആർക്കാണു് ഇങ്ങിനെ പറയുവാൻ കഴിയുക? ഈ മാനദണ്ഡം വെച്ചുതന്നെ, ലോകത്തിൽ ജീവിച്ചിട്ടുള്ള സ്ത്രീകളിൽ ആർക്കാണു് "എല്ലാ തലമുറകളും എന്നെ അനുഗൃഹീത എന്നു വിളിക്കും" എന്നു് ദൈവത്തിൻെറ അമ്മക്കല്ലാതെ മററാർക്കാണു് പറയുവാൻ കഴിയുക?

അവൾക്കുള്ള പ്രാധാന്യം മനസ്സിലാക്കാൻ ഒരു കാര്യം കൂടി നാം ഗ്രഹിക്കേണ്ടതുണ്ടു്. ത്രീത്വത്തിലെ മൂന്നാമത്തെയാളായ പരിശുദ്ധാത്മാവു് അവളെ ഏററവും മനോഹരമായ ഒരു സക്രാരിയായി, ജീവിക്കുന്ന ഒരു സക്രാരിയായി, സൃഷ്ടിച്ചു. തൻെറ ഭൗമിക ജീവിതത്തിൻെറ ആദ്യത്തെ ഒമ്പതു മാസങ്ങൾ യേശുക്രിസ്തുവിൻെറ ശരീരവും, രക്തവും, ആത്മാവും, ദിവ്യത്വവും അവൾ സ്വന്തം ഉദരത്തിൽ വഹിക്കും. പരിശുദ്ധ ത്രീത്വത്തിലെ രണ്ടാമത്തെ ആളായ യേശുക്രിസ്തു അവളെ തിരുസ്സഭയുടെ മാതാവാക്കി. പരിശുദ്ധ ത്രീത്വത്തിലെ ഒന്നാമത്തെ ആളായ ദൈവമായ പിതാവു് അവളെ സ്വർഗ്ഗരാജ്ഞിയാക്കി. ദൈവത്തെ കഴിഞ്ഞാൽ ഇത്രയും പ്രാധാന്യമുള്ള ഒരാളുണ്ടായിട്ടുണ്ടോ?

അവൾ നമ്മുടെ ശ്രദ്ധ എത്ര പിടിച്ചുപററുന്നുണ്ടെന്നറിയണമെങ്കിൽ മറെറാരുവസ്തുത ചിന്താർഹമാക്കുക. യേശുക്രിസ്തു മൂന്നു

മണിക്കൂറാണ് മാനവരാശിയുടെ പരിത്രാണനത്തിനായി കുരിശിൽ കഴിച്ചുകൂട്ടിയതു്. തൻെറ തിരുസ്സഭ സ്ഥാപിക്കുവാൻ മൂന്നു കൊല്ലമാണ് ഈശോ ഭൂമിയിൽ ചെലവഴിച്ചതു്. എന്നാൽ തൻെറ അമ്മയോടുകൂടി കഴിച്ചുകൂട്ടിയതു് മുപ്പതു നീണ്ടകൊല്ലങ്ങളായിരുന്നു.

ദിവ്യജനനിക്ക് ഒരിക്കലും ദിവ്യബലി അപ്പിക്കാനോ അച്ചനവസ്തുക്കളായ അപ്പവും വീഞ്ഞും വാഴ്ത്തുവാനോ സാധിക്കയില്ലെന്നതു് സത്യമാണെങ്കിലും, കാൽവരി മലയിലെ കുരിശിൽ തൂങ്ങിയ ക്രിസ്തുവിൻെറ ശരീരത്തെ നോക്കി "ഇതെൻെറ ശരീരമാണ്" "ഇതെൻെറ രക്തമാണ്" എന്നു് അക്ഷരാർത്ഥത്തിൽ പറയുവാൻ അവരംക്കേ സാദ്ധ്യമായിരുന്നുള്ളു.

അവരം പിതാവായ ദൈവത്തിൻെറ മകളാണെന്ന കാര്യം കൂടി പരിഗണിക്കുക. അവരം പുത്രനായ യേശുക്രിസ്തുവിൻെറ അമ്മയാണ്. അവരം പരിശുദ്ധാത്മാവിൻെറ മണവാട്ടിയുമാണ്.

നമ്മുടെ കത്താവ് പറഞ്ഞു: "ഫലങ്ങളിൽ നിന്നു് നിങ്ങരം അവയുടെ മാഹാത്മ്യം മനസ്സിലാക്കും". (മാത്യൂ 7:20). മേരിയെപ്പററി ഇതിനേക്കാരം മഹത്തരമായി എന്താണ് പറയുവാനുള്ളതു? ക്രിസ്തു അവളുടെ ഉദരത്തിൻെറ ഫലമാണ്!

പരിശുദ്ധാത്മാവിൻെറ ദാനങ്ങരംക്കായി ദാഹിക്കുന്നവരെ നാമിപ്പോരം കാണാറുണ്ടു്. സെൻറ് ലൂയിസ് ഡി മണ്ട്ഫേർട്ടു പറയുന്നു: "പരിശുദ്ധാത്മാവ് മേരിയെ ഒരാത്മാവിൽ കണ്ടെത്തുമ്പോരം അവിടുന്നു് പൂണ്ണമായും ആ ആത്മാവിൽ പ്രവേശിക്കയും ആ ആത്മാവുമായി പൂർണ്ണമായും സമ്പർക്കത്തിൽ ലയിക്കയും ചെയ്യുന്നു".

12 സദ്ഫലങ്ങളും, 7 ദാനങ്ങളും, 4 നന്മകളും, 3 ദൈവശാസ്ത്രപരമായ ഗുണങ്ങളും അവയിൽ അടങ്ങിയിരിക്കുന്നു എന്നു സാരം.

ബിഷപ്പ് ഫരംട്ടൻ ജെ. ഷീൻ പറയുന്നു: "ശിശുവായ ക്രിസ്തുവിനെ സ്വകരങ്ങളിൽ വഹിച്ചപ്പോരം സ്വഗ്ഗം ദശിച്ച ഏകവ്യക്തി മാതാവ് മാത്രമാണ്".

തിരുസ്സഭാ മാതാവിനു് മുപ്പത്തിരണ്ടു വേദപാരംഗതന്മാരാണുള്ളതു്. തിരുസ്സഭയിലെ ഏററവും ഉന്നതന്മാരായ വേദപണ്ഡി

തന്മാരാണ് അവർ. ഒരു പോപ്പായിത്തീരുന്നതിനേക്കാാം പ്രയാസമായ ഒരു കാര്യമാണ് തിരുസഭയിലെ ഒരു വേദപണ്ഡിതനാകുക. 263 മാർപാപ്പാമാർ നമുക്കുണ്ടായിട്ടുണ്ട്. എന്നാൽ ഡോക്ടർ എന്ന പേർ വഹിക്കുന്ന വേദപണ്ഡിതന്മാർ 32 പേർ മാത്രമേയുള്ളു. തിരുസ്സഭയിൽ ഡോക്ടർ എന്ന ബഹുമതി നേടാൻ മൂന്നു കാര്യങ്ങളാണാവശ്യം: 1) അത്യുന്നതമായ പാണ്ഡിത്യം, 2) ജീവിത പരിശുദ്ധി, 3) തിരുസ്സഭയിലെ അതിഗഹനമായ ഒരു സത്യത്തെ കണ്ടെത്തുകയോ, ഒരു സത്യത്തെ സംരക്ഷിക്കയോ ചെയ്യുക. നാലാമതൊരു യോഗ്യത കൂടി അദ്ദേഹത്തിനുണ്ടായിരിക്കണം: ദൈവമാതാവിനോടുള്ള തീഷ്ണമായ സ്നേഹം. മാതാവിനോടുള്ള ഈ സ്നേഹാഗ്നിയിൽ കത്തിയെരിയാത്തയാാം ഡോക്ടർ എന്ന ബിരുദത്തിനു് അർഹനല്ല.

"ഡോക്ടർ ഓഫ് മേരി" എന്നാണ് സെൻറ് ആൻസലത്തെ വിളിച്ചിരുന്നതു്. മേരിയുടെ ശക്തിയെപ്പററി അദ്ദേഹം പറയുന്നു: "അനന്തമായ തൻെറ ശക്തിയാൽ ദൈവം ചെയ്യുന്നതു് മേരി അവളുടെ പ്രാത്ഥനകാം കൊണ്ടു നിവ്വഹിക്കുന്നു". മറെറാരിടത്ത് അദ്ദേഹം പറയുന്നു: "ആത്മാത്ഥമായി മേരിയെ ബഹുമാനിക്കയും, തൻെറ ആത്മാവിനെ അവാംക്ക് അപ്പിക്കയും ചെയ്യുന്ന ഒരാളുടേയും ആത്മാവ് നരകത്തിൽ നിപതിക്കയില്ല. യഥാർത്ഥ ഭക്തരെയാണ് ഇതു സംബന്ധിക്കുന്നതു്".

തിരുസ്സഭാ മാതാവ് സെൻറ് അൽഫോൻസ് ഡി ലിഗോരിയെ തിരുസ്സഭയിലെ എല്ലാ ഡോക്ടർമാരുടേയും, അദ്ധ്യാത്മിക പണ്ഡിതന്മാരുടേയും, എല്ലാ കൺഫസ്സർമാരുടേയും, ദൈവ വിളിയാഗ്രഹിക്കുന്നവരുടേയും മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചിട്ടുണ്ട്. അദ്ദേഹമാണ് റെഡം പ്ടറിസ്റ്റു സന്യാസ സമൂഹത്തിൻെറ സ്ഥാപകൻ. മേരിയോട്ട് അഭ്യത്ഥിക്കുന്നതു് ദൈവം അവാംക്ക് ഒരിക്കലും നല്കാതിരിക്കയില്ലെന്നും, "മേരിയോടു യഥാത്ഥ ഭക്തിയുള്ള ആരും നഷ്ടപ്പെടുകയില്ലെന്നും" അദ്ദേഹം പറയുന്നു.

സെൻറ് തോമസ് അകVനിനാസ് പറയുന്നു: "ദൈവം രാജ്ഞിയെ പരിചാരകരിൽ നിന്നും, തൻെറ മണവാട്ടിയേയും അമ്മയേയും തൻെറ ആശ്രിതരിൽ നിന്നും, വേർതിരിച്ചതു് ഉചിതമായ ഒരു കൃത്യമാണ്. ദൈവത്തിൻെറ അമ്മയുടെ സ്ഥാനത്തേ

ക്കാണ് മേരി ഉയൎത്തപ്പെട്ടതു്. അതിനേക്കാരം മഹനീയമായ ഒരു സ്ഥാനവും അവരംക്കു് നല്ലാനില്ല".

സെൻറ് ബൊനവഞ്ചർ പറയുന്നു: "ദൈവം കഴിഞ്ഞാൽ നമ്മുടെ സൎവ്വ ആനന്ദത്തിൻേറയും നിദാനം മേരിയാണു്".

സെൻറ് അഗസ്റ്റിൻ പറയുന്നു: "സൎവ്വ മനുഷ്യരുടേയും എല്ലാ നാക്കുകളും കൂട്ടിച്ചേൎത്താലും മേരിയുടെ മാഹാത്മ്യം പ്രകീൎത്തിക്കുവാനോ പ്രശംസിക്കാനോ പൎയ്യാപ്തമാകയില്ല".

"എത്രയും ദയയുള്ള മാതാവേ!" എന്ന പ്രാർത്ഥന രചിച്ച സെൻറ് ബർണാഡ് ആ പ്രാർത്ഥനയിൽ പറയുന്നു: "എത്രയും ദയയുള്ള മാതാവേ! നിൻെറ സഹായം തേടി നിന്നെ ആശ്രയിക്കുന്ന ഒരാളേയും നീ കൈവിട്ടതായി ലോകത്തിൽ കേട്ടിട്ടില്ല എന്ന വസ്തുത നീ അനുസ്മരിക്കേണമേ! കന്യാവ്രതക്കാരുടെ രാജ്ഞിയായ കന്യകേ, ദയയുള്ള മാതാവേ! ഇവ്വണ്ണമുള്ള ശരണത്താൽ ധൈൎയ്യമാന്നു് നിൻെറ തൃപ്പാദങ്ങളിൽ ഞാൻ അണയുന്നു. നെടുവീൎപ്പിട്ട് കണ്ണുനീർചിന്തി പാപിയായ ഞാൻ നിൻെറ ദയയുടെ ആഴത്തെ കാത്തുകൊണ്ടു് നിൻെറ സമൂഹത്തിൽ നില്ക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ എൻെറ അപേക്ഷ ഉപേക്ഷിക്കാതെ ദയയുള്ളവളായി കേട്ടരുളേണമേ!"

സെൻറ് ആൽബെർട്ട് മാഗ്നസ് പറയുന്നു: "അവരംക്കെല്ലാം അറിയാം. അവരംക്ക് അജ്ഞാതമായി ഒന്നുമില്ല. മററുള്ളവരേക്കാളെല്ലാം അഭ്യസ്ത വിദ്യയും പണ്ഡിതയും ബുദ്ധിമതിയും സൎവ്വകലകളിലും ശാസ്ത്രങ്ങളിലും വ്യുല്പത്തിയും ഉള്ളവളുമായിരുന്നു അവരം. മാനുഷികവും പ്രകൃത്യതീതവുമായ കാൎയ്യങ്ങളിൽ അവരംക്കുള്ള ജ്ഞാനം അപരിമേയമായിരുന്നു. അവരം മാലാഖമാർക്കും പറുദീസായിലെ അരൂപികരംക്കു പോലും അതീതയായിരുന്നു".

സെൻറ് റോബർട്ട് ബെല്ലർമൈൻ പറയുന്നു: "മേരിയുടെ കരങ്ങളിൽ അഭയം തേടിയിട്ടുള്ളവരെ അവിടെ നിന്നു് പിടിച്ചു മാററുവാൻ ആൎക്കാണ് കഴിയുക? ദൈവത്തിൻെറ ഈ അമ്മയിൽ ശരണം പ്രാപിച്ചു കഴിഞ്ഞാൽ നകരത്തിലെ ഏതു ശക്തിക്കാണ്, ഏതു പ്രലോഭനത്തിനാണ്, അവരെ അധീനമാക്കാൻ സാധിക്കുന്നതു്?"

സെൻറ് പീററർ ഡാമിയൻ പറയുന്നു: "സൂൎയ്യപ്രകാശ

ത്തിൽ താരാജാലം അഗോചരങ്ങളാകുന്നതു പോലെ ദിവ്യജനനി സ്വർഗ്ഗരാജ്യത്തിൽ സർവ്വപേരുടേയും പരിശുദ്ധിയെ നിഷ്പ്രഭമാക്കുന്നു''.

സിയന്നായിലെ സെൻറ് കാത്തറൈൻ തിരുസ്സഭയിലെ രണ്ടു വനിതാ വേദപാരംഗതരിൽ ഒരാളാണ്. അവർ പറയുന്നു: "മാനവഹൃദയങ്ങളെ ഹഠാദാകർഷിക്കാൻ ദൈവം പ്രത്യേകം സജ്ജമാക്കിയ ഒരു വ്യക്തിയാണ് മേരി''.

രണ്ടാമത്തെ വനിതാ വേദപാരംഗതയായ അവീലായിലെ സെൻറ് തരേസാ പറയുന്നു: "മേരിയോടു നാം പ്രദർശിപ്പിക്കുന്ന ഭക്തിയും സ്നേഹവും അവളുടെ തിരുക്കുമാരന് അത്യന്തം പ്രീതികരവും, അതിന് അവിടുന്ന് ശാശ്വത മഹത്വം സ്വർഗ്ഗത്തിൽ നമുക്കു നല്കുന്നതുമാണ്''.

മേരിയുടെ സഹായം തേടുന്ന ഒരാളും നിരാശനാകയില്ല. സത്യത്തിനും സദാചാരത്തിനും വിരുദ്ധമായ എല്ലാ കൃത്യങ്ങളേയും ദിവ്യജനനി വെറുക്കുന്നുണ്ടെങ്കിലും, നാം എത്ര തന്നെ പാപികളായിരുന്നാലും, ആ ദിവ്യമാതാവിൻെറ സഹായം യാചിക്കയാണെങ്കിൽ അവൾ നമ്മെ ഒരിക്കലും കൈ വെടിയുകയില്ല.

ബിഷപ്പ് ഷീൻ പലപ്പോഴും ഒരു കഥ പറയാറുണ്ടായിരുന്നു. സരസ്സമായ ആ കഥ ഇതാണ്: ഒരു ദിവസം നമ്മുടെ ദിവ്യരക്ഷകൻ സ്വർഗ്ഗത്തിൽ ഒരു പരിശോധനക്കെന്ന പോലെ നടക്കയായിരുന്നു. തദവസരത്തിൽ സ്വർഗ്ഗരാജ്യത്തിൽ വസിക്കുവാൻ അർഹതയില്ലാത്ത പലരേയും അവിടുന്ന് അവിടെ കണ്ടു. അവിടുന്ന് ചില മാലാഖമാരേയും വിശുദ്ധരേയും സമീപിച്ച് അവരോടു ചോദിച്ചു. "ഇവരെല്ലാം സ്വർഗ്ഗരാജ്യത്തിൽ കടന്നുകൂടിയതു് എങ്ങിനെ?'' അവരുടെ മറുപടി: "കർത്താവെ! അക്കാര്യം ഞങ്ങളോട് ചോദിക്കരുതു്. സ്വർഗ്ഗ സാമ്രാജ്യത്തിൻെറ താക്കോലുകൾ അവിടുന്ന് സൻെറ പീററിനെയാണല്ലോ ഏല്പിച്ചതു്.'' കർത്താവ് സൻെറ പീററിനെ സമീപിച്ച് മേൽപ്പറഞ്ഞ ചോദ്യം ആവർത്തിച്ചു. സൻെറ പീററർ മറുപടി പറഞ്ഞു: "കർത്താവേ! അവിടുന്ന് എന്നെ കുററപ്പെടുത്തരുതേ! സ്വർഗ്ഗകവാടങ്ങൾ ഞാൻ അടച്ചുപൂട്ടിയിരിക്കയാണ്. എന്നാൽ അവിടുത്തേ അമ്മ ജാലകങ്ങൾ തുറന്നുവെച്ചിരിക്കയാണ! അനർഹരായ അവർ അകത്തു കടക്കുന്നതു് ആ മാർഗ്ഗങ്ങളിൽ കൂടിയാണ്!''

ടെക്സാസിലെ ഒരു ദേവാലയത്തിൽ വെച്ച് ഞാൻ ഒരു വൈദികനെ കണ്ടു. അദ്ദേഹം "The Catholic Digest" മാസികയിൽ ഈ കഥയെഴുതി. ദേവാലയത്തിൽ നിന്നു് വളരെ അകലെയല്ലാത്ത ഒരു സ്ഥലത്ത് ഒരു ദരിദ്രകുടുംബം ജീവിച്ചിരുന്നു. നാലഞ്ചുവയസ്സു പ്രായമായ ഒരു കൊച്ചുമകൻ അവക്കുണ്ടായിരുന്നു. അവൻെറ പിറനാളിനു് ചുവപ്പുനിറമുള്ള ഒരു കളിവണ്ടി വാങ്ങിക്കൊടുക്കണമെന്നു് അവൻ തൻെറ അമ്മയോടു നിർബന്ധമായി ആവശ്യപ്പെട്ടു. അവരുടെ ദേവാലയത്തിൽ പ്രേഗിലെ ഉണ്ണീശോയുടെ ഒരു പ്രതിമയുണ്ടായിരുന്നു. ആ ഉണ്ണിയോടു് പ്രാൎത്ഥിക്കുവാൻ അവൻെറ അമ്മ അവനോടു പറഞ്ഞു. ബാലൻ ദിവസേന ഉണ്ണീശോയോടു പ്രാൎത്ഥിക്കാൻ തുടങ്ങി. അവൻെറ ജന്മദിനമെത്തി. കളിക്കോപ്പെത്തിയില്ല. അതെന്താണെത്താത്തതു് എന്നു് അവൻ മാതാവിനോടു തിരക്കി. അമ്മ മറുപടി പറഞ്ഞു: "എന്നോടു ചോദിക്കണ്ട, മകനേ! നീ പോയി ഉണ്ണീശോയോടു ചോദിക്കുവിൻ."

ദേവാലയത്തിൻെറ പ്രധാനകവാടം തുറക്കുന്നശബ്ദം സക്രീസ്റ്റിയിലുണ്ടായിരുന്ന വൈദികൻ കേട്ടു. അദ്ദേഹം തിരിഞ്ഞു നോക്കി. പ്രേഗിലെ ഉണ്ണീശോയുടെ പ്രതിമയെ ലക്ഷ്യമാക്കി ഒരു കുഞ്ഞുപയ്യൻ നടന്നു നീങ്ങുന്നു. കണ്ണീർക്കണങ്ങൾ അവൻെറ കവിളിൽക്കൂടി ഒഴുകുന്നുണ്ടായിരുന്നു. അവൻെറ അധരങ്ങൾ വിറച്ചിരുന്നു. അവൻ മൃദുലസ്വരത്തിൽ പറഞ്ഞു; "ഉണ്ണീശോ! കളിവണ്ടിയുടെ കാര്യം ഞാൻ നിൻെറ അമ്മയോടു് പറയാൻ പോകയാണു്."

മേരി ദയാമൂൎത്തിയാണു്. തൻെറ സഹായം അഭ്യൎത്ഥിക്കുന്ന ആരേയും അവൾ കൈവിടാറില്ല. അഭയം പ്രാപിക്കാൻ സുശക്തയായ ഒരു അമ്മ നമുക്ക് സ്വർഗ്ഗത്തിലുണ്ടെന്ന ചിന്ത എത്ര ആശ്വാസപ്രദമാണു്! പാപികളായ നമ്മുടെ ആത്മരക്ഷയും പാരത്രിക ക്ഷേമവും മാത്രമേ ആ അമ്മ ആഗ്രഹിക്കുന്നുള്ളു.

കത്തോലിക്ക തിരുസ്സഭയിൽ നിന്നു് തെററിപ്പിരിഞ്ഞ മാർട്ടിൻ ലൂതർ തൻെറ "Die Erklanung des Magnificat" എന്ന ഗ്രന്ഥത്തിൽ 1521-ൽ ഇങ്ങിനെ എഴുതി: "ദൈവത്തിൻെറ അമ്മയായി എന്നതിനുപരിയായി മറെറാരു അത്യുന്നത പദവിയും മേരിക്കില്ല. ആ പ്രക്രിയയിൽ അവൾക്ക് പ്രാപിക്കാൻ കഴിഞ്ഞ അനുഗ്രഹസമ്പത്തിൻെറ വൈശിഷ്ട്യവും ഒരാൾക്കും ഗ്രഹിക്കുവാൻ കഴിയുന്നതല്ല."

ഇവയിൽനിന്നെല്ലാം സ്പടികസങ്കാശം സ്പഷ്ടമായിത്തീരുന്ന നിത്യസത്യം ഒന്നുമാത്രമാണ്. നരവംശത്തിൽ ഒരാൾ, ഒരാൾ മാത്രം, സർവ്വമനുഷ്യരുടേയും മീതെ, മററാക്കും അപ്രാപ്യമായ രീതി യിൽ, ഉന്നതസ്ഥാനം അലങ്കരിക്കുന്നു. ഈ പശ്ചാത്തലത്തിൽ "ദൈവത്തിൻെറ അമ്മ" എന്ന രണ്ടു പദങ്ങളിൽ അവളുടെ ഔന്നത്യം സ്ഥാപിതമായിരിക്കുന്നു. വൃക്ഷങ്ങളിലെ പച്ചിലകളെപ്പോലെയും അസംഖ്യമസംഖ്യം നാവുകൾ മനുഷ്യർക്കുണ്ടെങ്കിൽ തന്നെയും മാതാവിൻെറ മാഹാത്മ്യം പ്രകീർത്തിക്കാനോ അവളെ പ്രശംസി ക്കാനോ അവ അപര്യാപ്തങ്ങളാണ്. ആകാശത്തിലെ താരാനിര കളെയോ കടൽ തീരത്തിലെ മണൽ തരികളെയോ പോലെ എണ്ണത്തിൽ ജനജിഹ്വകൾ ഉണ്ടെങ്കിൽ പോലും ആ ജോലി തൃപ്തി കരമായി ചെയ്തുതീർക്കുക അസാദ്ധ്യമാണ്. ദൈവത്തിൻെറ അമ്മ എന്ന വിഷയം ഹൃത്തടങ്ങളിൽ മാത്രം ധ്യാനവിഷയമാകേണ്ട ഒന്നാണ്.

അമേരിക്കയിലെ ഇല്ലിനോയിസ് സെനററിൽ 1985 സെപ്തംബർ 8-ന് ഒരു പ്രമേയം പാസ്സാക്കി. മാതാവിൻെറ ജന്മ ദിനം സെപ്തംബർ 8-നാണ്. അന്നേദിനം മാതാവിൻെറ രണ്ടാ യിരമാണ്ടത്തെ ജന്മദിനമായി കൊണ്ടാടണമെന്നായിരുന്നു പ്രമേയം, സെനററർ റിച്ചാർഡ് കെല്ലിയാണ് പ്രമേയം അവതരിപ്പിച്ചത്. പ്രമേയം ഇപ്രകാരമായിരുന്നു: "കന്യകയായ മേരിയെ ഈശോ യുടെ അമ്മയായി തെരഞ്ഞെടുത്തപ്പോൾ മാതൃത്വം അതിൻെറ ഔന്നത്യത്തിൽലെത്തി. മേരിയുടെ രണ്ടായിരമാണ്ടത്തെ ജന്മദിനം കൊണ്ടാടിക്കൊണ്ട് അവളുടെ സ്ഥാനത്തെ യഥായോഗ്യം അംഗീ കരിക്കുന്നത് അനുചിതം തന്നെയാണ്."

ഗവർണ്ണർ ജെയിംസ് ആർ. തോംപ്സനോടു അമലോഭവ തിരുന്നാൾ ദിനമായ ഡിസംബർ 8-ാംന് കന്യകാമാതാവിനെ ബഹുമാനിക്കാനുള്ള ദിനമായി പ്രഖ്യാപിക്കാനും പ്രമേയം ആവശ്യ പ്പെട്ടു. (St. Louis Post-Dispatcher, Dec. I, 1985.)

ഒന്നാം ലോകമഹായുദ്ധം കൊടും പിരികൊണ്ടപ്പോൾ 1917 മേയ് 5-ന് പോപ്പ് ബെനഡിക്ട് 15-ാമൻ മേരിയോട് ഒരു പ്രാർത്ഥനാ കുരിശുയുദ്ധം ആരംഭിക്കുവാൻ ഇങ്ങിനെ ഒരാഹ്വാനം നല്കി: "ലോകത്തിൻെറ ഓരോമൂലയിൽ നിന്നും—ബ്രഹ്മാണ്ഡമായ

ദേവാലയങ്ങരം തുടങ്ങി അതിവിനീതമായ കപ്പേളകരം വരേയും, സമ്പന്നരുടെ മണിമന്ദിരങ്ങരം തുടങ്ങി ദരിദ്രരുടെ കുടിലുകരം വരേയും, വിശ്വസ്തനായ ഒരാരം നിവസിക്കുന്നിടത്തു നിന്നും, നിണമൊഴുകുന്ന സമരഭൂമികളിൽ നിന്നും, യുദ്ധത്തിൻെറ അലകളടിക്കുന്ന സമുദ്രങ്ങളിൽ നിന്നും, കരുണാനിധിയും അനുഗ്രഹങ്ങരം വർഷിക്കുന്നതിൽ അതിസമ്പന്നയുമായ മാതാവിൻെറ സമക്ഷത്തിലേക്ക് നമ്മുടെ പ്രാർത്ഥനകരം ഉയരട്ടെ!''

ഏഴുകൊല്ലങ്ങരംക്കുശേഷം പോപ്പ് പോരം രണ്ടാമൻ "മരിയൻ വർഷം'' പ്രഖ്യാപിച്ചു. ദൈവമാതാവായ മേരിയുടെ തിരുന്നാരം സ്ഥാപിച്ചുകൊണ്ടു് ജനുവരി 1–ന്ന അദ്ദേഹം ഒരു പ്രഭാഷണം ചെയ്തു. ദിവ്യജനനിയെ അഭിസംബോധനം ചെയ്തുകൊണ്ടു് അദ്ദേഹം പറഞ്ഞു:

"തിരുസ്സഭ തൻെറ മാതൃകയെന്ന നിലയിൽ അവളുടെ ദൃഷ്ടികരം നിന്നിലേക്കാണു് ഉററുനോക്കുന്നതു്. ക്രൈസ്തവ യുഗത്തിൻെറ മൂവ്വായിരമാണ്ടിൻെറ ആഗമനം കൊണ്ടാടാൻ തയ്യാറെടുത്തു കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അവരം നിൻെറ നേരെ ഒരു പ്രത്യേക രീതിയിലാണു് ദൃഷ്ടികരം ഉറപ്പിച്ചിരിക്കുന്നതു്. ദൈവസുതൻ മനുഷ്യാവതാരം ചെയ്യാനും നവീനകാലങ്ങരം ആരംഭിക്കാനും നിന്നെയാണു് തെരഞ്ഞെടുത്തിരിക്കുന്നതു്.

"ഈ ഉദ്ദേശ്യം മുൻനിറുത്തി നിനക്കായി സമർപ്പിക്കപ്പെട്ട ഒരു മരിയൻ വർഷം കൊണ്ടാടാൻ തിരുസ്സഭ ആഗ്രഹിക്കുന്നു. പെന്തക്കോസ്തുദിനമാരംഭിക്കുന്ന ഈ വർഷം അടുത്തകൊല്ലം സ്വർഗ്ഗാരോപണദിനം സമാപ്തമാകുന്നതുമാണു്. ഓരോ രൂപതയും നിൻെറ നേരെയുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിനും ദൈവഹിതം നിറവേററുന്നതിനും യത്നിക്കുന്നതുമാണു്.''

"Mother of the Redeemer" ("രക്ഷകൻെറ അമ്മ") എന്ന തൻെറ തിരുവെഴുത്തിൽ കന്യകാമേരിയെ സംബന്ധിക്കുന്ന മൗലിക തത്വങ്ങളിൽ കത്തോലിക്കരും മററുക്രൈസ്തവ സഭകളും യോജിക്കുമെന്ന പ്രത്യാശയും അദ്ദേഹം പ്രകടമാക്കി.

മിസ്സൂറിയിലെ സെൻറ് ലൂയിസ് മേയർ ഒരു വിളംബരം പ്രസിദ്ധീകരിച്ചതിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു:

## ഓഫീസ് ഓഫ് ദി മേയർ
## സിററി ഓഫ് സെയിൻറ് ലൂയിസ്
## വിളംബരം

1987 ജൂൺ 2 മുതൽ 26 വരെ വിഖ്യാതമായ അന്താരാഷ്ട്ര തീർത്ഥാടന കന്യകയുടെ ആതിഥ്യം സ്വീകരിക്കാനുള്ള സൗഭാഗ്യം നമുക്ക് കൈവന്നിരിക്കയാലും,

ഈ പ്രതിമ ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു കഴിഞ്ഞിരിക്കയാലും,

സമാധാന സന്ദേശവുമായി ഭൂതലമാകെ സഞ്ചരിക്കുന്നതിന് റോസ്‌വുഡ് മരനിർമ്മിതമായ ഈ പ്രതിമയെ 1947-ൽ പോപ്പ് പയസ് പന്ത്രണ്ടാമൻ വെഞ്ചിരിക്കയും കിരീടം ധരിപ്പിക്കയും ചെയ്തിരിക്കുന്നതിനാലും,

സമാധാന രാജ്ഞിയുടെ സെൻറ് ലൂയിസിലേക്കുള്ള ഈ സന്ദർശനം മൂലം പ്രാർത്ഥനകൾക്കും പ്രായശ്ചിത്ത പ്രവൃത്തികൾക്കും വേണ്ടിയുള്ള മാതാവിൻെറ അഭ്യർത്ഥന ജനങ്ങൾ ശ്രവിക്കുമെന്നും, തദ്വാരാ പോർത്തുഗലിലെ ഫാത്തിമായിൽ 1917-ൽ വാഗ്ദാനം ചെയ്തതു പോലെ, നരവംശത്തിൽ സമാധാനം പുലരുമെന്ന് പ്രത്യാശിക്കുന്നതിനാലും, വിശ്വാസത്തിൻെറ ഈ സുപ്രധാന പ്രതീകത്തിലേക്ക് ഭക്തിയോടും ആദരവോടും കൂടി ജനങ്ങൾ ഓടി അണയുന്നതിനാലും,

സെൻറ് ലൂയിസ് നഗരത്തിൻെറ മേയറായ ഞാൻ, വിൻസൻറ് സി. സ്കോമെഹിൽ ജൂനിയർ, 1987 ജൂൺ മാസം സെൻറ് ലൂയിസിൽ അന്താരാഷ്ട്ര തീർത്ഥാടന കന്യകയുടെ മാസമായി വിളംബരം ചെയ്യുന്നു.

സ്വന്തം കുഞ്ഞുങ്ങളെ എല്ലാ അമ്മമാരും വാത്സല്യപൂർവ്വം സ്നേഹിക്കും. എന്നാൽ മേരിക്ക് നാം ഓരോരുത്തരോടുമുള്ള സ്നേഹത്തിൻെറ ഒരു നിഴൽ മാത്രമാണ് നമ്മുടെ അമ്മമാർക്ക് നമ്മോടുള്ളത്. എല്ലാ മാലാഖമാരുടേയും വിശുദ്ധരുടേയും സ്നേഹമെല്ലാം

ഒന്നിച്ചു കൂട്ടിയാലും അതിലുമുപരിയായ സ്നേഹമാണ് അവൾക്ക് നമ്മോടുള്ളത്. അവളെ തേടുന്നവർക്ക് അവളെ നിഷ്പ്രയാസം കണ്ടെത്താം. അവളെ ആത്മാർത്ഥമായി സ്നേഹിക്കുന്നവക്ക് അവൾ കരുണയുടേയും സ്നേഹത്തിൻേറയും മൂർത്തീകരണമാണ്.

പാപികളെ പ്രോത്സാഹിപ്പിക്കാൻ സെൻറ് ബെർനാർഡ് പറയുന്നു: "കരുണയുടെ ഈ അമ്മയുടെ അടുക്കലേക്ക് നിങ്ങൾ ചെല്ലുക. പാപങ്ങൾ നിങ്ങളുടെ ആത്മാക്കളിൽ വരുത്തിയിട്ടുള്ള വ്രണങ്ങളെ നിങ്ങൾ അവളെ കാണിക്കുക. അപ്പോൾ അവൾ തൻെറ അമ്മിഞ്ഞിപ്പാൽ നല്ലിയ സ്തനങ്ങൾ തിരുക്കുമാരനെ കാണിക്കയും, അവിടുന്ന് നിങ്ങളുടെ എല്ലാ പാപങ്ങളേയും പൊറുക്കയും ചെയ്യും. അവളെ അത്യധികം സ്നേഹിക്കുന്ന അവളുടെ തിരുക്കുമാരൻ തൻെറ അമ്മയുടെ അഭ്യർത്ഥനകൾ നിശ്ചയമായും ശ്രവിക്കയും ചെയ്യും."

സെൻറ് അൽഫോൻസസ് ലിഗോരി പറയുന്നു: "മരിയ ഭക്തി ഒരാത്മാവിൽ സ്ഥലം പിടിച്ചുകഴിഞ്ഞാൽ കന്യകാ മേരി ഭൂജാതയായപ്പോൾ ലോകത്തിലുണ്ടായ ഫലംതന്നെയാണ് അനുഭവ വേദ്യമാകുന്നത്. അത് പാപത്തിൻെറ കാളരാത്രിയിൽ നിന്ന് നന്മയുടെ പാതയിലേക്ക് അയാളെ നയിക്കുന്നു".

ഈ പ്രസ്താവനയെ സെൻറ് ജെർമാനസ് പിന്താങ്ങുന്നു: "വാത്സല്യപൂർവ്വം മേരിയുടെ നാമം ഉച്ചരിക്കുന്നത് ആത്മാവിൽ ജീവനുണ്ടെന്നുള്ളതിൻെറ, അഥവാ ആത്മാവ് അതിലേക്ക് പിന്തിരിയുമെന്നതിൻെറ, ഒരു ലക്ഷണമാണ്".

എന്തൊരു ആനന്ദത്തോടു കൂടിയാണ് സെൻറ് ബെർണാഡ് പ്രഖ്യാപിക്കുന്നത്: "എല്ലാ തലമുറകളും എന്നെ അനുഗൃഹീത എന്നു വിളിക്കും". "കാരണം, മനുഷ്യരുടെ എല്ലാ തലമുറകൾക്കും വേണ്ടി ജീവനും മഹത്വവും ഉല്പാദിപ്പിക്കപ്പെട്ടിരിക്കുന്നു".

ദിവ്യജനനി സെൻറ് ബ്രിഡ്ജെറ്റിനോട് ഇങ്ങിനെ വെളിപ്പെടുത്തി: "അവളെ സമീപിക്കയും സഹായം അഭ്യത്ഥിക്കയും ചെയ്യുന്ന ഒരു പാപിയും ദൈവവുമായി എന്നും ശത്രുതയിൽ വത്തിക്കയില്ല. അവന് നിശ്ചയമായും ദൈവത്തിൻെറ മാപ്പും പ്രസാദവരവും ലഭ്യമാകും".

സെൻറ് ബ്ലോസിയസ് പറയുന്നു: "മേരി നിരാകരിക്കുന്ന ഒരു പാപിയും—അയാരം എത്രതന്നെ നിഷ്ഠൂരനും മഹാപാപിയുമായിരുന്നുകൊള്ളട്ടെ—ഈ ലോകത്തിലില്ല. അവരം അയാളെ തൻെറ തിരുക്കുമാരനുമായി രമ്യപ്പെടുത്തുക തന്നെ ചെയ്യും".

സുപ്രസിദ്ധ ആംഗല ഗ്രന്ഥകാരനായ ജെ. റസ്ക്കിൻ താഴെ കാണുന്ന പ്രകാരം എഴുതിയിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല: "മഡോനക്ക് നല്കപ്പെടുന്ന ഭക്ത്യാദരവുകരം കത്തോലിക്കാ മതത്തിലെ അത്യുൽകൃഷ്ടമായ ഒരാചാരമാണെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അതു് ജീവിത വിശുദ്ധിയെ സംജാതമാക്കുക മാത്രമല്ല, മനുഷ്യ സ്വഭാവത്തെ സംസ്ക്കരിച്ചെടുക്കുക കൂടി ചെയ്യുന്നു".

സെൻറ് എപ്രേം ചോദിക്കുന്നു: "നിരാശയിൽ കഴിയുന്നവരുടെ ആശയാണ് മേരി എന്നു് നിങ്ങരംക്കറിഞ്ഞുകൂടെ"?

ദൈവവുമായി നമുക്കുള്ള ബന്ധത്തിൻെറ മാതൃകയാണ് ഈശോ. ഈശോയുമായി നാം ബന്ധപ്പെടുന്നതു് മേരിയിൽ കൂടിയാണ്.

ഈശോയെ സ്നേഹിക്കുന്നയാരംക്ക് അവിടുത്തേ അമ്മയെ സ്നേഹിക്കാതിരിക്കാൻ കഴികയില്ലെന്നു് "ഗ്രേയ്മോറി"ൻെറ സ്ഥാപകനായ ഫാദർ പോരം പറയുന്നു. അദ്ദേഹം ആംഗ്ലിക്കാനിസത്തിൽ നിന്നു് കത്തോലിക്കാ മതത്തിലേക്ക് മാനസാന്തരപ്പെട്ട ഒരാളാണ്.

ചാർട്ട്രേഴ്സിലെ ആബട്ട് ആർനോരംഡ് പറയുന്നു: "മേരിയുടെ മാംസം ഈശോയുടേതിൽ നിന്നു് ഒട്ടും വ്യത്യസ്തമല്ല. മകനു് നല്കുന്ന സ്ഥാനം അമ്മക്ക് നിഷേധിക്കുന്നതെങ്ങിനെ"?

ജീവൻെറ ദൈവം അവളുടെ മകനായിത്തീന്നു!

നാം നമ്മുടെ പാപ കർമ്മങ്ങളെപ്പററി മനസ്തപിക്കണമെന്നാണ് ദിവ്യജനനി ആഗ്രഹിക്കുന്നതു്. എന്നാൽ മാത്രമേ നമുക്ക് സ്വർഗ്ഗത്തിൽ ഈശോയോടും മേരിയോടും കൂടി നിത്യമായി ജീവിക്കാൻ കഴിയൂ. അവിടെ ഈശോ നമ്മുടെ ഏററവും വലിയ ആനന്ദത്തിൻെറ നിദാനമായിരിക്കും. മേരി നമ്മുടെ രണ്ടാമത്തെ ആനന്ദ കാരണവും. അവളുടെ സൗരഭ്യം സ്വർഗ്ഗത്തെ സുഗന്ധത്തിൽ

നീരാടിക്കും. കണ്ണഞ്ചിപ്പിക്കുന്ന അവളുടെ സൗന്ദര്യവും അവളുടെ സ്വരമാധുരിയും ആസ്വദിക്കുമ്പോൾ ബൈബിളിൽ പറഞ്ഞിട്ടുള്ള ഈ വാക്കുകൾ അക്ഷരാൎത്ഥത്തിൽ സത്യമാണെന്നു് നമുക്കു തോന്നും: “തന്നെ സ്നേഹിക്കുന്നവൎക്കുവേണ്ടി ദൈവം സജ്ജമാക്കിയിട്ടുള്ളതു് ഒരു കണ്ണും കണ്ടിട്ടില്ല; ഒരു ചെവിയും ശ്രവിച്ചിട്ടില്ല; ഒരു മനുഷ്യ ഹൃദയവും ഗ്രഹിച്ചിട്ടില്ല”.

അമലോത്ഭവ കന്യകയുടെ ലാവണ്യവും സൗകുമാൎയ്യവും അനുപമമായിരുന്നു. അതു കൊണ്ടാണു് സെൻറ് പീററർ ഡാമിയൻ ഇപ്രകാരം പറഞ്ഞതു്: “ദൈവത്തെ ദൎശിച്ച ശേഷം സ്വൎഗ്ഗവാസി കളുടെ ഏററവും വലിയ ആനന്ദം സ്വൎഗ്ഗരാജ്ഞിയുടെ സൗന്ദൎയ്യം കാണുക എന്നതാണു്”’.

സെൻറ് ബൊനവഞ്ചർ ഇങ്ങിനെ പറഞ്ഞതിൽ അത്ഭുത പ്പെടാനില്ല: “ദൈവത്തെ കഴിഞ്ഞാൽ നമ്മുടെ ഏററവും വലിയ മഹത്വവും ആനന്ദവും മേരിയാണു്. ഒരു മുഖക്കണ്ണാടി അനേക ലക്ഷം കഷ്ണങ്ങളായി ഛിന്നഭിന്നമായിപ്പോയെന്നു് വിചാരിക്കുക. അതിൻെറ ഒരോ പൊടി ശകലവും സൂൎയ്യ ബിംബത്തെ പ്രതിഫ ലിപ്പിക്കയാണെങ്കിൽ ആ സൗന്ദൎയ്യം എപ്രകാരമായിരിക്കുമോ അപ്ര കാരമുള്ള ഒരു സൗന്ദൎയ്യ മൂൎത്തീകരണമാണു് മേരിയുടേതു്. അവളുടെ കനക വീക്ഷണം എല്ലാവരേയും അവളിലേക്കു് ഉരുകിച്ചേൎക്കും”.

ഒരു ചിത്രകാരനും ഒരു കവിയ്ക്കും മേരിയുടെ സൗന്ദൎയ്യം അതിൻെറ സാക്ഷാൽ രൂപത്തിൽ പകൎത്തിയെടുക്കാൻ ഇന്നേവരെ കഴിഞ്ഞിട്ടില്ല. “നന്മനിറഞ്ഞവളേ”, “എൻെറ ആത്മാവു് കൎത്താ വിനെ വാഴ്ത്തുന്നു” എന്നീ സ്തുതിഗീതങ്ങൾ സ്വൎഗ്ഗത്തെ മുഖരിത മാക്കുന്ന സൗന്ദൎയ്യത്തിൻെറ പല്ലവികളാണു്.

ദിവ്യജനനി നമ്മുടെ ഭക്ത്യാദരവുകളെ ന്യായമായും അർഹി ക്കുന്നു. അവൾ ഈശോയിലേക്കുള്ള സോപാനമാണു്. ജീവിക്കുന്ന വൎക്കുള്ള ആദൎശവും മാതൃകയുമാണു് അവൾ. ദൈവത്തിൻെറ ഏററവും മികച്ച സൃഷ്ടിയാണു് അവൾ. ദൈവത്താൽ നിയുക്ത മായ രാജ്ഞിയാണു് അവൾ. ദൈവം നമുക്കുതന്ന അമ്മയാണു് അവൾ. ആകയാൽ നമുക്കു് സ്വൎഗ്ഗത്തിലേക്കു് നേരിട്ടു പ്രവേശി ക്കണമെന്നുണ്ടെങ്കിൽ, ആ അമ്മയെ നാം സ്നേഹിക്കയും ബഹുമാനി ക്കയും അനുകരിക്കയും ചെയ്യണം. നാം ജീവിച്ചിരിക്കുമ്പോൾ തവിട്ടുവൎണ്ണമുള്ള ഉത്തരീയം ധരിച്ചു നടന്നാൽ നമ്മുടെ മരണാനന്തരം അവൾ നമ്മെ ക്ഷണത്തിൽ കണ്ടറിയും.

ദിവ്യജനനിയെപ്പററി മോൺസിഞ്ഞോർ റോനാംഡ്നോക്സ് ഇങ്ങിനെ പറഞ്ഞു: "അവരം ദൈവശാസ്ത്രപരമായ ഒരു പ്രതീകമല്ല. നമുക്കോരോരുത്തക്കും അവരം വ്യക്തിപരമായ ഒരു സ്നേഹ ബന്ധമാണ്".

നോക്സ് ഒരു ആംഗ്ലിക്കൻ സഭാംഗമായിരുന്നു. സുപ്രസിദ്ധ വാഗ്മിയായിരുന്ന അദ്ദേഹത്തിൻെറ ഓരോ പ്രസംഗത്തിലും അദ്ദേഹം മേരിയെപ്പററി പ്രസ്താവിക്കാതിരുന്നിട്ടില്ല. 1957–ൽ അദ്ദേഹം മരിക്കുന്നതിനു തൊട്ടുമുമ്പ് ഇങ്ങിനെ എഴുതി: "നൂററാണ്ടുകരം കടന്നു പോകുമ്പോരം മററു ദീപങ്ങരംക്കു മങ്ങലുണ്ടാകും. എന്നാൽ മേരിയുടെ പ്രഭാപൂരത്തിനു് ഒരു മാററവുമുണ്ടാകയില്ല. ഒരു കത്തോലിക്കൻ മാതാവിനെ ഒരു കന്യകയും ദൈവത്തിൻെറ അമ്മയുമായി എന്നു മുതൽ ബഹുമാനിക്കാതാവുന്നുവോ അന്നുമുതൽ അയാരം ഒരു കത്തോലിക്കനല്ല".

ഓ! മേരി! നിത്യത്വത്തിൻെറ ആസൂത്രണത്തിൽ നീ ഒരു മൂലക്കല്ലാണ്. ദൈവമാതാവിൻെറ സ്തുതിക്കായി സെൻെറ് ബൊനവെഞ്ചർ എഴുതിയ "തെ ദേവും" ഗാനമിതാ:

"ടേ മാററ്റം ലൗ ഡാമസ്" (Te Matrem Laudamus)
ദൈവത്തിൻെറ അമ്മേ! ഞങ്ങരം നിന്നെ സ്തുതിക്കുന്നു.
ഞങ്ങരം നിന്നെ കന്യകാ മേരിയായി അംഗീകരിക്കുന്നു.
ലോകം മുഴുവനും പിതാവിൻെറ ഏക പുത്രിയായി നിന്നെ പ്രഖ്യാപിക്കുന്നു.
എല്ലാ ശക്തികളും അധിപതികളും നിന്നെ അനുസരിക്കുന്നു.
ചെറുബിൻ സെറാഫിം സംഘങ്ങരം നിന്നെ പ്രകീത്തിക്കുന്നു.
നിൻെറ മഹനീയ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
അപ്പസ്തോലന്മാരുടെ സമൂഹം നിന്നെ സ്തുതിക്കുന്നു.
പ്രവാചകന്മാർ നിന്നെ വാഴ്ത്തുന്നു.
ധവള വസ്ത്രമണിഞ്ഞ രക്തസാക്ഷികരം നിന്നെ പുകഴ്ത്തുന്നു.
കൺഫസ്സർമാരുടെ സേന നിന്നെ സ്തുതിക്കുന്നു.
ലോകമഖിലവുമുള്ള തിരുസ്സഭ നിന്നെ അംഗീകരിക്കുന്നു.
അനന്ത പ്രാഭവമുള്ള ചക്രവത്തിനിയും
ദൈവസുതൻെറ അമ്മയുമാണ് നീ.
പരിശുദ്ധാത്മാവിൻെറ മണവാട്ടിയാണ് നീ.
നിത്യപിതാവിൻെറ തെരഞ്ഞെടുക്കപ്പെട്ട പുത്രിയാണ് നീ.

മനുഷ്യൻ രക്ഷപ്രാപിക്കേണ്ടതിനു്
ദൈവസുതനെ നീ നിൻെറ ഉദരത്തിൽ ധരിച്ചു.
സപ്പ്ത്തിൻെറ തല നീ ചതച്ചരക്കയും
വിശ്വാസികരംക്കു വേണ്ടി നീ സ്വർഗ്ഗരാജ്യം തുറക്കയും ചെയ്തു.
പിതാവിൻെറ മഹത്വത്തിൽ നിൻെറ പുത്രൻെറ
വലത്തു ഭാഗത്തു നീ ഇരിക്കുന്നു.
ഭാവി വിധിയാളൻെറ മുമ്പിൽ ഞങ്ങരംക്കു വേണ്ടി
മാദ്ധ്യസ്ഥം പറയുന്നവളാണു് നീയെന്നു
ഞങ്ങരം വിശ്വസിക്കുന്നു.
ആകയാൽ മേരിമാതാവേ നിൻെറ ദാസരായ
ഞങ്ങരംക്കു വേണ്ടി നീ പ്രാത്ഥിക്കേണമേ!
തൻെറ തിരുരക്തത്താലാണു് നിൻെറ തിരുകുമാരൻ
ഞങ്ങളെ രക്ഷിച്ചതു്.
ഞങ്ങരം പാപകൂപത്തിൽ വീഴാതിരിക്കാൻ
ദിനേന ഞങ്ങളെ കാത്തുകൊള്ളേണമേ!

മിക്കപേരും ഒരു ക്ലബ്ബിലോ ഏതെങ്കിലും സംഘടനകളിലോ അംഗങ്ങളായിരിക്കും. മാതാവിൻെറ പുത്രീ പുത്രന്മാരുമായ നാമും ദിവ്യജനനിയുടെ സേനയിൽ അംഗങ്ങളായിത്തീരണം. സാത്താനെ തകക്കുവാൻ വേണ്ടിയാണു് മാതാവു് ജാഗ്രത പാലിക്കുന്നതു്. ആത്മാക്കളെ രക്ഷിക്കുന്നതിനും പിശാചിൻെറ കൈകളിൽ നിന്നു് അവരെ വിമോചിക്കുന്നതിനുമുള്ള കുരിശുയുദ്ധത്തിൽ നാം പങ്കാളികളാകണം.

അമലോത്ഭവ രാജ്ഞി നമ്മുടെ സേനാനിയാണു്. അവളുടെ പതാക തൻെറ മകനായ ക്രിസ്തുവിൻെറ കുരിശാണു്. നാം അവളെ പിഞ്ചെല്ലുമ്പോരം നമ്മുടെ ആയുധം ജപമാലയാണു്. നമ്മുടെ സവിശേഷമായ യൂനിഫോറം ആത്മശുദ്ധീകരണം നടത്തുന്ന ദൈവാനുഗ്രഹമാണു്. നമ്മുടെ പദവിമുദ്ര തവിട്ടുനിറമുള്ള ഉത്തരീയമാണു്. നാം ധരിച്ചിരിക്കുന്ന ആ തിരുവുത്തരീയം കാണുമ്പോരം ദിവ്യജനനിയുടെ സേനയിൽ പെട്ടവരാണു്നാമെന്നു് മററുള്ളവർ മനസ്സിലാക്കിക്കൊള്ളും. "അമലോത്ഭവ മേരി" എന്നതാണു് നമ്മുടെ മാർച്ചിങ്ങ് ഗാനം. "രാജകന്യകേ" എന്നതാണു് നമ്മുടെ സമര സംഗീതം. "പരിശുദ്ധ മറിയമേ!" എന്നതാണു് ഓരോ നിമിഷവും നമ്മുടെ അധരങ്ങളിൽ നിന്നു് നിർഗ്ഗളിക്കുന്ന മന്ത്രോച്ചാരണം, നമ്മുടെ ലക്ഷ്യം: മേരിയിൽ കൂടി ഈശോയിലേക്കു്! എന്നതും!

അന്ധകാരത്തിൻെറ ശക്തികളുമായുള്ള പോരാട്ടത്തിൽ ക്ഷീണിതരായിത്തീരുന്ന ഒരു ദിവസം വരുമ്പോഠം മേരിയുടെ മോഹന നയനങ്ങഠം നമ്മെ വീക്ഷിക്കുന്നുണ്ടെന്നും, നമുക്ക് അവളുടെ നേരെയുള്ള സ്നേഹത്തിനും നാം അവഠംക്കു വേണ്ടി ചെയ്യുന്ന ത്യാഗ കൃത്യങ്ങഠംക്കും അവളുടെ അധരങ്ങളിൽ സ്നേഹ നിർഭരമായ മൃദുസ്മിതം കളിയാടുന്നുമെന്നുമുള്ള കായ്യം നാം വിസ്മരിക്കരുത്. നാം ഒരിക്കലും നമ്മെ സംബന്ധിച്ച് അവളെ നിരാശയാക്കരുത്. അവളുടെ ആനന്ദവും പുഞ്ചിരിയുമാണ് നമുക്കുള്ള സവ്വസമ്പത്തും.

നമ്മുടെ സംരക്ഷണത്തിന് ദിവ്യജനനി കൂടെ ഉണ്ടെങ്കിൽ നരകത്തിലെ ശത്രുക്കളെ നമുക്കു ഭയപ്പെടാനില്ല. അവഠം നമ്മോടാവശ്യപ്പെടുന്നതെല്ലാം, അതിൽ എത്രതന്നെ ത്യാഗങ്ങഠം സഹിക്കേണ്ടിവന്നാലും ശരി, നാം അവയെല്ലാം സസന്തോഷം ചെയ്യുക തന്നെ ചെയ്യും. മാതാവിനെ സ്മരിക്കുന്ന സന്ദർഭങ്ങളിലെല്ലാം നാം ആ അമ്മയോടു പറയും: "Totus Tuws"—"ഞാൻ മുഴുവനും നിൻേറതാണ്".

ദിവ്യബലിയിൽ നാം കൂടക്കൂടെ, സാധിക്കുമെങ്കിൽ ദിനം തോറും, സംബന്ധിക്കണം. നമ്മുടെ ദൈനംദിന കൃത്യങ്ങഠം നിവ്വഹിക്കാൻ ഇതു് വളരെ സഹായിക്കും. ദിവ്യകാരുണ്യ സ്വീകരണവും നമ്മുടെ ആത്മാവിൻെറ ഒരു പോഷകാഹാരമാണ്.

സെൻറ് ലൂയിസ് ഡി മണ്ട്ഫോർട്ടിൻെറ ഒരു ഉദ്ധരണിയാണ് താഴെ കൊടുക്കുന്നതു്:

"പിൻകാലത്ത് സാത്താൻ അവൻെറ കെണികഠം മേരിയുടെ പാദങ്ങളിൽ അണിനിരത്തുമ്പോഠം അവളുടെ ശക്തി അവഠം എല്ലാ പിശാചുക്കളുടെ മേലും പ്രകടമാക്കും. മാത്രമല്ല, അവരോട് മല്ലടിക്കാൻ പുറപ്പെടുന്ന തൻെറ എല്ലാ മക്കളേയും അവഠം സംരക്ഷിക്കയും ചെയ്യും. ലോകദൃഷ്ടിയിൽ അവർ ചെറിയവരും ദരിദ്രരുമായിരിക്കും. എന്നാൽ ദൈവാനുഗ്രഹത്തിൽ അവർ സമ്പന്നരും വരപ്രസാദത്തിൽ സമൃദ്ധരുമായിരിക്കും. മാതാവാണ് ആ അനുഗ്രഹങ്ങഠം വിതരണം ചെയ്യുന്നതു്".

"എല്ലാ അനുഗ്രഹങ്ങളുടേയും മദ്ധ്യസ്ഥയായ മേരി!" പിതാവായ ദൈവത്തിൽ നിന്നു് പുത്രനായ ഈശോയിലേക്ക് പ്രവഹിക്കുന്ന എല്ലാ ദിവ്യാനുഗ്രഹങ്ങളുടെയും ഉറവിടമായ മേരിക്കുനെയോജ്യമായ

എന്തൊരു സ്ഥാനബഹുമതി! സ്വൎഗ്ഗത്തിൽ വസിക്കുന്ന മേരിക്കു് നമുക്കാവശ്യമായ അനുഗ്രഹങ്ങളെന്തെല്ലാമാണെന്നു് നന്നായറിയാം. അവാം നമ്മുടെ അമ്മയായതു കൊണ്ടു് നമ്മുടെ ആത്മാക്കളേയും അവയുടെ രക്ഷയേയും സംബന്ധിച്ചു് കൂടുതൽ ഉൽക്കണ്ഠയുള്ളവളാണു്. നാമെല്ലാവരും നമ്മുടെ പരിശുദ്ധ പിതാവിനോടു് യോജിച്ചു കൊണ്ടു് ലോകത്തിലെ എല്ലാ അനുഗ്രഹങ്ങളുടേയും മദ്ധ്യസ്ഥയാണു് മേരി എന്നു് പ്രഖ്യാപനം ചെയ്യട്ടെ! അവർ അവളെ അറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും, അവളുടെ മാദ്ധ്യസ്ഥ ശക്തിയെപ്പററി അവർക്കു് നിശ്ചയമുണ്ടായാലും ഇല്ലെങ്കിലും, അവാം പിതാവിൽ നിന്നും പുത്രനിൽ നിന്നും അനുഗ്രഹങ്ങാം വൎഷിച്ചുകൊണ്ടിരിക്കുക തന്നെ ചെയ്യുന്നു".

നവജാതനായ ഉണ്ണീശോയെ ദൎശിക്കുവാൻ ബെത്തലേഹമിലെ ആട്ടിടയന്മാരും അസംഖ്യം സന്ദൎശകരും ഓടിക്കൂടിയപ്പോാം അതിസുന്ദരിയായ ആ മാതാവിനെ കണ്ടു് അവളുടെ പേരെന്താണെന്നു് അവർ ആരാഞ്ഞു കാണും. മേരിയാണു് ആ പൊന്നുണ്ണിയുടെ കുഞ്ഞധരങ്ങളിൽ പ്രഥമ ചുംബനം നല്കിയതു്. മേരിയുടെ അധരങ്ങളിലാണു് കുഞ്ഞിനെ നോക്കിയുള്ള ആദ്യ പൂംപുഞ്ചിരി വിടൎന്നതു്. മേരിയാണു് ആ കുഞ്ഞിന്റെ പൂവുടലിനെ ആദ്യമായി പരിരംഭണം ചെയ്തതു്. ഒരമ്മയ്ക്കു് ഒരു ശിശുവിനു നല്കാനുള്ള ആദ്യ പരിചരണങ്ങളെല്ലാം മേരിയാണു് കുഞ്ഞോമനക്കു് ചെയ്തതു്. മേരിയാണു് ആദ്യ താരാട്ടു പാടി ആ കുഞ്ഞിനെ ഉറക്കിയതു്. ആ വത്സലമാതാവു് ചെയ്ത ഓരോ സ്നേഹ കൃത്യവും പൊന്നുണ്ണി കാണുകയും അവയിൽ ആനന്ദിക്കയും ചെയ്തിരിക്കണം. മാതാവായ മേരി! നീ എന്റേയും അമ്മയായി വൎത്തിക്കണേ! എനിക്കും അമ്മയെ ആവശ്യമാണു്. എന്നെ നിരാകരിക്കല്ലേ! ഇങ്ങിനെ പ്രാൎത്ഥനാത്മകമായി നാം ഈ അമ്മയെ സമീപിച്ചാൽ നമ്മിൽ എന്താണു് സംഭവിക്കുന്നതെന്നു് അനുഭവിച്ചറിഞ്ഞാലും!

അന്തരിച്ച കർദ്ദിനാാം മേഴ്സിയർ എല്ലാ പ്രസാദവരങ്ങളുടേയും മദ്ധ്യസ്ഥയായ മാതാവിന്റെ ഒരു തിരുന്നാാം ഏർപ്പെടുത്തി. മേരിയുടെ പരമ്പരാഗതമായ മാദ്ധ്യസ്ഥ സ്ഥാനപദവിയെ ഒരു വിശ്വാസ സത്യമായി പ്രഖ്യാപിക്കണമെന്നു് അദ്ദേഹം ബെനഡിക്ടു് 15–ാമൻ പാപ്പയോടു അഭ്യൎത്ഥിച്ചു. പാപ്പ ഒരു കമ്മീഷനെ നിയമിച്ചു.

സെൻറ് എപ്രേമിൻെറ താഴെ പറയുന്ന ഖണ്ഡിക ഇവിടെ സന്ദർഭോചിതമാണ്:

"എൻെറ ദിവ്യജനനീ, ദൈവത്തിൻെറ ഏററവും പരിശുദ്ധ മാതാവേ! നന്മനിറഞ്ഞവളേ! ദൈവത്തിൻെറ അഗോചരങ്ങളായ ദാനങ്ങളുടെ ഉറവിടമേ! പരിശുദ്ധ ത്രിത്വത്തിൻെറ പ്രേയസ്സീ... എൻെറ അയോഗ്യതയെ നീ പരിഗണിക്കരുതേ! എൻെറ അസംഖ്യം പാപകർമ്മങ്ങൾക്ക നിൻെറ തിരുക്കുമാരനിൽ നിന്നു് പാപപ്പൊറുതി എനിക്ക വാങ്ങിത്തരേണമേ!"

ഒരു വേദശാസ്ത്രജ്ഞൻ ഇങ്ങിനെ എഴുതി: "ഭൗതിക ശരീരത്തിലെ അംഗങ്ങളിൽ പ്രമുഖവും പ്രധാനവുമായ സ്ഥാനമാണ് മേരി അലങ്കരിക്കുന്നതു്...ഈ ശരീരത്തിൻെറ ഹൃദയമാണ് അവൾ".

ഹൃദയം സ്നേഹത്തിൻെറ ഇരിപ്പിടമാണ്. എന്നാൽ ഹൃദയം വ്രണിതമാകയോ കുത്തിമുറിവേല്പിക്കപ്പെടുകയോ ചെയ്യുമ്പോൾ ആ ഹൃദയം അനുഭവിക്കുന്ന വേദന അപാരമാണ്. നമ്മുടെ പാപങ്ങളാണ് ആ വ്രണങ്ങൾ ഉണ്ടാക്കുന്നതു്.

ജോൺ അപ്പസ്തോലൻ എഴുതി: "ശിശുവിനു് ജനനം നല്കിയപ്പോൾ മേരി കരഞ്ഞു." താൻ ജന്മം നല്കിയ ഉണ്ണിയെ കണ്ടപ്പോൾ ദൈവത്തിൻെറ അമ്മ ശാശ്വതാനന്ദത്തിൽ നീരാടനം ചെയ്യുന്നതു് ജോൺ കണ്ടു. പക്ഷേ, ശിശു ജനനത്തിൽ സഹജമായി അനുഭവപ്പെടുന്ന കായികമായ വേദനകളും പ്രയാസങ്ങളും മേരിയും അനുഭവിച്ചിരിക്കണം. അതു കൊണ്ടാണ് തൻെറ മക്കളായ നമ്മുടെ കായികവും മാനസികവുമായ വേദനകളേയും പ്രയാസങ്ങളേയും സ്വർഗ്ഗത്തിലിരുന്നു മനസ്സിലാക്കുന്ന ആ നല്ല അമ്മ യാതൊരു മടിയുമില്ലാതെ നമ്മുടെ സഹായത്തിനെത്തുന്നതു്. അതിനു് പാപികളായ നാം പാപികളുടെ സങ്കേതമായ ആ അമ്മയുടെ തൃപ്പാദങ്ങളിൽ അണയുക മാത്രമേ ചെയ്യേണ്ടതായുള്ളു.

സെൻറ് ആർച്ചിലോസ് മേരിയെ വിശേഷിപ്പിക്കുന്നതു് ഇപ്രകാരമാണ്: "ഏററവും പവിത്രയും അമലോത്ഭവയുമായ തിരുസ്സഭയാണ് മേരി".

അഗസ്റ്റെ നിക്കൊളസ് പറയുന്നു: "തിരുസ്സഭ മേരിയെപ്പോലെയാണെങ്കിൽ, മേരി തിരുസ്സഭയുടെ സജീവമായ പ്രതീകമാണ്. അവളിൽ കൂടിയാണ് ദൈവം എല്ലാ ദിവ്യാനുഗ്രഹങ്ങളും

ഭൂമിയിലേക്ക് വഷിക്കുന്നതു്. മേരിയുടെ മാതൃത്വത്തിൻെറ വികാസമാണു് തിരുസ്സഭ. തിരുസ്സഭ മേരിയുടെ മിസ്ററിക്കൽ ഉദരമാണു്. ക്രിസ്തുവിൻെറ മൗതിക ശരീരത്തിനു് ജന്മം നല്കുന്നതു് ആ മിസ്ററിക്കൽ ഉദരമാണു്''.

സെൻറ് പാസ്ക്കൽ ബെയ്ലോൻെറ രണ്ടു സ്നേഹഭാജനങ്ങൾ, ഒന്നു് പരിശുദ്ധ കർബ്ബാനയും, രണ്ടാമത്തേതു ദിവ്യജനനിയുമായിരുന്നു. അദ്ദേഹം 1592 മേയ് 17–നു് ദിവ്യബലി അപ്പിച്ചുകൊണ്ടു നില്ക്കുമ്പോൾ അപ്പവും വീഞ്ഞും വാഴ്ത്തുന്ന സമയത്തു് അന്ത്യശ്വാസം വലിച്ചു. വാഴ്ത്തപ്പെട്ട തിരുവോസ്തിയിലെ ഈശോയെ അവസാനമായി നോക്കുന്നതു പോലെ മിഴികൾ തുറക്കയും അടക്കയും ചെയ്തു് അദ്ദേഹം അന്തരിച്ചു,

സെൻറ് പാസ്ക്കൽ കൂടെക്കൂടെ ഇങ്ങിനെ പറഞ്ഞിരുന്നു: "മനുഷ്യനു് ദൈവത്തിൻെറ നേരെ ഒരു ശിശുഹൃദയവും, തൻെറ അയൽക്കാരൻെറ നേരെ ഒരമ്മയുടെ ഹൃദയവും, തൻെറ നേരെ ഒരു വിധിയാളൻെറ ഹൃദയവുമാണു് ഉണ്ടാകേണ്ടതു്''.

ആജീവനാന്തം നീണ്ടുനിന്ന സ്നേഹമാണു് സെൻറ് റോബർട്ടു് ബെല്ലർമൈനു് മേരിയോടുണ്ടായിരുന്നതു്. അതുകൊണ്ടു് മരണത്തെ അദ്ദേഹം ഭയപ്പെട്ടിരുന്നില്ല. മരണം ആസന്നമാണെന്നു് കൂടെയുണ്ടായിരുന്നവർ പറഞ്ഞപ്പോൾ "നല്ല വാർത്ത'' എന്നു് മാത്രം അദ്ദേഹം മൂന്നു പ്രാവശ്യം പറഞ്ഞു. അപ്പോഴേക്കും നിത്യ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുവാൻ ദിവ്യജനനി എത്തിക്കഴിഞ്ഞിരുന്നു.

മെക്സിക്കോയിലെ ദരിദ്രനായ ഒരു റെഡ് ഇന്ത്യനായിരുന്നു ജുവാൻ ഡീഗോ. 1531–ൽ ടെപെയാക്കിലെ ഒരു ചെറുകുന്നിൽ അയാൾക്ക് ദിവ്യജനനി കാണപ്പെട്ടു. മേരിയോടുള്ള അയാളുടെ സംസാരം ബാലിശമായിരുന്നു. ഒരു സന്ദർഭത്തിൽ തൻെറ മാതുലൻ മരണാസന്നനാണെന്നും ഒരു വൈദികൻ വന്നെത്തുന്നതിനു മുമ്പ് അയാൾ മരണമടയുമെന്നും കരുതി അയാൾ ദിവ്യജനനിയെ കണ്ടു സമയനഷ്ടം വരുത്താതിരിക്കാൻ വേറൊരു വഴിയിൽ കൂടി നടന്നു. എന്നാൽ ദിവ്യജനനി കുന്നിൽ നിന്നിറങ്ങി അവൻെറ അടുക്കലേക്ക് ചെന്നു. അവൻെറ ഉൽക്കണ്ഠ കണ്ടപ്പോൾ അതിൻെറ കാരണം മാതാവു ആരാഞ്ഞു. അവനു് പറയാനുള്ളതു് ശ്രവിച്ചു കഴിഞ്ഞപ്പോൾ ദിവ്യജനനി അവനോടു പറഞ്ഞു:

"എൻെറ മകനേ, ഞാൻ പറയുന്നതു് ശ്രദ്ധിക്കുക. നീ ചെറിയവരിൽ ചെറിയവനാണ്. ഭയപ്പെടാനോ മനസ്സിനെ വിഷമിപ്പിക്കാനോ ഒരു കാരണവുമില്ല. രോഗത്തേയോ മററു ദുഃഖങ്ങളേയോ നീ ഭയപ്പെടേണ്ടതില്ല. ഞാൻ നിൻെറ അമ്മയല്ലേ? ഞാൻ നിൻെറ അടുത്തില്ലേ? സ്നേഹമസൃണമായ എൻെറ നിഴലിലല്ലേ നീ അഭയം തേടിയിരിക്കുന്നതു്? ഞാനല്ലേ നിൻെറ ആരോഗ്യം? സ്നേഹാർദ്രമായ എൻെറ മാറിടത്തിൽ നീ സുരക്ഷിതനല്ലേ? ഇതിനേക്കാൾ കൂടുതലായി നിനക്കെന്താണ് വേണ്ടതു്? ഒന്നും തന്നെ നിന്നെ ക്ലേശിപ്പിക്കാതിരിക്കട്ടെ".

ദിവ്യജനനിയുടെ ഈ സാന്ത്വനോക്തികൾ കേട്ടപ്പോൾ അയാളുടെ എല്ലാ ആശങ്കകളും പമ്പകടന്നു. സുന്ദരങ്ങളായ ആ വാക്കുകൾ നമുക്കും ബാധകമല്ലേ? നമ്മെയും സ്പൃശിക്കുന്നവയല്ലേ?

"എന്നെ സ്നേഹിക്കുന്നവർക്കെല്ലാം ഞാൻ ദയാവതിയായ ഒരു അമ്മയല്ലേ? എന്നെ വിശ്വസിക്കുക. നിങ്ങൾ എൻെറ സഹായം ആവശ്യപ്പെടുക. ഞാൻ ഒരിക്കലും നിങ്ങളെ കൈവെടിയുകയില്ല".

പീരേലാമി വൃദ്ധനായ ഒരു ഫ്രെഞ്ചു വൈദികനായിരുന്നു. 1931-ലാണ് അദ്ദേഹം മരണമടഞ്ഞതു്. അദ്ദേഹം പലപ്പോഴും ദിവ്യജനനിയെ ദർശിക്കയും അവളോടു സംസാരിക്കയും ചെയ്യാറുണ്ടായിരുന്നു. എപ്പോഴും ഒരായിരം മാലാഖമാരാൽ ചുററപ്പെട്ടവളായിട്ടാണ് അദ്ദേഹം മാതാവിനെ കാണാറുണ്ടായിരുന്നതു്. ഓരോ മാലാഖയേയും ദിവ്യജനനി പേരെടുത്തു വിളിച്ചിരുന്നു. എന്നാൽ അവരാകട്ടെ രാജ്ഞിയെന്നാണ് മേരിയെ വിളിച്ചിരുന്നതു്. മേരി മാലാഖമാരുടെ രാജ്ഞി മാത്രമല്ല, സ്വർഗ്ഗത്തിലേയും ഭൂമിയിലേയും രാജ്ഞി കൂടിയാണ്.

പോപ്പ് പീയൂസ് 12-ാമൻ ഇങ്ങിനെ എഴുതിയിരിക്കുന്നു: "ഈശോയുടെ സാമ്രാജ്യം അതിവിശാലമാണ്. മേരിയിൽ നിന്നു് ഒന്നും വേർതിരിക്കപ്പെട്ടിട്ടില്ല. അവൾ ശുദ്ധീകരണ സ്ഥലം ഭരിക്കുന്നു. നരകത്തിലെ പിശാചുക്കൾ അവളുടെ മുമ്പിൽ ദുർബലരാണ്. തൻെറ ഭക്തജനങ്ങൾക്ക് ദൈവ സായൂജ്യം പ്രാപിക്കാൻ അവൾ അനവരതം പ്രയത്നിച്ചുകൊണ്ടിരിക്കുന്നു".

## ദൈവം സ്നേഹമാകുന്നു.

പോപ്പ് പിയൂസ് 12–ാമൻ "Sollemne Semper" ഓഗസ്റ്റ് 15, 1932 എന്ന തന്റെ വിശ്വലേഖനത്തിൽ ഇങ്ങിനെ എഴുതി: "സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ ദാതാവായ ദൈവത്തിന്റെ അമ്മയെ അധികാരത്തിന്റേയും മഹത്വത്തിന്റേയും ഉന്നതപദവിയിൽ സ്വർഗ്ഗത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഭൂമിയിൽ തങ്ങളുടെ പല ദൗർബല്യങ്ങളുടേയും വിപത്തുകളുടേയും മദ്ധ്യേ ജീവിക്കുന്നവരായ നമ്മെ സഹായിക്കുന്നതിൽ അവരം സദാ ജാഗ്രുകയാണ്."

സ്നേഹമൂർത്തിയായ ആ അമ്മ ഇരുപതാം നൂററാണ്ടിലേക്ക് കടന്നു വന്നിരിക്കയാണ്. ഈ ഇരുപതു നൂററാണ്ടുകളും അവരം നമ്മുടെ വത്സല മാതാവു തന്നെയായിരുന്നു. ദൈവത്തേയും നമ്മുടെ അയൽക്കാരനേയും സ്നേഹിക്കാൻ മാത്രമാണ് അവരം നമ്മിൽ നിന്നാവശ്യപ്പെടുന്നതു്. സുലളിതമായ ഈ അഭ്യർത്ഥനകരം നിരാകരിച്ചു കൊണ്ടു് നാം അവളുടെ ഹൃദയത്തെ വ്രണപ്പെടുത്തരുതു്.

കവിതകരം, ശില്പവേലകരം, ചിത്രരചന, സംഗീതം ഈ മാദ്ധ്യമങ്ങളിൽ കൂടി നാം ഈ സൗന്ദര്യ മൂർത്തിയുടെ കലാ ഭംഗി ഈ നൂററാണ്ടുകളിലെല്ലാം അനശ്വരമാക്കിയിട്ടുണ്ടു്. അവയിലെല്ലാം അവളുടെ തിരുക്കുമാരന്റെ ദിവ്യത്വം പ്രതിബിംബിച്ചിട്ടുമുണ്ടു്.

"Our Lady's Titles" എന്ന തന്റെ പുസ്തകത്തിൽ ഫാദർ ആൽബർട്ട് പൊവ്വർ, എസ്. ജെ., എം. ഏ., പറയുന്നു: "ലോകോദ്ധാരണം നടത്തുന്ന രീതിയിലുള്ള ഒരു സ്വാധീന ശക്തിയാണ് ദിവ്യജനനിക്കുണ്ടായിരുന്നതു്. അതിൽ നിന്നു് ഉടലെടുത്ത സംസ്ക്കാരം ലക്ഷോപലക്ഷം ജനങ്ങളുടെ ജീവിതഭാരം ലഘൂകരിച്ചു; അവരിൽ സമാധാനം പുലർത്തി; സംശയഗ്രസ്തരുടെ സംശയങ്ങരം അകററി; ദുഃഖിതർക്ക് സമാശ്വാസമരുളി; പാപികരംക്ക പശ്ചാത്താപം പ്രദാനം ചെയ്തു. ദൈവ സ്നേഹമെന്തെന്നു് അറിയാത്തവരെ ദൈവ സ്നേഹത്തിലേക്ക് ആനയിച്ചു. എന്തൊരു മഹദ് കൃത്യങ്ങളാണ് അവരം ദൈവത്തിനു വേണ്ടി ചെയ്തുകൊണ്ടിരിക്കുന്നതു്?"

സ്വയ പരിത്യാഗമാണ് ദൈവ ജനനി നമ്മെ പഠിപ്പിക്കുന്ന മറെറാരു പാഠം. സവ്വ മനുഷ്യരും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണ്. സവ്വ മനുഷ്യരും ക്രിസ്തുവിൻെറ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടവരാണ്; രക്ഷിക്കപ്പെടേണ്ടവരാണ്. ക്രിസ്തുവിൻെറ സഹോദരങ്ങളായ നാം, ക്രിസ്തുവിൻെറ അമ്മയുടെ അരുമസന്താനങ്ങളായ നാം, സവ്വ പേരും ഏകോദര സഹോദരങ്ങളാണ്. വലിയവനെന്നോ ചെറിയവനെന്നോ ഉള്ള വഗ്ഗവ്യത്യാസമൊന്നും നമ്മിലുണ്ടാകരുത്. സമൂഹത്തിൽ നിന്ന് സഹോദര സ്നേഹം വിദൂരത്തിലെ വിടേയോ പോയി ഒളിച്ചിരിക്കുന്നു. തൽസ്ഥാനത്തു മനുഷ്യർ തമ്മിലുള്ള വൈരാഗ്യ ബുദ്ധിയും വിദ്വേഷവും സ്ഥലം പിടിച്ചിരിക്കുന്നു. വിഷയലമ്പടത്വം, മദ്യപാനാസക്തി, അക്രമങ്ങൾ, മാഗ്ഗങ്ങളേതായാലും ശരി പണം സമ്പാദിക്കണമെന്ന ധനക്കൊതി, സ്വവഗ്ഗഭോഗാസക്തി, പരസ്ത്രീഗമനം, ഇങ്ങിനെ പോകുന്നു മനുഷ്യൻെറ പാപങ്ങളുടെ നീണ്ട പട്ടിക. ഇവയിൽനിന്നെല്ലാം ദുർബലനായ മനുഷ്യനു രക്ഷ വേണമെങ്കിൽ ഒരേ ഒരു മാഗ്ഗമേയുള്ളു. പാപ ലേശമേല്ലാത്ത ആ പവിത്ര കന്യകയെ അഭയം തേടുക. തൻെറ മകൻെറ വാക്കുകൾ അവളുടെ അധരങ്ങളിൽ നിന്നും പുറപ്പെടുന്നതു് നമുക്ക് കേൾക്കാം:

"ഒരാൾക്കും രണ്ടു യജമാനന്മാരെ സേവിക്കുക സാദ്ധ്യമല്ല. ഒന്നുകിൽ ഒരാൾ ഒന്നിനെ ദ്വേഷിക്കയും അപരനെ സ്നേഹിക്കയും ചെയ്യും. ഒന്നുകിൽ ഒരാൾ ഒന്നിനെ നിലനിത്തും; അല്ലെങ്കിൽ മറേറതിനെ ദ്വേഷിക്കും. ദൈവത്തേയും മാമ്മനേ (സാത്താനേ)യും ഒരേ സമയം സേവിക്കാൻ കഴിയുകയില്ല." (മാത്യു 6:24)

തൻെറ ദൈനംദിന ജീവിത കൃത്യങ്ങൾ പവിത്രീകരിക്കുന്നതിനും, മനുഷ്യനിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന മാനുഷിക മൂല്യങ്ങളെ വീണ്ടെടുക്കുന്നതിനുമാണ് ദിവ്യജനനി നമ്മെ സഹായിക്കുന്നതു്.

മേരി ഈശോയുടെ അമ്മയാണ്. ഈശോ നമ്മുടെ സഹോദരനും. മേരി മനുഷ്യരാശി മുഴുവൻേറയും അമ്മയാണ്. നിരീശ്വരന്മാർ തുടങ്ങിയ സവ്വ പേരും അതിൽ പെടുന്നു. സെൻറ് ജോൺ ബോസ്ക്കൊ ഒരു കായ്യം പറയാറുണ്ടായിരുന്നു. ലോകത്തിലെ എല്ലാ അമ്മമാരുടേയും സ്നേഹത്തെ ഒരുമിച്ചെടുത്ത് തുലാസ്സിൻെറ ഒരു തട്ടിൽവെക്കുക. മറേറ തട്ടിൽ മേരിയുടെ സ്നേഹവും

വെക്കുക. മേരിയുടെ സ്നേഹമായിരിക്കും അധികം തൂങ്ങുക. അവരം നമ്മെ ഓരോരുത്തരേയും അത്യഗാധം സ്നേഹിക്കുന്നതു കൊണ്ടു്, ക്രിസ്തുവിനു പകരം അവരം നമുക്കോരോരുത്തക്കും വേണ്ടി കരിശിൽ തൂങ്ങി മരിക്കുമായിരുന്നു.

അമേരിക്കൻ സ്വാതന്ത്ര്യത്തിൻെറ പ്രതിമയുടെ കരങ്ങരം വഹിക്കുന്നതു് സ്വാതന്ത്ര്യത്തിൻെറ ദീപ ശിഖയാണു്. എന്നാൽ ദിവ്യജനനിയുടെ കരങ്ങളിലുള്ളതു് ലോക പ്രകാശമായ ക്രിസ്തുവാണു്. ദിവ്യജനനി കാനായിലെ കല്യാണ വിരുന്നിൽ വെച്ചു് പറഞ്ഞ വാക്കുകരം തന്നെയാണു് അന്നും ഇന്നും എന്നും മാനവകുലത്തോടു് പറഞ്ഞു കൊണ്ടിരിക്കുന്നതു്: "അവിടുന്നു പറയുന്നതു് നിങ്ങരം ചെയ്യുക". ലോകത്തിനു് ലഭിച്ചിട്ടുള്ള ഏററവും വലിയ ആദ്ധ്യാത്മികോപദേശമാണു് അതു്. ചുരുക്കത്തിൽ ദിവ്യജനനി ഫാത്തിമായിൽ നല്കിയ സന്ദേശത്തിൻെറ സാരാംശം ഇതാണു്: ഏകോദര സഹോദരങ്ങളെപ്പോലെ ദൈവ മഹത്വത്തിനു വേണ്ടി മാത്രം നിങ്ങരം ഈ ലോകത്തിൽ ജീവിക്കുക. ആരേയും നിന്ദിക്കാതിരിക്കുക. ആക്കും ഒരു ഉപദ്രവവും ചെയ്യാതിരിക്കുക. ആരേയും വിദ്വേഷിക്കാതിരിക്കുക. ആരേയും, യുദ്ധത്തിൻെറ പേരിലായാലും, വധിക്കാതിരിക്കുക. തെററുകരം ചെയ്യുന്നവരോടു ക്ഷമിക്കുക. എല്ലാവരേയും ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുക. ദൈവം സ്നേഹമാണെന്ന ചിന്ത നിങ്ങളിൽ എപ്പോഴുമുണ്ടായിരിക്കട്ടെ.

ആത്മാക്കളെ പാപത്തിൽ നിന്നു് പരിശുദ്ധിയിലേക്കു് ആനയിക്കാനാണു് അവരം ഉദ്യമിക്കുന്നതു്. സൃഷ്ടികളെ സ്രഷ്ടാവിലേക്കു് അടുപ്പിക്കാനാണു് അവരം ശ്രമിക്കുന്നതു്. ക്ഷണഭംഗുരമായ സമയത്തിൻെറ ലൗകിക കാൎയ്യങ്ങളിൽ നിന്നു് അനശ്വരമായ നിത്യത്വത്തിലേക്കു് ആത്മാക്കളെ നേടിയെടുക്കയാണു് അവളുടെ ലക്ഷ്യം.

"The Seven Story Mountain" എന്ന തൻെറ പുസ്തകത്തിൽ തോമസ് മേർട്ടൻ (Thomas Merton) പറയുന്നു: "ദൈവത്തിൻെറ അമ്മേ! ഞങ്ങളുടെ മലകളിലും, ഗുഹകളിലും കുന്നുകളിലും പ്രത്യക്ഷപ്പെട്ടു കൊണ്ടു് എത്ര പ്രാവശ്യം നീ ഞങ്ങരംക്കുവരാനിരിക്കുന്ന വിപത്തുകളെപ്പററി താക്കീതുകരം നല്കി? എന്നിട്ടും ഞങ്ങരം അമ്മയെ ശ്രവിക്കുന്നില്ല. അമ്മയുടെ ശബ്ദം കേരംക്കാതെ ഞങ്ങരം എത്രകാലം ബധിരരായി കഴിഞ്ഞു കൂടും? നിത്യ നരകാഗ്നിയിൽ പതിക്കുവാൻ ഞങ്ങരം തയ്യാറായിക്കൊണ്ടിരിക്കയാണു്".

1900 കൊല്ലങ്ങൾക്കു മുമ്പ് നമ്മുടെ കർത്താവ് ഈ ഭൂതലത്തിൽ കുടിനടന്നു. വക്കീലായിരുന്ന ഒരു ഫാരിസേയൻ കർത്താവിനെ സമീപിച്ച് ചോദിച്ചു: "ഗുരോ! വേദപ്രമാണങ്ങളിൽ ഏററവും വലുതേതാണ്?" ദിവ്യരക്ഷകൻ മറുപടിപറഞ്ഞു: "നിൻെറ കർത്താവായ ദൈവത്തെ നിൻെറ മുഴുഹൃദയത്തോടും പൂർണ്ണ ആത്മാവിനോടും സർവ്വശക്തികളോടും മുഴുവൻ മനസ്സോടും കൂടി സ്നേഹിക്കുക." ഫാരിസേയൻ ഏററവും വലിയ പ്രമാണമേതെന്നാണ് ചോദിച്ചത്. എന്നാൽ നമ്മുടെ കർത്താവ് രണ്ടു പ്രമാണങ്ങളാണ് നല്കിയത്. അവിടുന്ന് പറഞ്ഞു: "രണ്ടാമത്തെ പ്രമാണം അതിനു തുല്യം തന്നെയാണ്: നിന്നെ നീ സ്നേഹിക്കുന്നതുപോലെ നിൻെറ അയൽക്കാരനേയും നീ സ്നേഹിക്കുക."

ഇതുതന്നെയാണ് ഫാത്തിമാസന്ദേശത്തിൻെറ സാരാംശവും: ദൈവത്തെ സ്നേഹിക്കുക; അയൽക്കാരനേയും സ്നേഹിക്കുക. ദിവ്യജനനി ഫാത്തിമായിൽ പ്രത്യക്ഷപ്പെടുന്നതിനുമുമ്പ് ജെസീന്താ, ലൂസിയാ, ഫ്രാൻസിസ്ക്കോ, എന്നീ മൂന്നുകുട്ടികൾക്ക് 1916-ൽ ഒരു ദൈവദൂതൻ മൂന്നുപ്രാവശ്യം കാണപ്പെട്ടു.

വസന്തകാലമായിരുന്നു. വൃക്ഷങ്ങളെല്ലാം പുതിയ പച്ചിലകളും പുഷ്പങ്ങളും കൊണ്ടു് സമലംകൃതമായിരുന്നു. നേരിയൊരിളംകാററു അന്തരീക്ഷത്തെ ശീതളമാക്കിയിരുന്നു. ദൈവദൂതൻ സമന്ദം നിലത്തുമുട്ടുകുത്തിയപ്പോൾ കുട്ടികൾ അസ്വസ്ഥരായി. താൻ ശാന്തിയുടെ ദൂതനാണെന്ന് മാലാഖ അവരോടു പറഞ്ഞു. മൃദുലസ്വരത്തിലാണ് അദ്ദേഹം അവരോടു സംസാരിച്ചത്. സംസാരം സുസ്പഷ്ടവും ചുരുങ്ങിയതുമായിരുന്നു. അന്ധാളിച്ചുനിന്ന കുട്ടികൾക്കു ഈ പ്രാർത്ഥന മൂന്നുപ്രാവശ്യം അദ്ദേഹം ചൊല്ലിക്കൊടുത്തു:

"എൻെറ ദൈവമേ! ഞാൻ അങ്ങയിൽ വിശ്വസിക്കയും, ഞാൻ അവിടുത്തേ ആരാധിക്കയും, അങ്ങയിൽ ശരണപ്പെടുകയും ചെയ്യുന്നു. അവിടുത്തേ വിശ്വസിക്കാതിരിക്കയും, ആരാധിക്കാതിരിക്കയും, അങ്ങയിൽ ശരണപ്പെടാതിരിക്കയും, ചെയ്യുന്നവക്ക് മാപ്പ് നല്കേണമേ!"

ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹപ്രകടനം പ്രഖ്യാപനം ചെയ്യുന്ന പരിപൂർണ്ണമായ ഒരു പ്രാർത്ഥനയുടെ എന്തൊരു മാതൃക!

ഗ്രീഷ്മകാലത്ത് ഒരു ദിവസം ഗോതമ്പ് കതിരുകൾ പ്രസന്നമായ സൂര്യന്റെ ചെരിഞ്ഞ രശ്മികളുടെ തലോടലിൽ നൃത്തം ചെയ്തുകൊണ്ടിരുന്നപ്പോൾ ഏതാനും ഇരുണ്ടമേഘപടലങ്ങൾ കുറെ അകലെ താഴെയിറങ്ങി. അക്ഷമയോടെ ശ്വാസം അടക്കിപ്പിടിച്ചു കൊണ്ട് നിന്നിരുന്ന കുട്ടികളോടു ഒരു സ്വരം പറഞ്ഞു:

"പ്രാർത്ഥിക്കുക! ധാരാളം പ്രാർത്ഥിക്കുക. ഈശോയുടേയും മേരിയുടെയും കാരുണ്യം നിറഞ്ഞ ഹൃദയങ്ങൾക്ക് നിങ്ങളെ സംബന്ധിച്ച് ചില ലക്ഷ്യങ്ങളുണ്ട്! നിങ്ങളുടെ പ്രാർത്ഥനകളും ത്യാഗകൃത്യങ്ങളും ദൈവത്തെ ദ്രോഹിക്കുന്ന പാപകർമ്മങ്ങളുടെ പരിഹാരമായി, പാപികളുടെ മാനസാന്തരത്തിനുവേണ്ടി, ദൈവത്തിനു് സമർപ്പിക്കുക. സർവ്വോപരി നിങ്ങളുടെ ജീവിതത്തിലേക്ക് ദൈവം അയക്കുന്ന യാതനകൾ ത്യാഗ ബുദ്ധിയോടുകൂടി സ്വാഗതം ചെയ്യുക."

ശരത് കാലത്ത് ചാരനിറത്തോടു കൂടിയ ആകാശത്തിൻ കീഴിൽ ഉഷ്ണാധിക്യമുള്ള ഒരന്തരീക്ഷത്തിൽ പെട്ടെന്നൊരു കാററൂതി. തുടർന്നു് ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു. അതു് ദൈവദൂതന്റെ അവസാന ദർശനമായിരുന്നു. അദ്ദേഹത്തിന്റെ ഇടതുകരത്തിൽ ഒരു സ്വർണ്ണക്കാസയുണ്ടായിരുന്നു. അതിനു മുകളിലായി വലതുകരത്തിൽ കൂദാശചെയ്യപ്പെട്ട ഒരു തിരുവോസ്തിയും. തിരുവോസ്തിയിൽ നിന്നു് രക്തകണങ്ങൾ ഇററിററായി കാസയിലേക്കു വീണുകൊണ്ടിരുന്നു. കാസയും തിരുവോസ്തിയും വായുവിൽ തങ്ങിനില്ക്കുമ്പോൾ മാലാഖ നിലത്തിൽ മുട്ടുകുത്തി സ്രാഷ്ടാംഗ പ്രണാമം ചെയ്ത് അവയെ ആരാധിച്ചു, അനന്തരം മൂന്നുപ്രാവശ്യം ഉരുവിട്ടുകൊണ്ട് താഴെ ചേർക്കുന്ന പ്രാർത്ഥന മാലാഖ അവരെ പഠിപ്പിച്ചു:

"പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങിയ ഏററവും സമാരാധ്യമായ പരിശുദ്ധ ത്രിത്വമേ! ഞാൻ അവിടത്തെ അത്യഗാധം ആരാധിക്കുന്നു. ലോകമഖിലവുമുള്ള സക്രാരികളിൽ സന്നിഹിതമായിരിക്കുന്ന യേശുക്രിസ്തുവിന്റെ ശരീരവും രക്തവും ആത്മാവും ദിവ്യത്വവും അവിടുത്തേ നേരെ ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങൾക്ക് പരിഹാരമായി ഞാൻ അവിടുത്തേക്ക് അർപ്പിക്കുന്നു. ഈശോയുടെ തിരുഹൃദയത്തിന്റെയും മേരിയുടെ വിമലഹൃദയത്തിന്റേയും യോഗ്യതകൾ മൂലം പാപികളുടെ മാനസാന്തരത്തിനായി ഞാൻ അഭ്യർത്ഥിക്കുന്നു."

ദൈവ ദൂതൻ എഴുന്നേററു നിന്നു. കാസയും തിരുവോസ്തിയും കൈകളിൽ എടുത്ത് തിരുവോസ്തി ലൂസിയായ്ക്കും, കാസയിലെ വീഞ്ഞ് ജെസീന്താക്കും ഫ്രാൻസിസ്ക്കോയ്ക്കും കൊടുത്തു കൊണ്ടു് പറഞ്ഞു:

"നന്ദിഹീനനായ മനുഷ്യൻ നിന്ദിക്കുന്ന യേശു ക്രിസ്തുവിൻെറ ശരീരവും രക്തവും സ്വീകരിച്ചാലും! നിങ്ങളുടെ ദൈവത്തെ സാന്ത്വനപ്പെടുത്തുക. പരിഹാര കർമ്മങ്ങൾ ചെയ്യുക".

ശാന്തി ദൂതൻെറ ആ ദർശനം അങ്ങിനെ പര്യവസാനിച്ചു. ആദ്യത്തെ ദർശനത്തിൽ പ്രാർത്ഥനക്കാണ് അദ്ദേഹം പ്രാധാന്യം നല്കിയതു്. രണ്ടാമത്തേതിൽ പ്രായശ്ചിത്ത കൃത്യങ്ങൾക്കും, മൂന്നാമത്തേതിൽ പരിഹാര പ്രവൃത്തികൾക്കും, 1917 മേയ് 13–ന് നടക്കാനിരുന്ന മാതാവിൻെറ ദർശനത്തിൻെറ ഒരു മുന്നോടിയായിരുന്നു അതു്. ഫാത്തിമായെപ്പററി ഏററവും പ്രചാരം ലഭിച്ച പുസ്തകമെഴുതിയ മി. വില്യം തോമസ് വാൽഷ് ലൂസിയായെ സന്ദർശിച്ച് ഒരഭിമുഖ സംഭാഷണം നടത്തി. ദിവ്യജനനിയുടെ ദർശനം ലഭിച്ച കുട്ടികളിൽ ലൂസിയാ മാത്രമാണ് ഇപ്പോഴും ജീവിച്ചിരിപ്പുള്ളതു്. തൻെറ ആദ്യത്തെ ആറു ദർശനങ്ങളിലും ഒരേ കാര്യം മാത്രമാണ് ദിവ്യജനനി ആവർത്തിച്ച് ആവശ്യപ്പെട്ടതു്: പ്രാർത്ഥന, പ്രായശ്ചിത്തം, പരിഹാര പ്രവൃത്തികൾ. ആ അഭിമുഖ സംഭാഷണത്തിൽ മി. വാൽഷ് ലൂസിയായോടു ചോദിച്ചു: "ലൂസിയാ, ഏതു രീതിയിലുള്ള പ്രായശ്ചിത്ത കൃത്യങ്ങളാണ് ഈശോയും മേരിയും നമ്മിൽ നിന്നു് ആവശ്യപ്പെടുന്നതു്?" ഉചിതമായ ആ ചോദ്യം ചെയ്തപ്പോൾ ധരിക്കാൻ അസുഖം നല്കുന്ന രോമവസ്ത്രങ്ങൾ, ഭക്ഷണം, നിദ്ര പാനീയങ്ങൾ ഇവയുടെ നിരാകരണം, ശരീര മർദ്ദനം, ഇവയൊന്നും ചോദ്യകർത്താവ് ഭാവന ചെയ്തിരിക്കയില്ല. തൽക്ഷണം ലൂസിയാ നല്കിയ മറുപടിയിൽ, നമ്മുടെ ദൈനംദിന ജീവിതത്തിലെ സാധാരണ പ്രവൃത്തികൾ, പ്രത്യേകിച്ച് നിരസിക്കാൻ നാം ഇഷ്ടപ്പെടാത്ത കാര്യങ്ങൾ പോലും ദൈവഹിതമനുസരിച്ച് ചെയ്യുക എന്നതായിരുന്നു. അവയിൽ അന്തർഭവിച്ചിരുന്ന വസ്തുതകൾ. രണ്ടാമത്തെ ദർശനത്തിൽ ദൈവ ദൂതൻ എന്താണ് പറഞ്ഞതെന്നു നോക്കുക: "സർവ്വോപരി, നമ്മുടെ ജീവിതത്തിലേക്ക് ദിവ്യരക്ഷകൻ അയക്കുന്ന എല്ലാ യാതനകളേയും സ്വാഗതം ചെയ്യുകയും സന്മനസ്സോടെ അനുഭവിക്കയും ചെയ്യുക".

യാതനകഠം നമ്മുടെ ജീവിത മണ്ഡലങ്ങളിലേക്ക് ദൈവം അയക്കുക തന്നെ ചെയ്യും. ക്രിസ്തു തന്നെ നമ്മോടതു പറഞ്ഞിട്ടുണ്ട്: "നിങ്ങഠം എന്നെ അനുഗമിക്കുമെങ്കിൽ സ്വയം പരിത്യജിക്കുക; നിങ്ങളുടെ കുരിശുമെടുത്ത് എൻെറ പിന്നാലെ വരിക". നമ്മുടെ ദിവ്യരക്ഷകൻ അസന്ദിഗ്ദ്ധമായ ഭാഷയിൽ നമ്മോടോരോരുത്തരോടും പറകയാണ് നമുക്കെല്ലാവക്കും ജീവിതത്തിൽ ഓരോ കുരിശു ചുമക്കാനുണ്ടെന്ന്. ഒരാഠംക്കും അതിൽ നിന്ന് മോചനലബ്ധിയില്ല. എന്നാൽ അവിടന്ന് ഈ കുരിശുകഠം അയക്കുമ്പോഠം നാം ദൈവത്തെ മുഴുഹൃദയത്തോടെ, സവ്വാത്മനാ, സവ്വശക്തികളോടും കൂടിയാണ് സ്നേഹിക്കേണ്ടതു്. മാത്രമല്ല, നാം നമ്മുടെ അയൽക്കാരനെയും നമ്മെപ്പോലെ തന്നെ സ്നേഹിക്കയും വേണം.

ലോകത്തിലെ ഇന്നത്തെ വലിയ ആവശ്യം അയൽക്കാരനെ യഥാത്ഥത്തിൽ സ്നേഹിക്കുക എന്നതാണെന്ന് പോപ്പ് പോഠം ആറാമൻ പറഞ്ഞിരുന്നു. നാം അയൽക്കാരനെ ക്രിസ്തുസമാനം സ്നേഹിക്കുന്നുണ്ടോ എന്നതിനുള്ള ഒരു പരീക്ഷണം അയൽക്കാരനെപ്പററി എന്താണ് നാം ചിന്തിക്കുന്നതെന്ന് മനസ്സിലാക്കുകയാണ്. മനുഷ്യ പ്രകൃതി മാനുഷികമായിരിക്കുന്ന കാലത്തോളം മനസ്സിലുള്ള വിചാരങ്ങഠം നാക്കുകഠം പുറത്തു കൊണ്ടുവന്നു കൊള്ളും! മനുഷ്യർ പരസ്പരമുള്ള കലഹങ്ങഠംക്കും, യുദ്ധങ്ങഠംക്കു പോലുമുള്ള, കാരണമിതാണ്. നമ്മുടെ നേതാക്കന്മാർ, അവർ രാഷ്ട്രീയ തലവന്മാരായാലും ആരായിരുന്നാലും ശരി, നാക്കുകഠംക്ക് ഒരു നിയന്ത്രണം ഏർപ്പെടുത്തിയിരുന്നെങ്കിൽ ലോകത്തിൽ പല സംഘഷങ്ങളും സംഘട്ടനങ്ങളും ഒഴിവാക്കാമായിരുന്നു. തങ്ങഠം ദൈവത്തെ എത്ര മാത്രം സ്നേഹിക്കുന്നുണ്ടെന്ന് ചില മനുഷ്യർ ചിലപ്പോഠം അത്ഭുതപ്പെടാറുണ്ട്. അതിന് വിശുദ്ധന്മാർ ഉത്തരം കണ്ടെത്തിയിട്ടുണ്ട്. നാം നമ്മുടെ അയൽക്കാരനെ സ്നേഹിക്കുന്നതിനേക്കാഠംകുറവായോ കൂടുതലായോ അല്ല ദൈവത്തെ സ്നേഹിക്കുന്നതു്. ദൈവത്തേയും അയൽക്കാരനേയും സ്നേഹിക്കുന്നതു് തുല്യനിലയിലായിരിക്കണമെന്നസാരം. കാണപ്പെടുന്ന അയൽക്കാരനെ നാം സ്നേഹിക്കുന്നില്ലെങ്കിൽ, കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നതിൽ ഒരത്ഥവുമില്ല.

വിശുദ്ധ ഗ്രന്ഥത്തിലെ അതിമനോഹരമായ ഖണ്ഡികകളിൽ ഒന്ന് സെൻറ് മാത്യുവിൻെറ 25-ാം അദ്ധ്യായത്തിലെ 31-ാം വാക്യമാണ്:

"അനുഗ്രഹീതരായവരേ! സ്വർഗ്ഗരാജ്യത്തിലേക്ക് നിങ്ങൾക്ക് സ്വാഗതം. കാരണം എനിക്കു വിശന്നപ്പോൾ നിങ്ങൾ എനിക്ക് ആഹാരം നല്കി; എനിക്കു ദാഹിച്ചപ്പോൾ നിങ്ങൾ എനിക്ക് പാനീയം തന്നു; ഞാൻ നഗ്നനായിരുന്നപ്പോൾ നിങ്ങൾ എന്നെ വസ്ത്രം ധരിപ്പിച്ചു; ഞാൻ രോഗിയായിത്തീന്നപ്പോൾ നിങ്ങൾ എന്നെ പരിചരിച്ചു; ഞാൻ കാരാനിലയത്തിലായിരുന്നപ്പോൾ നിങ്ങൾ എന്നെ സന്ദശിച്ചു; ഞാനൊരപരിചിതനായിരുന്നപ്പോൾ നിങ്ങൾ എനിക്ക് അഭയമരുളി".

ഈ വരികളുടെ ഇടയിൽ തങ്ങിനില്ക്കുന്ന ആശയങ്ങൾ നമ്മക്ക് ഗ്രഹിക്കാൻ കഴിയും. മാനസികമായ ഒരു നിരുന്മേഷം എന്നെ ബാധിച്ചപ്പോൾ ഒരു ടെലിഫോൺ സംഭാഷണത്തിന് ഞാൻ ആഗ്രഹിച്ചു. നിങ്ങൾ ഉടനെ എന്നെ വിളിച്ചു. നിരുത്സാഹം എന്നെ മത്ഥിക്കാൻ തുടങ്ങിയപ്പോൾ എനിക്കൊരു കത്തെഴുതാൻ നിങ്ങൾ സമയം കണ്ടെത്തി. ഞാൻ നിരാശയിൽ മുങ്ങിയപ്പോൾ നിങ്ങളെന്നെ പ്രോത്സാഹിപ്പിച്ചു. ഋണബാദ്ധ്യതയിൽ നിന്നു് വിമുക്തനാകാൻ പണം ആവശ്യമായി വന്നപ്പോൾ നിങ്ങളെന്നെ സഹായിച്ചു. ഞാനൊരു ലെബനീസ് തടവുകാരനായപ്പോൾ എന്റെ വിടുതലിനുവേണ്ടി നിങ്ങൾ പ്രാത്ഥിച്ചു. എന്റെ മനസ്സ് അസ്വസ്ഥമായപ്പോൾ നിങ്ങൾ എന്നെ സമാശ്വസിപ്പിച്ചു.

കത്താവേ! എപ്പോഴാണ് ഞങ്ങൾ നിന്നെ വിശക്കുന്നവനായും, ദാഹിക്കുന്നവനായും, നഗ്നനായും, ജെയിലിലടക്കപ്പെട്ടവനായും, അസ്വസ്ഥചിത്തനായും, അപരിചിതനായും, കണ്ടതു്?

"ഏററവും വിനീതനായ ഒരുത്തനോട് നിങ്ങൾ ഇപ്രകാരം പ്രവത്തിക്കുമ്പോൾ ആ സദ്കമ്മങ്ങൾ എനിക്കുവേണ്ടിയാണു് നിങ്ങൾ ചെയ്തതു്."

ഒമ്പതാം നൂററാണ്ടിലെ ഒരു പേർഷ്യൻ കവി അനശ്വരമായ ഈ വാക്കുകൾ എഴുതി:

"ഞാനെന്റെ ആത്മാവിനെ തേടി. എന്നാൽ ഞാനതിനെ കണ്ടില്ല. ഞാനെന്റെ ദൈവത്തെതേടി. എന്നാൽ എന്റെ ദൈവം എന്നിൽ നിന്നകന്നുമാറി. ഞാനെന്റെ അയൽക്കാരനെ തേടി. അവിടെ ഞാൻ മൂവ്വരേയും കണ്ടെത്തി."

ഒരു പക്ഷേ, അതുകൊണ്ടായിരിക്കും ക്രിസ്തു ഈ ലോകം വിടുന്നതിനുമുമ്പ് ഇപ്രകാരം പറഞ്ഞതു്: "ഒരു പുതിയ കല്പന

ഞാൻ നിങ്ങാംക്ക തരുന്നു: നിങ്ങാം പരസ്പരം സ്നേഹിക്കുക. ആ പ്രവൃത്തിയിൽ നിന്നു് സർവ്വ മനുഷ്യരും നിങ്ങാം എൻെറ അനുഗാമികളാണെന്നു് മനസ്സിലാക്കും.''

മനസ്സിനെ മഥിക്കുന്ന ഒരു കവിതയുണ്ടു്:

''ഈ ലോകത്തിൽ കൂടി ഒരിക്കൽ മാത്രമേ ഞാൻ കടന്നു പോകയുള്ളു. ആകയാൽ എന്തെങ്കിലും നന്മ എനിക്കു ചെയ്യാൻ കഴിയുമെങ്കിൽ അതു് ഞാനിപ്പോാം തന്നെ ചെയ്തുകൊള്ളട്ടെ. ഞാനതിൽ നിന്നു് ഒഴിഞ്ഞു മാറാതിരിക്കട്ടെ. ഞാൻ തിന്മ ചെയ്യാതിരിക്കട്ടെ. കാരണം, ഞാൻ ഈ വഴി ഇനി കടന്നു പോകയില്ല.''

എൻെറ ഒരു മാതുലൻ അന്തരിച്ചപ്പോാം എൻെറ പിതാവ് അദ്ദേഹത്തെപ്പററി പറഞ്ഞ വാക്കുകാം ഞാൻ എപ്പോഴും സ്മരിക്കാറുണ്ടു്. അദ്ദേഹം പറഞ്ഞതിതാണു്: ''അദ്ദേഹം ഒരിക്കലും ആരെപ്പററിയും ഒരു ചീത്തവാക്കു് പറഞ്ഞിട്ടില്ല.'' നമ്മുടെ ജീവിതത്തിൽ അനുഷ്ഠിക്കേണ്ട നല്ലൊരു പ്രമാണം!

സ്പെയിനിലെ സെൻറ് ജോൺ ഓഫ് ഗോഡ് ഇങ്ങിനെ പറഞ്ഞു: ''നിങ്ങാംക്കു് ചെയ്യാൻ കഴിയുന്നത്ര നന്മകാം, നിങ്ങാംക്കു് കഴിയുന്നത്ര ജനങ്ങാംക്കു്, നിങ്ങാംക്കു് കഴിയുന്നത്ര മാർഗ്ഗങ്ങളിൽ കൂടിയെല്ലാം, നിങ്ങാംക്കു് സാധിക്കുന്ന സമയങ്ങളിലെല്ലാം, നിങ്ങാംക്കു സാധിക്കുന്ന സ്ഥലങ്ങളിലെല്ലാം, നിങ്ങാംക്കു് ചെയ്യാൻ കഴിയുന്ന കാലമത്രയും, ചെയ്യുക.''

അദ്ദേഹത്തിൻെറ സമകാലീനനായ സെൻറ് ജോൺ ഓഫ് ദി ക്രോസ്സ് (ഇദ്ദേഹം Mystical theolgy യിൽ ഒരു മഹാപണ്ഡിതനായിരുന്നു) പറഞ്ഞു: ''നമ്മുടെ ജീവിത സായാഹ്നത്തിൽ, ദൈവം നമ്മെ വിധിക്കുന്നതു്, നാം നമ്മുടെ സഹോദരങ്ങളെ എങ്ങിനെ സ്നേഹിച്ചു എന്നതിൻെറ അടിസ്ഥാനത്തിലായിരിക്കും.''

സെൻറ് ജോസഫ് ബെനഡിക്ട് ലാബ്രെ പറഞ്ഞു:

''നിങ്ങാംക്കു് സന്തുഷ്ടനാകണമോ? നിങ്ങാംക്കു് ജീവിതവിശുദ്ധി കൈവരിക്കണോ? അങ്ങിനെയെങ്കിൽ നിങ്ങാംക്കു് മൂന്നു ഹൃദയങ്ങാം ഒന്നിലുണ്ടാകണം.

1. ദൈവസ്നേഹത്താൽ ഉജ്ജ്വലമായ ഒരു ഹൃദയം.
2. നിങ്ങളുടെ അയൽക്കാരനെ സ്നേഹിക്കുന്ന മാംസളമായ ഒരു ഹൃദയം.

3. നിങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ വെങ്കലനിർമ്മിത മായ ഒരു ഹൃദയം.

സെൻറ ഫ്രാൻസിസ് ഓഫ് അസീസ്സി പ്രാർത്ഥിച്ചു:

നാഥാ, എന്നെ സമാധാനത്തിനുള്ള ഒരു ഉപകരണ
മാക്കിത്തീക്കേണമേ!
വിദ്വേഷമുള്ളിടത്ത് ഞാൻ സ്നേഹം വിതക്കട്ടേ!
ദ്രോഹിക്കുന്നവക്ക് ഞാൻ മാപ്പ് നല്കട്ടേ!
സംശയഗ്രസ്തരിൽ വിശ്വാസമുളവാക്കട്ടെ!
നിരാശരിൽ പ്രത്യാശയുദിപ്പിക്കട്ടെ!
അന്ധകാരമുള്ളിടത്ത് ഞാൻ പ്രകാശം പരത്തട്ടേ!
സന്താപമുള്ളിടത്ത് ഞാൻ സന്തോഷമുണ്ടാക്കട്ടേ!
ഓ! ദിവ്യഗുരോ! സാന്ത്വനം അന്വേഷിക്കേണ്ട
തിനു പകരം ആശ്വാസം അന്യക്ക് പകരാൻ എനിക്ക്
ഇടയാക്കണേ!
ഞാൻ മററുള്ളവരെ മനസ്സിലാക്കുന്നതിനുപകരം
അവർ എന്നെ മനസ്സിലാക്കാൻ ഇടയാക്കേണമേ!
അന്യർ എന്നെ സ്നേഹിക്കുന്നതിനു പകരം
അവരെ സ്നേഹിക്കാൻ എനിക്കു കഴിയേണമേ!
അന്യക്ക് നാം ദാനം ചെയ്യുമ്പോഴാണ് അതു് തിരിയെ
നമുക്കു ലഭിക്കുന്നതു്.
മററുള്ളവരുടെ കുററങ്ങരം നാം ക്ഷമിക്കുമ്പോഴാണ്
നമ്മുടെ തെററുകരം നമ്മോട് ക്ഷമിക്കപ്പെടുന്നതു്.
മരണത്തിൽ കൂടിയാണ് നാം നിത്യ ജീവിതത്തിലേക്ക്
ജനിക്കുന്നതു്.

ഏററവും മനോഹരമെങ്കിലും അത്യന്തം ദുഃഖകരമായ ഒരു പ്രേമകഥയെപ്പററി എനിക്കറിയാൻ ഇടവന്നതു് മിച്ചിഗൻ നഗരത്തിൽ വെച്ചാണ്. ക്രിസ്തുമസ്കാല ഷോപ്പിങ്ങിനു വേണ്ടി പോയ ഒരു ഭാര്യ അഞ്ചു വയസ്സായ അവരുടെ മകൻെറ മേൽനോട്ടം ഭത്താവിനെ ഭരമേല്പിച്ചു. രണ്ടു മണിക്കൂറിനുള്ളിൽ തിരിച്ചെത്തു മെന്നാണ് അവരം പറഞ്ഞു പോയതു്. അഞ്ചു മണിക്കൂറുകളായിട്ടും അവരം തിരിച്ചെത്തിയില്ല. കുട്ടി കരയാൻ തുടങ്ങി. കരച്ചിൽ മൂത്ത പ്പോരം പിതാവിൻെറ ക്ഷമക്കും അറുതിവന്നു, അയാരം ഒരു വടി യെടുത്തു മകനെ കണക്കിനു പ്രഹരിച്ചു. ശിരസ്സിലേല്പിച്ച അടി അവനെ ബോധരഹിതനാക്കി. എന്തുചെയ്യണമെന്നറിയാതെ അമ്പരന്ന പിതാവ് മകനേയും വാരിയെടുത്ത് കാറിൽ കയറി അടുത്ത

ആസ്പത്രിയിലേക്കപാഞ്ഞു. ആസ്പത്രിയിലെത്തിയപ്പോഠം കുട്ടിക്ക് സുബോധം വീണിരുന്നു. അവൻ കണ്ണുകഠം തുറന്നു പിതാവിൻെറ മുഖത്തുനോക്കി. അവൻെറ കണ്ണുകളിൽ നിന്നു് അശ്രുക്കഠം ധാരധാര യായൊഴുകി. വിറക്കുന്ന അധരങ്ങളിൽ കൂടി അവൻ പറഞ്ഞു: "ഡാഡി, ഞാനിപ്പോഴും ഡാഡിയെ സ്നേഹിക്കുന്നു". ഒരു മണിക്കൂർ കഴിഞ്ഞപ്പോഠം ആ ബാലൻ മരിച്ചു!

ക്രിസ്തു ആ കുട്ടിയിൽ കൂടി സംസാരിക്കുകയായിരുന്നു. ആ ബാലൻ ക്രിസ്തുവിൻെറ ഭൌതിക ശരീരത്തിലെ ഒരംഗമായിരുന്നു. അവൻ നമ്മോടോരോരുത്തരോടും പറകയാണു് പാപ കമ്മങ്ങഠം മൂലം നാം എത്ര പ്രാവശ്യം ദൈവത്തെ ദ്രോഹിച്ചാലും നാം അവിടു ത്തോടു പറകയാണു്: "എങ്കിലും ഞാൻ അവിടുത്തേ സ്നേഹി ക്കുന്നു". കരുണാസാഗരമായ ദൈവം നമ്മോടു ക്ഷമിക്കാതിരി ക്കുമോ?

എന്താണു് സ്നേഹം? സെൻറ് പോഠം കൊറിന്ത്യക്കാക്കെഴു തിയ 1–ാം കത്തിൽ 13–ാം അദ്ധ്യായത്തിൽ പറയുന്നു:

"സ്നേഹം പ്രശാന്തമാണു്. സ്നേഹം ദയാമസൃണമാണു്. സ്നേഹം അനസൂയമാണു്. സ്നേഹം ഒരിക്കലും വീമ്പിളക്കുന്നില്ല. സ്നേഹത്തിൽ രൌദ്രതയില്ല. സ്വാത്ഥതയില്ല. സ്നേഹം മററുള്ള വരുടെ തെററുകളെ കണക്കിലെടുക്കയില്ല. സത്യത്തിൽ മാത്രം സ്നേഹം സന്തോഷിക്കുന്നു. സ്നേഹത്തിനു് അഭിമുഖീകരിക്കാൻ സാധിക്കുന്ന ഘടകങ്ങഠം മാത്രമേ അതിനുള്ളു. അതിൻെറ വിശ്വാ സത്തിനും പ്രതീക്ഷകഠംക്കും സഹനത്തിനും ഒരു പരിധിയുമില്ല".

സ്നേഹമാണു് ഏററവും വലിയ നന്മ. ദൈവം സ്നേ ഹമാണു്. ചിലപ്പോഠം ചില അമ്മമാർ ചോദിക്കും: നിനക്കു് മമ്മിയോടു് എത്ര സ്നേഹമുണ്ടു്? ക്രിസ്തു തൻെറ ഇരുകരങ്ങളും നമ്മുടെ നേരെ തുറന്നു കാണിക്കുന്നു. അവിടുത്തേക്കു് നമ്മോടുള്ള സ്നേഹ പാരമ്യം ആ ആണിപ്പഴുതുകളിൽ കാണാം.

ഏററവും ലളിതമായ രൂപത്തിൽ ഫാത്തിമാ സന്ദേശത്തി ൻെറ സാരസംഗ്രഹം ഇതാണു്: പ്രാത്ഥന, പ്രായശ്ചിത്തം, പരി ഹാരകൃത്യങ്ങഠം വഴി ദൈവത്തേയും അയൽക്കാരനേയും സ്നേ ഹിക്കുക.

ദൈവം സ്നേഹമായതു കൊണ്ടു് നാം കഴിയുന്നത്ര ദൈവ ത്തെ സ്നേഹിക്കണം. സ്നേഹം പ്രതിസ്നേഹത്താൽ മാത്രമേ

സംതൃപ്തി അടയുകയുള്ളൂ. നാം ഒരിക്കൽ ദൈവത്തെ സ്നേഹിക്കാൻ തുടങ്ങിയാൽ ആ സ്നേഹം ആജീവനാന്തം നിലനില്ക്കണം. നമ്മുടെ സ്നേഹത്തെ സുശക്തമാക്കാൻ ദൈവം സദാ സന്നദ്ധനാണ്. "ജോലി ചെയ്യുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുത്തു വരുവിൻ. ഞാൻ നിങ്ങളെ ആനന്ദ ഭരിതരാക്കാം".—ഈശോയുടെ വാക്കുകളാണിവ. ആദി മാതാപിതാക്കളുടെ ഉത്ഭവ പാപത്താൽ ആത്മനാ മുറിവേററവരാണ് നാമെന്ന് ഈശോക്കറിയാം. എന്നാൽ നമ്മുടെ സ്നേഹത്താലും പ്രാർത്ഥനകളാലും ഓരോ ദിവസത്തേയും ത്യാഗ കൃത്യങ്ങളാലും ഓരോ ദിവസവും ദൈവ സ്നേഹത്തിലേക്കുള്ള ഒരു പുതിയ പാതയിലേക്ക് നമുക്ക് ജീവിത തീർത്ഥാടനം സമാരംഭിക്കാൻ കഴിയും.

ദൈവത്തെ പൂർണ്ണമായും സ്നേഹിക്കുവാനുള്ള ഈ പരിശീലനം നാം നിത്യേന അനുഷ്ഠിക്കുകയാണെങ്കിൽ ഇഹത്തിൽ വെച്ചു തന്നെ പരിശുദ്ധിയുടെ ആത്മീയമായ ഒരു പരിപൂർണ്ണത പ്രാപിക്കാൻ നമുക്കു സാധിച്ചെന്നുവരും. ആദ്ധ്യാത്മികമായ ഈ പക്വത നിത്യരക്ഷയുടെ പ്രക്രിയയേയും പ്രാധാന്യത്തേയും നമുക്ക് സുഗ്രഹമാക്കിത്തരും. ആദ്ധ്യാത്മികമായ ഒരു ശക്തിവിശേഷം നമുക്ക് ദിവ്യകാരുണ്യ സ്വീകരണം വഴി ലഭിക്കുന്നതാണ്. പരിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്നതു മൂലം ആത്മാക്കളെ രക്ഷിക്കാനുള്ള ആദ്ധ്യാത്മിക ശക്തിയും ഈശോ നമുക്കു നിശ്ചയമായും തരുന്നതാണ്.

ദൈവം സ്നേഹമാണെങ്കിൽ ലോകത്തിൽ തിന്മയുണ്ടാകാനും തിന്മകൾ വളരാനും ദൈവം അനുവദിക്കുന്നതെന്തുകൊണ്ട്? തിന്മയിൽ നിന്ന് നന്മ ഉണ്ടാകുമെന്ന് ദൈവത്തിന്നറിയാവുന്നതുകൊണ്ടുതന്നെ.

നിലവിലുള്ള സ്ഥിതിഗതികളെ അതേപടി നാം സ്വീകരിക്കുക. അതേസമയം തന്നെ ആത്മാക്കളുടേയും സമൂഹത്തിൻേറയും പരിവർത്തനത്തിനുവേണ്ടി പ്രാർത്ഥിക്കുക; പ്രയത്നിക്കുക; ത്യാഗകൃത്യങ്ങൾ അനുഷ്ഠിക്കുക.

ആദ്ധ്യാത്മികമായ പരിവർത്തനത്തിന്റെ ഈ പ്രവർത്തനത്തിൽ നമ്മെ നയിക്കുവാൻ നമ്മുടെ അമ്മയും രാജ്ഞിയുമായ സ്വർഗ്ഗരാജ്ഞി നേതൃസ്ഥാനത്തുണ്ട്. നാം മററുള്ളവർക്കുവേണ്ടി യാതനകൾ സഹിക്കുമ്പോൾ നമ്മിലുള്ള ഈശോയും നമ്മുടെ യാതനകളിൽ പങ്കുചേരുന്നുണ്ടെന്ന് ദിവ്യജനനിയിൽനിന്നു നാം പഠിക്കുന്നു. ഈശോയ്ക്കു

വേണ്ടിയാണ് നാം ജീവിക്കയും മരിക്കയും ചെയ്യേണ്ടതു്. അനേകമനേകം ആത്മാക്കളുടെ ആത്മരക്ഷക്കും നമ്മുടെ സ്വന്തം മാനസാന്തരത്തിനും വേണ്ടി നമ്മുടെ പ്രയാസങ്ങളും ക്രിസ്തുവിൻെറ കുരിശുമായി ബന്ധിക്കുമ്പോൾ നാം പൂണ്ണമായും ക്രിസ്തുവിൻേറതായിത്തീരുന്നു.

വൈഷമ്യങ്ങൾ നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതു്. പരിശുദ്ധ കുർബാനയിൽ ഈശോ യഥാത്ഥമായും സത്യമായും സന്നിഹിതനാണെന്ന സത്യം മനസ്സിലാക്കിക്കൊണ്ടു് ഈശോയെ നാം സ്നേഹിക്കയും ആരാധിക്കയും ചെയ്യുയാണെങ്കിൽ, പരിശുദ്ധ പിതാവിൻെറ പ്രബോധനങ്ങൾ നാം ശ്രവിക്കയും തദനുസരണം ജീവിക്കയും ചെയ്യുയാണെങ്കിൽ, നമ്മുടെ അമ്മയും സ്വർഗ്ഗരാജ്ഞിയുമായ മേരിയോടു് നാം വിശ്വസ്ഥരായി വത്തിക്കയാണെങ്കിൽ, നാം നിശ്ചയമായും ആത്മബലമുള്ളവരും സാക്ഷാൽ മേരീ ഭക്തരുമായിത്തീരും.

അവർ ലേഡി ഓഫ് മേഴ്സി സന്യാസ സമൂഹത്തിൽ പെട്ട സിസ്റ്റർ ഫോസ്റ്റിനാ കൊവൽസ്ക്കായെ ഡിവൈൻ മേഴ്സിയുടെ അപ്പസ്തോല എന്നാണ് വിളിച്ചു വരുന്നതു്. ലോകത്തിൽ എത്രമാത്രം പാപമുണ്ടെന്നു് ദിവ്യരക്ഷകൻ ഒരിക്കൽ അവരെ മനസ്സിലാക്കി. ഭയാനകമായ ആ പാപക്കൂമ്പാരങ്ങൾ കണ്ടു് ഭയചകിതയായ അവൾ ഈശോയോടു ചോദിച്ചു: "ഈശോയേ! ഈ പാപികളെ എല്ലാം എന്തുകൊണ്ടു് നശിപ്പിച്ചുകൂടാ?" ഈശോ മറുപടി പറഞ്ഞു: "പ്രതികാരത്തിനു്, എൻെറ മകളേ! നിത്യത്വം മുഴുവനും എനിക്കുണ്ടു്. പാപിയുടെ ജീവിത കാലത്തിൽ എൻെറ കാരുണ്യം മുഴുവനും ഞാൻ അവൻെറ മാനസാന്തരത്തിനു വേണ്ടി അവനിൽ ചൊരിയുകയാണ്."

ദിവ്യരക്ഷകൻ നമ്മോടു പറയുന്നു: "എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല." എന്താണിതിൻെറ അത്ഥം? നമ്മോടു ചെയ്യാൻ ദൈവം ആവശ്യപ്പെടുന്ന എല്ലാററിൻെറയും മേൽ തൻെറ അനുഗ്രഹവരം ധാരാളം വഷിക്കുന്നു. എല്ലാ ജോലികളും അവിടുന്നു തന്നെയാണ് ചെയ്യുന്നതു്. നമുക്കു ചെയ്യാനുള്ളതു് നമ്മുടെ സ്വാതന്ത്രമനസ്സ് ദൈവഹിതത്തിനു് വിട്ടുകൊടുക്കുക എന്നതുമാത്രമാണ്. ഈശോ നമ്മെ രക്ഷിച്ചു. നമ്മെ തൻെറ മക്കളായി ദത്തെടുത്തു. അവിടുത്തേ സ്നേഹം നമ്മുടെ നേരെ എന്നുമുണ്ടായിരിക്കു

മെന്നു് അവിടുന്നു് ഉറപ്പുനല്കി. ദൈവം തൻെറ സ്നേഹം നമുക്കു് പൂർണ്ണമായും നല്കിയിരിക്കുന്നതു കൊണ്ടു്, നമ്മുടെ ദിനങ്ങൾ എത്ര തന്നെ തിരക്കേറിയവയായിരുന്നാലും, ദൈവ തിരുച്ചിത്തം അനു നിമിഷം നാം നിറവേററുക തന്നെ വേണം. നമ്മുടെ ജീവിതത്തിൽ നമുക്കു് എന്തു തന്നെ സംഭവിച്ചാലും, ദൈവം നമ്മുടെ ജീവിതത്തിലേക്കു് അയക്കുന്നവയെല്ലാം സ്നേഹപൂർവ്വം സ്വാഗതം ചെയ്യുക തന്നെയാണു് വേണ്ടതു്.

ദൈവത്തിനു് നമ്മോടുള്ള സ്നേഹം യഥാർത്ഥ സ്നേഹമാണു്. എന്താണു് യഥാർത്ഥ സ്നേഹം? യഥാർത്ഥ സ്നേഹം ത്യാഗമാണു്. ക്രൂശു രൂപത്തിൽ നാം നോക്കുമ്പോൾ, തൻെറ ഓരോ തുള്ളി രക്തവും ലോകത്തിലെ ഓരോ മനുഷ്യൻെറയും ആത്മ രക്ഷക്കു വേണ്ടിയും ദൈവ സന്നിധിയിൽ നിത്യശാന്തിനേടുന്നതിനുവേണ്ടിയും ചിന്തപ്പെടുന്നതായി നാം കാണുന്നു. അതാണു് യഥാർത്ഥ സ്നേഹം; യഥാർത്ഥ ത്യാഗം. നാം ഒരാളെ സ്നേഹിക്കുന്നതായി അവകാശപ്പെടുകയും, എന്നാൽ അയാൾക്കു വേണ്ടി നമ്മെത്തന്നെ ബലിയർപ്പിക്കാൻ തയ്യാറാവുകയും ചെയ്യാത്ത പക്ഷം അതു് യഥാർത്ഥ സ്നേഹമാകുന്നില്ല. ക്രിസ്തുവാണു് നമ്മുടെ മാതൃക. ദിവസേന നമുക്കു് അവിടുത്തേ നോക്കി അവിടുന്നു് സ്നേഹിച്ചതുപോലെ ദൈവത്തെ സ്നേഹിക്കാൻ നമ്മേയും പഠിപ്പിച്ചുതരുവാൻ പ്രാർത്ഥിക്കാം.

സെൻറ അന്തോനി മേരിക്ലാരററ് ഇങ്ങിനെ എഴുതി: “ദൈവ സ്നേഹത്തിൽ കത്തിയെരിയുന്ന മനുഷ്യൻ മേരിയുടെ വിമലഹൃദയത്തിൻെറ മകനാണു്. അയാൾ പോകുന്നിടത്തെല്ലാം ആ അഗ്നിജ്വാല കത്തിക്കൊണ്ടിരിക്കും. ഒന്നും അയാളെ തടസ്സപ്പെടുത്തുന്നില്ല. ദാരിദ്ര്യത്തിൽ അയാൾ സന്തോഷിക്കുന്നു; കഠിനമായ ഏതുജോലിയും അയാൾ ചെയ്യുന്നു; പ്രയാസങ്ങൾ അയാൾ സ്വാഗതം ചെയ്യുന്നു; വ്യാജമായ ആരോപണങ്ങൾ അയാൾ ഗൗനിക്കുന്നില്ല; ദുഃഖത്തിൽ അയാൾ സന്തോഷിക്കുന്നു. ക്രിസ്തുവിനെ അനുഗമിക്കയും അനുകരിക്കയും ചെയ്യേണ്ടതെങ്ങിനെ എന്നുമാത്രമാണു് അയാളുടെ ചിന്ത. ദൈവത്തെ മഹത്വപ്പെടുത്തുകയും ആത്മാക്കളെ രക്ഷിക്കയും ചെയ്യുക എന്നതു മാത്രമാണു് അയാളുടെ ജീവിത ലക്ഷ്യം.”

സെൻറ് പോൾ ഓഫ് ദി ക്രോസ് എഴുതുന്നു: “സ്നേഹം ഒരു ഐക്യബന്ധമാണു്. കർത്താവിൻെറ പീഡനകളെ സ്വജീവിത

വുമായി ബന്ധിക്കയാണ് അത് ചെയ്യുന്നത് ആന്തരാത്മാവി ലേക്ക് കടന്നു ചെല്ലുന്ന ഒരു അഗ്നിയാണത്. സ്നേഹിക്കുന്നവൻ ആരെ സ്നേഹിക്കുന്നുവോ അയാളുമായി ഒരു ബന്ധനത്തിൽപെടുന്നു. കൂടുതൽ ആഴത്തിലെത്തുമ്പോഠം അത് ദുഃഖവുമായി കൂടിക്കലരുന്നു; ദുഃഖം സ്നേഹവുമായും.

"ആകയാൽ, ഓരോ നന്മയേയും, പ്രത്യേകിച്ച് ഈശോ യുടെ സഹനശക്തിയെ, അനുകരിക്കുന്നതിൽ നാം പരിശീലനം നേടണം. കാരണം, സ്നേഹത്തിൻെറ പാരമ്യമതാണ്. ക്രൂശിത നായ ഈശോയിൽ നിങ്ങളെത്തന്നെ ഗോപനം ചെയ്യുക. എല്ലാ മനുഷ്യരും അവിടുത്തേ തിരുച്ചിത്തത്തിൽ ലയിക്കട്ടെ എന്ന ചിന്ത മാത്രം നിങ്ങഠക്ക് ഉണ്ടായാൽ മാത്രം മതിയാകും."

ദൈവം നമ്മുടെ സർവ്വസ്വവുമാണ്; സത്യസന്ധനും ഉത്തമ സുഹൃത്തുമാണ്. ദൈവത്തിൻെറ സ്നേഹവും പരിചരണവും സ്വീകരിക്കുന്നവരാണ് നാം. ഓരോ പുതിയ ദിവസവും നമുക്ക് ദൈവത്തിൽ നിന്നു ലഭിക്കുന്ന ഒരു ദാനമാണ്. ദൈവത്തെ സ്നേഹിക്കാനും സ്തുതിക്കുവാനുമുള്ള മറെറാരു ദിവസമാണത്. ദൈവത്തെ സ്നേഹിക്കുക ആനന്ദപ്രദമായ ഒരു കാര്യമാണ്; എന്നാൽ അത് നമ്മുടെ കടമയുമാണ്. ഒരു ഹൃദയമേ നമുക്കു കൊടുക്കാനുള്ളു. അത് നമ്മെ സൃഷ്ടിച്ച ദൈവത്തിനു കൊടുക്കയല്ലേ അത്യുത്തമം?

അമലോത്ഭവയായ മേരി നമ്മെ ഈശോയിലേക്ക് നയിക്ക യും, അവഠം ഈശോയെ അറികയും സ്നേഹിക്കയും ചെയ്തതു പോലെ, ഈശോയെ അറിയുകയും സ്നേഹിക്കയും ചെയ്യാൻ അവഠം നമ്മെ പഠിപ്പിക്കയും ചെയ്യുന്നു.

"നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൻെറ കുരിശിലല്ലാ തെ മറെറങ്ങും ഞാൻ മഹത്വം അന്വേഷിക്കാതിരിക്കട്ടെ!" എന്നു സെൻറ് പോഠം ഗലാത്തിയർക്ക് എഴുതി.

ദൈവത്തിൻെറ അനന്തമായ സ്നേഹത്തിനു ഒരു ലക്ഷ്യ മേയുള്ളു: ഓരോ വ്യക്തിയേയും രക്ഷിക്കയും, ഓരോരുത്തരേയും നിത്യാനന്ദത്തിലേക്ക് നയിക്കയും ചെയ്യുക. ആകയാൽ ഓരോ പാപിയേയും രക്ഷിക്കുന്നതിന് നാം ദൈവത്തേയും ദിവ്യജനനി യേയും സഹായിക്കണം. ബിഷപ്പ് ഷീൻ പറയുന്നു: "ഓരോ ആത്മാ

വിനും ഒരു സമ്മാനച്ചീട്ട് അതിനോടുകൂടിയുണ്ട്. നാം നമ്മുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കുരിശുകളും സ്വീകരിക്കയും ആത്മാക്കളുടെ പാപപരിഹാരാർത്ഥം ഈശോയുടെ കുരിശിനോടു അവ ബന്ധിപ്പിക്കയും ചെയ്താൽ ആത്മാക്കളെ രക്ഷിക്കാൻ നമുക്ക് അവരെ സഹായിക്കാൻ കഴിയും. സ്വർഗ്ഗത്തിൽ ഇപ്പോഴുള്ള വിശുദ്ധന്മാർക്ക് ഈ രഹസ്യം നന്നായറിയാം.''

ഇന്നത്തെ അത്യാധുനിക ജീവിത രീതിയിൽ ലൗകിക വസ്തുക്കൾ ആർജ്ജിക്കാൻ ജനങ്ങൾക്കുള്ള തിക്കുംതിരക്കും കുറച്ചൊന്നുമല്ല. തന്റെ അയൽക്കാരനുള്ള സുഖക്ഷേമാദികളേക്കാൾ കൂടുതൽ മെച്ചപ്പെട്ട സുഖലോലുപ വസ്തുക്കൾ തനിക്കുണ്ടാകണമെന്ന അത്യാർത്തിയാണ് ഒരോരുത്തർക്കുമുള്ളതു്. ലൗകികസുഖങ്ങളും സുഖവസ്തുക്കളുമെല്ലാം ക്ഷണഭംഗുരണെന്നും നശ്വരമാണെന്നുമുള്ള വിചാരം ഒരാൾക്കുമില്ല. ദൈവം മാത്രമാണ് നമ്മുടെ ലക്ഷ്യം. ആ ദൈവതൃപ്പാദങ്ങളിലെത്തിച്ചേരുന്നതുവരെ നമ്മുടെ അന്തരംഗവും ആത്മാവും എന്നും എപ്പോഴും അസ്വസ്ഥമായിരിക്കും. ദൈവ പാതയിൽ കൂടി സഞ്ചരിക്കുമ്പോൾ നിശ്ചയമായും യാതനകളും വേദനകളും അനുഭവിക്കേണ്ടിവരുമെന്നതു് തീർച്ചയാണ്.

ഇങ്ങിനെയുള്ള സന്ദർഭങ്ങളിലെല്ലാം നാം ഈശോയുടേയും അവിടുത്തെ അമ്മയുടെയും സഹായം അഭ്യർത്ഥിക്കയാണുവേണ്ടതു്. അങ്ങിനെ ചെയ്താൽ മരണശേഷം ശുദ്ധീകരസ്ഥലത്തിൽ പോകുന്നതിനു പകരം നമുക്ക് നേരെ സ്വർഗ്ഗത്തിലേക്ക് പ്രവേശനം ലഭിച്ചെന്നും വരാം. തന്റെ ഔദാര്യത്തിൽ ദൈവം ഒരിക്കലും പിന്നോക്കമല്ല. ഈശോ ലീമായിലെ സെൻറ റോസിനോടു ഇങ്ങിനെ പറഞ്ഞു: ''എന്റെ ഹൃദയത്തിലെ റോജാപുഷ്പമേ! എന്റെ താല്പര്യങ്ങൾ നീ സംരക്ഷിച്ചാലും. (ആത്മാക്കളെ രക്ഷിക്കലാണ് ആ താല്പര്യങ്ങൾ.) നിന്റെ താല്പര്യങ്ങളെ ഞാനും സംരക്ഷിക്കും.'' ഇശോ തന്റെ വാക്കുകൾ പാലിക്കുകതന്നെ ചെയ്യും.

സ്നേഹ മൂർത്തിയായ ദൈവം നമ്മെ വിളിക്കുന്നു. ഓരോ ദിവസവും എത്രയോ പ്രാവശ്യം ആ സ്നേഹസമ്പന്നനെ നാം ദ്രോഹിക്കാറുണ്ട്. പാപസങ്കീർത്തനത്തിൽ കൂടി എത്രപ്രാവശ്യമാണ് അവിടുന്ന് നമുക്കു മാപ്പുതരുന്നതു്? ഒരു കത്തോലിക്കനായിരിക്കുക എത്ര സൗഭഗ്യകരമായ ഒരു കാര്യമാണ്? ക്രിസ്തുവിന്റെ സ്ഥാന

ത്തിരിക്കുന്ന വൈദികനോട്ട് നമ്മുടെ പാപങ്ങൾ ഏററുപറയുന്നതും എത്ര ആശ്വാസദായകമായ ഒരു കൃത്യമാണ്? ഓരോദിവവും, പോരാ, നമ്മുടെ ജീവിതകാലം മുഴുവനും, ദൈവം എന്തെല്ലാം അനുഗ്രഹങ്ങളാണ് നമുക്കു ചെയ്തുകൊണ്ടിരിക്കുന്നതു്? നമ്മെ കൂടാതെ മറെറത്രയോ ജനങ്ങളെ ദൈവത്തിനു സൃഷ്ടിക്കാമായിരുന്നു? പക്ഷേ, നമ്മെ ഓരോ വ്യക്തികളായി സൃഷ്ടിക്കുന്നതിലായിരുന്നു അവിടുത്തെ അതീവാഭിലാഷം. സമൂഹത്തെയല്ല, വ്യക്തികളേയാണ്, അവിടുന്നു് മരണാനന്തരം വിധിക്കുന്നതു്. ആ മഹദ്കർമ്മത്തിനു പ്രതിനന്ദിയായി നമുക്ക് അവിടുത്തെ അകമഴിഞ്ഞു് സ്നേഹിക്കാം. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹം മരണം വരെ നിലനില്ക്കണം. സ്നേഹത്തിൻെറ ആസ്ഥാനം ഹൃദയാന്തരാളമാണ്. സ്നേഹം കേവലം ഒരു വികാരമല്ല. അതു് പരിത സ്ഥിതികളേയോ മനസ്സിൻെറ മാറിമാറിക്കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷങ്ങളേയോ അല്ല ആശ്രയിച്ചിരിക്കുന്നതു്. ദൈവം സ്നേഹമായിരിക്കുന്നതുകൊണ്ട് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹവും ദൈവസ്നേഹത്തിൻെറ ഒരു ഭാഗമാണ്.

ദിവ്യജനനിയാണ് നമ്മുടെ പരിപൂർണ്ണ മാതൃക. അവൾ ദൈവത്തെ അഭംഗം സ്നേഹിച്ചു. അതുകൊണ്ടാണ് ദൈവത്തിന് അവൾ അപ്രതിരോധ്യമായിത്തീർന്നതു്. ദൈവ തിരുച്ചിത്തമറിയാൻ അവൾ കാത്തിരുന്നു. അതറിഞ്ഞു കഴിഞ്ഞപ്പോൾ ആ തിരുച്ചിത്തത്തിന് അവൾ പരിപൂർണ്ണമായി കീഴ്‌വഴങ്ങി. സദാസമയവും അവൾ ദൈവത്തിന് നന്ദിപറകയും ദൈവത്തെ പ്രകീർത്തിക്കയും ചെയ്തു. ഇതു് നമുക്കും അനുകരണീയമല്ലേ?

സൻെറ അഗസ്റ്റിൻ ഇങ്ങിനെ പ്രാർത്ഥിച്ചു: "എൻെറ ദൈവമേ! എൻെറ ജീവനേ! പാവനമായ എൻെറ നിത്യാനന്ദമേ! ഒരുത്തൻ ദൈവത്തോട് സംസാരിക്കുമ്പോൾ അയാൾക്ക് എന്താണ് പറയുവാൻ കഴിയുക? എന്നാൽ അതേസമയം തന്നെ സംസാരിക്കാതിരിക്കുന്നതും മൂഢത്വമാണ്. കൂടുതൽ സംസാരിക്കുന്നതും മൗഢ്യമാണ്."

അസ്സീസിയിലെ ഫ്രാൻസിസ് മററു വിശുദ്ധരേക്കാൾ കൂടുതൽ ഈശോയെ സ്നേഹിച്ചു. അദ്ദേഹം ഒരിക്കൽ പറഞ്ഞു: "എൻെറ സഹോദരങ്ങളേ! നമുക്ക് ഇന്നു് യേശുക്രിസ്തുവിനെ ശരിക്കും സ്നേഹിച്ചു തുടങ്ങുക."

ഫാദർ ഫെയ്ബർ ഇങ്ങിനെ എഴുതി: "ഓരോ ദിവസവും രാത്രി, നാം ചെയ്യുന്ന പാപങ്ങൾക്ക് പരിഹാരമായി തൻെറ മകൻെറ തിരുരക്തം അപ്പിക്കാൻ ദിവ്യജനനിയോട്ട് അഭ്യത്ഥിക്കയാണെങ്കിൽ അതു് ഈശോയുടെ സന്താപത്തെ എത്രമാത്രം കുറവു ചെയ്യുന്നതാണു്." ദൈവ ദൃഷ്ടിയിൽ ഓരോ ആത്മാവും വിലപ്പെട്ടതാണു്. മനുഷ്യൻ ദൈവത്തെ മറന്നാലും, ദൈവം മനുഷ്യനെ ഒരിക്കലും മറക്കയില്ല.

വേറൊരു ലോകത്തെ സൃഷ്ടിക്കുന്നതിനേക്കാൾ ദുഷ്കരമാണു് ഒരു പാപിയെ ദൈവത്തിലേക്ക് തിരിച്ചു കൊണ്ടു വരിക എന്നതു്. നിത്യനരകാഗ്നിയിൽ തള്ളപ്പെടാതിരിക്കാൻ ഒരാത്മാവിനു വേണ്ടി നാം എന്തുവില നല്കാനും, എന്തു ത്യാഗവും ചെയ്യാനും, സന്നദ്ധരായിരിക്കണം. നാം ദിവ്യകാരുണ്യം സ്വീകരിക്കുമ്പോൾ അന്നേദിവസം പല പാപികളെയും രക്ഷിക്കുവാൻ ദിവ്യരക്ഷകനോടു പ്രാത്ഥിക്കണം. അന്നത്തെ നമ്മുടെ പ്രാർത്ഥനകളും ത്യാഗങ്ങളും കൊണ്ടു് ഈശോ പല ആത്മാക്കളേയും രക്ഷിക്കും. അവയുടെ സംഖ്യ എത്രയെന്നു് ഒരു ദിവസം നാമും അവിടെ എത്തിച്ചേരുമ്പോൾ മാത്രമേ നമുക്ക് അറിയുവാൻ സാധിക്കൂ. നാം സഹായിച്ചിട്ടുള്ള ആത്മാക്കളെ നേരിട്ടു കാണുമ്പോൾ നമുക്കെത്ര സന്തോഷം തോന്നും.

നമ്മുടെ നഗരങ്ങളിലും പട്ടണങ്ങളിലും സ്നേഹം ലഭിക്കാത്തവരെ നമുക്ക് സ്നേഹിക്കാം. അവക്കാണു് നമ്മുടെ സ്നേഹവും സഹായവും പ്രാർത്ഥനയും കൂടുതലാവശ്യം. നാം ദൈവത്തിൻെറ പ്രസാദവരത്തിൽ സദാനേരവും വത്തിക്കയും മററുള്ളവരേയും ആ പ്രസാദവരത്തിൽ ജീവിക്കാൻ സഹായിക്കയും ചെയ്യുകയാണു് വേണ്ടതു്. ദൈവത്തിൻെറ പ്രസാദവരം നാം ഒരിക്കലും നഷ്ടപ്പെടുത്താതിരുന്നാൽ ദൈവവുമായി സുസ്ഥിരമായൊരു ബന്ധം നമുക്കുണ്ടാകും. പരിശുദ്ധ ത്രിത്വത്തിൻെറ സാന്നിദ്ധ്യം നമ്മിൽ എപ്പോഴും ഉണ്ടായിരിക്കയും ചെയ്യും. നമ്മുടെ ആത്മീയ ജീവിതത്തെ നാം സുരക്ഷിതമായി കാത്തുസൂക്ഷിക്കുക. നാം നമ്മുടെ മാതാപിതാക്കന്മാരേയോ, നമ്മുടെ ആരോഗ്യമോ, ആത്മസുഹൃത്തിനേയോ നഷ്ടപ്പെട്ടാൽ, അതു താല്ക്കാലികം മാത്രമാണു്. താമസിയാതെ സ്വർഗ്ഗത്തിൽ നമുക്ക് നിത്യ സൗഭാഗ്യം ലഭിക്കും. സർവ്വശക്തനായ ദൈവത്തിൻേറയും, ദൈവമാതാവിൻേറയും മാലാഖമാരുടേയും വിശുദ്ധരുടേയും സന്നിധിയിലായിരിക്കും നമ്മുടെ ജീവിതം.

എളിമയും വിനീത ഹൃദയമുള്ളവനമായ ഈശോയേ! എന്റെ ഹൃദയത്തേയും അവിടുത്തേതിനു തുല്യമാക്കേണമേ!

തന്റെ ജോലികഠം ചെയ്യാൻ ഈശോ എപ്പോഴും എളിമയുള്ളവരേയും സത്യസന്ധരേയും കഠിനാദ്ധ്വാനികളേയുമാണ് തെരഞ്ഞെടുക്കുന്നതു്. വിനീതരെയാണ് അവിടുന്ന് സ്നേഹിക്കുന്നതു്. അജ്ഞാതയും, വിനീതയും, അലംഭാവമില്ലാത്തവളുമായ മേരിയെയാണ് ദൈവം തന്റെ തിരുക്കമാരനുവേണ്ടി തെരഞ്ഞെടുത്തതു്. സൻറ ജോസഫിനും ഈ ഗുണങ്ങഠം തന്നെയാണുണ്ടായിരുന്നതു്. അനേകായിരം വിശുദ്ധരും ഈ ഗണത്തിൽപെടുന്നു, പരിശുദ്ധ പിതാവ് പോപ്പ് ജോൺ പോഠം രണ്ടാമൻ, മദർ തെരിസാ, ഫാദർ പാട്രിക്ക് പെയ്ററൻ, മദർ ആഞ്ചെലിക്കാ തുടങ്ങി അനേകമനേകം പേർ ലോകദൃഷ്ടിയിൽ അജ്ഞാതരായി വിശുദ്ധരുടെ പട്ടികയിൽ കഴിഞ്ഞുകൂടുന്നു.

വിനീതരായിരിക്കാൻ നമുക്കു പ്രത്യേക കാരണമുണ്ടു്. നമുക്കുള്ള സമസ്തവും ദൈവത്തിന്റെ ദാനങ്ങളാണ്. നമുക്കു സ്വന്തമായുള്ളതു് നമ്മുടെ പാപ കൂമ്പാരങ്ങഠം മാത്രമാണ്!

നാം വിനീതരാകുമ്പോഠം നമുക്കു അനുസരണ ശീലവും താനേ വന്നുചേരുന്നു. ദൈവ തിരുച്ചിത്തം സർവ്വാത്മനാ അനുസരിക്കുന്നവക്ക് അതിന്റേതായ പ്രതിഫലമുണ്ടു്. ദൈവത്തിന്റെ തിരുമനസ്സു നാം ചെയ്യുന്നതു് കൊണ്ടു് നമ്മുടെ എല്ലാ പ്രവൃത്തികളേയും ദൈവം സജ്ജമാക്കിക്കൊള്ളും. കാത്തിരിക്കാനുള്ള ക്ഷമാശീലം നമുക്കുണ്ടെങ്കിൽ, അതിന്റെ ഫലം അതിസുന്ദരമായിരിക്കും. കഴിഞ്ഞുപോയ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോഠം ദൈവഹിതങ്ങളെയെല്ലാം എത്ര ഭംഗിയായി നാം നിർവ്വഹിച്ചിരിക്കയാണ് എന്നു കാണുവാൻ കഴിയും. അതെല്ലാം നമ്മുടെ പാടവം കൊണ്ടു് നമുക്കു ചെയ്യാൻ കഴിഞ്ഞതല്ല. എല്ലാററിന്റേയും പിന്നിൽ ദൈവകരമുണ്ടു്. നമ്മുടെ സമസ്ത കൃത്യങ്ങളുടേയും പിന്നിൽ ദൈവത്തിന്റെ പ്രചോദനമുണ്ടു്.

മഹദ് കാര്യങ്ങഠം നാം മാലോകരുടെ ദൃഷ്ടിയിൽ ചെയ്തിരിക്കാം. അവയിൽ നാം അഭിമാനം കൊള്ളുന്നുമുണ്ടാകാം. എന്നാൽ ദൈവദൃഷ്ടിയിൽ അവയെല്ലാം എത്ര നിസ്സാരങ്ങളാണ്; എത്ര അന്തസ്സാര വിഹീനങ്ങളാണ്!

ഇപ്പോഴത്തെ നമ്മുടെ പരിശുദ്ധ പിതാവ് ബോസ്ടനിൽ വെച്ച ഇങ്ങിനെ പറഞ്ഞു: "വിവാഹിതരായ നിങ്ങാം ക്രിസ്തുവിനെ അനുഗമിക്കുക. അവിടുത്തോടുകൂടി നിങ്ങളുടെ ഭാരങ്ങളും പങ്കുവെക്കുക." ന്യൂയോർക്ക് സിററിയിൽ വെച്ച് അദ്ദേഹം പറഞ്ഞതിപ്രകാരമാണ്: "ഈ ലോകത്തിൻെറ ഭാവിയിൽ, നിങ്ങളുടെ രാജ്യത്തിൽ, നിങ്ങാംക്ക് നിവ്വഹിക്കാനുള്ള പങ്കിനെപ്പററി നിങ്ങാം ചിന്തിക്കുമ്പോാം, ക്രിസ്തുവിൻെറ നേരെ നിങ്ങളുടെ കണ്ണുകാം തിരിക്കുക. അവിടുത്തെ സഹായത്താൽ മാത്രമേ അമേരിക്കയുടേയും ലോകത്തിൻേറയും ഒരു പൗരനെന്ന നിലയിൽ നിങ്ങാംക്കുള്ള കടമകാം നിവ്വഹിക്കാൻ കഴിയൂ."

# നന്മനിറഞ്ഞ മറിയം

പോപ്പ് പീയൂസ് 12-മൻ തന്റെ "Auspicia Qudam, May 1, 1948" എന്ന തിരുവെഴുത്തിൽ ഇങ്ങിനെ പറയുന്നു:

"അവരം നമ്മുടെ എത്രയും ദയനിറഞ്ഞ അമ്മയാണ്. ഓരോ വിപൽ സന്ധിയിലും അവരം നമ്മുടെ സുശക്തയായ സഹായിയും പ്രസാദവരത്തിന്റെ നീർച്ചാലുമാണ്."

ഒരു ചെറുബാലനായിരുന്ന കാലത്ത് എന്റെ കട്ടിലിന്നരികിൽ മുട്ടുകുത്തി നിന്ന എന്റെ അമ്മയുടെ അധരങ്ങളിൽ നിന്നു് ആദ്യം ശ്രവിച്ച വാക്കുകരം "നന്മനിറഞ്ഞ മറിയമേ!" എന്ന പ്രാർത്ഥനയുടെ ആദ്യ ഭാഗമായിരുന്നു. ചൂടുള്ളതും മൃദുലവുമായ അവളുടെ കരങ്ങളെടുത്ത് എന്റെ ശിരസ്സിലും ഭുജങ്ങളിലും കുരിശിന്റെ അടയാളം വരച്ച് "നന്മനിറഞ്ഞ മറിയമേ!" എന്ന പ്രാർത്ഥനയുടെ ആമുഖം അവരം ചൊല്ലുകയായി. ഇതായിരുന്നു എന്റെ ദിനപരിപാടികളുടെ ആരംഭം.

"കുട്ടികളേ! നിങ്ങരം നിശ്ശബ്ദത പാലിക്കുക. നിങ്ങരം ഓരോരുത്തരും നിങ്ങളുടെ സ്ഥാനങ്ങളിൽ ഇരിക്കുവിൻ." ഒരു അസാധാരണ ലോകത്തിലായിരുന്നു ഞാൻ. വിദ്യാലയമായിരുന്നു ആ പുതിയ ലോകം! എനിക്കൊരു കാവൽ മാലാഖയുണ്ടെന്നു് ഞാൻ വേഗത്തിൽ പഠിച്ചു. പിന്നെ ഞാൻ പഠിച്ചതു് ഈശോയെപ്പററിയായിരുന്നു. എന്റെ അമ്മയുടെ പേരുതന്നെയുള്ള മററൊരമ്മയും എനിക്കുണ്ടെന്നറിഞ്ഞപ്പോരം എനിക്ക് അത്ഭുതം തോന്നി. ഈ അമ്മ സ്വർഗ്ഗത്തിലാണെന്നു് സിസ്റ്റർ അനസ്താസിയാ ഞങ്ങളോടു പറഞ്ഞു. അവരം നമ്മെ കാണുന്നു. അവരം നമ്മെ സ്നേഹിക്കുന്നു. ദൈവസൃഷ്ടിയിൽ അവളാണ് ഏററവും വാത്സല്യവതിയായ അമ്മ. ഒരു ദിവസം ഈശോയോടും അവളോടും കൂടി സ്വർഗ്ഗത്തിൽ ജീവിക്കുന്നതിനു് നമ്മേയും അവരംക്കാവശ്യമാണ്. ഈശോയെ അനുസരിക്കുമ്പോരം നാം നമ്മുടെ സ്വർഗ്ഗീയ അമ്മയെ ആനന്ദഭരിതയാക്കുന്നു. "നന്മനിറഞ്ഞ മറിയമേ!" എന്ന പ്രാർത്ഥന നാം ചൊല്ലുമ്പോരം നാം അവളെ സന്തുഷ്ടയാക്കുന്നു.

"നന്മനിറഞ്ഞ മറിയമേ!" എന്ന പ്രാർത്ഥന ചൊല്ലുന്നതിൻെറ പ്രാധാന്യം 2-ാ, 3-ാ, 4-ാ ഗ്രെയിഡുകളിൽ യഥാക്രമം സിസ്റ്റർ അൽഫോസ്, സിസ്റ്റർ സ്റ്റനിസ്ലോസ്, സിസ്റ്റർ ക്ലെമെൻസ് ഞങ്ങളോട്ട പറഞ്ഞു. ഞങ്ങളുടെ പിഞ്ചു മനസ്സുകളിൽ സ്പൃശിക്കുന്ന രീതിയിലുള്ള സന്ദർഭോചിതമായ കഥകളും ഈ പ്രാത്ഥനയെപ്പററി ഞങ്ങറംക്കു പറഞ്ഞുതന്നിരുന്നു.

ഞാൻ 5–ാം ഗ്രെയ്ഡിലായിരുന്നപ്പോറം നോട്രിഡേയിം ഫുട്ട്ബോറം കളിക്കാർ ഒരു കഥ പറയാറുണ്ടായിരുന്നു. ഒരു "നന്മനിറഞ്ഞ മറിയമേ!" എന്ന പ്രാത്ഥന ചൊല്ലിയ ശേഷം കളിയാരംഭിച്ചാൽ വിജയം നിശ്ചയമായിരുന്നു.

റിപ്പോർട്ട കാർഡുകറം വിതരണം ചെയ്യുമ്പോഴും ഫാദർ മെയോട്ടി ഈ ചെറുപ്രാത്ഥനയുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞിരുന്നു. നിങ്ങറംക്കെന്തെങ്കിലും ആവശ്യമുള്ളപ്പോറം സ്വഗ്ഗത്തിലെ നിങ്ങളുടെ അമ്മയോട്ട പറയുക. നിങ്ങറംക്കതു് നിശ്ചയമായും ലഭിക്കും.

ഞാൻ 6–ാം ഗ്രെയ്ഡിലായിരുന്നു. സിസ്റ്റർ ബേർച്ച്മൻ ആയിരുന്നു ക്ലാസ് ടീച്ചർ. കൃത്യനിഷ്ഠയുടെ പ്രാധാന്യത്തെപ്പററി സിസ്റ്റർ ഞങ്ങളെ പഠിപ്പിച്ചു. ചെറുപുഷ്പം എന്ന അപരനാമത്തിൽ അറിയപ്പെടുന്ന സൻെറ തെരീസായെപ്പററി അവർ ഞങ്ങളോട്ട പറയും. "ചെറുപുഷ്പമേ! ഈ മണിക്കൂറിൽ നിൻെറ ശക്തികാണിച്ചാലും," എന്നൊരു പ്രാത്ഥനയും ഞങ്ങളെ പഠിപ്പിച്ചു. ഒരിക്കൽ ചെറുപുഷ്പത്തോട് ആരോ ചോദിച്ചു: "തെരീസാ, നീ വിശുദ്ധന്മാരോട് പ്രാർത്ഥിക്കാറുണ്ടോ?" മറുപടി ഇതായിരുന്നു: "ഇല്ല. വിശുദ്ധന്മാരോട്ട ഞാൻ പ്രാർത്ഥിക്കാറില്ല. ഞാൻ ദിവ്യജനനിയോട്ട മാത്രമേ പ്രാർത്ഥിക്കാറുള്ളു. ഞാൻ പ്രാർത്ഥിക്കുന്നതു് തൽക്ഷണം അവറം തരികയും ചെയ്യുന്നു."

ഈ സമയത്തിനുള്ളിൽ ഞാൻ ദിവ്യജനനിയോടും "നന്മനിറഞ്ഞ മറിയമേ!" എന്നാരംഭിക്കുന്ന പ്രാർത്ഥനയോടും ജപമാലയോടും സ്നേഹബന്ധിതനായിത്തീൻ കഴിഞ്ഞിരുന്നു. ഒരു ദിവസം ഞങ്ങളുടെ ചിത്രകലാ ക്ലാസിൽ ഒരു മത്സരം നടന്നു. ഞാൻ വരച്ച ചിത്രമാകട്ടെ ഒരു കന്യാസ്ത്രീ ഒരാറംക്ക് ഒരു ജപമാല കൊടുക്കുന്നതിൻേറതായിരുന്നു. ചിത്രത്തിൻെറ വിഷയം തെരഞ്ഞെടുത്തതിന് എനിക്ക് ഒന്നാം സമ്മാനവും ചിത്രത്തിനു രണ്ടാം സമ്മാനവും ലഭിച്ചു.

ഹൈസ്കൂളിലെ നാലു കൊല്ലവും മദ്ധ്യാഹ്നത്തിൽ ഞങ്ങൾ എണീററുനിന്നു് മാതാവിൻെറ സ്തുതിക്കായുള്ള ത്രികാല ജപം ചൊല്ലും. ക്ലാസ്സിൽ വെച്ചിരുന്ന മാതാവിൻെറ ചിത്രം എൻെറ അമ്മൂമ്മ പോളണ്ടിൽനിന്നു കൊണ്ടുവന്ന ഒന്നായിരുന്നു. ആ ചിത്രം ഇന്നു് എൻെറ പ്രവർത്തനശാലയിൽ ഒരു പ്രധാന സ്ഥാനം അലങ്കരിക്കുന്നു.

ഞങ്ങളുടെ താമസ സ്ഥലത്തിൻെറ സമീപം സൗന്ദര്യവതിയായ ഒരു വൃദ്ധസ്ത്രീ ജീവിച്ചിരുന്നു. ജൂലിയാ ഹാവൻസ് എന്നായിരുന്നു അവരുടെ പേരു്. അമ്മൂമ്മ എന്നായിരുന്നു എല്ലാവരും അവരെ വിളിച്ചിരുന്നതു്. പ്രായാധിക്യത്തിൽ പോലും അവർ സരളഹൃദയയായിരുന്നു. എല്ലാവരോടും സൗമ്യമായേ സംസാരിക്കൂ. എല്ലാവരും അവളെ സ്നേഹിച്ചിരുന്നു. എല്ലാവരെപ്പററിയും നല്ലതേ അവൾക്കു് പറയാനുണ്ടായിരുന്നുള്ളു. അവരുടെ മകൻെറ മകൻ ഡോൻ എൻെറ ക്ലാസ്സിലാണു് പഠിച്ചു കൊണ്ടിരുന്നതു്. അമ്മൂമ്മക്കു് 18 വയസ്സുള്ളപ്പോൾ എടുത്ത ഒരു ഫോട്ടൊ ഡോൻ ഒരു പ്രദർശനത്തിൽ ഹാജരാക്കി. ഒരു സമ്മാനവും അവനു് ലഭിച്ചു.

കൗമാരത്തിൽ കറുത്തപട്ടുനൂൽ പോലിരുന്ന മനോഹരമായ മുടികൾ ഇന്നു് വെള്ളിക്കമ്പികളാണു്. എഴുപതു വയസ്സായ ആ മുത്തശ്ശിയെ ജരാനരകൾ, ചുക്കിച്ചുളുങ്ങിയ ശരീരത്തിലെ തൊലി മുതലായ വാർദ്ധക്യത്തിൻെറ കൂട്ടുകാർ കടന്നാക്രമണം നടത്തിക്കഴിഞ്ഞിരിക്കയാണു്.

ഐർലണ്ടിനെപ്പററി ആ മുത്തശ്ശി പറയാറുണ്ടായിരുന്ന കഥകൾ ഞാനും ഡോനും കൗതുകപൂർവ്വം ശ്രദ്ധിച്ചു കേൾക്കും. ഒരു റോക്കിങ്ങ് കസാലയിലാണു് അവർ എപ്പോഴുമിരിക്കുക. മടിയിൽ ഒരു കമ്പിളിപ്പുതപ്പുകാണും, എന്നാൽ ജപമാല അവളുടെ കൈകളെ വിട്ടുമാറാറില്ല. പല കഥകളും അവർ ഞങ്ങളോടു പറയാറുണ്ടായിരുന്നു.

ഒരു പ്രഭാതത്തിൽ ഞാൻ അവൾക്കു് ഒരു പുഷ്പം കൊണ്ടുപോയിക്കൊടുത്തു. ഞാൻ സൈനിക സേവനത്തിനു് പോകയാണെന്നു് അവരോടു പറഞ്ഞു. അവർ എന്നെ ഉപദേശിച്ചു: "എപ്പോഴും നല്ലവനായിരിക്കുക. ഒരിക്കലും മദ്യപിക്കരുതു്. ചീത്തക്കൂട്ടുകെട്ടുകളിൽ ചെന്നു പെടരുതു്. ദിവസവും ജപമാല ചൊല്ലാൻ ഒരിക്കലും ഉപേക്ഷ കാണിക്കരുതു്." ഞാൻ ചോദിച്ചു: "ഗ്രാനി, ഞാൻ ഇവിടെ ഇല്ലാത്തപ്പോൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുമോ?" "നിശ്ചയമായും" എന്നായിരുന്നു അവളുടെ മറുപടി.

ലീവിനു് ഓരോകൊല്ലവും വീട്ടിലെത്തുമ്പോഠം ഞാൻ ഗ്രാനിയെ കാണാൻ അവരുടെ വീട്ടിലെത്തും. കൈയിൽ ഒരു പൂവോ കുറച്ചു മിഠായികളോ ഗ്രാനിക്ക് സമ്മാനിക്കാൻ എൻെറ കൈയിലുണ്ടാകും. എനിക്കുവേണ്ടി ജപമാല എത്തിക്കുമെന്നു് അവർ എന്നോടു് വാഗ്ദാനം ചെയ്തിരുന്ന കായ്യം ഞാൻ ഇടക്കിടെ ഓക്കാറുണ്ടായിരുന്നു. ഓരോ പ്രാവശ്യവും ഞാൻ അവരോടു യാത്ര പറയുമ്പോഠം ആ വാഗ്ദാനം അവഠം ആവത്തിക്കാറുണ്ടായിരുന്നു.

കൊല്ലങ്ങഠം പലതും പിന്നേയും കഴിഞ്ഞുപോയി. ഞാൻ എൻെറ ഡ്യൂട്ടി പൂത്തിയാക്കി നാട്ടിൽ തിരിച്ചെത്തി. നല്ല തണുപ്പുള്ള രാത്രി. എൻെറ നിശാപ്രാത്ഥനകഠം കഴിഞ്ഞു ഞാൻ കിടക്കയിൽ ചെന്നുകിടന്നു. സമയം 10–45. പെട്ടെന്നു് ശാന്തമായൊരന്തരീക്ഷം എന്നെ ആവരണം ചെയ്യുന്നതായി എനിക്കു തോന്നി. മുറിയിലാകെ പൂക്കളുടെ ഒരു സൗരഭ്യം. ഇരുട്ടുനിറഞ്ഞ ആ മുറിയിൽ ആരുടേയോ സാന്നിദ്ധ്യം ഉള്ളതുപോലെ എനിക്കു തോന്നി. സ്വർഗ്ഗത്തിൻെറ ഒരു പ്രതീതി എനിക്കുണ്ടായി. ഞാൻ സൈന്യത്തിലായിരുന്നപ്പോഠം ഗ്രാനി എനിക്കുവേണ്ടി ജപമാല ചൊല്ലാറുണ്ടായിരുന്നതിൽ എനിക്കു ഒരു സന്ദേഹവുമുണ്ടായിരുന്നില്ല.

പിറേറന്നു് പ്രഭാതത്തിൽ എൻെറ മുറിയുടെ വാതിലിൽ ആരോ ശക്തിയായി മുട്ടുന്നതു കേട്ടാണു് ഞാൻ ഉണന്നതു്. വാതിൽ തുറന്നപ്പോഠം കണ്ടതു് ഡോണിനെ ആയിരുന്നു. ഉൽക്കണ്ഠയോടെ ഞാൻ ചോദിച്ചു: "എന്തുപ്പററി?" ഡോണിൻെറ മറുപടി: "കഴിഞ്ഞ രാത്രി ഗ്രാനി മരിച്ചു." "ഏതുസമയത്തു്?" "10-45."

ഞാൻ യു. എസ്. എയർ ഫോഴ്സിലായിരുന്നപ്പോഠം കൊറിയൻ യുദ്ധം കൊടുമ്പിരി കൊണ്ടിരിക്കയായിരുന്നു. ഈ സന്ധിയിലാണു് ഒരു പാവനാത്മാവായ മാററ് ടാൽ ബോഠട്ട് എൻെറ ജീവിതത്തിലേക്കു കടന്നു വന്നതു്. എഡി ഡോഹെർട്ടിയുടെ **"Matt Talbot"** എന്ന പുസ്തകത്തിൻെറ ഓരോ പെയ്ജും ഞാൻ മനഃപാഠമാക്കിയെന്നു പറയാം. മദ്യപാനത്തിൻെറ കരകാണാക്കടലിൽ ആണ്ടുപോയ അദ്ദേഹം സ്വപ്രയത്നവും പ്രാത്ഥനയും കൊണ്ടു് അതിൽ നിന്നു് വിമോചിതനായി വിശുദ്ധിയുടെ ഉന്നത പദവിയിലെത്തിയതാണു് പുസ്തകത്തിലെ കഥാതന്തു.

അതെങ്ങിനെ അദ്ദേഹത്തിനു് സാധിച്ചെന്നു് ഞാൻ അത്ഭുതപ്പെടാറുണ്ടു്. അദ്ദേഹം തന്നെ അതിനുള്ള വ്യാഖ്യാനം നല്കിയിട്ടുണ്ടു്:

"ഞാൻ എത്രതന്നെ മദ്യപിച്ചിരുന്നാലും നിത്യവും ഞാൻ നന്മ നിറഞ്ഞ മറിയമേ! എന്ന ജപം ചൊല്ലാറുണ്ടായിരുന്നു." അതിൻെറ ഫലമായി ദിവ്യജനനി തന്നെയാണ് അദ്ദേഹത്തിന്നാവശ്യമായിരുന്ന കൃപാവരം ദൈവത്തിൽ നിന്നു് നേടിക്കൊടുത്തതു്.

മാററിൻെറ വ്യാഖ്യാനം സ്വീകരിക്കാൻ എനിക്കു പ്രയാസമുണ്ടായില്ല. സ്പെയിനിലെ ഈശോ സഭക്കാരനായ ഫ്രാൻസിസ് ക്കൊ സ്വാറസ് അദ്ദേഹത്തിൻെറ മരണത്തിനുമുമ്പ് തൻെറ ഗ്രന്ഥശേഖരം മുഴുവനും ഒരു "നന്മനിറഞ്ഞ മറിയമേ" എന്ന നമസ്ക്കാരം ചെല്ലുന്നതിനു വേണ്ടി സംഭാവന ചെയ്തിരുന്നു.

കൊറിയൻ യുദ്ധം മൂർദ്ധന്യത്തിലെത്തിയിരുന്നു. എൻെറ സഹോദരീഭർത്താവു് ക്രിസ്തുമസിനു സ്വഗൃഹത്തിൽ എത്തുമെന്നായിരുന്നു പ്രതീക്ഷ. അക്കാര്യത്തിൽ എനിക്കു സംശയമുണ്ടായിരുന്നു. എന്നാൽ എൻെറ സഹോദരി 30 ദിവസങ്ങൾ തുടച്ച്യായി ജപമാല ചൊല്ലി. ക്രിസ്തുമസ്സിൻെറ തലേന്നാൾ അദ്ദേഹം ഒരു ദീർഘയാത്രയുടെ ക്ഷീണത്തോടുകൂടി വീട്ടിൽ തിരിച്ചെത്തി. ജപമാലയിൽ വെർജീനിയാസ്സുണ്ടായിരുന്ന വിശ്വാസത്തെ വിസ്മരിക്കാൻ എനിക്ക് ഒരിക്കലും കഴിയുന്നതല്ല.

എൻെറ ലീവ് കഴിഞ്ഞു് ഞാൻ എൻെറ സൈനികത്താവളത്തിലേക്ക് മടങ്ങി. ഞാൻ ഞങ്ങൾക്ക് ലഭിക്കാറുള്ള തപ്പാലുരുപ്പടികൾ പരിശോധിക്കയായിരുന്നു. ഒരു പത്രത്തിൽ കണ്ട ഒരു റിപ്പോർട്ട് എന്നെ അത്ഭുതപ്പെടുത്തി. ചിക്കാഗോയിൽ ഒരു ഗാസൊലിൻ ടാങ്കർ ട്രക്കും ഒരു ബസ്സും തമ്മിൽ കൂട്ടിയിടിച്ചു. ബസ്സ് നിറയെ യാത്രക്കാരുണ്ടായിരുന്നു. 46 പേർ. അവരിൽ ഒരാൾ ഒഴിച്ചു സർവ്വപേരും വെന്തുമരിച്ചു. അഗ്നിസ്പർശമേല്ക്കാതെ രക്ഷപ്പെട്ട ആ സ്ത്രീയുടെ കൈകളിൽ ഒരു ജപമാലയുണ്ടായിരുന്നു. ഒരു പക്ഷേ, അവൾ ബസ്സുയാത്രയിൽ ജപമാല ചൊല്ലിക്കൊണ്ടിരുന്നു എന്നു വരാം.

എൻെറ ലീവ് കഴിഞ്ഞ് തിരിയെപ്പോകേണ്ട സമയമായി. ജോലി സ്ഥലത്തെത്താൻ കാറിൽ എട്ടു മണിക്കൂർ സമയമെടുക്കും. മാർഗ്ഗമദ്ധ്യേ ഞാൻ ഗ്വാഡലൂപ്പ് ദേവാലയത്തിലെത്തി പത്തു മിനിട്ട് മാതൃസ്വരൂപത്തിൻെറ മുമ്പിൽ കഴിച്ചുകൂട്ടി. മഞ്ഞും മഴയും കാരണം മടക്കയാത്ര ദുഷ്ക്കരമായിരുന്നു. യാത്രാ ക്ലേശങ്ങളും ക്ഷീണവും കാരണം ഞാൻ കാറിലിരുന്നു് ഉറങ്ങിപ്പോയി. കാലാവസ്ഥയുടെ മോശംകൊണ്ടു് കാർ ഒരു വശത്തേക്കു് വഴുതി വീണു.

കാർ ചെന്നിടിച്ചതു് ഒരു ട്രക്കിന്മേലായിരുന്നു. അത്ഭുതകരമെന്നു പറയട്ടെ, കാറിനൊന്നും സംഭവിച്ചില്ല.

അക്കൊല്ലം തന്നെ ഞങ്ങളുടെ താവളത്തിൽ ഫാദർ ജോസഫ് കറോഠം എന്ന ഒരു റെഡംപ്റ്ററിസ്റ്റ് വൈദികൻ ഒമ്പതു ദിവസത്തെ ഒരു മിഷ്യൻ നടത്തി. അദ്ദേഹത്തിൻെറ വാഗ്മിത്വവും ഗാംഭീര്യമായ ദേഹപ്രകൃതിയും വലിയൊരു ജനാവലിയെ ആകർഷിച്ചു. ജീവിതം, പ്രസാദവരം, പാപം, ദിവ്യജനനി, മരണം, വിധി, സ്വർഗ്ഗം, നരകം, നിത്യത്വം, എന്നിവയായിരുന്നു പ്രസംഗവിഷയങ്ങഠം. പ്രസംഗങ്ങഠം കേട്ടവരുടെ ഹൃദയങ്ങഠം അലിഞ്ഞു. മാനസാന്തരങ്ങഠം അസംഖ്യങ്ങളായി. പാപസങ്കീർത്തനങ്ങഠം കേഠംക്കുവാനിരുന്നിരുന്ന വൈദികരുടെ അടുത്തുള്ള "ക്യൂ"വിൻെറ നിരകഠം നീണ്ടു.

ദിവ്യജനനിയേയും ജപമാലയേയും പററി ചെയ്ത പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു: "ദിവ്യജനനിയുടെ മാതൃകരങ്ങളിൽ നിങ്ങളെ അർപ്പിക്കുക. അവഠം നിങ്ങളെ ക്രിസ്തുവിലേക്കും സ്വർഗ്ഗത്തിലേക്കും നയിക്കും. ദിവ്യബലി കഴിഞ്ഞാൽ ഏററവും സുശക്തമായ പ്രാർത്ഥനോപാധി ജപമാലയാണ്."

തൻെറ സ്വപ്നങ്ങളിൽ ഒന്നിൽ സൻെറ ജോൺ ബോസ്കൊ ഡോമിനിക്ക് സാവിയോയെ കണ്ടു. അദ്ദേഹം സാവിയോയോടു ചോദിച്ചു: "നിൻെറ മരണ സമയത്ത് നിനക്ക് സാന്ത്വനമേകിയ രംഗമേതാണ്?"

സാവിയോയുടെ മറുപടി: "എൻെറ മരണ സമയത്ത് രക്ഷകൻെറ അമ്മ നല്കിയ സഹായം. ആ അമ്മയോട് നിരന്തരം പ്രാർത്ഥിക്കാൻ എല്ലാവരോടും പറയുക."

1982 ഒക്ടോബർ 10-നാണ് പോപ്പ് ജോൺ പോഠം രണ്ടാമൻ മാക്സിമിലിയൻ കോഠംബിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയതു്. അദ്ദേഹം രചിച്ചതാണ് താഴെ പറയുന്ന മനോഹരമായ പ്രാർത്ഥന:

"എൻെറ ദിവ്യജനനീ! ഞാൻ നിന്നെ സ്തുതിക്കുന്നു. എൻെറ സ്വന്തം നിലയിൽ ഞാൻ നിന്നെ സ്തുതിക്കുന്നു. ഞാൻ നിനക്കു വേണ്ടി മാത്രം ജീവിക്കയും പ്രവർത്തിക്കയും ദുർബലനായിത്തീർന്ന് മരണമടയുവാൻ ഇടവരികയും ചെയ്യട്ടെ. നിൻെറ അത്യുന്നത പ്രശസ്തിക്കു വേണ്ടി മാത്രം ഞാൻ പ്രയത്നിക്കട്ടെ. മേരിയെ പ്രകീർത്തിക്കു

വാൻ എന്നെക്കാരം കൂടുതൽ മററുള്ളവക്ക സാധിക്കട്ടെ. അങ്ങയെ പ്രശംസിക്കുവാൻ എന്നെക്കാരം കൂടുതൽ മററുള്ളവക്ക കഴിയട്ടെ. സവ്വ സൃഷ്ടിജാലത്തിൻേറയും ഉപരിയായി നിന്നെ സൃഷ്ടിച്ച ദൈവം വാഴ്ത്തപ്പെടട്ടെ! ദൈവം ലോകത്തെ സൃഷ്ടിച്ചു. നിനക്കു വേണ്ടി ദൈവം എന്നേയും സൃഷ്ടിച്ചു. കന്യകാ മാതാവേ! ഞാൻ നിന്നെ സ്തുതിക്കട്ടെ.''

ഓരോ ദിവസവും മാക്സിമില്യൻ ലോകത്തെ മാതാവിനു് അപ്പിച്ചിരുന്നു. രണ്ടാം ലോക മഹായുദ്ധത്തിനു് മുമ്പു് അദ്ദേഹം ഇങ്ങിനെ എഴുതി,

''ആധുനിക കാലം സാത്താൻെറ ആധിപത്യത്തിൻ കീഴിൽ അമന്നിരിക്കയാണു്. ഭാവിയിൽ അവൻെറശക്തി വദ്ധിക്കാനാണു് സാദ്ധ്യത. നരകവുമായ സംഘട്ടനത്തിൽ മനുഷ്യക്കു്, അവർ എത്ര തന്നെ സമത്ഥരായിരുന്നാലും ശരി, വിജയിക്കുക ദുഷ്ക്കര മായിരിക്കും. സാത്താനെ വിജയിക്കുമെന്നു് ദൈവം തന്നെ മാതാ വിനോടു് വാഗ്ദാനം ചെയ്തിട്ടുള്ളതാണു്.''

ഫാത്തിമായെപ്പററിയുള്ള ഒരു പുസ്തകം ഒരു സ്നേഹിതൻ എനിക്കു തന്നു. സിസ്റ്റർ ലൂസിയാ അതിൽ ഇങ്ങിനെ പറഞ്ഞിരുന്നു: ''ജപമാല എത്തിക്കുന്നതിനുള്ള ഒരു പുതിയ പ്രാവീണ്യം ദിവ്യ ജനനി എനിക്കു നല്കിയിരുന്നു. പ്രശ്നങ്ങരം ലൗകികമോ ആദ്ധ്യാത്മി കമോ, നമ്മെ സംബന്ധിച്ചു് വ്യക്തിപരമോ, കുടുംബപരമോ' സന്യാസസമൂഹ ബാധകമോ, പോരാ, ജനതകളേയോ രാഷ്ട്രങ്ങളേ യോ സ്പശിക്കുന്നവയോ, ആയിരുന്നുകൊള്ളട്ടെ, ജപമാല അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങരം കണ്ടെത്തിക്കൊള്ളും. ജപമാല കൊണ്ടു് സാധിക്കാത്തതൊന്നും മനുഷ്യജീവിതത്തിലില്ല.''

സിസ്റ്റർ ലൂസിയായുടെ ഈ വാക്കുകളെ ഒന്നു പരീക്ഷണ വിധേയമാക്കാൻ തന്നെ ഞാൻ തീച്ചയാക്കി. എനിക്കാവശ്യമായി രുന്ന ഒരു പ്രത്യേക കായ്യം സാധിച്ചുതന്നാൽ എൻെറ അവശേഷിച്ച ജീവിതകാലം മുഴുവൻ ദിവസേന ജപമാല ചൊല്ലുന്നതാണെന്നു ഒരു വാഗ്ദാനവും ഞാൻ ദിവ്യജനനിയോടു ചെയ്തു.

തുടന്നു്, ദിവസേന ഞാൻ ജപമാല ചൊല്ലാൻ തുടങ്ങി ഇക്കാലത്തു് ഞാൻ ഒരു സ്റ്റാഫ് സർജൻറു് ആയിരുന്നു. സൈനിക കേന്ദ്രത്തിൽ എനിക്കു കിട്ടിയ മുറിയിൽ വേറെ മൂന്നു പട്ടാളക്കാർ

കൂടി താമസിച്ചിരുന്നു. മൂവ്വരും പ്രോട്ടസ്റ്റണ്ടുകാരും റൗഡികളുമായി രുന്നു. എൻെറ കട്ടിലിൻെറ ഒരു വളഞ്ഞ കമ്പിയിൽ ഞാൻ എൻെറ ജപമാല തൂക്കിയിട്ടിരുന്നു. രാത്രി കാലങ്ങളിൽ ഞാൻ എൻെറ മുറി യിൽ മുട്ടിന്മേൽ നിന്നു് നിശാകാല പ്രാത്ഥനകറം ചൊല്ലിയിരുന്നു. ഇതെല്ലാം എൻെറ സ്നേഹിതന്മാർ കാണാറുണ്ടായിരുന്നു. വിളക്ക ണച്ചു കഴിയുമ്പോറം ഞാൻ ജപമാലയെടുത്ത് കിടക്കയിൽ കിടന്നു കൊണ്ടു് ജപമാല എത്തിക്കും. ഒരു ദിവസവും മുടങ്ങാതെ ഒരു കൊല്ലത്തോളം ഇതു് അനുഷ്ഠിച്ചുപോന്നു.

ഒരു ദിവസം കാർട്ടേഴ്സിൻെറ സൂക്ഷിപ്പുചുമതല എനിക്കു നല്കപ്പെട്ടു. രാത്രി 8 മുതൽ പിറേറന്നു് രാവിലെ 8 മണിവരെയാ യിരുന്നു എൻെറ ഡ്യൂട്ടിസമയം. രാത്രികാലങ്ങളിൽ റെഡ് ക്രോസ്സിൽ നിന്നുള്ള അടിയന്തിര ടെലഫോൺ സന്ദേശങ്ങറം സ്വീകരിക്കേണ്ടിയിരുന്നു. രാത്രി മുഴവൻ ഉറക്കമിളച്ചിരിക്കാൻ തിളച്ചുമറിയുന്ന കട്ടൻകാപ്പിയും ഒരു കെട്ടു മാസികകളുമാണു് എനി ക്കു് ലഭിച്ചിരുന്നതു്. 12 മണിക്കൂർ ഡ്യൂട്ടി സമയം കഴിയുമ്പോറം അടുത്ത 24 മണിക്കൂർ എനിക്കു് ഫ്രീ ടൈമാണു്. എൻെറ രാത്രി ഡ്യൂട്ടിസമയത്ത് റെഡ് ക്രോസ്സിൽ നിന്നു് രണ്ടു അടിയന്തിര സന്ദേശങ്ങറം ടെലഫോണിൽ വന്നെത്തി. രണ്ടു സൈനികരെ ആ ജോലിക്കു് നിയോഗിച്ചിട്ടു് ഞാൻ വിരമിച്ചു.

പിറേറന്നു് വൈകുന്നേരം ഞാൻ കിടക്കാൻ തയ്യാറാവുകയാ യിരുന്നു. 30 മണിക്കൂറുകളാണു് ഞാൻ ഉറക്കമില്ലാതെ കഴിച്ചുകൂട്ടി യതു്. കൺപോളകളിൽ ഉറക്കം കട്ടപിടിച്ചു നിന്നിരുന്നു. ഞാൻ എൻെറ മുറിയിലെത്തി. മൂന്നു കൂട്ടുകാരും അവിടെ ഉണ്ടായിരുന്നില്ല. നിശാപ്രാത്ഥനകറം ചൊല്ലാൻ ഞാൻ യൂനിഫോറം മാററാതെ തന്നെ കിടക്കക്കു് സമീപം മുട്ടുകുത്തി. ഞാൻ കട്ടിലിലേക്കു് ചരിഞ്ഞു. എങ്ങിനെയോ ഞാൻ എൻെറ പ്രാത്ഥനകറം പൂർത്തി യാക്കി. എന്നാൽ എൻെറ മനഃസാക്ഷിയുടെ സ്വരം എന്നെ അനു ശാസിച്ചു: ഒരു പ്രത്യേക കാര്യ്യ സാദ്ധ്യത്തിനു ജപമാല ദിവസേന ചൊല്ലിക്കൊള്ളാമെന്നു് നീ ദിവ്യജനനിയോടു വാഗ്ദാനം ചെയ്തി രുന്നതല്ലേ? അപ്പോറം വേറൊരു സ്വരം: "നീ ഇന്നു് വളരെ ക്ഷീണിതനാണു്. അതു കൊണ്ടു് ജപമാല ചൊല്ലിയില്ലെങ്കിലും സാരമില്ല." ആദ്യ സ്വരം പറഞ്ഞു: "ദൈവമാതാവിനോടു ചെയ്ത വാഗ്ദാനം ദൈവമാതാവിനോടു ചെയ്ത ഒരു വാഗ്ദാനം തന്നെയല്ലേ?

അതു് നിറവേററിയില്ലെങ്കിൽ ഗുരുതരമായ ഒരു വാഗ്ദാന ലംഘനം അല്ലേ അതു്?" വേറൊരു സ്വരം: "നീ മാംസവും രക്തവുമല്ലേ? നീ ക്ഷീണബാധിതനല്ലേ? പോയിക്കിടന്നുറങ്ങുവിൻ!" ജപമാല എൻെറ കൈകളിൽ നിന്നു് ആരോ ശക്തിയായി വലിച്ചെടുക്കുന്നതായി എനിക്കു തോന്നി. ആ ശക്തി അഥവാ ദുശ്ശക്തി എന്തായിരിക്കുമെന്നു്, ആരായിരിക്കുമെന്നു്, എനിക്കു് തൽക്ഷണം മനസ്സിലായി. ആ പൈശാചിക ശക്തിക്കു് ഞാൻ ഒരിക്കലും കീഴ്പെടുകയില്ല! ഞാൻ പിടഞ്ഞെണീററു. വീണ്ടും മുട്ടുകുത്തി. ഏകാഗ്രചിത്തനായി, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഭക്തിയോടു കൂടി, ജപമാല മുഴുവൻ ചൊല്ലിത്തീർത്തു.

ഫാത്തിമാനാഥയെപ്പററി ഞാൻ വായിച്ചു കൊണ്ടിരുന്ന പുസ്തകമെടുത്തു് വായന തുടൎന്നു. ലോക സമാധാനത്തിനു വേണ്ടി ജപമാല ചൊല്ലാനുള്ള ദിവ്യജനനിയുടെ ആഹ്വാനം ഞാൻ പല വട്ടമോർത്തു. അമേരിക്കൻ സൈനിക വ്യൂഹങ്ങളുടെയെല്ലാം ചാപ്ളൻ ന്യൂയോർക്കിലെ കർദ്ദിനാൾ സ്പെൽമാനായിരുന്നു. ജപമാലയുടെ ഒരു മഹാഭക്തനായിരുന്നു അദ്ദേഹം. മററു കൊല്ലങ്ങളെ അപേക്ഷിച്ചു 1939മുതൽ 1945വരെയുള്ള ആറു കൊല്ലത്തെ കാലയളവിൽ ജനങ്ങൾ കൂടുതൽ ജപമാലകൾ ചോല്ലാറുണ്ടായിരുന്നു എന്നു് അദ്ദേഹം ഒരിക്കൽ പറഞ്ഞു. രണ്ടാം ലോക മഹായുദ്ധത്തിൻെറമേൽ ഈ ജപമാലകൾക്കു് വല്ലസ്വാധീന ശക്തിയുമുണ്ടായിരുന്നോ എന്നു് ഒരു ഗവേഷണം നടത്തണമെന്നു് എനിക്കാഗ്രഹമുണ്ടായി. ആ ഗവേഷണത്തിൽ ഞാൻ കണ്ടെത്തിയ ചില വസ്തുതകളാണു് താഴെ നല്കുന്നതു്:

1. ഓഗസ്റ്റ് 15, 1940. ലോക ചരിത്രത്തിലുണ്ടായ ഏററവും വലിയ ആകാശ യുദ്ധം ലണ്ടനിൻെറ മുകളിൽ നടന്നു. ഇംഗ്ലീഷുകാരുടെ 27 സ്ക്വാഡ്രൻ വിമാനങ്ങൾ 157 ജെർമ്മൻ വിമാനങ്ങളെ വെടിവെച്ചു വീഴ്ത്തി. ഇംഗ്ലണ്ടിനെ ആക്രമിച്ചു് കീഴ്പെടുത്താനായിരുന്നു അവരുടെ ലക്ഷ്യം. "ഓപ്പറേഷൻ സീ ലയൺ" എന്നതായിരുന്നു അവരുടെ സീക്രട്ടു് കോഡു്. ദിവ്യജനനിയുടെ സ്വർഗ്ഗാരോപണ തിരുന്നാളായ ഓഗസ്റ്റ് 15-നാണു് ഈ സംഭവം നടന്നതു്.

2. ഡിസംബർ 7, 1941. ജാപ്പാൻ പോൾ ഹാർബറിൻെറ മേൽ ബോംബിട്ടു. പിറേറന്നു് അമേരിക്കാ ജാപ്പാന്നെതിരെ യുദ്ധം

പ്രഖ്യാപിച്ചു. ഡിസംബർ 8 ദിവ്യജനനിയുടെ അമലോത്ഭവ തിരുന്നാളാണ്. "അമലോത്ഭവ കന്യക"യ്ക്കാണ് അമേരിക്കാ അപ്പിക്കപ്പെട്ടിട്ടുള്ളത്.

3. രണ്ടു കൊല്ലക്കാലം ജെർമ്മിനിയും, ജാപ്പാനും, ഇററലിയും റഷ്യയേയും, ഇംഗ്ലണ്ടിനേയും, അമേരിക്കയേയും പരാജയപ്പെടുത്തിക്കൊണ്ടിരിക്കയായിരുന്നു. 1942 ഫെബ്രുവരി 2-ന് യുദ്ധത്തിന് ഒരു വ്യതിയാനമുണ്ടായി. ജെർമ്മൻകാരുടെ സുശക്തമായ ആറാം സേന ഫീൽഡ് മാർഷൽ വോൻ പോളിസ്സിൻെറ നേതൃത്വത്തിൽ സ്റ്റാലിൻഗ്രാഡിൽ വെച്ച് ചതച്ചരക്കപ്പെട്ടു. ഫെബ്രുവരി 2 ദിവ്യജനനിയുടെ പവിത്രീകരണ തിരുന്നാളാണ്.

4. മേയ് 13, 1943. വടക്കൻ ആഫ്രിക്കൻ ആക്രമണത്തിനു് തിരശ്ശീല വീണു. ഫീൽഡ്മാർഷൽ ജേർജെൻവോൻ ആർമിൻെറ കീഴിലുള്ള പട്ടാളം കീഴടങ്ങി. ഇററലിക്കാരും അപ്രകാരം തന്നെ ചെയ്തു. അവരെ നയിച്ചിരുന്നതു് ജെനറൽ ജൂസെപ്പെമെസ്സേ ആയിരുന്നു. മേയ് 13 ദിവ്യജനനി ഫാത്തിമായിൽ ആദ്യ ദശനം നല്കിയ ദിവസമായിരുന്നു. ലോക സമാധാനത്തിനു വേണ്ടി ജപമാല ചൊല്ലാൻ അവരം ആവശ്യപ്പെട്ടതു് അന്നായിരുന്നു,

5. സെപ്തംബർ 8, 1943. ഇററലി കീഴടങ്ങി. സെപ്തംബർ 8 ദിവ്യജനനിയുടെ ജന്മദിനമാണ്.

6. മേയ് 13, 1945, ജെർമ്മനിയുടെ മേലുണ്ടായ വിജയത്തിനു് അമേരിക്കാ ദൈവത്തിനു് നന്ദിപ്രകടിപ്പിച്ചുകൊണ്ടു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. മേയ് 13-ന് ദിവ്യജനനി ഫാത്തിമായിൽ വീണ്ടും ദശനം നല്കുന്നു.

7. ഓഗസ്റ്റ് 15, 1945, ജാപ്പാൻ കീഴടങ്ങുന്നു. രണ്ടാം ലോക മഹായുദ്ധം അവസാനിച്ചു. ഓഗസ്റ്റ് 15 ദിവ്യജനനിയുടെ സ്വർഗ്ഗാരോപണ തിരുനാളാണ്.

8. സെപ്തംബർ 2, 1945, ജെനറൽ ഡഗ്ലസ് മാക്ക് ആർത്തർ മിസ്സൂറി എന്ന യുദ്ധക്കപ്പലിൽ വെച്ചു ജാപ്പനീസ് പ്രതിനിധികളുടെ യാതൊരു വ്യവസ്ഥകരംക്കും വിധേയമല്ലാത്ത കീഴടങ്ങൽ സന്ധി സ്വീകരിക്കുന്നു. അക്കൊല്ലം സെപ്തംബർ 2-ന് പാപപരിഹാരാത്ഥം ആദ്യത്തെ അഞ്ചു ശനിയാഴ്ചകരം പ്രാത്ഥനയിൽ കഴിക്കണമെന്ന ദിവ്യജനനിയുടെ നിർദ്ദേശമുണ്ടായി. അന്നു് ആദ്യ ശനിയാഴ്ചയായിരുന്നു.

9. സെപ്റ്റംബർ 8, 1945, ടോക്യോയിൽ ആദ്യത്തെ അമേരിക്കൻ പതാക പാറിപ്പറന്നു. സെപ്റ്റംബർ 8 ദിവ്യജനനിയുടെ ജന്മദിനമായിരുന്നു.

ഈ നൂററാണ്ടിലെ ഏററവും സുപ്രസിദ്ധനായ ഒരു വൈദികനാണ്‌ പാദ്രി പീയോ. അദ്ദേഹത്തിന്‌ ദിവ്യരക്ഷകൻ നല്കിയ ഏഴുപ്രത്യേക ദാനങ്ങൾ ഇവയാണ്‌:

1. ഒരേസമയം രണ്ടുസ്ഥലങ്ങളിൽ കാണപ്പെടുക.

2 ആകാശവും ഭൂമിയും തൊടാതെ നില്ക്കാനുള്ള ഭാരക്കുറവിന്റെ സിദ്ധി.

3. സ്വർഗ്ഗീയ സൗരഭ്യം പരത്താനുള്ള കഴിവ്‌.

4. ശരീരത്തിൽ പഞ്ചക്ഷതങ്ങളുണ്ടാകാനുള്ള പ്രത്യേകവരം.

5. ദുഷ്ടാരൂപികളെ കാണാനുള്ള വിദൂര വീക്ഷണ ശക്‌തി.

6. രോഗശമന ശക്‌തി.

7. പ്രവചന ശക്‌തി.

1958–ൽ അദ്ദേഹം പറഞ്ഞതു്‌ ഒരു മൂന്നാം ലോക മഹായുദ്ധത്തെ ഒഴിവാക്കാൻ വേണ്ടത്ര ജപമാലകൾ ജനങ്ങൾ ചൊല്ലിക്കഴിഞ്ഞു എന്നാണ്‌. ഫാത്തിമാനാഥ ആവശ്യപ്പെട്ട പ്രകാരം ഓരോ കമ്മ്യൂനിസ്റ്റുകാരനു വേണ്ടിയും പ്രാർത്ഥിക്കുന്ന ഒരാൾ വീതം ലോകത്തിലുണ്ടാകയാണെങ്കിൽ റഷ്യ മാനസാന്തരപ്പെടുമെന്നും ലോകത്തിൽ സമാധാനമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

ഒരു കത്തോലിക്ക മാസികയിൽ ഒരു ഇററാലിയൻ വൈദികൻ എഴുതിയിരുന്ന ഒരു ലേഖനം എന്നെ അമ്പാളിപ്പിച്ചു. ഞാൻ വായിച്ചു കൊണ്ടിരുന്നതു്‌ വിശ്വസിക്കാൻ എനിക്കു കഴിഞ്ഞില്ല. അന്താരാജ്യ തീർത്ഥാടന കന്യകയുടെ പ്രതിമയോടുകൂടി ഞാൻ 1977 ഡിസംബറിൽ ഹാവായ്‌ ദ്വീപുകൾ സന്ദർശിക്കുമെന്നതു്‌ ദൈവഹിതമാണെന്നാണ്‌ ആ ലേഖനത്തിൽ ആ വൈദികൻ എഴുതിയിരുന്നതു്‌. ഈ വൈദികനെ കാണുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. ഞാൻ അദ്ദേഹത്തോട്‌ പറഞ്ഞു: “ഞാൻ നിങ്ങളുടെ ലേഖനം വായിച്ചു. പക്ഷേ, അതിലൊരു തെററുപററിയിട്ടുണ്ട്‌.” തെററൊന്നുമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ആ കഥയുടെ സാരാംശം ഇങ്ങിനെയാണ്. പാദ്രി പീയോയുടെ ഒരു ദീഘകാല പരിചയക്കാരനായിരുന്ന ഈ വൈദികൻ. പാദ്രി പീയോ ദിവസവും പതിനഞ്ചു ജപമാലകൾ ചൊല്ലാറുണ്ടായിരുന്ന എന്നു് ഈ വൈദികനറിയാമായിരുന്നു. ഒരു ദിവസം ഈ വൈദികൻ പാദ്രി പീയോയോടു ചോദിച്ചു: "പാദ്രി പീയോ, അങ്ങ് ഇന്നു് 15 ജപമാലകൾ ചൊല്ലിയോ?" മറുപടി: "ഞാൻ കൂടുതൽ ജപമാലകൾ ചൊല്ലി." "എഴുപത്തഞ്ചോ? അല്ലെങ്കിൽ നൂറോ?" "പോരാ." "125?" "പോരാ." "135? 150?" "കുറെ കൂടി." "160?" "അതു് ശരി." 24 മണിക്കൂറിനുള്ളിൽ 160 ജപമാലകൾ ചൊല്ലാൻ കഴിയുന്നതെങ്ങിനെ? തക്കതായ ധ്യാന സമേതം അത്രയും ജപമാലകൾ ഈ സമയത്തിനുള്ളിൽ ചൊല്ലിത്തീക്കുക ഗണിത ശാസ്ത്രപരമായി സാദ്ധ്യമല്ല. ആ വൈദികൻ കൂട്ടി ചേത്തു: "പാദ്രി പീയോക്ക് ഒരേസമയത്ത് രണ്ടുദിക്കുകളിൽ സന്നിഹിതനാകാനുള്ള അത്ഭുതശക്തി സ്വയമായുണ്ടു്, അദ്ദേഹം രണ്ടുസ്ഥലങ്ങളിൽ ഇരുന്നു കൊണ്ടായിരിക്കണം അത്രയും ജപമാലകൾ ചൊല്ലിത്തീത്തതു്. രാത്രികാലങ്ങളിൽ രണ്ടു മണിക്കൂറുകൾ മാത്രമേ അദ്ദേഹം ഉറങ്ങിയിരുന്നുള്ളു."

ഇതു പോലെ തന്നെ അത്ഭുതകരമായ മറെറാരു കഥ "Believe-it-or-not" എന്ന തൻെറ പുസ്തകത്തിൽ ബോബ് റിപ്ളി പേർഷ്യയിലെ ഷായെപ്പററി പറയുന്നുണ്ടു്. ജപമാലയുടെ പതിനഞ്ചു വാഗ്ദാനങ്ങളെപ്പററി അദ്ദേഹം കേട്ടിരുന്നു. അദ്ദേഹം ഒരു ജപമാലയെടുത്ത് വലതുകരത്തിൽ മുറുക്കിപ്പിടിച്ചു. 43 കൊല്ലങ്ങൾ ആ ജപമാല അവിടെത്തന്നെ പററിപ്പിടിച്ചിരുന്നുവത്രെ! ഷാ ജപമാല ചൊല്ലിയോ ഇല്ലയോ എന്നു് റിപ്ളി പറയുന്നില്ല. അതെന്തുതന്നെയായിരുന്നാലും ജപമാലയിലുള്ള അദ്ദേഹത്തിൻെറ വിശ്വാസത്തിനു് അതൊരു ഉത്തമ സാക്ഷ്യമായിരുന്നു. ഇതെന്നെ ഒരു കാര്യം അനുസ്മരിപ്പിക്കുന്നു. മാത്യുവിൻെറ സുവിശേഷത്തിൽ 8-ാം അദ്ധ്യായത്തിൽ 6-ാം വാക്യത്തിൽ ക്രിസ്തു കാഫർനാമിൽ പ്രവേശിച്ചപ്പോൾ പെയ്ഗനായിരുന്ന ഒരു റോമൻ ശതാധിപൻ അവിടത്തെ സമീപിച്ച് ഇങ്ങിനെ ഉണത്തിച്ചതായി നാം വായിക്കുന്നു: "ഗുരോ! എൻെറ പരിചാരകൻ തളർവാതം പിടിപെട്ടു വീട്ടിൽ കിടപ്പിലാണു്." ഈശോ അവനോട് പറഞ്ഞു: "ഞാൻ അവിടെ വന്നു് അവനെ സുഖപ്പെടുത്താം." ശതാധിപൻ പറഞ്ഞു: "അവിടുന്നു് എൻെറ ഭവനത്തിൽ പാദസ്പശം ചെയ്യുന്നതിനുള്ള

അർഹത എനിക്കില്ല. അവിടുന്നു് ഒരു വാക്കുച്ചരിച്ചാൽമതി എന്റെ പരിചാരകൻ സുഖം പ്രാപിച്ചുകൊള്ളും.'' അയാളുടെ ഈ വാക്കുകഠം ദിവ്യബലിയിൽ അനശ്വരങ്ങളായിത്തീർന്നിരിക്കയാണു്. പരിചാരകൻ എന്നപദത്തിനു പകരം ആത്മാവ്എന്ന വാക്കുമാത്രം മാറേറണ്ടതായുള്ളു.

ഈശോ ആശ്ചര്യം പ്രദർശിപ്പിച്ചു. തന്റെ കൂടെ ഉണ്ടായിരുന്നവരോട് അവിടുന്നു് പറഞ്ഞു: ''ഇത്രയും വലിയ വിശ്വാസം ഇസ്രയേലിൽ ഞാൻ കണ്ടിട്ടില്ല.'' അതു പോലെ തന്നെ, ദിവ്യജനനി സ്വർഗ്ഗത്തിൽ നിന്നു് ഭൂനിവാസികളായ നമ്മെ നിരീക്ഷിക്കയാണെങ്കിൽ ഇങ്ങിനെ പറയുമായിരുന്നു. ''പേർഷ്യയിലെ ഈഷായെപ്പോലെ എന്റെ ജപമാലയിൽ വിശ്വാസമർപ്പിച്ചിട്ടുള്ള ഒരാളെ ഞാൻ കണ്ടിട്ടില്ല,''

കൽക്കത്തായിലെ മദർ ടെറീസാ മസാച്ചുസെററ്സിലെ സ്പ്രിങ്ങ് ഫീൽഡ് സന്ദർശിച്ചപ്പോഠം ജനങ്ങളെ ആഹ്വാനം ചെയ്തു: ''ദിവസേന ജപമാല ചൊല്ലുക. ജപമാല ചൊല്ലാൻ മററുള്ളവരേയും പഠിപ്പിക്കുക.''

നൂററാണ്ടുകളായി ജപമാല കത്തോലിക്കാ ഭക്തിയുടെ ഒരു ദീപസ്തംഭമാണു്. ദോഷപൊറുതി മുതലായ ദാനങ്ങഠംകൊണ്ടു് തിരുസ്സഭ അതിനെ പരിപോഷിപ്പിച്ചിട്ടുണ്ടു്. അകത്തോലിക്കർ പോലും ഇതിന്റെ സവിശേഷതയാൽ സമാകൃഷ്ടരായിട്ടുണ്ടു്.

ക്ലീവ്ലണ്ടു് പ്രദേശത്തു് അകത്തോലിക്കരായ പലരും ജപമാല എത്തിച്ചുവരുന്നുണ്ടു്. ഒരു ദിവസം ഓഹിയോയിലെ എലിറിയാ ദേവാലയത്തിലെ ബിഷപ്പ് കൂപ്പർ ദേവാലയത്തിൽ വിതരണം ചെയ്യുന്നതിനു വേണ്ടി ജപമാലകഠം വാങ്ങാൻ സൻറ പോഠംസ് ഡോട്ടേഴ്സ് ബുക്ക് സെൻടറിൽ ചെന്നു. ലോകത്തിൽ വദ്ധിച്ചുവരുന്ന തിന്മകളേയും അധർമ്മങ്ങളേയും അഴിമതികളേയും പററി അദ്ദേഹം ആ കന്യാസ്ത്രീകളോടു സംസാരിച്ചു. അവ തടയുവാൻ എന്തെങ്കിലും അവർ അവരുടെ ദേവാലയത്തിൽ ചെയ്യണമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഒരു കന്യാസ്ത്രീ ഒരു വിനീത നിർദ്ദേശം നല്കി: ''എന്തുകൊണ്ടു് ജപമാല ദിവസവും ചൊല്ലിക്കൂടാ? അതു് നിങ്ങളുടെ ജനങ്ങഠംക്കു് സ്വർഗ്ഗീയാനുഗ്രഹങ്ങഠം സമൃദ്ധമായി സമ്പാദിച്ചു കൊടുക്കും. മാത്രമല്ല, തിന്മകളെ അകററി നിർത്തുകയും ചെയ്യും.''

ബിഷപ്പ് കൂപ്പർ അതൊന്നു പരീക്ഷിച്ചു നോക്കുവാൻ തന്നെ തീർച്ചയാക്കി. "The Rosary Made Easy for Non-Catholics", "The Great Promise of Our Lady of Fatima", "The Secret of the Rosary", എന്നീ ലഘു പുസ്തകങ്ങളും ഒരു ജപമാലയും അദ്ദേഹം വാങ്ങി. തൻെറ സ്നേഹിതനായ വൈദികനോട് ഇടവകയിലെ ജനങ്ങളോട് ജപമാല എന്തെന്നു് വ്യാഖ്യാനിച്ചു കൊടുക്കാനും, ആദ്യമായി അവരോടുകൂടി ഒരു ജപമാല ചൊല്ലാനും അദ്ദേഹം ആവശ്യപ്പെട്ടു. ബിഷപ്പ് കൂപ്പർ ഒരു പ്രോട്ടസ്ററണ്ടുകാരനായിരുന്നു.

താമസിയാതെ അദ്ദേഹം ബുക്ക് സ്റ്റോർ വീണ്ടും സന്ദർശിച്ചു. അനേകം ജപമാലകരം അദ്ദേഹം വാങ്ങി. അദ്ദേഹം പറഞ്ഞു: "സിസ്ററർ, നിങ്ങളുടെ നിർദ്ദേശം വളരെ പ്രായോഗികവും ഫലപ്രദവുമായിരുന്നു. റോസറി സർവ്വീസ് തുടങ്ങിയപ്പോരം 65 അംഗങ്ങളേ ഞങ്ങരംക്കു കിട്ടിയുള്ളു. എന്നാൽ അംഗസംഖ്യ ഇപ്പോരം വദ്ധിച്ചു കൊണ്ടിരിക്കയാണു്. ഇപ്പോരം ഞങ്ങരം രണ്ടു സവ്വീസുകളാണു് ദിവസേന നടത്തുന്നതു്."

കൂപ്പറുടെ ഭായ്യ ഇന്നു് മാതാവിൻെറ വലിയ ഭക്തയാണു്. അവർ പറഞ്ഞു: "എനിക്ക് അത്ഭുതം തോന്നുന്നു. ഇക്കാലമത്രയും ഈശോയെപ്പററി മാത്രമാണു് ഞങ്ങരം സംസാരിച്ചു കൊണ്ടിരുന്നതു്. ഈശോയുടെ വത്സലമാതാവിനെപ്പററി ഒരു വാക്കും ഒരാളും പറഞ്ഞിരുന്നില്ല. പള്ളിയിൽ വെച്ച് മാതാവിനെപ്പററി ഒരു പ്രഭാഷണം നടത്തുന്നതിനു് ഞാനെൻെറ ഭത്താവിൻെറ അനുമതി തേടി. അദ്ദേഹം അനുവാദവുംതന്നു. ദിവ്യജനനി നമ്മുടെ ഓരോരുത്തരുടേയും ദൈനംദിന ജീവിതത്തിൽ എത്ര സുപ്രധാനയാണെന്നു് ഞാൻ അവരോടു പറഞ്ഞു. എന്തിനു? ഈശോ തൻെറ ശരീരത്തിൽ അനുഭവിച്ച വേദനകളെല്ലാം നമ്മുടെ അമ്മ അവളുടെ ഹൃദയത്തിലാണു് സഹിച്ചതു്. നമ്മെ രക്ഷിക്കാൻ മാതാവാണു് നമ്മെ സഹായിച്ചതു്."

ബിഷപ്പ് കൂപ്പർ കൂട്ടി ചേർത്തു: "ജപമാലോച്ചാരണം നാം ഒരിക്കലും നിർത്തിക്കളയരുതു്. ഈ വിശുദ്ധ രാജ്ഞി നമ്മുടെ ജീവിതങ്ങളിലേക്ക് കടന്നുവന്ന ശേഷം നമ്മുടെ ജനങ്ങളിൽ വലിയ മാററങ്ങരം വന്നു ചേർന്നിരിക്കുന്നു. അവരിൽ നന്മകരം വളരാൻ

തുടങ്ങിയിരിക്കുന്നു. പരസ്പരമുള്ള അവരുടെ സ്നേഹവും വദ്ധിച്ചിരിക്കുന്നു.''

ആ ദേവാലയാങ്കണത്തിൽ ദൈവമാതാവിൻെറ ഒരു പ്രതിമ കാണാം. അതു് "Lady of Grace"ൻെറ മനോഹരമായൊരു പ്രതിമയാണു്!

പേർഷ്യയിലെ ഷാ ചെയ്തതു പോലെ നമ്മുടെ ജപമാലയെ നമുക്കു് മുറകെപ്പിടിക്കാം. അതു് നമ്മെ ആദ്ധ്യാത്മികമായ ഒരു നവീകരണത്തിലേക്കും സ്വർഗ്ഗീയമായ ഒരു അനുഭൂതിയിലേക്കും ആനയിക്കും; നിശ്ചയം.

## ജപമാല

പീയൂസ് 12-ാമൻ പാപ്പ കർദ്ദിനാൾ മാഗ്ലിയോനിക്ക് 1940 ഏപ്രിൽ 15-ന് ഇങ്ങിനെ എഴുതി: "ദാന്തെ പറയുന്നതു പോലെ, ദൈവസഹായം ആവശ്യമായി വരുന്നയാൾ മേരിയുടെ മാദ്ധ്യസ്ഥം തേടാതെ ദൈവത്തെ നേരിട്ടു സമീപിക്കുകയാണെങ്കിൽ അതു് ചിറകില്ലാതെ പറക്കുന്നതു പോലെയാണ്."

ജപമാല എന്താണ്? 1.) ദൈവത്തിൻെറ മഹത്തായ ചിത്രഗ്രന്ഥം. വരച്ചതു് ദൈവത്തിൻെറ അമ്മയും. 2.) സ്വർഗ്ഗത്തെ ഭൂമിയുമായി ബന്ധിക്കുന്ന ശൃംഖല. 3.) സ്വർഗ്ഗത്തിൽ നിന്നു് വഴുതിപ്പോകുന്ന ഭൂമിയെ പിടിച്ചുനിർത്തുന്ന കടിഞ്ഞാൺ. 4) ആപത്തിലൊ ആവശ്യത്തിലൊ സൂചന നല്കുന്ന മണി. 5) പർവ്വതാരോഹണം നടത്തുന്നവരുടെ ജീവരക്ഷാകവചം. 6) കന്യകാ മേരിയുടെ കിരീടത്തിലെ പവിഴമണികൾ. 7) ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളേയും ഭൂമിയിലെ പാപികളേയും ബന്ധിക്കുന്ന സുവർണ്ണ ചങ്ങല. 8) നിത്യപിതാവിൻെറ ഭവനത്തിലേക്ക് അവിടുത്തേ അമ്മ നയിക്കുന്ന മക്കളുടെ ഊഞ്ഞാൽക്കട്ടിൽ. 9) മേരി എന്ന റേഡിയോ സ്റ്റേഷനിലേക്കുള്ള പോർട്ടബിൾ ട്രാൻസിസ്റ്റർ. 10) മാതാവിൻെറ വിമലഹൃദയത്തേയും ക്രിസ്തുവിനേയും സംപ്രേഷണം ചെയ്യുന്ന ടെലിവിഷൻ. 11) സുവിശേഷങ്ങളുടെ ഒരു ടെയ്പ്പ് റെക്കോഡർ. 12) ക്രിസ്തുവിൻെറ അക്ഷരങ്ങൾ പതിയുന്ന മേരിയുടെ ടൈപ്പ്റൈട്ടർ.

"Rosary" എന്ന പദം "Rosarium" എന്ന ലത്തീൻ പദത്തിൽ നിന്നുണ്ടായതാണ്. റോസപുഷ്പങ്ങളുടെ ഒരു ആരാമം എന്നാണതിൻെറ അർത്ഥം. ഓരോ പ്രാവശ്യവും നാം ജപമാല ചൊല്ലുമ്പോൾ ദൈവമാതാവിനു് റോസാപ്പുഷ്പങ്ങളുടെ ഒരു കുലയാണ് നാം സമർപ്പിക്കുന്നതു്. മനോജ്ഞങ്ങളായ പ്രാർത്ഥനകളും ധ്യാനങ്ങളും നിറഞ്ഞ ഒരു പൂമാലയാണ് ജപമാല.

നാസ്തികത്വം, വിഷയലമ്പടത്വം, മുതലായ തിന്മകൾക്കെതിരെ പ്രയോഗിക്കപ്പെടുന്ന സുശക്തമായൊരായുധമാണ് ജപമാല. അതേസമയം തന്നെ അത്യുൽകൃഷ്ടമെങ്കിലും അതിലളിത

മായ പ്രാൎത്ഥനകൾ മാത്രമേ അതിൽ അടങ്ങിയിട്ടുമുള്ളു. രണ്ടു രീതികൾ ഏകീകൃതമായതാണു് ഈ പ്രാൎത്ഥന. ഒന്നു് അധരങ്ങൾ കൊണ്ടുള്ളതും, രണ്ടാമത്തേതു് മനസ്സു കൊണ്ടുള്ളതും. ക്രിസ്തുമതത്തിലെ മഹദ് സത്യങ്ങളും രഹസ്യങ്ങളുമാണു് അതിൽ അടങ്ങിയിരിക്കുന്നതു്.

ദൈവമാതാവിനോടുള്ള മുഖ്യമാലാഖ ഗബ്രിയേലിൻെറ സന്ദേശ പ്രഖ്യാപനത്തോടുകൂടി അതാരംഭിക്കുന്നു. അനന്തരം അതു് സുവിശേഷങ്ങളിൽ വിവരിച്ചിട്ടുള്ളതുപോലെ ദിവ്യരക്ഷകൻെറ ജീവിതത്തിലെ പ്രധാന സംഭവങ്ങളേയും ജീവിതത്തേയും മരണത്തേയും ഉത്ഥാനത്തേയും ധ്യാനവിഷയങ്ങളായി ചിത്രീകരിക്കുന്നു.

അധരങ്ങൾകൊണ്ടു് ചൊല്ലുന്ന പ്രാൎത്ഥനകൾ ദിവ്യങ്ങളാണു്. കാരണം, അവ ദൈവത്തിൽ നിന്നുതന്നെ ലഭിച്ചവയാണു്. “സ്വൎഗ്ഗസ്ഥനായ പിതാവേ!” എന്ന പ്രാൎത്ഥനയുടെ കൎത്താവു് ദിവ്യരക്ഷകൻ തന്നെയാണു്. സ്വന്തം സുതനാൽ വിരചിതമായ പ്രാർത്ഥന ഉപയോഗിച്ചു് പിതാവിനോടു് പ്രാർത്ഥിച്ചാൽ പിതാവിനു് അതു് നിരസിക്കാൻ കഴിയുന്നതെങ്ങിനെ? “നന്മനിറഞ്ഞമറിയമേ” എന്ന പ്രാർത്ഥനയുടെ കൎത്താക്കൾ ഗബ്രിയൽ മാലാഖയും സൻെറ എലിസബത്തുമാണു്. ആ പ്രാർത്ഥനയുടെ പൎയ്യവസാനമാകട്ടെ “ഇപ്പോഴും ഞങ്ങളുടെ മരണനേരത്തിലും മാതാവിൻെറ” സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണു്. പരിശുദ്ധ ത്രിത്വത്തെ വാഴ്ത്തുകയാണു് പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും “സ്തുതി” എന്ന പ്രാർത്ഥനയിൽ അന്തർഭവിച്ചിരിക്കുന്നതു്.

കൎദ്ദിനാൾ ന്യൂമേൻ പറയുന്നു: “ജപമാലയുടെ മഹത്തായ ശക്തി അടങ്ങിയിരിക്കുന്നതു് വിശ്വാസപ്രമാണത്തെ ഒരു പ്രാൎത്ഥനയായി അതു് രൂപാന്തരപ്പെടുത്തുന്നു എന്ന യാഥാൎത്ഥ്യത്തിലാണു്. വിശ്വാസപ്രമാണം ഒരർത്ഥത്തിൽ ഒരു പ്രാർത്ഥന തന്നെയാണു്. അതു് ദൈവത്തിനു നല്ലപ്പെടുന്ന മഹത്തായ ഒരാരാധനയുമാണു്, എന്നാൽ ജപമാല ക്രിസ്തുവിൻെറ ജീവിതത്തേയും മരണത്തേയും പററി വീണ്ടും വീണ്ടും ധ്യാനിക്കുന്നതിനുള്ള സന്ദർഭം നമുക്കു തരുന്നു. ധ്യാനവിഷയങ്ങളുടെ ആവൎത്തനം നമ്മുടെ ഹൃദയത്തിലേക്കു് കൂടുതൽ ആഴത്തിലിറങ്ങുന്നു. ക്രിസ്ത്യാനികൾപോലും, അവർ ദൈവത്തെ അറിയുന്നവരാണെങ്കിലും, ദൈവത്തെ സ്നേഹിക്കുന്നതിനു പകരം ഭയപ്പെടുകയാണു് ചെയ്യുന്നതു്. ജപമാലയുടെ ശക്തി

നിക്ഷിപ്തമായിരിക്കുന്നതു് ഈ ധ്യാനരഹസ്യങ്ങളെ നാം എപ്രകാരമാണു് കൈകാര്യം ചെയ്യുന്നു എന്നതിലാണു്. ക്രിസ്തുവിനെപ്പററിയുള്ള നമ്മുടെ എല്ലാ ചിന്തകളും അവിടുത്തേ അമ്മയുടെ ചിന്തയുമായി കെട്ടുപിണഞ്ഞു കിടക്കുന്നതുകൊണ്ടു് അമ്മയും മകനും തമ്മിലുള്ള ഐക്യം കൂടുതൽ സ്പഷ്ടമായി കാണുവാൻ നമുക്കു് കഴിയുന്നു.

എല്ലാ തരക്കാർക്കും, സാധാരണക്കാരായാലും ബുദ്ധിശാലികളായാലും ശരി, എല്ലാവർക്കും സ്വീകാര്യമാണു് ജപമാല. വൈദികർക്കും സന്യാസിനീസന്യാസികൾക്കും ഹൃദ്യമായ ഒരു പ്രാർത്ഥനയാണു് ജപമാല. മാർപാപ്പാമാർ പോലും ദിവസേന ജപമാല ചൊല്ലാറുണ്ടു്. അൽമായരുടെ രക്ഷാകവചം ജപമാലതന്നെയാണു്.

റോസ്സുകളുടെ ഈ മനോഹരമാല പിതാവിന്റെ അനന്തമായ സ്നേഹത്തെയാണു് നമ്മുടെ കൺമുമ്പിൽ വെക്കുന്നതു്. പുത്രനോടുള്ള പരിധിയില്ലാത്ത സ്നേഹമാണു് നമ്മെ രക്ഷിക്കാൻവേണ്ടി ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചതു്. മാത്രമല്ല, നമ്മുടെ ഹൃദയങ്ങളേയും ജീവിതത്തേയും പവിത്രീകരിക്കുന്നതിനു് പരിശുദ്ധാത്മാവിനേയും നമ്മുടെ ഹൃദയങ്ങളിലേക്കയച്ചു. ഈ പരിശുദ്ധാത്മാവാണു് തിരുസ്സഭയെ പരിരക്ഷണം ചെയ്തുകൊണ്ടിരിക്കുന്നതു്. സന്തോഷത്തിന്റേയും സന്താപത്തിന്റേയും മഹത്വത്തിന്റേയും രഹസ്യങ്ങൾ നാം ധ്യാനിക്കുമ്പോൾ ഈ മൂന്നു ഘട്ടങ്ങളിലും കൂടി കടന്നുപോകുന്ന നമ്മുടെ ജീവിതത്തിന്റെ ഒരു പ്രതിഫലനം നമ്മിലുണ്ടായിത്തീരുന്നതു് സ്വാഭാവികം മാത്രമാണു്.

ജപമാല കഴുത്തിൽ ധരിക്കുന്നതോ കൂടെ കൊണ്ടുനടക്കുന്നതോ മാതാവിനോടുള്ള നമ്മുടെ ഭക്തിയുടേയും സ്നേഹത്തിന്റേയും പ്രത്യക്ഷപ്രകടനമാണു്. സ്വർഗ്ഗരാജ്യത്തിലെ നമ്മുടെ അമ്മയോടു് നമ്മെ ബന്ധിക്കുന്ന ഒരു ശൃംഖലയാണു് ജപമാല. അതു് ആത്മീയമായ ഒരു സോപാനമാണു്. ജപമാലമൂലം പല അത്ഭുതങ്ങളും ലോകത്തിലുണ്ടായിട്ടുണ്ടു്; ഇനിയും ഉണ്ടാകുന്നതുമാണു്. പോപ്പ് പീയൂസ് 11–ാമൻ തന്റെ "The Recitation of the Rosary to Combat Modern World Evils" എന്ന ചാക്രിക ലേഖനത്തിൽ ഇങ്ങിനെ പറയുന്നു:

"ഓരോ യുഗത്തിലേയും വിശ്വാസികൾ, പരസ്യമോ രഹസ്യമോ ആയ വിപൽഘട്ടങ്ങളിൽ, ശാരീരികവും ആത്മീയവുമായ

അവരുടെ ദുഃഖങ്ങളിൽ മേരിയുടെ സഹായം അഭ്യർത്ഥിക്കാറുണ്ട്. ഭക്തിയും വിശ്വാസവും നിറഞ്ഞ ആ അപേക്ഷകൾ ദിവ്യജനനി ഒരിക്കലും നിരസിക്കാറില്ല...........നമ്മുടെ ഈ നൂററാണ്ടിലെ ജനങ്ങൾ അഹംഭാവത്തള്ളൽകൊണ്ട് ജപമാലയെ നിരാകരിക്കുന്നുണ്ടെങ്കിൽ, ഭക്തരായ അസംഖ്യം സ്ത്രീ പുരുഷന്മാർ എല്ലാക്കാലവും ജപമാല ഭക്തിയിൽ വിശ്വാസമർപ്പിച്ചിട്ടുള്ളവരാണ്. ജപമാല മുടങ്ങാതേയും പതിവായും അവർ ചൊല്ലാറുണ്ട്. തൽഫലമായി ശാന്തിയും സമാധാനവും ജനമദ്ധ്യത്തിൽ പുലരാറുണ്ട്.

ജപമാലഭക്തിയിൽ സ്ഥിരത കാണിക്കുന്നവരെ എങ്ങിനെയാണ് ദിവ്യജനനി അനുഗ്രഹിക്കാറുള്ളത്? "Marian Movement of Priests" എന്ന സംഘടനയുടെ സ്ഥാപകനായ ഫാദർ ഗോബി പറയുന്നത് ജപമാലയുടെ അഞ്ചുരഹസ്യങ്ങളും ദിവസേന ചൊല്ലുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങളും നിത്യരക്ഷ പ്രാപിക്കുമെന്നാണ്. ഫാദർ സൊലാനസ് കാസി ഒരു ഫ്രാൻസിസ്കനായിരുന്നു. 1957–ലാണ് അദ്ദേഹം അന്തരിച്ചത്. ആത്മാക്കൾ സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുന്നതായ ദർശനങ്ങൾ അദ്ദേഹത്തിന് പലപ്പോഴുമുണ്ടായിട്ടുണ്ട്. ആ ആത്മാക്കൾ ഉപയോഗിച്ചിരുന്ന കോവണി ജപമാലയായിരുന്നു എന്ന് സൂക്ഷ്മനിരീക്ഷണത്തിൽ അദ്ദേഹം മനസ്സിലാക്കി.

ഏതാണ്ട് ഇതേ സമയത്തുതന്നെയാണ് അമേരിക്കൻ പ്രസിഡണ്ട് സ്ഥാനത്തേക്കുയരാൻ പരിശ്രമിച്ചുകൊണ്ടിരുന്ന സെനററർ റോബർട്ട് കെനഡി ഒരു ഘാതകൻെറ വെടിയേററു അകാല മരണം പ്രാപിച്ചത്. അദ്ദേഹത്തിൻെറ ജീവിതകാലത്തെ അന്ത്യകർമ്മം കോടിക്കണക്കിന് അമേരിക്കർ ടി. വി.യിൽ ദർശിച്ചു. എന്തായിരുന്നു ആ അന്ത്യകൃത്യം? നെഞ്ചിൽ വെടിയുണ്ട നീറിപ്പുകഞ്ഞ ആ മരണനാഴികയിൽ വലത്തുകരംകൊണ്ട് കീശയിൽനിന്ന് തൻെറ ജപമാല തപ്പിയെടുത്ത് ഭക്തിപൂർവ്വം ഹൃദയത്തിനുമീതെ വെച്ച് അന്ത്യശ്വാസം വലിച്ചു! ഫാദർ ഗബ്രിയൽ ഹാർട്ടി, ഓ. പി. ഐർലണ്ടിലെ നാഷനൽ ടെലിവിഷൻ കേന്ദ്രത്തിൽനിന്ന് സംപ്രേക്ഷണം ചെയ്ത പ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞു: "സ്വകരങ്ങളിൽ ജപമാലയെടുക്കുന്നയാൾ, പുരുഷനോ സ്ത്രീയോ ആയിരുന്നുകൊള്ളട്ടെ, അമേരിക്കൻ പ്രസിഡണ്ടിനേക്കാൾ ശക്തിയും അധികാരവും കൈകാര്യം ചെയ്യുന്ന ഒരാളാണ്."

ദിവ്യജനനിക്ക് ജപമാലയുടെ ആവശ്യമെന്താണ്? "പ്രവൃത്തികൾ വാക്കുകളേക്കാൾ ശബ്ദായമാനമാണ്" എന്നൊരു പഴ

ഞ്ചൊല്ലുണ്ട്. ദിവ്യജനനിയുടെ പ്രവൃത്തികളിൽനിന്നു് ജപമാല കഠം എത്ര ആവശ്യമെന്നു് നമുക്കു് കാണാൻ കഴിയും. അടുത്ത കാലത്തുണ്ടായ ഭൂമിയിലെ അവളുടെ മൂന്നു ദശ്നങ്ങളെടുക്കുക. തിരുസ്സഭ ആ ദശ്നങ്ങഠം അംഗീകരിച്ചിട്ടുള്ളതാണു്. അവളുടെ പ്രവൎത്തനങ്ങളേയും ഒന്നു പരിശോധിക്കുക. ആദ്യത്തെ ദർശനത്തിൽ ലൂർദ്ദിൽവെച്ചു് 14 വയസ്സു പ്രായമുള്ള കാഷ്ഠികബാലിക ബേൺണ്ണഡെററിനാണു് അവഠം കാണപ്പെട്ടതു്. തത്സമയം ദിവ്യജനനിയുടെ കരങ്ങളിൽ ജപമാലയുണ്ടായിരുന്നു. 1858–ൽ ഫെബ്രുവരി 11 മുതൽ ജൂലൈ 16 വരെ 18 പ്രാവശ്യം ദിവ്യജനനി ആ ബാലികക്കു് ദശ്നം നല്കി, ബേൺണ്ണഡെററ് ജപമാല ചൊല്ലിയപ്പോഠം ദിവ്യജനനിയുടെ പാവനവിരലുകഠം തൻെറ കരങ്ങളിൽ പിടിച്ചിരുന്ന ജപമാല മണികളിൽ എണ്ണും പിടിച്ചിരുന്നു!

അടുത്ത ദശ്നം 1917–ൽ പോൎത്തുഗലിലെ ഫാത്തിമായിൽ വെച്ചായിരുന്നു. അവിടേയും ദിവ്യജനനിയുടെ കരങ്ങളിൽ ജപമാലയുണ്ടായിരുന്നു. "ദിവസേന നിങ്ങഠം ജപമാല ചൊല്ലണം," ദിവ്യജനനി ആജ്ഞാപിച്ചു.

അടുത്ത ദശ്നത്തിൽ ദിവ്യജനനി അഞ്ചു കുട്ടികഠംക്കാണു് കാണപ്പെടുന്നതു്. ഫെർനാണ്ടെ (15), ഗിൽബേർട്ടെ (13), ആൽബർട്ടു് വോയിസിൻ (13) ആണ്ട്റി (14), ഗിൽബേർട്ടെ ഡെജിംബ്റേ (9) ഇവരായിരുന്നു ആ കുട്ടികഠം. 1932 നവംബർ 29 മുതൽ 1933 ജനുവരി 3 വരെയായിരുന്നു ദശ്നങ്ങഠം.

ചില ദശ്ന സമയങ്ങളിൽ 15,000 ജനങ്ങളോളം അവിടെ സന്നിഹിതരായിരുന്നു. കുട്ടികഠം ദിവ്യജനനിയെ കാണുമ്പോഠം അഗാധ ഭക്തിപാരവശ്യത്തിലും ആനന്ദനിർവൃതിയിലും ആമഗ്നരായി ഭക്തിപൂൎവ്വം ജപമാല ചൊല്ലിയിരുന്നു. തദവസരത്തിൽ അവിടെ സന്നിഹിതരായിരുന്ന ഡോക്ടർമാർ കുട്ടികളുടെ ശരീരത്തിൽ മുട്ടുസൂചികഠം കുത്തിക്കയററുകയും, സിഗരററ് ലൈററുകഠം കൊണ്ടു് അവരുടെ കൈകളിലെ തൊലി പൊള്ളിക്കയും ചെയ്തു. പക്ഷേ, യാതൊരു വേദനയും കുട്ടികഠംക്കുണ്ടായില്ല. ചൎമ്മങ്ങഠംക്കും ക്ഷതമൊന്നും സംഭവിച്ചില്ല.

ആ ദശ്നങ്ങഠംക്കുശേഷം കുട്ടികഠം ചോദ്യം ചെയ്യപ്പെട്ടു. "ദശ്നവേളയിൽ നിങ്ങഠം ജപമാല ചൊല്ലിയതു് എന്തുകൊണ്ടാണു്?" മറുപടി: "മാതാവു് ആവശ്യപ്പെട്ടതുകൊണ്ടു്."

1986 ജൂലൈ ഓഗസ്റ്റ് മാസങ്ങളിലെ "Queen" മാസിക യിൽ ഒരു സംഭവകഥ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇററലിയിലെ ലാററിയാനൊ 1841 ഫെബ്രുവരി 11–ന് നല്ല കത്തോലിക്കാ മാതാപിതാക്കളിൽനിന്നു ജനിച്ചവനാണ്. നാപ്പിറംസ് സർവ്വകലാ ശാലയിൽ പഠിക്കുമ്പോരം മതവിശ്വാസം നഷ്ടപ്പെടുകയും, സാത്താ നെ ദൈവമായി ആരാധിക്കുന്നവരുടെ സംഘത്തിലെ ഒരംഗമാ യിത്തീരുകയും ചെയ്തു. അനേക കൊല്ലങ്ങരംക്കുശേഷം ഒരു സ്നേഹി തൻെറ സ്വാധീനശക്തിമൂലം സാത്താൻെറ അടിമത്വത്തിൽനിന്ന് അദ്ദേഹം വിമോചിതനായി. അവശേഷിച്ച ജീവിതകാലം മുഴുവനും ഒരു മരിയഭക്തനായി കഴിച്ചുകൂട്ടി. ജപമാലഭക്തി പ്രചരിപ്പി ക്കലായിരുന്നു അദ്ദേഹത്തിൻെറ പ്രധാന തൊഴിൽ. 1926 ഒക്ടോബർ 5–ന് അയാരം അന്തരിച്ചു. 1960 ഒക്ടോബർ 26–ന് റോമിലെ സൻെറ പീറേറഴ്സ് ബസ്ലിക്കയിൽ വെച്ച് പോപ്പ് ജോൺ പോരം രണ്ടാമൻ സാത്താനെ ആരാധിച്ചിരുന്ന ഈ മനുഷ്യനെ വിശുദ്ധ പദവിക്കർഹനാണെന്ന് പ്രഖ്യാപിച്ചു.

"മരിയ ഭക്തൻ രക്ഷിക്കപ്പെടും. മരിയയുടെ വലിയ ഭക്തൻ ഒരു വിശുദ്ധനായിത്തീരും." റവ. ജെയിംസ് ആൽബറി യോനിയുടെ വാക്കുകളാണിവ.

ഐർലണ്ടിലെ ആർച്ച് ബിഷപ്പ് ഫിൻബാർറയൻ പറയു ന്നതു് ദിവ്യജനനിക്കു് 1600 സ്ഥാനപ്പേരുകളുണ്ടെന്നാണ്. ഫാ ത്തിമായിലെ കുട്ടികളോട്ട് അവരം പറഞ്ഞതു് "ഞാൻ ജപമാല യുടെ മാതാവാണ്" എന്നാണ്. "ഞാൻ ദൈവത്തിൻെറ അമ്മ യാണ്" എന്ന ഏററവും വലിയ ബഹുമതിയോ, "ഞാൻ അമലോ ത്ഭവ കന്യകയാണ്" എന്ന രണ്ടാം സ്ഥാനമോ അവരംക്ക് പ്രഖ്യാ പിക്കാമായിരുന്നു. എന്നാൽ 1600 സ്ഥാനപ്പേരുകളിൽ "ഞാൻ ജപമാല രാജ്ഞി"യാണെന്ന വിനീതസ്ഥാനമേ അവരം തെര ഞ്ഞെടുത്തുള്ളു. നമ്മുടെ ദിന ജീവിതത്തിൽ ജപമാലക്കുള്ള സ്ഥാന മാണ് അതു് വ്യക്തമാക്കുന്നതു്.

പോപ്പ് പീയൂസ് ഒമ്പതാമൻ ഒരിക്കൽ വത്തിക്കാനിൽ കൂടി ഒരു പര്യടനം നടത്തി. പലരും പല ചോദ്യങ്ങളും അദ്ദേഹ ത്തോടു ചോദിച്ചു. ഒരു ചോദ്യമിതായിരുന്നു: "പരിശുദ്ധപിതാവേ! വത്തിക്കാനിലുള്ളുള്ള ഏററവും വില പിടിച്ച വസ്തുക്കളിൽ ഏററവും വില കൂടിയ സാധനമെന്താണ്? മൈക്കരം ആഞ്ചെലോയുടെ

"പിയററ" എന്നായിരിക്കും മറുപടി എന്നു് അവിടെ കൂടിയിരുന്ന തീർത്ഥാടകരിൽ പലരും വിചാരിച്ചു. ലിയോനാർഡൊ ഡ വിൻസി യുടെ ചിത്രമായിരിക്കുമെന്നു് മററു ചിലർ കരുതി. പരിശുദ്ധ പിതാവ് പോക്കററിൽ കൈ ഇട്ട് ഒരു ജപമാല പുറത്തേക്കെടുത്ത് ഉയർത്തിപ്പിടിച്ചുകൊണ്ടു് പറഞ്ഞു: "വത്തിക്കാനിലെ ഏററവും വിലപ്പെട്ട വസ്തു ഇതാണു്." മറെറാരവസരത്തിൽ അദ്ദേഹം പറ ഞ്ഞു: "ജപമാല ചൊല്ലുന്നവരുടെ ഒരു സൈന്യം എനിക്കു തരിക. ഞാൻ ലോകത്തെ കീഴടക്കാം."

എല്ലാ ദിവസവും ദിവ്യകാരുണ്യം സ്വീകരിക്കാൻ അനു മതി നല്കിയ പോപ്പ് സൻറ പീയൂസ് പത്താമൻ പറഞ്ഞു: "ജപ മാല ചൊല്ലുന്ന പത്തുലക്ഷം കുടുംബങ്ങളെ എനിക്കു തരിക. ലോകം രക്ഷ പ്രാപിച്ചുകൊള്ളും." പോപ്പ് പീയൂസ് 11–ാമൻ വിവാഹി തരായ ദമ്പതികൾക്കു് ജപമാലയാണു് സമ്മാനമായി നല്കിയി രുന്നതു്. പോപ്പ് പീയൂസ് 12–ാമൻ ദിവസവും ജപമാലയുടെ 15 രഹസ്യങ്ങളും ചൊല്ലിയിരുന്നു. പോപ്പ് ജോൺ പോൾ രണ്ടാമൻ പറയാറുണ്ടായിരുന്നു: "ജപമാലയാണു് എനിക്കു് ഏററവും ഇഷ്ട പ്പെട്ട പ്രാർത്ഥന." രണ്ടാമത്തെ വത്തിക്കൻ കൗൺസിൽ വിളിച്ചു കൂട്ടിയ പോപ്പ് ജോൺ 23–ാമൻ പാപ്പായായിരുന്ന 1958 മുതൽ 1963 വരെ 38 പ്രാവശ്യം ജപമാലയെപ്പററി പ്രഭാഷണം നടത്തി യിട്ടുണ്ടു്. അദ്ദേഹം ജപമാലയുടെ പതിനഞ്ചു രഹസ്യങ്ങളും ദിവ സേന ചൊല്ലിയിരുന്നു. അദ്ദേഹം "Grateful Memories" എന്നും, "The Holy Rosary" എന്നുമുള്ള ശീർഷകത്തിൽ രണ്ടു ചാക്രിക ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. ജപമാലയെപ്പററി പറയു മ്പോഴെല്ലാം അദ്ദേഹം "ഓ! മേരിയുടെ വിശുദ്ധമായ ജപമാല" എന്നു് വിശേഷിപ്പിക്കാറുണ്ടായിരുന്നു.

ഫാത്തിമാ ദർശനങ്ങൾ മൗലികമായും ജപമാലയെ സംബ ന്ധിച്ചവയായിരുന്നു. ആറു ദർശനങ്ങളിലും ദിവ്യജനനി ജപമാല ചൊല്ലാനാണു് ആവശ്യപ്പെട്ടതു്. ദിവ്യജനനിയുടെ പ്രത്യേകാവ ശ്യമെന്തെന്നു് കുഞ്ഞു ജെസീന്താ ചോദിച്ചപ്പോൾ "ദിവസവും ജപമാല ചൊല്ലുക" എന്നതായിരുന്നു മാതാവിൻെറ മറുപടി. ദർശ നങ്ങളുടെ സമാപനം 1942 ഒക്ടോബർ 31–നായിരുന്നു. അന്നു് പോപ്പ് പയസ് 12–ാമൻ വത്തിക്കാനിൽ നിന്നയച്ച റേഡിയോ സന്ദേശത്തിൽ ഇങ്ങിനെ പറഞ്ഞു: "ജപമാല പതിവായി ചൊ ല്ലാനാണു് ഫാത്തിമായിൽ വെച്ചു് ദിവ്യജനനി നമ്മോടാവശ്യ പ്പെട്ടതു്."

പോപ്പ് പോഠം ആറാമൻ രണ്ടു ചാക്രിക ലേഖനങ്ങരം എഴുതി. രണ്ടിലും ജപമാല ചൊല്ലേണ്ടതിൻെറ ആവശ്യം ഊന്നി പ്പറഞ്ഞു. "ലോകസമാധാനത്തിനുവേണ്ടി ദൈവമാതാവിനോടുള്ള ജപമാല", "മേയ്മാസം," എന്നിവയായിരുന്നു ആ രണ്ടു ലേഖ നങ്ങളും. "Marialis Cultus" എന്ന പ്രഭാഷണത്തിൽ ദിവ്യ ജനനിയോടുള്ള പ്രാർത്ഥനയുടെ പ്രാധാന്യം പ്രതിപാദിച്ചിരിക്കുന്നു. ജപമാലയെപ്പററി പല ചാക്രിക ലേഖനങ്ങളും അദ്ദേഹം പ്രസി ദ്ധീകരിച്ചിട്ടുണ്ട്. അതുകൊണ്ട് പോപ്പ് ലിയോ 13-ാമനെ ജപ മാലപ്പോപ്പ് എന്നാണ് വിളിച്ചു വരുന്നത്.

സൻെറ ക്ലെമൻെറ ഹോഫ് ബോവർ ഒരു ജപമാല ഭക്തി പൂർവ്വം ചൊല്ലിക്കൊണ്ട് കഠിന പാപിയേപ്പോലും മാനസാന്തര പ്പെടുത്തിയിരുന്നു. സൻെറ ഫ്രാൻസിസ് ഡി സാലെസ് വിനീത നായിരുന്നെങ്കിലും, ആത്മീയ കാര്യങ്ങളിൽ കാഠിന്യമുള്ള ഒരു വൈദികനായിരുന്നു. പ്രവർത്തനങ്ങളിൽ അക്ഷീണനായ അദ്ദേഹം നല്ലൊരു വാഗ്മിയും സുപ്രസിദ്ധനായ ഒരു എഴുത്തുകാരനുമായി രുന്നു. അതെങ്ങിനെ അദ്ദേഹത്തിനു സാധിച്ചു? ദിവസേന ജപ മാല എത്തിച്ചു കൊള്ളാമെന്നുള്ള ഒരു ദൃഢവ്രതം അദ്ദേഹമെടുത്തി രുന്നു. തൻെറ അതിപ്രബലങ്ങളായ ആയുധങ്ങളായ ജപമാലയും തൂലികയുമായി 54-ാം വയസ്സിൽ ജോലികളിൽ നിന്നു് വിരമി ക്കാൻ അദ്ദേഹം തീർച്ചയാക്കി.

അനേക കൊല്ലങ്ങരംക്കുമുമ്പ് വളരെ പ്രചാരത്തിലിരുന്ന ഒരു ഗാനമുണ്ടായിരുന്നു: "Red Roses for a Blue Lady"—"നീല വനിതക്കു് ചുവന്ന റോസ്പുഷ്പങ്ങരം." ഈ നീലവനിത ദൈവ ത്തിൻെറ അമ്മയാണ്. അവരംക്കു് റോസുകളല്ല ആവശ്യം. 'മറിച്ച്', ജപമാലകരം, അനേകമനേകം ജപമാലകരം! അതുകൊണ്ടായിരി ക്കണം ബിഷപ്പ് ഷീൻ ഇങ്ങിനെ പ്രസ്താവിച്ചതു്: "അസ്വസ്ഥത നിറഞ്ഞ ലോകത്തിൻെറ തകരാറെന്താണെന്നു് നിങ്ങരംക്കറിയാ മോ? അസ്വാസ്ഥ്യങ്ങരം നീക്കാൻ വേണ്ടത്ര ജപമാലകരം നാം ചൊല്ലാറില്ല എന്നതുതന്നെ."

ഭാവിയിലെ ക്യുറെ ഓഫ് ആർസിനു് വൈദികപട്ടം നല്ക വാനുള്ള സമയമായി. സൻെറ ജോൺ മേരി വിയാനി പഠനത്തിൽ വളരെ പിന്നോക്കമായിരുന്നു. അഭിഷേകം ചെയ്യാനുള്ള ബിഷ പ്പിനു് അതൊരു പ്രശ്നമായി. ബിഷപ്പ് അയാളോടു് ചോദിച്ചു: "ജപമാല എത്തിക്കേണ്ടതു് എങ്ങിനെ എന്നു് നിനക്കറിയാമോ?"

"നന്നായറിയാം." "എന്നാൽ ഇവന് നമുക്കു പട്ടം നല്കാം. ഇവൻ നല്ലൊരു വൈദികനായിത്തീരും." ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ സൻെറ ജോൺ മേരി വിയാന്നിയെപ്പോലെ ജീവിതവിശുദ്ധിയിലും ത്യാഗകൃത്യങ്ങളിലും സ്വയനിഗ്രഹത്തിലും അദ്വിതീയനായ ഒരു വൈദികോത്തമനെ വൈദിക ഗണത്തിൽ കണ്ടെത്തുക പ്രയാസമാണ്. ദിവസവും 16 മുതൽ 18 വരെ മണിക്കൂറുകളാണ് അദ്ദേഹം കുമ്പസാരക്കൂട്ടിലിരുന്ന് പാപ സങ്കീർത്തനങ്ങൾ കേട്ടിരുന്നത്. ദിവസവും അദ്ദേഹം ഒരു മത ബോധന ക്ലാസ്സ് നടത്തുകയും, ദേവാലയത്തിൽ കൂടിയിരുന്നവരെല്ലാമൊത്ത് ജപമാല ചൊല്ലുകയും ചെയ്യുക പതിവായിരുന്നു.

ഫിലിപ്പൈൻസ് രാജ്യത്തിലെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ മനിലയിലെ ലൂനേററാ പാർക്കിൽ വെച്ച് ഇരുപതു ലക്ഷം പേർ കൂട്ടമായി ചേർന്നു ചൊല്ലിയ ജപമാലയുടെ കാഴ്ച സംഭ്രാന്തി ജനിപ്പിച്ചു. ജപമാല ചൊല്ലിയതുമൂലം രക്തരഹിതമായ ഒരു വിജയമാണ് അവർ നേടിയത്. മാർക്കോസ് അധികാരത്തിൽ നിന്നു് നിഷ്ക്കാസിതനായി.

സൻെറ ജോൺ ബാപ്ററിസ്ററ് ഡി ലാ സാല്ലിയുടെ കരങ്ങളിൽ ജപമാല എപ്പോഴുമുണ്ടായിരുന്നു. സൻെറ ഫ്രാൻസിസ് റെജിസും ജപമാല കരങ്ങളിലേന്തി നടന്നിരുന്നു.

മേരിയുടെ ഏററവും വലിയ അപ്പസ്തോലൻ ഫ്രാങ്ക് ഡഫ് ആയിരുന്നു. ലീജൻ ഓഫ് മേരിയുടെ സ്ഥാപകനായിരുന്നു അദ്ദേഹം. അഞ്ചു പാപ്പമാരും അനേകം കർദ്ദിനാൾമാരും ലോകമാകെയുള്ള മെത്രാന്മാരും വൈദികരും അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളെ പ്രശംസിച്ചു. രണ്ടാം വത്തിക്കൻ കൗൺസിലിലേക്ക് ഒരു അൽമായ നിരീക്ഷകനായി അദ്ദേഹം ക്ഷണിക്കപ്പെട്ടു. കർദ്ദിനാൾ ഹീനാൻ അദ്ദേഹത്തെ സദസ്യർക്ക് പരിചയപ്പെടുത്തിയപ്പോൾ സദസ്സിലെ 2500 മെത്രാന്മാർ എണീററു നിന്നു കരഘോഷം മുഴക്കി അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. മൂന്നു ദിവസങ്ങൾക്കു ശേഷം പോപ്പ് പോൾ ആറാമൻ അദ്ദേഹത്തിന് ഒരു പ്രൈവററ് സന്ദർശനം അനുവദിച്ചു, പാപ്പാ അദ്ദേഹത്തോടു പറഞ്ഞു: "മി. ഡഫ് തിരുസ്സഭക്കു വേണ്ടി നിങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. ലീജൻ ഓഫ് മേരിയുടെ എല്ലാ പ്രവർത്തനങ്ങളേയും ഞാൻ പ്രശംസിക്കുന്നു....ലീജൻ ഓഫ് മേരി തിരുസ്സഭയെ വിശ്വസ്തമായി സേവിച്ചിരിക്കുന്നു."

തൻെറ ജീവിതത്തിലും പ്രവർത്തനങ്ങളിലും ജപമാല സുപ്രധാനമായ പങ്കാണ് വഹിച്ചിട്ടുള്ളതെന്ന് അദ്ദേഹം എപ്പോഴും പറയാറുണ്ടായിരുന്നു.

"ജപമാലയുടെ അനന്യസാധാരണനായ പ്രാസംഗികൻ" എന്ന പേരിൽ അറിയപ്പെടുന്ന സൻറ ലൂയിസ് ഡി മൌണ്ട് ഫോർട്ട് അഞ്ചു വയസ്സുള്ളപ്പോൾ തന്നെ ദിവസേന ജപമാല ചൊല്ലാൻ തുടങ്ങി. ആത്മാക്കൾക്കുവേണ്ടിയുള്ള പ്രയത്നത്തിൽ സാത്താനെതിരായുള്ള ഒരായുധമാണ് ജപമാലയെന്ന് അദ്ദേഹം കണ്ടെത്തി. തൻെറ സഹ വൈദികരോട് അദ്ദേഹം ഇങ്ങിനെ പറഞ്ഞിരുന്നു: "വിശുദ്ധ ജപമാലയെപ്പററി പ്രസംഗിക്കുമ്പോൾ ദൈവം എനിക്കു നല്കിയിരുന്ന വരപ്രസാദത്തിൻെറ ഫലദായകത്വത്തെപ്പററിയുള്ള അനുഭവങ്ങൾ എത്ര വേണമെങ്കിലും എനിക്കു പറയാനുണ്ടായിരുന്നു. ഞാൻ കണ്ട മാനസാന്തരങ്ങൾ വളരെയുണ്ട്. ദൈവ പ്രചോദിതമായ ഒരു അനർഘ രത്നമാണ് ജപമാലയെന്ന് ഞാൻ പറഞ്ഞുകൊള്ളട്ടെ."

തന്നെ ശ്രവിക്കാൻ ഇഷ്ടപ്പെട്ടിരുന്നവരോട് അദ്ദേഹം പറഞ്ഞിരുന്നു: "ദിവസേന ജപമാല ചൊല്ലണമെന്ന് ഞാൻ ആത്മാർത്ഥമായി നിങ്ങളോട് അഭ്യർത്ഥിക്കുന്നു. മരണം ആസന്നമാകുമ്പോൾ ജപമാല ചൊല്ലാൻ നിങ്ങൾ വിനിയോഗിച്ച സമയത്തെപ്പററിയും അതിനു നിങ്ങൾക്ക് ലഭിക്കാനിരിക്കുന്ന സ്വർഗ്ഗീയ സൗഭാഗ്യത്തെപ്പററിയും നിങ്ങൾ ആഹ്ലാദഭരിതരാകും."

ഫ്രാൻസിലെ രാജാവായ സൻറ ലൂയിസ് ഒമ്പതാമൻ യുദ്ധക്കളത്തിലേക്ക് പോകുമ്പോഴെല്ലാം ജപമാല ചൊല്ലാറുണ്ടായിരുന്നു. സൻറ ജോൺ ബേർക്ക്മെൻസ് ക്രൂശുരൂപവും ജപമാലയും തൻെറ സന്യാസ സഭയുടെ നിയമാവലിയും കൈകളിൽ പിടിച്ചുകൊണ്ടാണ് മരണമടഞ്ഞത്. അദ്ദേഹം പറഞ്ഞു: "ഈ മൂന്നു വസ്തുക്കളുമാണ് ഞാൻ ഏററവും ഇഷ്ടപ്പെടുന്നത്. ഇവ കരങ്ങളിലുണ്ടെങ്കിൽ മരിക്കാൻ എനിക്കു ഒരു ഭയവുമില്ല."

ഇംഗ്ലണ്ടിൻെറ മർദ്ദനങ്ങളിൽ നിന്ന് ജപമാലകൊണ്ടാണ് ഡാനിയൽ ഓ. കോണ്ണൽ ഐർലണ്ടിനെ രക്ഷിച്ചതെന്നു പറയപ്പെടുന്നു.

ദേവാലയത്തിലെ മണിനാദം കേട്ടാലുടൻ സൻറ അൽഫോൻസ് ഡി ലിഗോറി എന്തു ജോലികൾ ചെയ്തു കൊണ്ടിരുന്നാലും

അതു് നിത്തിവെച്ച് നന്മനിഞ്ഞ മറിയമേ എന്ന നമസ്ക്കാരം ചൊല്ലിയിരുന്നു. 5–ാം വയസ്സുമുതലാണു് സിയന്നായിലെ സൻറ കാത്തറൈൻ "നന്മനിറഞ്ഞ മറിയമേ" എന്ന പ്രാത്ഥന ചൊല്ലിത്തുടങ്ങിയതു്. ദൈവാനുഗ്രഹങ്ങളുടെ മദ്ധ്യസ്ഥയാണു് മേരി എന്നു് സൻറ ബേർണാർഡു് പറഞ്ഞിരുന്നു.

വാഴ്ത്തപ്പെട്ട ബെനവെഞ്ചാ ബോജാനി കുട്ടിക്കാലം മുതല്ക്കേ ദിവസേന ആയിരവും, ശനിയാഴ്ചകളിൽ രണ്ടായിരവും, ജപമാലകരം ചൊല്ലാറുണ്ടായിരുന്നു.

ഹങ്കറിയിലെ വാഴ്ത്തപ്പെട്ട മാർഗ്രററ് നിലത്തു് കമിഴ്ന്നു കിടന്നുകൊണ്ടു് ആയിരം "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാത്ഥന ചൊല്ലാറുണ്ടായിരുന്നു.

സൻറ ലൂയിസ് ഡി മണ്ട് ഫോർട്ടിനെ ഒരിക്കൽ കൂടി ഉദ്ധരിക്കട്ടെ: "നന്മനിറഞ്ഞ മറിയമേ എന്ന ജപം ശ്രദ്ധാപൂർവ്വം, ഭയഭക്തികളോടുകൂടി, വിനയാന്വിതമായി, ചൊല്ലുകയാണെങ്കിൽ അതു് പിശാചിന്നെതിരായ ഒരു ചുററികയും, ആത്മപവിത്രീകരണത്തിനുള്ള ഒരു ഉപാധിയും, മാലാഖമാരുടെ ആനന്ദവും, ആദ്ധ്യാത്മികമായ ഒരു സംഗീതവും, പുതിയ നിയമത്തിൻെറ ഒരു ഗാനാലാപവും, മേരിക്കു് ആനന്ദപ്രദവും, പരിശുദ്ധ ത്രിത്വത്തിൻെറ മഹത്വവുമാണു്.

"ആത്മാവിനെ വിളഭൂമിയാക്കിത്തീക്കുന്ന സ്വർഗ്ഗീയ ഹിമപാതമാണു് നന്മനിറഞ്ഞ മറിയമേ എന്ന പ്രാത്ഥന. അതു് മേരിക്കു് നാം നല്കുന്ന പവിത്രവും സ്നേഹനിർഭരവുമായ ഒരു ചുംബനമാണു്. അതു് നാം അവരംക്കു് നല്കുന്ന റോജാപുഷ്പത്തിൻെറ ഒരു ചുവന്ന ദളമാണു്. അതു് നാം അവരംക്കു് കാഴ്ചവെക്കുന്ന വിശിഷ്ടമായ ഒരു പവിഴമാണു്. അതു് അവളുടെ അധരങ്ങളിലേക്കു് ഉയത്തപ്പെടുന്ന ഒരു ദിവ്യാമൃതമാണു്."

1800–ൻെറ ആരംഭത്തിൽ ഒരു സവ്വകലാശാലാ വിദ്യാത്ഥി ഡി ജോൺ സ്റ്റേഷനിൽ നിന്നു് പാരീസിലേക്കു് തീവണ്ടിയിൽ യാത്ര ചെയ്യുകയായിരുന്നു. ഒരു കഷ്കൻെറ വസ്ത്രങ്ങളിഞ്ഞ ഒരാളുടെ സമീപമാണു് അയാരംക്കിരിക്കാൻ സ്ഥലം കിട്ടിയതു്. കഷ്കൻെറ കൈകളിൽ ഒരു ജപമാലയുണ്ടായിരുന്നു. വിരലുകരം ചലിച്ചിരുന്നതുകൊണ്ടു് അദ്ദേഹം ജപമാല ചൊല്ലിക്കൊണ്ടിരിക്കയാണെന്നു് വിദ്യാത്ഥി മനസ്സിലാക്കി.

ആ വൃദ്ധൻെറ പ്രാത്ഥനയെ വിഘാതപ്പെടുത്തിക്കൊണ്ടു് വിദ്യാത്ഥി ചോദിച്ചു: "സർ, കാലഹരണം സംഭവിച്ചുകഴിഞ്ഞ ഈ വകകാൎയ്യങ്ങളിൽ നിങ്ങൾ ഇപ്പോഴും വിശ്വസിക്കുന്നുണ്ടോ? എൻെറ ഉപദേശം നിങ്ങൾ സ്വീകരിക്കുക. കൈയിലിരിക്കുന്ന ജപമാല ജാലകത്തിൽ കൂടി പുറത്തേക്കു് വലിച്ചെറിയുക. എന്നിട്ടു് ഇങ്ങിനെയുള്ള അന്ധവിശ്വാസങ്ങളെപ്പററി സയൻസ് എന്തു പറയുന്നു എന്നു പഠിക്കുക." "ആ വയോവൃദ്ധൻ മറുപടി പറഞ്ഞു:" "സയൻസ് എന്തെന്നു് മനസ്സിലാക്കാൻ എനിക്കു സാധിക്കുന്നില്ല. ഒരു പക്ഷേ, അതെന്താണു് എന്നു് എനിക്കു് പറഞ്ഞുതരാൻ നിങ്ങൾക്കു് കഴിഞ്ഞെന്നുവരും."

ആ വൃദ്ധൻെറ ആത്മാത്ഥതയിൽ വിദ്യാർത്ഥി അത്ഭുതപ്പെട്ടു. ആ വിദ്യാർത്ഥി പറഞ്ഞു: "നിങ്ങളുടെ മേൽവിലാസം എനിക്കു് കുറിച്ചുതരിക. ഈ വിഷയത്തെപ്പററി ധാരളം സാഹിത്യം ഞാൻ നിങ്ങൾക്കയച്ചു തരാം." ആ വൃദ്ധൻ തൻെറ കോട്ടിൻെറ പോക്കററുകൾ തപ്പിനോക്കി. അതിൽ നിന്നു് ഒരു വിസിററിങ്ങ് കാർഡു് എടുത്തു് ആ വിദ്യാത്ഥിക്കു് കൊടുത്തു. വിദ്യാർത്ഥി അതു് വായിച്ചു ലജ്ജിതനായി തല കുനിച്ചു. കാർഡിൽ ഇങ്ങിനെയാണു് അച്ചടിച്ചിരുന്നതു്: "ലൂയിസ് പാസ്ച്ചർ, ഡയറക്ടർ, ഇൻസ്റ്റിററ്യൂട്ട് ഓഫ് സയൻറിഫിക്ക് റിസേർച്ച്, പാരീസ്, ഫ്രാൻസ്."

19–ാം നൂററാണ്ടിലെ ഏററവും പ്രശസ്തരായ ശാസ്ത്രജ്ഞന്മാരിലൊരാളായിരുന്നു ലൂയിസ് പാസ്ച്ചർ. ആധുനികരോഗാണു ശാസ്ത്രത്തിൻെറ സ്ഥാപകനായിരുന്നു അദ്ദേഹം. "പാസ്ച്ചറൈസേഷൻ" എന്ന ശാസ്ത്രീയ സാങ്കേതിക പദം അദ്ദേഹത്തിൻെറ കണ്ടുപിടുത്തങ്ങളിൽ നിന്നാണു് ആവിർഭവിച്ചതു്.

രോഗാനന്തര ശുശ്രൂഷകൾക്കായുള്ള ഒരു മന്ദിരത്തിൽ താമസിച്ചിരുന്ന പ്രായാധിക്യമുള്ള ഒരു സ്ത്രീയെ ഞാൻ പതിവായി സന്ദർശിച്ചിരുന്നു. പുറം പോലെ തന്നെ അവളുടെ അകവും സൗന്ദൎയ്യത്തിൻെറ മൂത്തീകരണമായിരുന്നു. നെല്ലി ചിസോലം എന്നായിരുന്നു അവളുടെ പേരു്. സദാ സമയവും ജപമാല അവളുടെ കൈകളിൽ തന്നെയുണ്ടാകും. അതവളുടെ ഏററവും വലിയ സമ്പത്തായിരുന്നു. മരിക്കുന്നതിനുമുമ്പ് അവളുടെ ജപമാല എനിക്കു സമ്മാനിച്ചു. 1920–ൽ വാങ്ങിയിരുന്ന ഒരു ജപമാലയായിരുന്നു അതു്. അന്നുമുതൽ അവൾ ദിവസവും പതിവായി ആ ജപമാല

ചൊല്ലാറുണ്ടായിരുന്നു. ആ ജപമാല ഉപയോഗിക്കുന്ന സന്ദർഭങ്ങളിലെല്ലാം നെല്ലിയുടെ ശുഷ്കിച്ച കൈവിരലുകളെ സ്പർശിക്കുന്നതായി എനിക്കു തോന്നും.

പലകൊല്ലങ്ങൾക്കുമുമ്പ് മെററൽ ലാത്തികൾ നിർമ്മിക്കുന്ന ഒരു ചെറിയ വർക്ക് ഷോപ്പിൽ ഞാൻ ജോലി ചെയ്യുകയായിരുന്നു. ശക്തിയേറിയ എന്തോ ഒന്ന് എൻെറ മേൽ വന്നു വീണു. അപകടങ്ങൾ ഉണ്ടായാൽ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് നേരത്തെ എന്നെ പഠിപ്പിച്ചിരുന്നു. ആദ്യം വിദ്യുച്ഛക്തി നിർത്തിക്കളയുക. അനന്തരം ശരീരമാകെ വൃത്തിയാക്കി, ഞങ്ങളുടെ ടൗണിൽ തന്നെ താമസിച്ചിരുന്ന മേരി ബ്രൗൺ എന്ന സ്ത്രീയുടെ അടുക്കലേക്ക് ചെല്ലണം. അവൾ പ്രാർത്ഥനയിൽ ജീവിക്കുന്ന ഒരു സ്ത്രീയാണ്. പത്തു മിനിട്ടുകൾക്കുള്ളിൽ ഞാൻ അവരുടെ വീട്ടിലെത്തി. വീട്ടുമുററത്ത് ഒരു കസാലയിലിരുന്ന് ഇളം വെയിൽ ഏല്ക്കുകയായിരുന്നു അവൾ. ഒരു ബ്ലാങ്കററ് കൊണ്ട് ശരീരമാകെ മൂടിയിരുന്നു. ഇളം വെയിലിൻെറ രശ്മികൾ അവളുടെ ദുർബല ശരീരത്തിന് ഔഷധപരമായ ആരോഗ്യം പകർന്നിരുന്നു. എന്താണ് ആ സന്ദർഭത്തിൽ അവളോട് പറയേണ്ടതെന്ന് എനിക്കുതന്നെ നിശ്ചയമില്ല. എങ്കിലും ഞാൻ അവളോടുപറഞ്ഞു: "ഞാൻ എന്തിനാണ് ഇവിടെ വന്നതെന്ന് എനിക്കു തന്നെ അറിയില്ല." അവളുടെ അധരങ്ങളിൽ ഒരു പുഞ്ചിരി പരന്നു. അവളുടെ വലത്തേകരത്തിൽ ജപമാലയുണ്ടായിരുന്നു. അവൾ പ്രസന്നവദനയായി എന്നോടുപറഞ്ഞു: "ഈ സമയത്ത് നിന്നെ ഇവിടെക്കയക്കാൻ വേണ്ടി ഞാൻ ഒരു ജപമാല ചൊല്ലുകയായിരുന്നു. എനിക്ക് നിന്നെ കാണേണ്ട ആവശ്യമുണ്ടായിരുന്നു." ഓരോവാക്കും വളരെ സാവധാനത്തിലാണ് അവൾ പറഞ്ഞു തീർത്തത്. അവളുടെ ഒരു ശ്വാസകോശത്തിന് ക്ഷതം സംഭവിച്ചിരുന്നു. ഒരിക്കലും വിസ്മരിക്കാൻ കഴിയാതിരുന്ന ഒരു സന്ദർശനമായിരുന്നു അത്.

ന്യൂയോർക്കിലെ ബഫല്ലോയിൽ ജപമാല മാതാവിൻെറ നാമധേയത്തിൽ ഒരു ആശ്രമമുണ്ട്. ഡോമിനിക്കൻ കന്യാസ്ത്രീകളാണ് അതിലെ അന്തേവാസികൾ. അവർ 24 മണിക്കൂറുകളും ജപമാല ചൊല്ലിയാണ് കഴിയുന്നത്. നിശാകാലങ്ങളിൽ അവർ ഊഴമിട്ട് കപ്പേളയിലെത്തും. ഓരോരുത്തരും ഓരോ മണിക്കൂർ വീതമാണ് ജപമാല ചൊല്ലുന്നത്.

"My Life in the Rosary" എന്നൊരു ചെറിയ പുസ്തകം മദർ ആഞ്ചെലിക്കാ എഴുതി. പുറം ചട്ടയുടെ അകത്ത് ഇങ്ങിനെ ഒരു കുറിപ്പു കാണുന്നു: "ഈ ധ്യാനങ്ങൾ പ്രാർത്ഥിക്കുന്നവർ ജപമാലയെ ഉത്തമ സുഹൃത്താക്കിത്തീർക്കും."

അന്തർദ്ദേശീയ തീർത്ഥാടന കന്യകയുടെ പ്രതിമയുമായി തെക്കേ കറോലീനാ സംസ്ഥാനത്ത് സഞ്ചരിച്ചപ്പോൾ റോക്ക് ഹില്ലിലെ ഓറട്ടോറിയൻ വൈദികരുടെ അടുത്തു് ഞാൻ പ്രതിമയുമായി ചെന്നു, സൻറ ഫിലിപ്പ്നേരിയുടേതായിരുന്ന ഒരു ജപമാല എന്നെ കാണിക്കാൻ ആ വൈദികക്ക് സന്മനസ്സുണ്ടായി. ആ ജപമാല എൻെറ കരങ്ങളിൽ ഞാൻ പിടിച്ചപ്പോൾ എനിക്കുണ്ടായ വികാര പാരവശ്യം ദർശിക്കാനിടയായ പ്രിയോർ പറഞ്ഞു: "നിങ്ങൾ ഇഷ്ടപ്പെടുന്നെങ്കിൽ ഈ ജപമാല കപ്പേളയിലേക്ക് കൊണ്ടു പോയി അതിന്മേൽ ജപമാല ചൊല്ലിക്കൊള്ളുക." "ഈ നന്മനസ്സിനു് ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ!" എന്നു് പറഞ്ഞു് ജപമാലയുമായി ഞാൻ കപ്പേളയിലേക്കോടി. അടുത്ത മുപ്പതു മിനിട്ടുകൾ അതെൻേറതായിരുന്നു! എൻെറ വിരലുകൾ അതിലെ ഓരോ മണി സ്പർശിക്കുമ്പോഴും അതെൻെറ ശരീരത്തിലാകെയുണ്ടാക്കിയ രോമാഞ്ചവും ഹൃദയത്തിലുദിപ്പിച്ച ആനന്ദവും അവർണ്ണനീയമായിരുന്നു. ആ ജപമാലയുടെ പ്രാർത്ഥന അവസാനിക്കരുതേ എന്നു് ഞാൻ ആത്മാർത്ഥമായി ആഗ്രഹിച്ചു. അതു മുഴുവൻ എത്തിച്ചു കഴിഞ്ഞ ശേഷം ഞാൻ അതു് ഉടമസ്ഥക്ക് തിരിച്ചേല്പിച്ചു.

ഈ അനുഭവമുണ്ടായ ശേഷം അപ്രതീക്ഷിതമായി ഒരു സംഭവം എൻെറ ജീവിതത്തിലേക്ക് കടന്നുവന്നു. ഒരു സുപ്രധാന തീരുമാനമെടുക്കേണ്ട ഒരു കാര്യമായിരുന്നു അതു്. ഒരാഴ്ചത്തെ പ്രാർത്ഥനക്കു ശേഷം ദിവ്യജനനിയുടെ പ്രതിമയുമായി ഞാൻ മിച്ചിഗനിൽ നിന്നു് ലോസ് ആഞ്ചലസ്സിലേക്ക് വിമാനം കയറുകയായിരുന്നു. യാത്ര അഞ്ചര മണിക്കൂറെടുക്കും. എൻെറ പ്രാർത്ഥനകൾക്ക് ഇനിയും ഒരു മറുപടി എനിക്കു ലഭിച്ചിരുന്നില്ല. ആ യാത്രയിൽ "ശുദ്ധ മറിയമേ!" എന്ന പ്രാർത്ഥന ഒന്നിനു പിന്നാലെ നിർത്താതെ ചൊല്ലാൻ ഞാൻ തീർച്ചയാക്കി. എൻെറ ഹിതാനുസരണമാണു് കാര്യങ്ങൾ നടക്കാൻ പോകുന്നതെങ്കിൽ വിമാനത്തിൽ നിന്നു് ഞാൻ ഇറങ്ങുമ്പോൾ ആരെങ്കിലും ഒരു ചുവപ്പു റോസ് എനിക്കു തരണമെന്നും, അതല്ല ദിവ്യജനനിയുടെ ഹിതപ്രകാരമാണു് സംഭവിക്കാൻ പോകു

ന്നതെങ്കിൽ ഒരു വെളുത്ത റോസപ്പുഷ്പം ആരെങ്കിലും എനിക്കു സമ്മാനിക്കണമെന്നും ഞാൻ തീവ്രമായി പ്രാർത്ഥിച്ചു.

ഞങ്ങളുടെ വിമാനം താഴെയിറങ്ങി. മാതാവിൻെറ പ്രതിമയുമായി ഞാൻ മുന്നോട്ടു നീങ്ങി. പ്രതിമയെ സ്വീകരിക്കാൻ ഒരു വമ്പിച്ച ജനാവലി അവിടെ സന്നിഹിതരായിരുന്നു, കറുത്ത മുടിയുള്ള ഒരു പൗരസ്ത്യ വനിതയാണ് ആദ്യം മുന്നോട്ടുവന്നത്. അവരു ഒരു വെളുത്ത റോസ് എൻെറ കറുത്ത കോട്ടിൻെറ ബട്ടൻ ഹോളിൽ തിരുകി വെച്ചു. ഒരു വെളുത്ത റോസ് എൻെറ കോട്ടിൻെറ ബട്ടൻ ഹോളിൽ വെച്ചതു് അതാദ്യമായിട്ടായിരുന്നു. എൻെറ പ്രശ്നത്തിനു് പരിഹാരം ഞാൻ കണ്ടെത്തിക്കഴിഞ്ഞു. ദിവ്യജനനി അതിനുള്ള മറുപടി എനിക്കു നല്കിക്കഴിഞ്ഞു.

ഒരു മാസം നീണ്ടുനിന്ന ആ പര്യടനത്തിൽ ആ സ്ത്രീയെ ഞാൻ പല ദേവാലയങ്ങളിലും കണ്ടു. ഒരു സന്ദർഭത്തിൽ ഞാൻ അവളോടു ചോദിച്ചു: "നിങ്ങൾ എന്തുകൊണ്ടാണ് ഒരു വെള്ള റോസ് എൻെറ കോട്ടിൽ ധരിപ്പിച്ചതു്?" "അങ്ങിനെ ചെയ്യാൻ ദിവ്യജനനി എന്നെ തോന്നിപ്പിച്ചു." "വെള്ളക്കു പകരം ചുവപ്പ് തെരഞ്ഞെടുക്കാമായിരുന്നില്ലേ?" "നിങ്ങൾ വെള്ള റോസ് ധരിക്കണമെന്നായിരിക്കണം മാതാവിൻെറ ഹിതം."

ഫാദർ ജിനൊ ബുറെസി റോമിനടുത്തുള്ള സാൻവിറേറാറിനൊയുടെ അടുത്തായിരുന്നു താമസം. അവിടെ വെച്ചു ദിവ്യജനനി അയാൾക്ക് കാണപ്പെട്ടു. തൻെറ ബഹുമാനാർത്ഥം ഒരു ദേവാലയം അവിടെ നിർമ്മിക്കുന്നതിനു് ദിവ്യജനനി അദ്ദേഹത്തോട് ആവശ്യപ്പെട്ടു. പാദ്രി പീയോയെപ്പോലെ അദ്ദേഹത്തിൻെറ ശരീരത്തിലും പഞ്ചക്ഷതങ്ങളുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: "ജപമാല ഒരു പ്രാർത്ഥനയായി ചൊല്ലണമെന്നു് ദിവ്യജനനി നിർബന്ധമായി നിർദ്ദേശിക്കാറുണ്ടായിരുന്നു. ലോകത്തിൻെറ ഇന്നത്തെ സ്ഥിതി അത്യന്തം പരിതാപകരമാണ്. സ്നേഹം, ദയ, അന്യരെ സഹായിക്കാനുള്ള മനോഭാവം, നന്മ, നീതി, മുതലായ സദ് ഗുണങ്ങൾ ലോകത്തിൽ നിന്നു് തിരോധാനം ചെയ്തു കൊണ്ടിരിക്കയാണ്. മനുഷ്യനു് ഒരു വിലയുമില്ല. അവനിൽ അലസത വദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇന്നു് ജനങ്ങൾ അവകാശങ്ങളെപ്പററിയും പണത്തെപ്പററിയും മാത്രമാണ് ശ്രദ്ധാലുക്കൾ...ആത്മീയമായ മൂല്യങ്ങളെല്ലാം മനുഷ്യർ മറന്നിരിക്കുന്നു....ജപമാലയിൽ ബൈബിൾ,

പ്രവാചകന്മാർ, ഈശോയുടേയും മേരിയുടേയും ജീവിതം, ഒരു ക്രൈസ്തവൻെറ ജീവിതം, ഒരു സന്യാസിയുടെ ജീവിതം, എന്നിവ യെല്ലാം അടങ്ങിയിരിക്കുന്നു. ആകയാൽ, ജപമാലയെ സാത്താൻെറ ദുരിതം എന്ന് വിളിക്കാം. ജപമാല നാം വളരെ പ്രാവശ്യം ചൊല്ലണം. ചൊല്ലിയാൽ മാത്രം പോരാ, ഭക്തിപൂർവ്വം ഏകാഗ്രതയോടെ ചൊല്ലണം. ഇതിനു വിപരീതമായി പറയുന്നവരെ, അവർ വൈദികരായാൽ പോലും, നിങ്ങൾ ശ്രദ്ധിക്കരുത്."

കുഞ്ഞ് ഫ്രാൻസിസ്ക്കൊ തൻെറ രോഗാവസ്ഥയിൽ ദിവസേന ഏഴു ജപമാലകൾ വീതം ചൊല്ലിയിരുന്നു. ജപമാലയുമായാണ് ഈ ബാലൻ കർത്താവിൻെറ സാന്നിദ്ധ്യത്തിൽ ജീവിച്ചത്.

ഏതാണ്ട് ഇരുപതു കൊല്ലങ്ങൾക്കു മുമ്പുണ്ടായ ഒരനുഭവം ഞാൻ ചിലപ്പോൾ അനുസ്മരിക്കാറുണ്ട്. ഞങ്ങളുടെ ദേവാലയത്തിലെ മുൻ വികാരിയായിരുന്ന ഫാദർ വില്യം എം. ഗന്നൻ അദ്ദേഹത്തിൻെറ ജീവിതാന്ത്യദിനങ്ങൾ സൻെറ ജോസഫ് ആസ്പത്രിയിൽ കഴിച്ചുകൂട്ടുകയായിരുന്നു, അദ്ദേഹത്തിന് 80 വയസ്സു കഴിഞ്ഞിരുന്നു. സൻെറ വിൻസൻെറ ഡി പോൾ സൊസൈററി അംഗമായിരുന്നതുകൊണ്ട് സാധിക്കുമ്പോഴെല്ലാം അദ്ദേഹത്തെ സന്ദർശിക്കുവാൻ ഞങ്ങൾ ബാദ്ധ്യസ്ഥരായിരുന്നു.

എൻെറ ആദ്യ സന്ദർശനത്തിനുശേഷം എല്ലാ രാത്രിയിലും കുറെ സമയം അദ്ദേഹവുമായി കഴിച്ചുകൂട്ടാമെന്ന് ഞാൻ വാഗ്ദാനം ചെയ്തു. കൂടുതൽ സമയം ഞാൻ മററു ജോലികളിൽ വ്യാപൃതനായിരുന്നതുകൊണ്ട് സന്ദർശന സമയങ്ങളിൽ അദ്ദേഹത്തെ ചെന്നു കാണുവാൻ എനിക്കു കഴിഞ്ഞില്ല. അതുകൊണ്ട് രാത്രി 10 മണിക്ക് പിന്നിലുള്ള ഒരു പ്രവേശന മാർഗ്ഗത്തിൽ കൂടിയാണ് ഞാൻ ആസ്പത്രിയിലേക്ക് കടന്നു ചെന്നിരുന്നത്. അതിനുമുമ്പ് അവിടെ എത്താതിരുന്നതിന് അദ്ദേഹം എന്നെ ശകാരിച്ചിരുന്നു. സദാസമയവും ജപമാല അദ്ദേഹത്തിൻെറ കൈകളിലുണ്ടായിരുന്നു.

ഒരു രാത്രി ഇരുളടഞ്ഞ മുറിയിൽ ചെന്നപ്പോൾ അദ്ദേഹം ഇരുന്നു കരയുന്നതായിട്ടാണ് ഞാൻ കണ്ടത്. ഒരു വൈദികനെന്ന നിലയിൽ അദ്ദേഹം ദൈവത്തിനു നല്കിയ ദീർഘകാല സേവനത്തിനുള്ള പ്രതിഫലം എത്ര വലുതായിരിക്കുമെന്ന് ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിച്ചു. വിധിയാളൻെറ മുമ്പിൽ പ്രത്യക്ഷപ്പെടു

മ്പോഴുള്ള ആ രംഗം ഞാൻ വാക്കുകഠം കൊണ്ടു് വരച്ചുകാട്ടി. അദ്ദേഹം എന്നെ തുറിച്ചു നോക്കി. കണ്ണുകളിൽ നിന്നു് കൂടുതൽ അശ്രുക്കളൊഴുകി. മനസ്താപത്തിൻെറ വേദനകഠം അദ്ദേഹം അനുഭവിക്കുന്നതായി തോന്നി. മാററ് ടാൽബോട്ടിൻെറ ഒരു തിരുശേഷിപ്പ് ഞാൻ അദ്ദേഹത്തിനു് നല്കി. പല ജപമാലകളും അദ്ദേഹത്തിനു വേണ്ടി ചൊല്ലാമെന്നു് ഞാൻ വാഗ്ദാനം ചെയ്തു.

എൻെറ ഒരു സന്ദർശന വേളയിൽ മിച്ചിഗനിലെ തവാസിലുള്ള എൻെറ പിതാവിൻെറ വീട്ടിൽ ചില മരാമത്ത് പണികഠം ചെയ്യാനുള്ളതുകൊണ്ടു് എനിക്ക് അങ്ങോട്ടു പോകേണ്ടിവന്നു. ഫാദർ ഗന്നനെ ഒരു വ്യാഴാഴ്ച അദ്ധരാത്രിയിൽ വിട്ടുകൊണ്ടു് യാത്ര തിരിച്ചു. ഞാൻ യാത്ര പറയുമ്പോഠം അദ്ദേഹത്തിൻെറ കരങ്ങളിൽ ജപമാലയുണ്ടായിരുന്നു. ഞാൻ കാറിലിരുന്നുകൊണ്ടു് അദ്ദേഹത്തിനുവേണ്ടി "നന്മനിറഞ്ഞ മറിയമേ!" എന്ന നമസ്ക്കാരം ചൊല്ലിക്കൊണ്ടിരുന്നു.

120 മൈലുകഠം അകലെയുള്ള എൻെറ പിതൃഭവനത്തിലേക്കുള്ള യാത്രയിൽ ഫാദർ ഗന്നനുവേണ്ടിയുള്ള ജപമാലകഠം ഞാൻ തുടന്നു ചൊല്ലിക്കൊണ്ടിരുന്നു.

പിതൃഭവനത്തിലെത്തി അവിടെ ചെയ്തു തീർക്കാനുണ്ടായ ജോലികഠം ചെയ്തു തീൎത്തശേഷം 8 മണിമുതൽ അദ്ധരാത്രിവരെ ഞങ്ങഠം സംസാരിച്ചുകൊണ്ടിരുന്നു. തൻെറ ബാല്യകാലത്തെപ്പററിയായിരുന്നു പിതാവിൻെറ സംസാരം മുഴുവനും. അദ്ദേഹം പറഞ്ഞ കഥകളെല്ലാം വിസ്മയാവഹമായിരുന്നു. ഒന്നരമണി രാത്രി ഞാൻ ഉറങ്ങാൻ ചെന്നുകിടന്നപ്പോഠം എൻെറ പിതാവു പറഞ്ഞ കാൎയ്യങ്ങഠം ഞാൻ അയവിറക്കുകയായിരുന്നു. മൂന്നു മണിയോടുകൂടി ഞാൻ ഉറങ്ങിപ്പോയി. ദേവാലയം അത്ര അകലെയായിരുന്നില്ല. 8 മണിക്കായിരുന്നു ദിവ്യപൂജ. 7–50നു് ഞാൻ അലാറം വെച്ചു.

വേഗത്തിൽ ഞാൻ ഗാഢനിദ്രയിലാണ്ടു പോയി. ഞാൻ കണ്ടതു് ഒരു സ്വപ്നമായിരുന്നില്ലെന്നാണു് എനിക്കു തോന്നുന്നതു് ഫാദർ ഗന്നനെ ദിവ്യജനനി ശുദ്ധീകര സ്ഥലത്തിലേക്കാനയിക്കുന്ന കാഴ്ചയാണു് ഞാൻ കണ്ടതു്. എനിക്ക് ഭയം തോന്നി. ഞാൻ ചെയ്തു പോയിട്ടുള്ള പാപങ്ങഠംക്ക് ശരിയായ പരിഹാരം ചെയ്തില്ലെങ്കിൽ വരാനിരിക്കുന്ന ഭവിഷ്യത്തിനെപ്പററി ഓർത്തപ്പോഠം എൻെറ ശരീരമാകെ കിടുകിടെ വിറച്ചു.

തിങ്കളാഴ്ച ഞാൻ മൌണ്ട് മോറിസിൽ തിരിച്ചെത്തി. സൻറ വിൻസൻറ ഡി പോളിൻെറ വാരാന്ത മീററിങ്ങിൽ അന്നു വൈകുന്നേരം സംബന്ധിക്കേണ്ടിയിരുന്നു. മീററിങ്ങിനു ശേഷം വീട്ടിലേക്ക് മടങ്ങുമ്പോഠം സൻറ ജോസഫ്സ് ആസ്പത്രിയിൽ ജോലിക്കാരനായ മിസ്റ്റർ റോബർട്ട് ഫോർണിയറും എന്നോടു കൂടി വന്നു. സംഭാഷണ മദ്ധ്യേ ഞാൻ പറഞ്ഞു: "ഇന്നു രാത്രി എനിക്ക് ഫാദർ ഗണ്ണനെ പോയി കാണണം." "അദ്ദേഹം കഴിഞ്ഞ ശനിയാഴ്ച മരിച്ച വിവരം നിങ്ങഠം അറിയില്ലേ? മരണ സമയത്ത് ഞാൻ അദ്ദേഹത്തിൻെറ മുറിയുടെ പുറത്തുണ്ടായിരുന്നു." "എത്ര മണിക്കാണ് അദ്ദേഹം മരിച്ചതു്?" "കൃത്യം 7.50നു്."

സൻറ ജോൺ ബോസ്ക്കൊ പറയുന്നു: "ജപമാലയിലാണ് എൻെറ നിലനില്പ്. എൻെറ സ്ഥാപനത്തിൻെറ അസ്ഥിവാരം തന്നെ അതാണ്. ജപമാല ചൊല്ലുക എന്ന പതിവിനെ ഞാൻ ഒരിക്കലും നിരാകരിക്കയില്ല."

മ്യൂനിച്ചിലെ ആർച്ച് ബിഷപ്പ് അന്തരിച്ച കർദ്ദിനാഠം ഫോഠം ഹാബർ പറയുന്നു:

"പത്രങ്ങഠം വായിച്ചും റേഡിയോ ശ്രവിച്ചും കഴിയുന്നവരാണ് നാം. നമുക്കു ചുററും അസ്വസ്ഥതയല്ലാതെ മറെറാന്നും കാണാനില്ല. അത്യാധുനിക ജീവിതം നമ്മുടെ മസ്തിഷ്ക്കത്തെ മരവിപ്പിച്ചു കഴിഞ്ഞിരിക്കുന്നു പൊള്ളയായ ഒരു ജീവിതത്തിൻെറ വക്കത്താണ് നമ്മുടെ ജീവിതം. ചുററും അപകടങ്ങളും അത്യാഹിതങ്ങളും അകാല മരണങ്ങളും പതിയിരിക്കയാണ്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാത്ഥന എന്തൊരു മനശ്ശാന്തിയാണ് നമുക്കു പ്രദാനം ചെയ്യുന്നതു്. ഭാരിച്ച ജോലികഠം കൊണ്ടു് എൻെറ ശിരസ്സിൻെറ ഘനം കൂടുമ്പോഠം ഞാൻ എൻെറ ഭവനത്തിലെ അന്തേവാസികളുമായി ജപമാല ചൊല്ലും. ശാരീരികവും മാനസികവും ആത്മീയവുമായ എല്ലാ ക്ഷീണങ്ങളും അപ്പോഠം പമ്പ കടക്കും. ദൈവ മാതാവിൻെറ പാവന കരങ്ങഠം എൻെറ ശിരസ്സിൽ വിശ്രമിക്കുന്നതു പോലെ എനിക്കു തോന്നും. പ്രാത്ഥന ജീവിക്കാനുള്ള ഒരു കലയാണ്. വിശ്വാസമില്ലാത്തവക്ക് അതു് മനസ്സിലാക്കാൻ കഴിയുകയില്ല."

"Divine Love" എന്ന പ്രസിദ്ധീകരണത്തിൻെറ സ്ഥാപകനും പത്രാധിപരുമായിരുന്ന മി. സ്റ്റീഫൻ ഒറേയ്സ് പരിശുദ്ധ

കർബ്ബാനയുടേയും ജപമാലയുടേയും വലിയൊരാരാധകനായിരുന്നു. ജപമാലയെപ്പററി ഏററവും പ്രശസ്തമായ ഒരു പുസ്തകം എഴുതിയതു് സൻറ ലൂയിസ് ഡി മണ്ട്ഫോർട്ടായിരുന്നു. പുസ്തകത്തിൻെറ പേരു്: "Secret of the Rosary."—"ജപമാലയുടെ രഹസ്യം."

പോപ്പ് അർബൻ നാലാമൻ ജപമാല ക്രൈസ്തവ ലോകത്തിനു് അനേകാനുഗ്രഹങ്ങൾ നേടിത്തരുന്നു എന്നു് സാക്ഷീകരിക്കുന്നു. ജപമാല രാജ്ഞിയുടെ സഹായത്തിലാണു് ലെപ്പാൻടൊയിലെ യുദ്ധത്തിൽ വിജയം വരിച്ചതെന്നു് ഡോൻ ജുവാൻ പറയുന്നു.

പോപ്പ് സിക്സ്റ്റസ് നാലാമൻ, പോപ്പ് ഗ്രിഗരി പതിമൂന്നാമൻ, പോപ്പ് ഗ്രിഗരി പതിനാറാമൻ മുതലായവരെല്ലാം ജപമാല ഭക്തിയെപ്പററി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്.

തിരുസ്സഭയ്ക്കു നേരിടേണ്ടിവന്ന പാഷണ്ഡ മത പ്രസ്ഥാനം ആൽബിജെനേസിയൻ സമൂഹത്തിൽ നിന്നായിരുന്നു. അവർ ആദ്ധ്യാത്മികവും ലൗകികവുമായ അധികാരങ്ങളെ വെല്ലുവിളിച്ചു. തിരുസ്സഭയുടെ ശത്രു സംസ്ഥാനമാണെന്നു് ചരിത്രം സാക്ഷ്യം വഹിക്കുന്നു. അക്കാലത്തെ സ്ഥിതിഗതികളെ സൻറ ബർണാഡ് വിവരിക്കുന്നു: "ദേവാലയങ്ങൾ ആരാധകരില്ലാതെ ഒഴിഞ്ഞു കിടന്നിരുന്നു. കൂദാശകൾ ജനങ്ങൾക്കു് നല്കാൻ വൈദികരില്ലായിരുന്നു. അവർക്കു് കൂദാശകൾ ലഭിച്ചില്ല. കൂദാശകളോടു് അവക്കു് വിരസമനോഭാവമായിരുന്നു. മരണ ശയ്യയിൽ കിടന്നിരുന്നവർ കൂദാശ തിരസ്ക്കരിച്ചിരുന്നു. പാപസങ്കീർത്തനത്തോടു് അവർക്കു് അവജ്ഞയായിരുന്നു."

തെക്കൻ ഫ്രാൻസിൽ പ്രചുരപ്രചാരം സിദ്ധിച്ച ഈ പാഷണ്ഡമതത്തിൻെറ എതിരാളി സൻറ ബെർണാഡ് ആയിരുന്നു. ദൈവം അദ്ദേഹത്തെയാണു് അതിനു് സന്നദ്ധനാക്കിയതു്. ജനങ്ങളുടെ മനസ്സിനെ കാർന്നുതിന്നാൻ തുടങ്ങിയ ഈ ഉഗ്രസർപ്പത്തിന്നെതിരെ പടപൊരുതാൻ പോപ്പ് ഇന്നസൻറു മൂന്നാമൻ ഡോമിനിക്കിനോടു ആജ്ഞാപിച്ചു. ഡോമിനിക്ക് പ്രസംഗിക്കാൻ തുടങ്ങി. ജനഹൃദയങ്ങളെ മാനസാന്തരപ്പെടുത്തുന്നതിനു പകരം അവ കഠിനമായിത്തീൻ്നു. 1214–ൽ അദ്ദേഹം ടൗലൌസിയിയിലായിരുന്നപ്പോൾ ദിവ്യജനനിയോടു് ഹൃദയം നൊന്തു് പ്രാർത്ഥിക്കാൻ തുടങ്ങി. ഒരു ദിവസം ദിവ്യജനനി അദ്ദേഹത്തിനു് കാണപ്പെട്ടു ഒരു

ജപമാല സമ്മാനിച്ചു. പാഷണ്ഡമതത്തിനും പാപത്തിനുമെതിരെ ഈ ആയുധമുപയോഗിക്കാൻ അവരം ആവശ്യപ്പെട്ടു. ഈ ആജ്ഞ അദ്ദേഹം ശിരസാവഹിച്ചു. ജപമാല ചൊല്ലേണ്ടതെങ്ങിനെ എന്നു് അദ്ദേഹം പ്രസംഗ പരമ്പരകളിൽ കൂടി ജനങ്ങളെ പഠിപ്പിച്ചു. അദ്ദേഹം പ്രസംഗിച്ച എല്ലാ നഗരങ്ങളിലും പ്രസംഗങ്ങരം കേരം ക്കാൻ വമ്പിച്ച ജനാവലിയാണു് ഓടിക്കൂടിയതു്. അദ്ദേഹത്തി ൻെറ വാക്കുകരം ജനഹൃദയങ്ങളെ ഗാഢമായി സ്പർശിച്ചു. പാപികരം എണ്ണമില്ലാത്തവിധം മാനസാന്തരപ്പെട്ടു. ജനാവലി അദ്ദേഹത്തോടു കൂടി ജപമാല പ്രാർത്ഥിച്ചു. തിരുസ്സഭയിൽ നിന്നു് വിട്ടുപോയവർ തിരുസ്സഭയിലേക്കു തന്നെ തിരിച്ചുവന്നു. അക്കാലത്തെ ചരിത്രകാര ന്മാർ പറയുന്നതു് 1,00,000-ത്തിലധികം പേർ തിരുസ്സഭയിലേക്കു തിരിച്ചുവന്നു എന്നാണു്. കാലക്രമത്തിൽ ഈ പ്രാർത്ഥന ക്രൈസ്തവ ലോകം മുഴുവനും വ്യാപിച്ചു.

സൻെറ അൽഫോൻസസ്സ് ഡി ലിഗോരി എഴുതുന്നു: "ജോഷ്വായുടെ കാഹളമൂതൽ മൂലം ജെറീക്കോയുടെ ഭിത്തികരം ഇടിഞ്ഞു വീണതിലും ക്ഷണത്തിലായിരുന്നു ജപമാലയുടെ പ്രാത്ഥന മൂലം പ്രമാദപഠനങ്ങരം അപ്രത്യക്ഷമായതു്. ജെറുസലേമിലെ നീന്തൽ കുളങ്ങളിൽ മുങ്ങിക്കുളിച്ചു് ശാരീരികമായി രോഗവിമുക്തി നേടിയിരുന്നതിലും വേഗത്തിലായിരുന്നു ജനങ്ങരം ജപമാല പ്രാത്ഥിച്ചു് രോഗശാന്തി പ്രാപിച്ചിരുന്നതു."

ജപമാലയോടു് സദാകാലവും അതീവ ഭക്തിയുണ്ടായിരുന്ന ഒരു കന്യാസ്ത്രീ മരണശേഷം തൻെറ സന്യാസ സഭയിലെ ഒരു അംഗത്തിനു് കാണപ്പെട്ടു് ഇങ്ങിനെ പറഞ്ഞു: "എനിക്കു് എൻെറ ശരീരത്തിലേക്കു തന്നെ മടങ്ങി ഒരു നന്മനിറഞ്ഞ മറിയമേ എന്ന പ്രാത്ഥന ചൊല്ലാൻ അവസരം ലഭിക്കുമായിരുന്നെങ്കിൽ, ഞാൻ ജീവിച്ചിരുന്ന കാലത്തു് അനുഭവിച്ച എല്ലാ ശാരീരിക വേദന കളിലും കൂടി ഒരിക്കൽ കൂടി കടന്നു പോകുമായിരുന്നു. അത്ര മാധുര്യ്യ മേറിയതാണു് ആ പ്രാത്ഥന."

സൻെറ ലൂയിസ് ഡി മൊണ്ട്ഫോർട്ട് പറയുന്നു: "ദൈവ ത്താൽ നയിക്കപ്പെടുന്നവരേയും പിശാചിൻെറ അടിമകളേയും വേർതിരിച്ചറിയാൻ എൻെറ ജപമാലയിലെ പതിനഞ്ചോ അഞ്ചോ ധ്യാനവിഷയങ്ങരം എനിക്കു മതി. മാതാവിൻെറ യഥാത്ഥ ഭക്തർ പ്രാത്ഥനയുടെ ചിറകുകരം വഴി പരുന്തുകളെപ്പോലെ ആകാശത്തേ ക്കുയരുന്നു."

പ്രതിസന്ധികളുണ്ടാകുമ്പോഠം ജീവിതത്തിൻെറ എല്ലാ തുറകളിലുമുള്ളവരും ജപമാലയെയാണ് കടന്നു പിടിക്കുന്നതു്. ബിഷപ്പ് ജെയിംസ് എഡ്വേർഡ് വാൽഷ് 20 കൊല്ലങ്ങളാണ് ചൈനീസ് ജെയിലിൽ കഴിഞ്ഞു കൂടിയതു്. "ബ്രെയിൻ വാഷിങ്ങ്" നടത്തിക്കൊണ്ടിരുന്ന ജെയിലധികൃതരുടെ മൃഗീയമായ പെരുമാററങ്ങളെയെല്ലാം അതിജീവിച്ച് അദ്ദേഹം ജെയിലിൽ നിന്നു് പുറത്തു വന്നതു് ആ ഇരുപതു കൊല്ലക്കാലമത്രയും മാതാവിൻെറ തൃപ്പാദങ്ങളിലേക്ക് അനുനിമിഷമയച്ചുകൊണ്ടിരുന്ന ജപമാലയിലെ "നന്മനിറഞ്ഞ മറിയമേ!" എന്ന പ്രാത്ഥനയുടെ അനഘരത്ത മണികളായിരുന്നു.

സൻറ ആൻറണി ക്ലാററിനു് പല പ്രവാശ്യവും ദിവ്യജനനി കാണപ്പെട്ടിട്ടുണ്ടു്. "ജപമാലഭക്തി പ്രചരിപ്പിക്കാനുള്ള മറെറാരു ഡോമിനിക്കായിതീരണം" എന്നു് അദ്ദേഹത്തോടു് അവഠം ആവശ്യപ്പെട്ടു. ദിവ്യജനനിയെപ്പററിയുള്ള ഒരു പ്രസംഗത്തിൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞു: "ദിവ്യമാതാവിനെപ്പററി പ്രസംഗിക്കുമ്പോഠം ഞാൻ കൂടുതൽ വാചാലനായിത്തീരുന്നതായി നിങ്ങഠംക്കു തോന്നുന്നുണ്ടെങ്കിൽ എൻെറ ജീവിതകാലം മുഴുവൻ ഞാൻ ആ അമ്മയുടെ ദാസനായിരുന്നു എന്നതുകൊണ്ടാണു്. അവഠം എന്നും എൻെറ സംരക്ഷകയാണു്. അവളില്ലായിരുന്നെങ്കിൽ ഞാൻ എന്നേ നശിച്ചു പോകുമായിരുന്നു."

"എൻെറ ഈ പ്രസംഗം അവസാനിച്ച ഉടനെ ഒരു മനുഷ്യൻ എൻെറ മുമ്പിൽ വന്നു മുട്ടുകുത്തി." അയാളുടെ കൈകളിൽ ഒരു കഠാരി ഉണ്ടായിരുന്നു. അതുകൊണ്ടു് സൻറ ആൻറണിയെ കൊല്ലാനാണു് അയാഠം പ്ലാനിട്ടിരുന്നതു്.

1987 മേയ് ലക്കം "Homeletic and Pastoral Review" എന്ന പ്രസിദ്ധീകരണത്തിൽ റവ. റോലി മെയേഴ്സ് ഇങ്ങിനെ എഴുതി: "മത തീക്ഷ്ണതയില്ലാത്ത ചിലർ ജപമാല പൗരാണികരുടെ ഒരേപ്പാടാണെന്നും കഷ്കരാണ് അതു് ഉപയോഗിക്കാറുള്ളതെന്നും പറഞ്ഞിരുന്നു. സാധാരണക്കാരായ കത്തോലിക്കർ ജപമാലയെ സ്നേഹിക്കുന്നവരാണു്. ഞാനും ജപമാലയുടെ ഒരു ഭക്തനാണു്. പ്രശ്നങ്ങളുണ്ടാകുമ്പോഠം ജപമാലയെ ആശ്രയിക്കുന്നതാണു് അത്യുത്തമം."

മാതാവിനെ മർദ്ദിക്കുന്നവരും ചരിത്രത്തിലുണ്ടായിട്ടുണ്ടു്. അവരിലൊരാളായിരുന്നു ബ്രൂണോ കോർനച്ചിയോലാ. ടാംവെ

കണ്ടകരായ ഇയാറം ഒരു പ്രോട്ടസ്റ്റണ്ടുകാരനായിരുന്നു. അയാറം ദിവ്യജനനിയെ നിന്ദിക്കുക മാത്രമല്ല, വിദ്വേഷിക്കയും ചെയ്തിരുന്നു. ഇററലിയിലെ ട്രെ ഫോണ്ടാന എന്ന സ്ഥലത്ത് 1947 ഏപ്രിൽ 12–ന് ദിവ്യജനനി അയാറംക്ക് കാണപ്പെട്ടു. തെററുകളിൽ ജീവിക്കുന്ന ഈ മകനിൽ ദിവ്യജനനി കരുണാർദ്രയായി. മാതാവിൻെറ സ്വർഗ്ഗീയ സൗന്ദര്യം ദർശിക്കയിൽ അയാളുടെ കഠിന ഹൃദയം അലിഞ്ഞു. അയാറം തൽക്ഷണം മുട്ടുകുത്തി. ആനന്ദപാരവശ്യത്തിൽ മുഴുകി അയാറം പ്രാത്ഥിച്ചു. ദിവ്യജയനി അയാളോടു പറഞ്ഞു: "നീ എന്നെ മർദ്ദിക്കുന്നു. അതുടൻ നിർത്തുക."

തന്നോട് ഒരു കത്തോലിക്കനായിത്തീരാനാണ് ദിവ്യജനനി ആവശ്യപ്പെടുന്നതെന്ന് അയാറംക്കു ബോദ്ധ്യമായി. ദിവ്യജനനി തുടന്നു: "പ്രാത്ഥിക്കുക. എപ്പോഴും എന്നേരവും പ്രാത്ഥിക്കുക. പാപികളുടെ മാനസാന്തരത്തിനുവേണ്ടി ഓരോ ദിവസവും ജപമാല ചൊല്ലുക. ക്രൈസ്തവരുടെ ഐക്യത്തിനുവേണ്ടിയും പ്രാത്ഥിക്കുക."

ദിവ്യജനനിയേയും കത്തോലിക്ക തിരുസ്സഭയേയും ബ്രൂണോ എത്രമാത്രം വിദ്വേഷിച്ചിരുന്നു എന്ന് മനസ്സിലാക്കുന്നതിന് ഒരു കാര്യം മാത്രം മതിയായിരുന്നു. അയാളുടെ കഠാരിയിൽ "Death to the Pope"— പോപ്പിൻെറ വധം—എന്ന് കൊത്തിയിരുന്നു.

തൻെറ എല്ലാ മക്കളും ബ്രൂണോയിൽ പ്രതിനിധീകരിക്കപ്പെട്ടിട്ടുണ്ടെന്ന് ദിവ്യജനനി മനസ്സിലാക്കി. മനുഷ്യരാശി ഒരു ദുർഘട ഘട്ടത്തിൽക്കൂടി കടന്നു പൊയ്ക്കൊണ്ടിരിക്കയാണ്. അവരെ രക്ഷിക്കാനാണ് ദിവ്യജനനി ശ്രമിച്ചുകൊണ്ടിരിക്കുന്നതു്.

ജപമാലയുടെ വൈദികനായ ഫാദർ പാട്രിക്ക് പെയ്ററൻ (Fr. Patrick Peyton, CSC) പറയുന്നു: "ജപമാലക്കുവേണ്ടി ഞാൻ യുദ്ധം ചെയ്യുന്നതു് മതത്തിലുള്ള ഭ്രമംകൊണ്ടോ ഉന്മാദംകൊണ്ടോ അല്ല. മേരിയുടെ കരങ്ങറം എൻെറ കൈകളിൽ കോർത്തുപിടിച്ചിട്ടുണ്ടെങ്കിൽ, അവളുടെ നയനങ്ങറം എൻെറ കണ്ണുകറം തിരയുന്നുണ്ടെങ്കിൽ, കവാടം തുറക്കപ്പെടുകയും എനിക്കാവശ്യമായതു് ഞാൻ കണ്ടെത്തുകയും ചെയ്യും. അതിനെ അത്ര നിസ്സാരമായെടുക്കാൻ ദൈവത്തിനു് കഴിയുകയില്ല. നാം ചോദിക്കുമ്പോറം നമുക്കു് നല്കിയില്ലെങ്കിൽ അവറം മനുഷ്യവർഗ്ഗത്തിൽപ്പെട്ടവളല്ല."

"നന്മനിറഞ്ഞ മറിയമേ!" എന്ന നമസ്ക്കാരം എല്ലാ ക്രൈസ്തവക്കും ബാധകമാകുന്നതെങ്ങിനെ? സേലം യുണൈററഡ് മെത്തോഡിസ്റ്റ് ചർച്ചിലെ പാസ്റ്റർ റവ. ഡോനൽഡ് ചാറൽസ് ലാസി ഈ ചോദ്യത്തിന് മറുപടി നല്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "രാജോചിതമായ ഒരു ലാളിത്യം അതിനുണ്ട്. ആന്തരികമായ ഒരു പ്രചോദനം അതിൽ അന്തർലീനവുമാണ്. അത് ബിബ്ലിക്കലൊണോ? അതേ! പ്രശംസയുടേയും പ്രാർത്ഥനയുടേയും ഒരു ആദ്ധ്യാത്മികത്വം അതിലടങ്ങിയിരിക്കുന്നു. മേരിയിലും തൻെറ പ്രവൃത്തിയിലും ദൈവത്തിനുള്ള ആനന്ദം അത് പ്രകടമാക്കുന്നു. എങ്കിലും, എത്രതന്നെ അവളെ നാം പ്രകീർത്തിച്ചാലും, നമ്മുടെ ധ്യാനങ്ങളിൽ നാം ദർശിക്കുന്നത് അവൾ മകൻെറ നേരെ വിരൽ ചൂണ്ടുന്നതായിട്ടാണ്. പരിശുദ്ധ മറിയമേ എന്ന പ്രാർത്ഥന നമ്മുടെ പ്രാർത്ഥനാ ഗ്രന്ഥങ്ങളിൽ അതർഹിക്കുന്ന സ്ഥാനത്ത് സ്ഥലം പിടിക്കുമോ?" ഇതു സംഭവിക്കുമെന്നുതന്നെയാണ് ഡോക്ടർ ലാസിയുടെ പ്രതീക്ഷ. കാരണം, ദിവ്യജനനി നമ്മുടെ കാലത്തെ ശരിയായ എക്യുമിനസത്തിൻെറ താക്കോലാണ്.

സൻെറ ക്ലെമൻെറു ഹോഫ് ബോയർ നമുക്ക് ഉറപ്പുതരുന്നു: "ദൈവവുമായി രമ്യപ്പെടാൻ വിസമ്മതിക്കുന്ന ഒരു രോഗിയുടെ അടുക്കലേക്ക് വിളിക്കപ്പെടുമ്പോൾ മാർഗ്ഗമദ്ധ്യേ ഞാൻ എൻെറ ജപമാല ചൊല്ലും. രോഗിയുടെ അടുത്തു ഞാൻ എത്തുമ്പോൾ കൂദാശകൾ കൈക്കൊള്ളാൻ അയാൾ സന്നദ്ധനായിരിക്കും."

ദാരിദ്ര്യ ജീവിതം സ്വമേധയാ സ്വീകരിക്കയാണ് സൻെറ ബെനെഡിക്ട് ജോസഫ് ലാബ്രെ ചെയ്തതു്. ഒരു യാചകനായി നടന്ന് കിട്ടിയ റൊട്ടിക്കഷണങ്ങൾ മാത്രം തിന്നാണ് അദ്ദേഹം ജീവിച്ചതു്. വിശപ്പിലും ദാഹത്തിലും യാത്രയിലുള്ള അസൗകര്യങ്ങളിലും അദ്ദേഹം സന്തുഷ്ടനായിരുന്നു. സ്വയ നിഗ്രഹത്തിൻെറ പ്രതീകമായിരുന്ന ദിവ്യജനനിയായിരുന്നു അദ്ദേഹത്തിൻെറ ജീവിത മാതൃക. തൻെറ കഴുത്തിൽ ജപമാല അദ്ദേഹം ധരിച്ചിരുന്നു. ദിവസേന അദ്ദേഹം ജപമാലയുടെ പതിനഞ്ചു രഹസ്യങ്ങളും ചൊല്ലി ധ്യാനനിരതനായിരുന്നു. ദിവ്യജനനിയുടെ ദേവാലയങ്ങൾ, പ്രത്യേകിച്ച്, ലോറേറെറാ ഭവനം അദ്ദേഹം സന്ദർശിക്കാറുണ്ടായിരുന്നു.

റോമിലെ അവർ ലേഡി ഓഫ് ദി മൗണ്ടൻസ് ദേവാലയത്തിൻെറ ഗെയ്ററിൽ അതിരാവിലെ അദ്ദേഹമെത്തിയിരുന്നു. ആ

നഗരത്തിൽ അദ്ദേഹം ജീവിച്ച എട്ടുകൊല്ലവും ഇതൊരു സ്ഥിരം പതിവായിരുന്നു. ദേവാലയത്തിൽ ദിവസേന അനേക മണിക്കൂറുകാം അദ്ദേഹം മുട്ടിൽനിന്നു പ്രാർത്ഥിച്ചിരുന്നു. അപ്പോഴെല്ലാം ഒരു മനുഷ്യനായിട്ടല്ല, നേരെമറിച്ച് ഒരു മാലാഖയെപ്പോലെയാണ് അദ്ദേഹം കാണപ്പെട്ടത്. 1783–ൻെറ ആരംഭത്തിൽ അദ്ദേഹം അക്കൊല്ലത്തെ എല്ലാ നിമിഷങ്ങളേയും മാതാവിന് കാഴ്ചവെച്ചു. അക്കൊല്ലം വിശുദ്ധവാരത്തിൽ ബുധനാഴ്ച അദ്ദേഹം ലേഡി ഓഫ് ദി മൗണ്ടൻസ് ദേവാലയത്തിൽ പ്രാർത്ഥിക്കാൻ പോയി. പെട്ടെന്ന് ഒരു ദേഹാസ്വാസ്ഥ്യം അദ്ദേഹത്തിനുണ്ടായി. ക്ഷീണം തോന്നിയ അദ്ദേഹം ദേവാലയത്തിൻെറ പടികളിൽ ബോധരഹിതനായി വീണു. അടുത്തുള്ള ഒരു വീട്ടിലേക്ക് അദ്ദേഹത്തെ ചിലർ എടുത്തുകൊണ്ടുപോയി. അന്ത്യകൂദാശകളെല്ലാം നല്കപ്പെട്ടു. ചുററും കൂടി നിന്നിരുന്നവർ പ്രാർത്ഥിക്കാൻ തുടങ്ങി. "പരിശുദ്ധ മേരി! ഇയ്യാറംക്കു വേണ്ടി പ്രാർത്ഥിക്കണേ!" എന്ന ഘട്ടമെത്തിയപ്പോറം അദ്ദേഹത്തിൻെറ ആത്മാവ് ദൈവ സന്നിധിയിലെത്തിക്കഴിഞ്ഞു!

ഈശോ സഭയുടെ സ്ഥാപകനായ സൻെറ ഇഗ്നേഷ്യസ് ലൊയോലയ്ക്കു മാതാവിൽ നിന്നു ലഭിച്ച അനുഗ്രഹങ്ങറം നിരവധിയാണ്. ഒരു ദിവസം രാത്രി അദ്ദേഹം മുട്ടിൽ നിന്ന് പ്രാർത്ഥിക്കുമ്പോറം ഉണ്ണീശോയെ കരങ്ങളിലേന്തി മാതാവ് അദ്ദേഹത്തിന് പ്രത്യക്ഷയായി. അനന്യ സാധാരണമായ ഒരു ആത്മീയ പരിവർത്തനം അയാറംക്കുണ്ടായി. അന്നു മുതൽ അദ്ദേഹം ദിവ്യജനനിയുടെ ഭക്തനും ദാസനുമായി. ഫാദർ അറഓസ് അദ്ദേഹത്തിൻെറ ഒരു ബന്ധുവായിരുന്നു. അവരുടെ വേർപാട് സമയത്ത് വിശുദ്ധൻ നല്കിയ മാതാവിൻെറ ഒരു ചിത്രം ഫാദർ അറഓസ് സദാ സമയവും കഴുത്തിൽ ധരിച്ചിരുന്നു,

സൻെറ ജോൺ മാസിയാസ് ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളുടെ ഒരു സ്നേഹിതനായിരുന്നു. ഓരോ രാത്രിയിലും മൂന്നു ജപമാലകറം വീതം അദ്ദേഹം ആ ആത്മാക്കറംക്കു വേണ്ടി ചൊല്ലാറുണ്ടായിരുന്നു. തൽഫലമായി പത്തു ലക്ഷം ആത്മാക്കറം വീതം ശുദ്ധീകരസ്ഥലത്തിൽ നിന്ന് വിമോചിതരായിരുന്നു എന്ന് സുവിശേഷ കർത്താവായ സൻെറ ജോൺ വെളിപ്പെടുത്തിയിട്ടുണ്ട്.

റോമിലെ അപ്പസ്തോലൻ എന്നു വിളിക്കപ്പെട്ടിരുന്ന സൻെറ ഫിലിപ്പ് നെരിയാക്ക് മാതാവിനോടുള്ള ഭക്തി നിസ്സീമമായി

രുന്നു. കൈയിൽ ജപമാലയും പിടിച്ചുകൊണ്ടാണ് അദ്ദേഹം റോമിലെ തെരുവുകളിൽ സഞ്ചരിച്ചിരുന്നത്.

പലപ്പോഴും അദ്ദേഹം പറയാറുണ്ടായിരുന്നു: "ദൈവാനുഗ്രഹം ലഭിക്കുന്നതിന് ദിവ്യജനനിയുടെ മാദ്ധ്യസ്ഥം തേടുന്നതിനുള്ള ശക്തമായ ഉപാധി മറെറാന്നുമില്ല. കൂടക്കൂടെ "കന്യകാ മാതാവേ! ദൈവത്തിൻെറ അമ്മേ! ഈശോയോടു എനിക്കു വേണ്ടി പ്രാർത്ഥിക്കേണമേ!" എന്ന പ്രാർത്ഥന അത്യുത്തമമായ ഒരപേക്ഷയായിരിക്കും."

ലാക്ക്ലണ്ട് എയർ ഫോഴ്സ് ബെയ്സിൽ ഞാൻ പരിശീലനം നടത്തിക്കൊണ്ടിരിക്കയായിരുന്നു. ഈസ്റ്ററിനു ഒരാഴ്ചമുമ്പ് 1951 ഏപ്രിലിൽ എല്ലാ കത്തോലിക്കരും പാപ സങ്കീർത്തനം ചെയ്യണമെന്നുണ്ടായിരുന്നു. ഒരേസമയം പരിശീലനത്തിനു ചേന്നു കൊണ്ടു ജാക്ക് സെർബ്ബിക്കും ഞാനും ചങ്ങാതിമാരായി. ഒരു ദിവസം അവനോട് പാപസങ്കീർത്തനം ചെയ്വാൻ ഞാൻ പറഞ്ഞു. കുമ്പസാരിച്ചിട്ട് അഞ്ചാറു കൊല്ലമായി എന്നവൻ പറഞ്ഞു. ഞാൻ ജപമാലയെടുത്ത് പ്രാർത്ഥിക്കാൻ തുടങ്ങി. അവൻ കുമ്പസ്സാരിക്കയില്ലെന്ന് ശാഠ്യമായി. പതിനഞ്ചു മിനിട്ടു കഴിഞ്ഞ് ഞാൻ അവൻെറ അടുത്ത് തിരിച്ചെത്തിയപ്പോൾ അവൻ പാപസങ്കീർത്തനം ചെയ്യുന്നതിനു തയ്യാറായിക്കഴിഞ്ഞിരുന്നു! ആ മനഃപരിവത്തനം ഒരു ഒററ ജപമാല ഭക്തിപൂവ്വം ചൊല്ലിയതിൻെറ ഫലമായിരുന്നു.

ഞങ്ങളുടെ പരിശീലന കാലം കഴിഞ്ഞപ്പോൾ കൂടുതൽ പരിശീലനം നേടുവാൻ വേണ്ടി ജാക്കിനെ ലോറി എയർ ഫോർഴ്സ് ബെയ്സിലേക്ക് അയച്ചു. ഞാൻ ഓഫീസ് ജോലികൾ പഠിക്കാൻ പെൻസിൽവാനിയായിലെ സ്റ്റെയ്ററ് കോളേജിലേക്കു പോയി. ആഴ്ചകൾ തോറും ഞങ്ങൾ പരസ്പരം കത്തുകൾ അയച്ചുകൊണ്ടിരുന്നു. അടുത്തടുത്ത് അയാൾ കൂദാശകൾ സ്വീകരിക്കാറുണ്ടെന്നും ജപമാല ദിവസേന ചൊല്ലുന്നതിൽ അതീവതല്പരനാണെന്നും അയാൾ എനിക്കെഴുതാറുണ്ടായിരുന്നു.

1951 ജനുവരി 3-ന് ഞാൻ തപാലിൽ വന്ന കത്തുകൾ വായിക്കയായിരുന്നു. 7 ദിവസങ്ങൾ കൂടി കഴിയുമ്പോൾ ഞാൻ എൻെറ വീട്ടിലെത്തും. കത്തുകൾ വായിച്ചു കഴിഞ്ഞപ്പോൾ "Flint Journal" എന്ന പത്രമെടുത്ത്വിടത്തി. ജാക്ക് സെർബ്ബിക്കിൻെറ

ഒരു പടവും അതിനടിയിലായി "ഫ്ളിൻറു വൈമാനികൻ ഡെൻവെർ വിമാനാപകടത്തിൽ കൊല്ലപ്പെട്ടു" എന്ന ശീഷ്കവും വായിച്ചപ്പോരം ഞാൻ ഞെട്ടിപ്പോയി. "ആറു മാസത്തിനുള്ളിൽ നീ മരിക്കും" എന്നു് 8 മാസങ്ങരംക്കു മുമ്പ് ഞാൻ അയാളോട്ട് പറഞ്ഞിരുന്നു.

എൻെറ ആത്മ സുഹൃത്തിൻെറ അവിചാരിതമായ വേർപാടിൽ ദുഃഖാത്തനായ ഞാൻ എൻെറ പുതിയ ജോലി സ്ഥലത്തേക്ക് പോകയായിരുന്നു. ഇല്ലിനോയിസിലെ ചന്തുട്ട് എയർ ഫോഴ്സായിരുന്നു ജോലി സ്ഥലം. ജോലിയിൽ ചേരാനുള്ള ഏർപ്പാടുകളെല്ലാം പൂത്തിയാക്കിയ ശേഷം ബാറക്സിൽ നാലു പേക്കു താമസിക്കാനുള്ള ഒരു മുറിയാണു് എനിക്ക് ലഭിച്ചതു്. എൻെറ മുറിയുടെ തൊട്ടടുത്ത മുറിയിൽ അസന്മാഗ്ഗിക പ്രവൃത്തികരം നടന്നു കൊണ്ടിരുന്നു. ആ ദുഷ്കമ്മങ്ങളുടെ പരിഹാരാർത്ഥം ഞാൻ ജപമാല ചൊല്ലും. ആ സ്ഥിതിയിൽ ഞാൻ ഉറങ്ങിപ്പോകും. അവരിലൊരാരം ഒരു കത്തോലിക്കനായിരുന്നു. അനേക കൊല്ലങ്ങളായി അയാരം കൂദാശകളിൽ നിന്നു് അകന്നു ജീവിക്കുകയായിരുന്നു. സംഘടനാപരമായ സാമർത്ഥ്യം അയാരംക്ക് ധാരാളമുണ്ടായിരുന്നതിനാൽ അധികൃതർ അയാളുടെ അസന്മാഗ്ഗിക കൃത്യങ്ങളുടെ മേൽ കണ്ണടച്ചുകളയും.

ഈ മനുഷ്യൻ തൻെറ പാപ ജീവിതം പല കൊല്ലങ്ങരം തുടന്നു. അന്നൊരു ഞായറാഴ്ചയായിരുന്നു. എൻെറ ഡിസ്ചാജ്ജിനു് നാലു ദിവസമേ ബാക്കി ഉണ്ടായിരുന്നുള്ളു. ഞാൻ അയാളുടെ മുറിയിലേക്കു് കടന്നുചെന്നു. അയാളെ ഉറക്കത്തിൽനിന്നു് തട്ടിയുണത്തി. ഞാൻ പറഞ്ഞു: "നിങ്ങരം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ദിവ്യബലിയിൽ സംബന്ധിക്കാൻ പോകയാണു്." സമയം രാവിലെ 10 മണി. അത്ഭുതത്തോടെ അയാരം ചാടി എണീററു. എനിക്കൊരു കൂസലുമുണ്ടായില്ല. പരുക്കൻ സ്വരത്തിൽ അയാരം പറഞ്ഞു: "പള്ളിയിൽ കണ്ടാൽ ബെയ്സിലെ ജനങ്ങരം എന്നെ കൂകി വിളിക്കും." കീശയിൽ കിടന്നിരുന്ന ജപമാലയിൽ ഞാൻ മുറുക്കിപ്പിടിച്ചു. എൻെറ നിശ്ചയദാർഢ്യം എൻെറ സ്വരത്തിൽ സ്പഷ്ടമായിരുന്നു. ഞാൻ പറഞ്ഞു: "നിങ്ങരം ദൈവത്തിലേക്കു് മടങ്ങാതെ നിവൃത്തിയില്ല. ഒന്നുകിൽ ഇപ്പോരംതന്നെ. അല്ലെങ്കിരം അല്പം കഴിഞ്ഞിട്ട്. ഇപ്രകാരം ചെയ്യില്ലെങ്കിൽ അതിനുള്ള ശിക്ഷ നിങ്ങരം അനുഭവിക്കും. ഏതാനും ദിവസങ്ങരംക്കകം ഞാൻ സൈ

നിക ജീവിതം വിടുകയാണ്. അതിനുള്ളിൽ നിങ്ങൾ ദൈവവു മായി പൊരുത്തപ്പെട്ട എന്ന അറിവോടുകൂടി വേണം നിങ്ങളെ വിട്ടുപിരിയുവാൻ.'' അയാളുടെ മറുപടി: ''പക്ഷേ, എനിക്ക് ദിവ്യ കാരുണ്യം സ്വീകരിക്കാൻ കഴിയുകയില്ല.'' ''നിങ്ങൾക്ക് ആത്മീ യമായി ദിവ്യകാരുണ്യം സ്വീകരിക്കാം.'' സമയം രാവിലെ 10:15. പതിനഞ്ചു മിനിട്ടിനുള്ളിൽ ദിവ്യബലി ആരംഭിക്കും. നന്മ നിറഞ്ഞമറിയമേ എന്ന നമസ്ക്കാരം ഞാൻ തുടന്നു ചൊല്ലിക്കൊ ണ്ടിരുന്നു. അയാൾ എഴുന്നേററ് കുളിച്ച് വസ്ത്രങ്ങൾ മാറി. അയാ ളുടെ ചോദ്യം: ''അടുത്ത ശനിയാഴ്ചവരെ കാത്തുകൂടെ? അങ്ങിനെ എങ്കിൽ എനിക്കു കുമ്പസ്സാരിക്കയും ചെയ്യാമല്ലൊ.'' '' ഇല്ല '' എൻെറ ദൃഢസ്വരത്തിൽനിന്നു് എൻെറ നിശ്ചയദാർഢ്യം അയാൾ മനസ്സിലാക്കി. ഞങ്ങൾ കാറിൽ യാത്ര തിരിച്ചു. ആത്മീയമായ ഒരത്ഭുതം സംഭവിക്കുന്നുണ്ടായിരുന്നു എന്ന് എനിക്കറിയാമായി രുന്നു.

ദിവ്യപൂജ സമാപിച്ചു. ഞങ്ങൾ കാറിൽ തിരിയെപോയി. ദൈവത്തെ അന്വേഷിക്കുന്നവൻ ദൈവത്തെ കണ്ടെത്തിക്കഴിഞ്ഞു. ദൈവവുമായി പൊരുത്തപ്പെട്ടതിൻെറ മനഃശാന്തിയുടെ മാധുര്യം അയാൾ നുഴഞ്ഞിറക്കുകയായിരുന്നു.

എൻെറ ഡിസ്ചാർജ്ജിനുശേഷം മൂന്നുകൊല്ലങ്ങൾ കഴിഞ്ഞു് മാസ്റ്റർ സർജൻറിൽ നിന്നു് എനിക്കൊരു കത്തു കിട്ടി. ആ മനു ഷ്യൻ എൻെറ മേൽവിലാസം തിരക്കി അയച്ച ഒരു കത്തായി രുന്നു അതു്. അദ്ദേഹം എന്നോട്ട് നന്ദി പറയുക മാത്രമല്ല, അയാൾ ഒരു സന്യാസാശ്രമത്തിൽ അംഗമായി ചേന്ന വിവരം കൂടി അതി ലെഴുതിയിരുന്നു. സൻറ ലൂയിസ് ഡി മണ്ട് ഫോർട്ടിൻെറ വാക്കു കൾ എൻെറ ഓമ്മയിൽ വന്നു: ''നിങ്ങൾ വിനാശ ഗത്തത്തിൻെറ വക്കത്ത് നില്ക്കുയാണെങ്കിലും, നിങ്ങളുടെ ഒരു കാൽ നരകത്തിലാ ണെങ്കിലും, നിങ്ങളുടെ ആത്മാവിനെ പിശാചിനു് വിററുകഴി ഞ്ഞാലും, ജപമാല മനസ്താപവും പാപങ്ങൾക്കുള്ള പൊറുതിയും നിങ്ങൾക്ക് നേടിത്തരും.''

പലവിധത്തിലുള്ള മരിയഭക്തികൾ കത്തോലിക്കാ സഭ യിൽ പ്രചാരത്തിലുണ്ടെങ്കിലും, ജപമാലയോട്ട് കിടപിടിക്കത്തക്ക വേറൊന്നു് ക്രൈസ്തവ ലോകത്തിലില്ല.

തിന്മകളുടെ ശക്തികൾക്കെതിരെ ദൈവമാതാവ് ഉപ യോഗിക്കുന്ന സുശക്തമായ ഒരായുധമാണ് ജപമാല. 1951-ൽ

പോപ്പ് പീയൂസ് 12–ാമൻ ഇങ്ങിനെ എഴുതി: "നമ്മുടെ കാലത്തെ എല്ലാ അസ്വസ്ഥതകൾക്കും അസ്വാസ്ഥ്യങ്ങൾക്കും പരിഹാരം തേടാൻ സുശക്തമായ ഒരു ഔഷധം മാത്രമേയുള്ളു. ആ ദിവ്യ ഔഷധമാണ് ജപമാല. ലൗകികവും ആത്മീയവുമായ എല്ലാ രോഗങ്ങളേയും അതു് സുഖപ്പെടുത്തും. ദിവ്യമാതാവുതന്നെയാണ് ഈ സത്യം വെളിപ്പെടുത്തിയിട്ടുള്ളതു്."

ലൂയിസ് ബ്യൂഡെൻസ് ഒരു കത്തോലിക്കനായിരുന്നെങ്കിലും, താരുണ്യത്തിൽതന്നെ മതം ഉപേക്ഷിച്ചു. കാലക്രമത്തിൽ അദ്ദേഹം അമേരിക്കയിലെ പ്രസിദ്ധനായ കമ്മ്യൂനിസ്റ്റുകാരനും കമ്മ്യൂനിസ്റ്റ് പത്രമായ "The Daily Worker" പത്രത്തിൻെറ പത്രാധിപരുമായി. കമ്മ്യൂനിസം ആത്മീയമായി പൊള്ളയായ ഒരു പ്രസ്ഥാനമാണെന്നു് തോന്നിയതുകൊണ്ട് അദ്ദേഹം ആർച്ച് ബിഷപ്പ് ഫൾട്ടൻ ഷീനിനെ സമീപിച്ചു. ആർച്ചു ബിഷപ്പുമായി അദ്ദേഹം ചർച്ചകൾ നടത്തി. ഒടുവിൽ അദ്ദേഹം ഒരു കത്തോലിക്കനായി. കാലക്രമത്തിൽ ദിവ്യജനനിയുടെ ഒരു ഭക്തനും ജപമാല ദിവസേന ചൊല്ലുന്ന ഒരു വ്യക്തിയുമായിത്തീർന്നു! ജപമാല ഭക്തിയിൽ ലയിക്കുന്നവരെ സ്വർഗ്ഗരാജ്ഞി ഒരിക്കലും കൈവെടിയുകയില്ല. സ്വർഗ്ഗരാജ്ഞി നമ്മെ എല്ലാവരെയും അവളുടെ പാദപത്മങ്ങളിലെത്തിക്കാൻ അനുഗ്രഹിക്കുമാറാകട്ടെ!

ACHARYA PALACKAL ... KENDRAM
18628

CRUSADE OF CATHOLIC LITERATURE

Printed at: STEPHENSON PRINTERS, Cochin-2.

Rs. 15/-